PHILOSOPHY OF SCIENCE
(Integrating East and west)



കർമ്മസിന്ധു ഭാഗം 1
ഡോ. സുവർണ്ണ നാലപ്പാട്ട് ട്രസ്റ്റ്





കർമ്മസിന്ധു

21ആം നൂറ്റാണ്ടിന്റെ സ്ത്രീശബ്ദം

കര്മ്മസിന്ധു (ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ സ്ത്രീശബ്ദം)ഭാഗം 1

ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ സ്ത്രീശബ്ദം ഉത്തരവാദിത്തത്തോടെ ,കുടുംബം,പ്രൊഫഷൻ,ഇവയെ ഉത്ത രവാദിത്തത്തോടെ ചെയ്തു തീർക്കുന്നതോടൊപ്പം, സാമൂഹ്യവും ദേശീയവുമായ പ്രശ്നപരിഹാരത്തിൽ സജീവ പങ്കാളിത്തം ഏറ്റെടുക്കാനും സന്നദ്ധതയും ധൈര്യവുമുള്ള വിദ്യാവിദ്യാസ്വരൂപിണിയുടെ ശബ്ദമാണ്. ഈ കർമ്മസിന്ധു അതിന്റെ ഒരു പരിഛേദം മാത്രം.

1979 മുതലെഴുതിയ ശാസ്ത്രലേഖനങ്ങൾ, പഠനങ്ങൾ,തത്വചിന്ത,തർക്കം,ഗണിതം,വൈദ്യം മുതലായ വിഷയ ങ്ങളിലെ ചിന്തകൾ,പൌരാണികവും ആധുനികവുമായ ശാസ്ത്രസമന്വയം-ഈ അദ്വൈതത്തെ ബോധശാസ്ത്ര ത്തോട് യോജിപ്പിക്കുന്ന ഭാരതീയനാദലയയോഗത്തിന്റെ മഹാ അദ്വൈതസിദ്ധാന്തം. ഇതാണ് ലീല എന്ന ജ്ഞാനച്ചതുരംഗത്തിലെ വിഷയം.

പ്രപഞ്ചം ഈശ്വരലീലയാണ്. നമ്മുടെ ബോധത്തിലെ അനുഭൂതികൾ,ചിന്തകൾ,കണ്ടുപിടുത്തങ്ങൾ,ഒക്കെ ഈ ലീലയിൽപ്പെടുന്നു.ഞാനിതു കണ്ടെത്തി,ഞാനാദ്യം കണ്ടെത്തി എന്ന് കുട്ടിയെപ്പോലെ പ്രസാദചിത്ത നായി ആനന്ദിക്കാം,യോഗിയെപ്പോലെ പ്രശാന്തചിത്തനായറിയാം. ശിശുവിനും യോഗിക്കും ലീലയിൽആ നന്ദമേ ഉള്ളു.കണ്ടെത്തലിന്റെ ആനന്ദം,അനുഭവത്തിന്റെ ആനന്ദം,കളിയുടെ(ലീല)ആനന്ദം. എനിക്കുമാത്രമേ ഇതു കഴിയൂ ,മറ്റാരും എന്നെപ്പോലെ ഇതു കണ്ടെത്തരുത് എന്നഹങ്കരിക്കയും വിലക്കു കല്പ്പിക്കയും ചെയ്താൽ, ആനന്ദം പോയി. അത് ഈ ജ്ഞാനച്ചതുരംഗക്കളിയുടെ അലിഖിതനിയമം.കളിയുടെ നിയമങ്ങളറിഞ്ഞു കളിച്ചാൽആനന്ദം കിട്ടുമെന്നാണ് ജ്ഞാനമീമാംസകളും ശാസ്ത്രങ്ങളും നമ്മോടു പറയുന്നത്.

സംസാരസിന്ധുവെ ഹർഷസിന്ധുവാക്കാൻലീലാവതാരമെടുക്കുന്ന ഈശ്വരൻമനഷ്യന്, ഈ കർമ്മസിന്ധു വിൽനീന്താനും തരണം ചെയ്യാനുമുള്ള മാർഗ്ഗവും തന്നിട്ടുണ്ട്. കർമ്മം ചെയ്യാനല്ലാതെ

,അതിന്റെ ഫലം വേണമെന്ന് കാമിക്കാൻ,തോന്നാതാവുമ്പോൾ,കർമ്മസിന്ധു ആനന്ദസിന്ധുവായിത്തീരുന്നു. അതുതന്നെ ജീവന്മുക്തിമാർഗ്ഗം.

സുവർണ്ണനാലപ്പാട്ട്. 29.12.2008

ഉള്ളടക്കം.

- ഗണിതത്തിന്റെ ജ്ഞാനചതുരംഗം
  1. ഗണിതത്തിലെ ഫിലോസഫി
  2. മനസ്സും അനന്തതയും
  3. വാക്യജാലം മഹാരണ്യം
  4. നുണയിലെ സത്യം
  5. ലീല
  6. കാലത്തിന്റെ അസ്ത്രങ്ങൾ.
  7. ബുദ്ധൻ,ബുദ്ധി
  8. താർക്കികഗണിതബുദ്ധി
- വൈരുദ്ധ്യങ്ങളുടെ സമന്വയം
  1. അദ്വൈതം
  2. ജഗന്മിഥ്യ
  3. അക്ഷരസ്ഫോടം
  4. ഇമ്മിണി വല്ല്യേ ഒന്ന്
  5. വൈരുദ്ധ്യങ്ങളുടെ ഐക്യമെന്ന അദ്വൈതം
  6. ശങ്കരൻ-ഏകാത്മഭാരതത്തിന്റെ ശിൽപി

References:

1. Surely , you are not Joking,Feynman . Bantam books 1989
2. Sidhanthasiromani . Bhaskaracharya

3. Discovering India through Varahamihira's Panchasidhanthika Dr Suvarna Nalapat (N B S Kottayam)
4. Brihad Varaheesamhitha of Varahamihira
5. Infinity and the Mind . Rudy Rucker
6. Introduction to Mathematical philosophy . Bertrand Russel
7. A vision. W.B.Yeats Mac Millan co 1962
8. J.Krishnamurthy and the nameless experience Rohit Mehta Motilal Banarasidas 1989
9. Frame of Mind –The theory of multiple intelligences. Howard Gardner 2nd ed. Fortuna press 1993
10. Das capital .Carl Marx
11. Garland of letters. John Woodroffe
12. The Republic -Plato
13. Vairudhyadhishtitha bouthikavaadam . Marx,Engels,Lenin. Progress Publishers.
14. Works of Sankaracharya (Bhashya of Prasthanathraya)

ഗണിതത്തിലെ ജ്ഞാനച്ചതുരംഗം

1. **ഗണിതത്തിലെ ഫിലോസഫി**

ഒരു കുട്ടിയെ എണ്ണാൻ പഠിപ്പിക്കുക 1,2,3,4 എന്നിങ്ങനെയാണ്. സാധാരണ മനുഷ്യരുടെ വിചാരം പ്രകൃതിവസ്തുക്കളെ ഒന്നുമുതൽ എണ്ണിയാൽ മതിയെന്നാണ്. ഗണിതവിജ്ഞാനം നേടിക്കഴിഞ്ഞ ഒരാൾ 0, 1, 2,3 ...എന്ന ക്രമത്തിലാണ് എണ്ണേണ്ടതെന്ന് മനസ്സിലാക്കുന്നു. Introduction to Mathematical philosophy എന്ന തന്റെ ഗ്രന്ഥത്തിൽ Bertrand Russell ഈ ശുദ്ധ ഗണിതബോധത്തെ പരാമർശിക്കുന്നുണ്ട്. വിജ്ഞാനസീമയിലെത്തിയ ജനത മാത്രമാണ് സ്വാഭാവികസംഖ്യാശ്രേണിയുടെ(series of natural numbers) മുന്നിൽ പൂജ്യത്തെ എണ്ണുന്നത്. സ്വാഭാവികസംഖ്യാശ്രേണിയെ 0,1,2, 3...എന്ന് എണ്ണാനും എഴുതാനുമുള്ള ആദിമശുദ്ധഗണിതബോധം ഭാരതത്തിലാണ് ജനിച്ചത്. നാലു പൂച്ച, പത്തു കുതിര, ആയിരം കോഴി, നാലായിരം പശു, ആറായിരം പവന്, അറുപതിനായിരം മനുഷ്യർ എന്നു പറയുന്നതിൽനിന്ന് എത്രയോ വ്യത്യസ്തമാണ്, നാലുദിനം, പത്തു തിഥി, ആയിരം വർഷം, നാലായിരം യുഗം, ആറായിരം മഹായുഗം, അറുപതിനായിരം കൽപം , മഹാകൽപം എന്നെല്ലാം കാലത്തെ അളക്കുന്നത്. സംഖ്യ ഒന്നുതന്നെയെങ്കിലും കാലത്തെ അളക്കുമ്പോൾ സംഖ്യകളിൽ ചതുർത്ഥമാനം കൂടി പെടുന്നതുകൊണ്ട് അതീന്ദ്രിയമായ ഒരാശയം കൂടി ഉൾച്ചേർന്നിട്ടുണ്ട്. ജ്യാമിതീയശാസ്ത്രം അടക്കമുള്ള ശുദ്ധഗണിതം മുഴുവനും സ്വാഭാവികസംഖ്യാസിദ്ധാന്തങ്ങളിൽനിന്നാണ് ഉണ്ടായത്. ഈ സിദ്ധാന്തങ്ങളെ ഏറ്റവും ലഘുവാക്കി മൂന്നേ മൂന്ന് ആശയങ്ങളിലൂടെ പ്രകാശിപ്പിക്കാമെന്ന് പാശ്ചാത്യശാസ്ത്രരംഗത്ത് ആദ്യമായി കണ്ടെത്തിയത് പിയനോ (Peano) ആണ്. ഈ മൂന്ന് ആശയങ്ങൾ, പൂജ്യം, സംഖ്യ, പിൻഗാമി (zero, number, successor) എന്നിവയാണ്. ബ്രഹ്മം (0) പ്രകൃതി(1) ജീവൻ(+ 1.......n+1) എന്നും മൂലം, മൂലപ്പകുതി, വാരിശ് എന്നും ഭാരതീയഭാഷകൾ ഇതിനെ പറയുന്നു. മൂലബ്രഹ്മത്തിൽനിന്ന് അതിന്റെ പകുതിയായ, അർദ്ധാംഗിനിയായ മൂലപ്പകുതി(മൂലപ്രകൃതി) , അവളിൽനിന്ന് അവളുടെ വാരിശുകൾ (പിൻഗാമികൾ) ആയി അസംഖ്യം ജീവാത്മാക്കൾ. പ്രകൃതി ഉൾപ്പെടെ സകലവും ബ്രഹ്മത്തിന്റെ വാരിശുകളാകയാൽ മൂലബ്രഹ്മത്തിന്റെ ഗുണങ്ങൾ അവയിലെല്ലാം നിർല്ലീനമായിരിക്കണം. മൂലമാകട്ടേ, ഒന്നിന്റേയും വാരിശു അല്ല, ആദിമുതലുള്ള ചൈതന്യമാണ്, ഊർജ്ജമാണ്. മൂലത്തിന്റെ ഗുണം (ചൈതന്യം) മൂലപ്രകൃതിയിലും വാരിശുകളിലും ഉണ്ടെന്ന സാംഖ്യസിദ്ധാന്തത്തിന് ഇന്നത്തെ ഗണിതജ്ഞർ principle of mathematical induction എന്ന് പേരു കൊടുക്കുന്നു. മൂലമായ ബ്രഹ്മത്തിന്റെ മുദ്ര (സിംബൽ) ആണ് പൂജ്യം. പൂജ്യത്തിൽനിന്ന് സംഖ്യകളും അസംഖ്യകളും ലഭിക്കുന്നു.കരണികളും അകരണികളും ജനിക്കുന്നു. അങ്ങനെ

അകരണികളായ വർഗ്ഗമൂലാദികളെക്കുറിച്ച് ഭാരതീയശാസ്ത്രജ്ഞർ ചിന്തിക്കാനിടയായി. ഒരു മാന്ത്രികസമചതുരത്തിന്റെ ഒരു വശത്തിന്റെ നീളം ഒരംഗുലമെങ്കിൽ കർണ്ണം രണ്ടിന്റെ വർഗ്ഗമൂലമായിരിക്കണം. രണ്ടിന്റെ വർഗ്ഗമൂലം കരണിയല്ല,അതിനാലൊരു സംഖ്യയല്ല. അകരണിയായ ഒരു അസംഖ്യമാണ്. ഈ പ്രശ്നം പരിഹരിക്കണമെങ്കിൽ ഗണിതത്തിൽനിന്ന് തത്വചിന്തയുടെ ലോകത്തിലേക്ക് പ്രവേശിക്കണമെന്ന് ഭാരതം നേരത്തേ മനസ്സിലാക്കി. പൈത്തഗോറസ് ആണ് പാശ്ചാത്യലോകത്ത് ഇത് ആദ്യമായി മനസ്സിലാക്കിയത്.

ഒരു ശ്രേണിയിലെ(progression) സ്വാഭാവികസംഖ്യകൾ(natural numbers) എപ്പോഴും സംഖ്യകളല്ല. അവ ആകാശത്തിലെ സാങ്കൽപ്പികബിന്ദുക്കളാവാം, കാലത്തിലെ മുഹൂർത്തങ്ങളാവാം. പ്രപഞ്ചത്തിലിന്നുവരെ ഉണ്ടായതും ഇനി ഉണ്ടാവാനിരിക്കുന്നതുമായ സകല ചരാചരങ്ങളുമാവാം. അസംഖ്യം വസ്തുക്കളുടെ അനന്തശ്രേണികളാണ് അവ. അതായത് സംഖ്യ, പിൻഗാമി എന്നു പറയുന്നത് വാസ്തവത്തിൽ, രണ്ടല്ല, ഒന്നുതന്നെയാണ്. അവയെ ഏകമല്ലാത്തത് എന്ന് അർത്ഥമുള്ള അനേകം എന്ന പദം കൊണ്ട് വിവക്ഷിക്കാം. അപ്പോൾ മൂന്നു സംജ്ഞ രണ്ടായിട്ട് (ഏകം, അനേകം) ചുരുങ്ങുന്നു. മൂന്ന് ആശയത്തിനു പകരം രണ്ടായി. ആദ്യകാലസാംഖ്യകാരന്മാർ മൂലം എന്ന ഏകം, അതിൽനിന്ന് അനേകം എന്ന് വിവക്ഷിച്ചു. ഈ അനേകത്തെ ഒരുമിച്ചാണ് പ്രകൃതി എന്ന് പറയുന്നത്. ഏകമായിരിക്കുന്ന 1 അപ്പോൾ ഒരു സംഖ്യയല്ല. സർവ്വരാലും സംപൂജ്യമായിരിക്കുന്ന ആദിമൂലമാണ്, ഊർജ്ജമാണ്. അതിൽനിന്ന് അതിന്റെ ഗുണമായ ചൈതന്യത്തോടെ ഉണ്ടായ അനേകം (പ്രകൃതി) ഇങ്ങനെ ഗണിതപ്രകാരം എഴുതാം.

0= ബ്രഹ്മം= ഏകം= മൂലം

1..2...3..4...n...n+1....= പ്രകൃതി= അനേകം

0, 1, 2,3 ,4.... n...n+1 എന്ന സ്വാഭാവികശ്രേണിയിൽ തന്നെപ്പോലെ മറ്റൊരു സംഖ്യ ഇല്ലാതെ ഇരിക്കുന്ന ഒരേ ഒരു സംഖ്യ പൂജ്യമാണ്. (null class).പുരാതനഗണിതജ്ഞർ ഇതിനെ നൾക്ലാസ് എന്നല്ല ശൂന്യമെന്നാണ് പറഞ്ഞിരുന്നത്. നൾ എന്നതിന് ശൂന്യത, അഭാവം, ഇല്ലായ്മ ഇവ കൂടാതെ തനിക്കു തുല്യമായി മറ്റൊന്ന് ഇല്ലാത്തതെന്നും അർത്ഥമുണ്ട്. ഇത് മനസ്സിലാക്കാതെയുള്ള ശൂന്യതാവാദത്തെയാണ് താർക്കികമായി ശങ്കരൻ നിരാകരിച്ചത്, ബുദ്ധമതത്തെയല്ല. നശ്വരം,അനശ്വരം ഇവ തിരിച്ചറിയുന്ന നിത്യാനിത്യവസ്തുവിവേകത്തിൽ , ജ്ഞാനമാർഗ്ഗത്തിലെ അതിപ്രധാനമായ നാഴികക്കല്ലാണിത്. ആധുനികർക്കും അങ്ങനെയാണെന്ന് ബെർട്രന്റ് റസ്സലിന്റെ ഈ വാക്യം ചൂണ്ടിക്കാട്ടുന്നു:-

Mathematical induction affords the essential characteristic by which the finite is distinguished from the infinite.

നിത്യമായ ഏകവും അനിത്യമായ അനേകങ്ങളും ശ്രദ്ധയോടെ നിരീക്ഷിച്ച് , അവസാനമില്ലാതെ പ്രവഹിക്കുന്ന അനേകങ്ങളുടെ വരിശയിൽ ഒരു അനന്തത ഭാരതീയർ കണ്ടെത്തി. ഈ കണ്ടെത്തൽ പാശ്ചാത്യദേശത്ത് കാന്ററോ എന്ന ഗണിതജ്ഞനു മുമ്പ് ഉണ്ടായിരുന്നില്ല. കാന്ററോ അനന്തത്തെ അലെഫ് നൾ(Alef null) എന്നാണ് വിളിച്ചത്.$n+2^n+2^{2n\ldots}$..... എന്ന് അനന്തശ്രേണി അവസാനമില്ലാതെ നീണ്ടുപോകുന്നു. മഹാസർഗ്ഗത്തിനുശേഷം (തമിഴിൽ പെരുമ്പടപ്പ്) ഉണ്ടായ നിരവധി ജീവസംഘങ്ങളെപ്പോലെ.n=9 എങ്കിൽ, $2^9=512$, $2^{512}=2X\ 2x\ 2x\ldots\ldots\ldots512$ എന്ന് 512 പ്രാവശ്യം ചെയ്താൽ 153 സ്ഥാനങ്ങളോടുകൂടിയ വലിയ ഒരു സംഖ്യ കിട്ടും. 153ആം സ്ഥാനം ശൂന്യമായ (നൾ) തമോസ്ഥാനമാണെന്ന് കരുതുക. 153 രാഹുമാനം എന്ന് ഭാരതം പറയുന്നത് ആ അർത്ഥത്തിലാണ്.(153 ൽനിന്ന് ബ്രഹ്മം, പ്രകൃതി ഇവയെ ഒഴിവാക്കി 151 രാഹുമാനം എന്നും ഒരു പക്ഷമുണ്ട്)ഇല്ലാത്ത മുയലും ലഡുവും തൊപ്പിയിൽനിന്ന് എടുത്തു കാട്ടുന്ന മാന്ത്രികനെപ്പോലെ കാണാത്ത തമോഗ്രഹങ്ങളെ അനന്തശേഷമായ അലഫ് നള്ളിൽനിന്ന് സൃഷ്ടിക്കുന്ന ഋഷിശാസ്ത്രജ്ഞന്റെ ഗണിതജ്ഞാനവും അനന്തമാണ്. അതൊരു മാന്ത്രികലീലയാണ്.

ഏകമായ ഈശ്വരന് സഹസ്രനാമവും സഹസ്രരൂപവും കൽപ്പിക്കുന്നതിലെ യുക്തിയെന്ത്. ദെദെക്കിന്റ് പറഞ്ഞു: എന്റെ ചിന്തകളിലെ പ്രപഞ്ചം. (The world of my thoughts). ചിന്തകളിലെ പ്രപഞ്ചം യഥാർത്ഥവസ്തുവോ മിഥ്യയോ. പ്രപഞ്ചത്തെ പലരും പലമാതിരി അറിയുന്നുണ്ടല്ലോ. ഒരാൾ പ്ലാറ്റോയുടെ ഗുരുവായും, മറ്റൊരാൾ ക്സാന്തിപ്പേയുടെ ഭർത്താവായും ഇനിയുമൊരാൾ വിഷം കുടിച്ചുമരിച്ച തത്വജ്ഞാനിയായും അറിയുന്നു എന്നുവെച്ച് , ഈ പലരുടേയും ചിന്തകളും ആശയങ്ങളും പലതാണെന്നു വെച്ച് സോക്രട്ടീസ് സോക്രട്ടീസ് അല്ലാതാവുന്നുണ്ടോ. ഒരാൾ ലോകത്തിൽ നന്മ മാത്രം കാണുന്നു. ഒരാൾ തിന്മ മാത്രം. ഇനിയൊരാൾ നന്മയും തിന്മയും കലർന്നതായി. നാലാമതൊരാൾ പ്രപഞ്ചം ലീലയായി ദർശിക്കുന്നു. ഒരാൾക്ക് ബ്രഹ്മം, വിഷ്ണു,ശിവൻ, ദേവി, കർത്താവ്, അള്ളാഹു- ഇങ്ങനെ സഹസ്രനാമത്തിലും സഹസ്രരൂപത്തിലും കാണാമെന്നതാണ് അരൂപിയായ ഈശ്വരലീല. സർവ്വത്തിലും ഒന്നിനെത്തന്നെ അറിയലിലാണ് ഭാരതീയരുടെ സഹിഷ്ണുത (tolerance) ആപേക്ഷികതയും അദ്വൈതചിന്തയുമാണ് അതിനാധാരം.

തർക്കശാസ്ത്രവും ഗണിതവും വ്യത്യസ്തശാസ്ത്രശാഖകളായി വളർന്നുവന്നവയാണ്.പക്ഷേ രണ്ടിനും മൂലാധാരം ശാസ്ത്രീയമായി വിശകലനം ചെയ്യാനുള്ള കഴിവാണ്. പലപ്പോഴും അവ തമ്മിൽ വേർതിരിക്കുന്ന

രേഖ ഇല്ലാതാവുന്നുണ്ട്. റസ്സലിന്റെ അഭിപ്രായം കുട്ടിയും പ്രായ പൂർത്തിയായ മനുഷ്യനും പോലെയാണവ എന്നാണ്. ഗണിതത്തിന്റെ കുട്ടിക്കാലമാണ് തത്വശാസ്ത്രം, തത്വശാസ്ത്രത്തിന്റെ യൌവനമാണ് ഗണിതം.

എല്ലാ മനുഷ്യരും നശ്വരർ

സോക്രട്ടീസ് മനുഷ്യൻ

അതിനാൽ, സോക്രട്ടീസ് നശ്വരൻ. ഇത് തർക്കശാസ്ത്രഭാഷ.

$\alpha=\beta$

$X=\alpha$

Therefore, $X=\beta$ ഇത് ഗണിതശാസ്ത്രഭാഷ. α മനുഷ്യൻ, β നശ്വരൻ, X സോക്രട്ടീസ്,എന്ന് മാറ്റി എഴുതിയാൽ രണ്ടു ഭാഷയും ഒന്നു തന്നെ. ശാസ്ത്രദൃഷ്ടിയിൽ ഈ ഭാഷക്ക് പ്രാധാന്യമുണ്ട്. ഞാൻ s=p എന്ന് പറയുന്ന പക്ഷം, s, p എന്ന 2 പ്രതിഭാസങ്ങളേയും അളന്നു പഠിച്ച് ഒന്നെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ടാവണം. മറ്റൊരു ശാസ്ത്ര ജ്ഞന് അത് പഠിച്ചവനാണെങ്കിൽ മാത്രമേ അതിലെ തെറ്റും ശരിയും പറയാനാവൂ. അതായത് എന്റെയും ആ ശാസ്ത്രജ്ഞന്റെ യും ചിന്ത (ബോധം) ആ പ്രക്രിയയിൽ പങ്കെടുക്കുന്നുണ്ട്. നിങ്ങളുടെ s, p എന്നീ പ്രതിഭാസങ്ങൾ, എന്റെ അതേ പ്രതിഭാസങ്ങളുമാ യി ഒന്നായിരിക്കുന്ന അവസ്ഥയിലേ അക്കാര്യത്തിൽ നമുക്ക് യോജിപ്പ് വരികയുള്ളു. ശുദ്ധമായ ഒബ്ജക്ടിവിറ്റി ഉള്ള ശാസ്ത്ര ത്തിലും കൂടി ആ സബ്ജക്ടിവിറ്റി ഉണ്ട്. (ആപേക്ഷികത). നമ്മൾ കാണുന്ന മേശ, അനേകം ജൈവഗണങ്ങൾചേർന്ന(Organic molecules) ഒരു സംഘാതമായിട്ടാണ് ബയോകെമിസ്റ്റ് കാണുന്നത്.പ്രത്യേക ക്രമത്തിലടുക്കിയ ആറ്റങ്ങളിലാണ് ദ്രവ്യത്തിനു ശക്തിയും ചലന വും രൂപവും കൊടുക്കുന്ന ഊർജ്ജസ്രോതസ്സുകളെന്ന് ഫിസിസി സ്റ്റ് അറിയുന്നു. മേശ ഗതീയതയെ ചെറുക്കുന്ന പിണ്ഡമായതു കൊണ്ട് ഒരു ദ്രവ്യമാണ്. ഗതീയത ദ്രവ്യത്തിന്റെ വേഗതയിൽ വരുന്ന മാറ്റം. വേഗത ചലനത്തിന്റെ അളവ്. ചലനം രണ്ടു വസ്തുക്കളുടെ ദൂരത്തിൽ വരുന്ന വ്യത്യാസം. ദൂരം രണ്ടുവ സ്തുക്കൾക്കിടയിലുള്ള ആകാശം. (സ്പേസ്)

Table is a body

Body is a form of space
Therefore Table is space
മേശ ആകാശമാണെന്ന് ഫിസിസിസ്റ്റ് പറഞ്ഞാൽ സാധാരണക്കാരൻ സമ്മതിക്കില്ല. ശുദ്ധഭ്രാന്തെന്ന് പറയുകയും ചെയ്യും. ഹൈസൻബ ർഗ്ഗ് പറഞ്ഞതുപോലെ ആധുനികശാസ്ത്രത്തിൽ s=p എന്ന നിഗമ നം s, p എന്നിവയെ മാത്രമല്ല, ആരാണ് അവയെ അളന്നത് എന്നതിനെക്കൂടി ആശ്രയിച്ചിരിക്കുന്നു. ദ്രഷ്ടാവ് വസ്തുവിനെ അളക്കാനുപയോഗിച്ച മാനദണ്ഡമെന്ത്. അയാളുടെ ബോധമണ്ഡലം അതിനെ എപ്രകാരം ഗ്രഹിച്ചു , ഈ രണ്ടു വസ്തുതകളും ശാസ്ത്രത്തെ നിയന്ത്രിക്കുന്നുണ്ട്.
ഭാഷയെ എടുക്കുക. ഭാഷ അറിയാത്ത ഒരാൾക്ക് ആ ഭാഷ സം സാരിക്കുന്നവരുമായി ആശയവിനിമയം നടത്തുക സാദ്ധ്യമല്ല. അതുപോലെ ശാസ്ത്രഭാഷ ഗ്രഹിക്കുന്നവനേ ശാസ്ത്രം ഗ്രഹിക്കാനാവൂ. പ്രപഞ്ചത്തിന്റെ ഭാഷയെ അളക്കാൻ നമുക്ക് ഏതു മാനദണ്ഡം ഉപയോഗിക്കാം. എല്ലാവർക്കും മനസ്സിലാവുന്നില്ല എന്നതുകൊണ്ട് അങ്ങനെയൊരു ഭാഷ ഇല്ലെന്ന് വരുമോ.
s=p ശാസ്ത്രത്തിന്റെ hermeneutics ആണെന്നതുപോലെ തത് ത്വം അസി തത്വശാസ്ത്രത്തിന്റേയും അഹം ബ്രഹ്മാസ്മി മിസ്റ്റിസിസത്തിന്റെയും hermeneutics ആണ്. ഈ സമവാക്യങ്ങളിലൊക്കെ ഒരേ ഗണിതനിയമം തന്നെയാണ് പ്രയോഗിച്ചിരിക്കുന്നത്. എന്റെ ശരീരം ആകാശത്തിലിരിക്കുന്ന ദ്രവ്യം. ആ ദ്രവ്യത്തിനകത്ത് എന്റെ ബോധമണ്ഡലത്തിൽ കാലദേശങ്ങൾ(spacetime) എന്ന ആശയാകാശസ്ഥാനം. അതിനെ അനുഭവിച്ചറിയാത്ത ഒരാൾക്കും അഹം ബ്രഹ്മാസ്മി എന്ന് പ്രഖ്യാപിക്കാനാവില്ല. അത് ശരിയോ തെറ്റോ എന്ന് നിർണ്ണയിക്കാനുമാവില്ല.

2. **മനസ്സും അനന്തതയും**

പരസ്പരം പിണഞ്ഞ നാഗങ്ങളായി രണ്ടു പൂജ്യങ്ങളെ, (ഏകാനേകങ്ങളായ ബ്രഹ്മപ്രപഞ്ചങ്ങളെ) ചേർത്തുവെച്ച അഷ്ടം (8) എന്ന ചിഹ്നം അനന്തതാചിഹ്നമാണ്. അഷ്ടദലപത്മമായ ഈ 8നെ ഹിബ്രുക്കൾ അലെഫ് എന്ന് വിളിച്ചു. ഗ്രീക്കുകാർ അതിനെ ആൽഫയാക്കി. പാശ്ചാത്യർ ലെമിനിസ്കേറ്റ് എന്നു വിളിക്കുന്ന ഈ ഇരട്ടനാഗക്കെട്ടായ വക്രരേഖയെ അനന്തതാചിഹ്നമായി 17 ആം നൂറ്റാണ്ടു മുതലാണ് അംഗീകരിച്ചത്. (റുഡി റുക്കർ. ഗണിത വിഭാഗം. റാൻഡോൽഫ് മാക്കൺവിമൻസ് കോളേജ് വെർജീനിയ. Infinity and the mind) ആധുനികഗണിതശാസ്ത്രത്തിൽ അനന്തതാസിദ്ധാന്തത്തിന്റെ പിതാവായ കാന്റർ അലെഫ് നൾ എന്ന മുദ്രയെ ആദ്യത്തെ അനന്തസംഖ്യ എന്ന് വിളിച്ചു.



അലെഫ് നൾ

അനന്തശ്രേണികൾ സാന്തശ്രേണികളെപ്പോലെയല്ല എന്നകാരണം വെച്ച് അനന്തമെന്ന ഒന്നില്ല എന്ന് സമർത്ഥിക്കുന്ന ശാസ്ത്രരീതിയിലെ തെറ്റ് പാശ്ചാത്യദേശത്ത് ആദ്യം കണ്ടെത്തിയത് ഗലീലിയോവാണ്. അനന്തതയെക്കുറിച്ച ബോധം ഗലീലിയോവിനുണ്ടാവാൻ കാരണം കാലം ആകാശത്തിൽ പരിസ്പന്ദം സംഭവിക്കുന്ന (അയനചലനം ഉള്ള) ഒരു പ്രതിഭാസമാണ് എന്ന അദ്ദേഹത്തിന്റെ വിശ്വാസത്തിൽനിന്നാണ്. 0 ബിന്ദുവിൽനിന്ന് പരിസ്പന്ദം സംഭവിക്കുന്ന കാലം ഇത്ര വർഷം കൊണ്ട് ആകാശത്തിൽ ഇത്ര വർഷം പരിസ്പന്ദം ചെയ്തു എന്ന് ഗണിക്കുന്ന ഭാരതീയജ്യോതി

ശ്ശാസ്ത്രജ്ഞരുടെ യുക്തി ആദ്യമായി 16ആം നൂറ്റാണ്ടിൽ ഗ്രഹിച്ച ഗലീലിയോ കാൽകുലസ് എന്ന ഗണിതപദ്ധതി ആരംഭിച്ചു.പ്രശ്നം , ചലിക്കുന്ന ഒരു വസ്തു (സായനമായ ഗ്രഹം) ആരംഭബിന്ദുവായ 0 നിരക്ഷത്തിൽനിന്ന് x ദൂരം സഞ്ചരിച്ച് തുടങ്ങിയ ഇടത്തുതന്നെ തിരിച്ചെത്താൻ എത്ര കാലമെടുക്കും എന്ന ഗണനം തന്നെയായിരുന്നു.

ജാതകം ഗണിക്കുന്ന തത്വം എന്താണ്. ഒരു നിശ്ചിതസമയത്തിൽ വസ്തുവിന് (ഗ്രഹം) രാശിചക്രത്തിലുള്ള സ്ഥാനം ഗണിക്കാൻ, ഏറ്റവും ചെറിയ കാലയളവിൽ(യൂണിറ്റ് ടൈം) ആ വസ്തുവിന്റെ ഗതി അറിഞ്ഞിരിക്കണം. ഈ ചെറിയ കാലയളവ് (യൂണിറ്റ് ടൈം) d(t) എന്നിരിക്കട്ടെ.

t_0 നിശ്ചിതസമയം t variable

f(t) രാശിചക്രത്തിലെ സ്ഥാനം

Therefore t_0 യിൽ വസ്തുവിന്റെ സ്പീഡ് [f (t_0+dt)—f(to)]

ഇതാണ് സമവാക്യം . d(t) എന്ന അയനാംശം തീരെ ചെറുതാകയാൽ അതിനെ പൂജ്യമായി കണക്കാക്കുന്നുവെങ്കിലും (Infinitismal quantity) അത് പൂജ്യമല്ല. ഭിന്നങ്ങളിൽ (fractions) അതിനെ ഹാരക (denominator) മായി ഉപയോഗിക്കാനാവും. ഒരു നിശ്ചിതഎണ്ണം d(t) കളെ ചേർത്താൽ അത് മറ്റൊരു Infinitismal തരും. എന്നാൽ അനന്തം d(t) കളെ ചേർത്താൽ ഒരു സാധാരണ സംഖ്യയോ വളരെ വലിയ സംഖ്യയോ ആണ് ലഭിക്കുക. 1800കളിൽ കോക്ക് രേഖകളാൽ ജോർജ്ജ് കാന്റർ ഇത് വരച്ചുകാണിച്ചു. ഒരു നേർരേഖയിൽനിന്ന് ഓരോ രേഖയുടെ മദ്ധ്യവും സമഭുജത്രികോണമായി ആദേശം ചെയ്തു കിട്ടുന്ന രൂപമാണത്. കാന്റർ 3 വിധം അനന്തതകളെ ഗ്രഹിച്ചു. 1. പരമാർത്ഥസത്ത(absolute infinite) 2. പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന അനന്തത (physical infinities) 3. മനസ്സു കൊണ്ട് ഗ്രഹിക്കാവുന്ന അനന്തത. (mathematical infinity) അവസാനത്തെ രണ്ടിനേയും ചേർത്ത് transfinite എന്ന് വിളിച്ചു. Spacetime continuum (കാലദേശനൈരന്തര്യം) ആണ് പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന അനന്തത. ചിദാകാശത്തിൽ ത്രികാലങ്ങളും ഒന്നിച്ചിരിക്കുന്നതിനാൽ കാലം ചലിക്കുന്നു എന്ന തോന്നൽ ഒരു മായയാണ്. പ്രപഞ്ചത്തിന്റെ ആരംഭം എന്ന ഒന്നിനെ സങ്കൽപ്പിക്കാമെങ്കിൽ-കാലത്തിന്റെ ആദിമുഹൂർത്തമായി ഒരു ബിന്ദുവേയോ പൂജ്യത്തേയോ സങ്കൽപ്പി

ക്കാമെന്നുണ്ടെങ്കിൽ-അതിന്നൊരവസാനത്തെ സങ്കൽപ്പിക്കാനും നാം നിർബന്ധിതരാവും. ആദ്യത്തെ മഹാസ്ഫോടം സർഗ്ഗാരംഭമെങ്കിൽ, ഒടുവിലൊരു മഹാപ്രലയവും സംഹാരവും ഉണ്ടാവണം. (ബ്രഹ്മാ, ശിവ) ഇതിന്നിടയിലെ ബാർഡോ അവസ്ഥയായ സ്ഥിതി കാലം (വിഷ്ണു) മറ്റൊരു സങ്കൽപ്പമാവും. സൃഷ്ടിക്കും സംഹാര ത്തിനുമിടയിലെ ഇടവേള (ബാർഡോ) ആണ് കാലമെങ്കിൽ വിഷ്ണു കാലാത്മാവാണ്. സർഗ്ഗത്തിനു മുമ്പ് എന്തായിരുന്നു. സംഹാരശേഷം എന്തായിരിക്കും. പ്രഭവമായ മഹാസ്ഫോടത്തി നും(BIG BANG) പ്രലയമായ സംഹാരത്തിനും (Big stop, big crunch) മുമ്പും പിമ്പും എന്ത് .



ആന്ദോലനം ചെയ്കയും നിശ്ചിതകാലത്തിൽ തുടങ്ങിയ സ്ഥലത്തു തന്നെ തിരിച്ചെത്തി വീണ്ടുമൊരു പുതിയ സൈക്കിൾ ആരംഭി ക്കയും ചെയ്യുന്ന കൂർമ്മാകൃതിയുള്ള ദേശകാലത്തെ (torroidal spacetime) സങ്കൽപ്പിക്കുന്നത് ഈ പ്രശ്നത്തിന്റെ ഉത്തരമായിട്ടാണ്. ഈ ദേശകാലത്തിന് കാന്റ് പറയുന്നപോലെ ദ്രഷ്ടാവിന്റെ മന സ്സിലാണ് അസ്തിത്വമുള്ളത്. ഏകമാനപ്രപഞ്ചങ്ങൾ ദ്വിമാനപ്രപ ഞ്ചങ്ങളിലും ദ്വിമാനപ്രപഞ്ചങ്ങൾ ത്രിമാനപ്രപഞ്ചങ്ങളിലും ഇരി ക്കുന്നു. നാമറിയുന്ന ത്രിമാനപ്രപഞ്ചത്തിൽനിന്ന് ചതുർമ്മാനത്തി ലൂടെയല്ലാതെ മറ്റൊരു പ്രപഞ്ചത്തിലേക്ക് കടക്കാൻ നമ്മുടെ മനസ്സിന് സാദ്ധ്യമല്ല. പഞ്ചമാനങ്ങളുള്ള ഗോളത്തിന്റെ ഒരു ചതു ർമാനപ്രതലം മാത്രമാണ് നമ്മുടെ ദേശകാലങ്ങളുടെ ചതുർമ്മാനം. ഇത്തരം അനേകം പ്രപഞ്ചങ്ങൾ ഒരു പഞ്ചമാനഗോളക്ഷേത്രത്തി ൽഉണ്ട്. ഗാർഗ്ഗ്യഭാഗവതവും വസിഷ്ഠസംഹിതയും ഇത് രേഖ പ്പെടുത്തുന്നുമുണ്ട്. ഇവിടെ ഗണിതജ്ഞയായ റുഡി റുക്കറുടെ ഉപമ ശ്രദ്ധേയമാണ്. A number of duo-verses drift about in a 5-d- triverse …..continue indefinitely….one is reminded of those eastern descriptions of the world as a disk resting on the back of elephants , who stands on a turtle, who stands upon a turtle, stands upon a turtle, who stands upon a turtle…….(page 23 Infinity and the mind) ഒമ്പതായി വിഭജിച്ച തോടോടുകൂടിയ ആമപ്പുറത്തെ അഷ്ടദലപത്മ ത്തിലെ ലോപാമുദ്രാസൂത്രം (ലോഷു) ഇന്ത്യക്കാരൻ പുറംരാജ്യ ത്തേക്ക് അയച്ച സിംബലുകളിലൊന്നാണ്. (പത്മസിന്ധു) ഇതിൽ രണ്ടിന്റെ ഘനമൂലം കാണാനുള്ള വിദ്യയുമുണ്ട്. ആമത്തോട് മലർത്തിയിട്ടാൽ ഒരു കൊട്ടയുടെ ആകൃതി (ടോറോയിഡ്) കിട്ടും.



മനസ്സ്, ബോധം, അനന്തത - ഇവയെക്കുറിച്ച് ചിന്തിക്കുക. ഇന്നലെ നിങ്ങൾ ചിന്തിച്ചതെല്ലാം ഇന്നും നിങ്ങളുടെ മനസ്സിന്റെ ഘടകമാണോ. ഒരു പുസ്തകത്തിലോ എൻസൈക്ലോപീഡിയയി ലോ വായിച്ചതെല്ലാം നിങ്ങളുടെ മനസ്സിന്റെ ഭാഗമായിത്തീർന്നു വോ. നിങ്ങൾ ഒരിക്കൽ കണ്ടതും എന്നാൽ ഒരിക്കലും ഓർക്കാൻ സാധിക്കാത്തതുമായ സ്വപ്നങ്ങൾക്ക് അസ്തിത്വമുണ്ടോ. ഓരോ പുസ്തകം ഓരോരോ പദമായി നാം വായിക്കുന്നു. പക്ഷെ ഗ്രഹിക്കുന്നത് ഓരോരോ പദമാണോ പുസ്തകത്തിന്റെ മുഴുവൻ ആശയമാണോ. ഇതെങ്ങനെ സംഭവിക്കുന്നു. പ്രപഞ്ചം പൂർണ്ണമാ യി പ്രലയിച്ചാലും ഗണിതബോധവും ജ്ഞാനവും നിലനിൽക്കു മോ. പൈത്തഗോറസ് തിയറം പൈത്തഗോറസ്സിനു മുമ്പേ ഉണ്ടാ

യിരുന്നില്ലേ. എന്റെ ജ്ഞാനം എനിക്കുമുമ്പേ ഉണ്ടായിരുന്നില്ലേ. ഈ ചോദ്യങ്ങൾക്ക് ഉത്തരം കാണാൻ ശ്രമിക്കുമ്പോൾ ബോധത്തിന്റെ തൃക്കണ്ണ്- ഒരു ബിന്ദു-ഹൃദയാകാശത്തിൽ സ്പന്ദിക്കാൻ തുടങ്ങും. അനന്തമാനമുള്ള ഹൃദയാകാശത്തിൽ സർവ്വചിന്തകളും - സർവ്വ ജ്ഞാനവും - ഇരിക്കുന്നു.ബോധം ഹൃദാകാശത്തിൽ സ്പന്ദിക്കുന്നു, ജ്വലിക്കുന്നു, ചലിക്കുന്നു,പ്രകാശിക്കുന്നു. ഹൃദാകാശത്തിന്റെ ഒരു പകുതി എപ്പോഴും അനിർവചനീയമായി ,ഒരു ഭാഷയുടെ പിടിയിലും ഒതുങ്ങാതെ നിൽക്കുന്നു. ഒരു വാക്കാലും ഒരു മുദ്രയാലും നിർവ്വചിക്കാനാവാത്ത അനന്തമായ ആ ഹൃദാകാശത്തെ ഋഷിമാരെപ്പോലെ റുഡിറുക്കറും mindspace എന്ന് വിളിക്കുന്നു.

Mental image of one's own mind must be infinite (ജോഷ്വാ റോയ്സ്) . സ്വമനസ്സിനെക്കുറിച്ചും ബോധത്തെക്കുറിച്ചുമുള്ള നമ്മുടെ കാഴ്ച്ചപ്പാടുകൾ നമ്മുടെ മനസ്സിൽത്തന്നെ ഇരിക്കുന്നതിനാൽ, ഒരു കണ്ണാടിക്കുള്ളിൽവെച്ച അനേകം കണ്ണാടികളെപ്പോലെയണ്. മനസ്സ് =അതിന്റെ പ്രതിബിംബം =അതിന്റെ പ്രതിബിംബം = മനസ്സ്= മനസ്സ്= മനസ്സ് -= ......അങ്ങനെ അവനവന്റെ തന്നെ സമ്പൂർണ്ണ പ്രതിബിംബം ഗ്രഹിച്ച മനസ്സ് അനന്തതയെ തൊടുന്നു, അനന്തതയായിത്തീരുന്നു.വിശ്വം ദർപ്പണദൃശ്യമാനനഗരീതുല്യം. സ്വന്തം മനോമുകുരത്തിൽ കാണുന്ന പ്രജ്ഞയും പ്രപഞ്ചവും ഒന്നായിത്തീരുന്നു.

പ്രജ്ഞാനാം ബ്രഹ്മഃ

ഒരു ഗണിതജ്ഞൻ കൈകാര്യം ചെയ്യുന്ന എല്ലാ സിദ്ധാന്തങ്ങളേയും ചിന്തകളേയും ഒരു സെറ്റ് ആയി കരുതുക. നിശ്ചിതനിയമങ്ങളുള്ള പ്രപഞ്ചം ഹൃദാകാശത്തിലിരിക്കുന്നു. നിശ്ചിതനിയമങ്ങളുള്ള പ്രപഞ്ചം ഹൃദയാകാശത്തിന്റെ ബ്ലൂ പ്രിന്റാണ്,പ്രതിബിംബമാണ്.

പരമാർത്ഥസത്ത എന്ന അനന്തതയെ ഗ്രഹിക്കാൻ സാദ്ധ്യമല്ല, എന്നാൽ ഊഹിക്കാൻ സാധിക്കും. 1. വിവേകം കൊണ്ട്.(rational , logical) 2. അനുഭൂതി കൊണ്ട് (mystical) 3. രണ്ടും ചേർന്ന Rational mysticism കൊണ്ട്. മിസ്റ്റിക്കൽ സ്വാനുഭൂതി കൊണ്ട് അറിയുകയും ലോജിക്കൽ തർക്കം കൊണ്ട് അതിനെ അനലൈസ് ചെയ്യുകയും ചെയ്തു ശങ്കരാദികളായ ഋഷിമാർ. റുഡി റുക്കറും പറയുന്നത്

മിസ്റ്റിക്കൽ അനുഭൂതി കൊണ്ട് മാത്രം പരമാർത്ഥസത്തയെ അറിയാമെന്നു തന്നെ.

3. **വാക്യജാലം മഹാരണ്യം**

പ്രപഞ്ചം അനന്തമാണ്. അതിന്റെ വ്യാസം ഒമേഗ നാഴികയാണ്. എന്നാലും ഭൂമിയിൽനിന്ന് സാന്തമായ (transfinite number of miles) ദൂരങ്ങൾ താണ്ടി വേഗത കൂട്ടി പ്രകാശരശ്മിയോളം വേഗതയാർജ്ജിച്ചാൽ, കാലം ചെറുതായി വരും. വെറും നാലു മണിക്കൂറിൽ ഒമേഗ(അനന്തം) നാഴിക തരണം ചെയ്യാനാവും. നാലാം മണിക്കൂറിൽ ഭൂമിയിൽനിന്ന് ഒമേഗ നാഴിക അപ്പുറത്തെത്തുന്ന ഒരാൾ, ഒമേഗ വർഷം ഭാവിയിലാണ് എത്തിച്ചേരുന്നത്. അനന്തം നാഴിക ആകാശം താണ്ടുമ്പോൾ അനന്തം നാഴിക കാലവും താണ്ടി ഭാവിയിലെ ഏതോ അജ്ഞാതപ്രപഞ്ചത്തിൽ നാമെത്തുന്നു. സ്പെഷ്യൽ തിയറി ഓഫ് റിലേറ്റിവിറ്റിയിൽ ഐൻസ്റ്റൈന്റെ ബോധതലം അളന്ന ഈ അനന്തപ്രപഞ്ചങ്ങളെ ഭാരതീയർ സഹസ്രാബ്ദങ്ങൾക്കു മുമ്പേ അളന്നു. (സുധാസിന്ധു,കൃഷ്ണവൈരാജം)

ബെറിയുടെ പാരഡോക്സ്ഃ-ഒരാൾക്ക് ഭാഷ കൊണ്ട് വിവരിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യക്കും വലിയ സംഖ്യക്കും അപ്പുറത്ത്, വാക്കുകൾക്ക് വിസ്തരിക്കാനാവാത്ത അവാച്യവും അനിർവ്വചനീയവുമായ സംഖ്യകൾ ഉണ്ടാവണം. പൂജ്യത്തിനും ഒമേഗക്കും അപ്പുറത്തുള്ള യതോ വാചോ നിവർത്തന്തേ എന്ന പരമായ മമ്ഡലത്തിലേക്ക് ഋഷിമാരുടെ ബോധം പ്രവേശിച്ചു. അവർ അതിനെക്കുറിച്ചു മാത്രമാണ് നിരന്തരം സംസാരിച്ചത്. വാക്കുകൊണ്ട് പറയാനാവാത്ത ഒന്നിനെക്കുറിച്ച് വാക്കുകൊണ്ട് നിരന്തരംസംവദിക്കയും വാദപ്രതിവാദങ്ങളിലേർപ്പെടുകയും ചെയ്യുന്ന ഋഷിമാരുടെ വൈരുദ്ധ്യാത്മകതയെ ആധുനികർ ബെറിയുടെ പാരഡോക്സ് എന്ന് വിളിക്കുന്നു.

ചിന്ത വാക്കായും വാക്ക് ചിന്തയായും രൂപം മാറുന്നുണ്ട്. ഞാൻ ചിന്തിക്കുന്നത്,ഞാൻഒരു വാക്കായി ഉച്ചരിക്കുന്നു. നിങ്ങളതിനെക്കുറിച്ച് ആലോചിക്കുന്നു. ഒരു വാക്കിനെ ഒരു ചിന്തയാക്കി മാറ്റുന്ന പ്രക്രിയ ഒരു നാമത്തെ സംഖ്യയാക്കി മാറ്റുന്നതിനോട് തുല്യമാണ്. കടപയാദി, പരൽപേർ, വാക്യംപദ്ധതി ഇവയെല്ലാം ഇപ്രകാരമുള്ള വ്യാകരണപ്രക്രിയയാണ്.

ഇപ്രകാരമുള്ള വിശദീകരണത്തെ ഗണിതജ്ഞർ ട്രാൻസ് എന്ന് വിളിക്കുന്നു. ഈ മാർഗ്ഗത്തിലൂടെ വാക്കുകളെ, ഒട്ടും സമയം പാഴാക്കാതെ സംഖ്യയാക്കി മാറ്റാം. ഒരു തരം ഡിജിറ്റൽ കമ്പ്യൂട്ടർ പദ്ധതി. എം എന്ന ഡിജിറ്റൽ കമ്പ്യൂട്ടറിനെ ഐ.ബി.എം ടൈപ്പ് റൈറ്ററിനോട് ഘടിപ്പിച്ചിരിക്കുന്നു. അതിൽ പി(p) എന്ന പ്രോഗ്രാം ടൈപ്പ് ചെയ്യുന്നു. കമ്പ്യൂട്ടറിൽ എൻ(n) സംഖ്യകൾ ബേസ് ടെൻനൊട്ടേഷനിൽ (base 10 notation) ടൈപ്പ് ചെയ്ത് വന്നാൽ, പി (p) എന്നത് എൻ (n) സംഖ്യയുടെ എം (m) നാമമാണ്. (P is the M name of N number.)വാക്കും നാമവും സംഖ്യയും കൂടിയുള്ള ഈ ബന്ധം സഹസ്രനാമങ്ങളിൽ നാം ഉപയോഗിക്കുന്നു. ഗണിതശാസ്ത്രത്തിൽ വരരുചിയുടെ കമ്പൂട്ടർ മസ്തിഷ്കം ഇതിനെ ഉപയോഗപ്പെടുത്തി. കമ്പൂട്ടർ മസ്തിഷ്കം ഉള്ള ഋഷിമാർ സാന്തമായ നമ്മുടെ ജാഗ്രദ്ബോധമണ്ഡലത്തിനപ്പുറമുള്ള അനന്തബോധമണ്ഡലസാദ്ധ്യതകളിലേക്ക് ആദ്യമായി തങ്ങളുടെ പ്രജ്ഞാനേത്രം തുറന്നുനോക്കി വേദം ദർശിച്ചു. ഇന്ദ്രിയങ്ങളോടുകൂടിയ ശരീരത്തിനും താർക്കികമനസ്സിനും അപ്പുറത്തുള്ള അതീന്ദ്രിയാനുഭൂതിമണ്ഡലത്തെക്കുറിച്ച് റുഡി റുക്കറുടെ വാക്കുകൾ തന്നെ ഉദ്ധരിക്കട്ടെ. There are two distinct forms of consciousness , finite and infinite. As long as I identify with my body and my rational mind , I cannot conceive of my ω_0. But it is not hard to envision my ω_0 if I identify with the absolute. This does not lead to the usual type theoretical regress because someone who has merged with the absolute is in a position to name each and every natural number at once.

ഒരു ടോറസ്(വായ് ഉള്ള കൊട്ട. കപ്പ്) ഒരു സിലിണ്ടർ(കുഴൽ) ഒരു കോൺ(പിരമിഡ്) - ഈ മൂന്നെണ്ണത്തിന്റെ പരസ്പരഛേദബിന്ദു അറിയാമെങ്കിൽ രണ്ടിന്റെ ഘനമൂലം കാണാം. പൈത്തഗോറസ്സിന്റെ ശിഷ്യഗണത്തിൽ പെട്ട ആർക്കിറ്റസ്സാണ് ഈ വഴി കണ്ടുപിടിച്ചതെന്നാണ് ഇപ്പോൾ കുട്ടികളെ പഠിപ്പിക്കുന്നത്. ആർക്കിറ്റാസിന് എത്രയോ മുമ്പുള്ള തൊവരി ഗുഹാചിത്രത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ടെന്നത് നേരത്തേ ഞാൻ തെളിയിക്കയുണ്ടായി. (ഭാഷാപോഷിണി, കോട്ടക്കൽ ആര്യവൈദ്യശാല സോവനീർ)) ആർക്കിയോആസ്ട്രോണമി എന്ന പഠനശാഖ ഇന്ന് ലോകത്തിൽ പഠനവിധേയമായിക്കൊണ്ടിരിക്കുന്നതേ ഉള്ളു. കേരളത്തി

ലേക്ക് അത് എത്താനിനിയും താമസിക്കും. അതുകൊണ്ടാവാം എന്റെ ആ കണ്ടുപിടുത്തം വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയത്. വ്യാസം oc ആയി ഒരു വൃത്തം. Ob എന്ന ചാപത്തിന്റെ നീളം 1. Oc 2. o യിലൂടെ oc ക്ക് ലംബമായ രേഖയിലൂടെ വൃത്തത്തെ കറക്കിയാൽ ടോറസ് രൂപം (കൊട്ട, കപ്പ്) കിട്ടും.







വൃത്ത്ത്തെ വൃത്തത്തിനു ലംബമായ ദിശയിലാണ് നീക്കിയതെങ്കിൽ കുഴലാണ്(സിലിണ്ടർ) കിട്ടുക. Ob എന്ന ചാപത്തെ നീട്ടി oc ക്ക് ലംബമായി c യിൽക്കൂടി കടന്നുപോകുന്ന രേഖയെ ഛേദിക്കുക. ആത്രികോണത്തെ കറക്കുക. അപ്പോൾ പിരമിഡ് കിട്ടും. ഈ മൂന്നു ചാപങ്ങളും പരസ്പരം ഛേദിക്കുന്ന p എന്ന ബിന്ദുവും അതിനു താഴെ x എന്ന ബിന്ദുവും രേഖപ്പെടുത്തുക. Ox $ox = cube of$ 2 രണ്ടിന്റെ ഘനമൂലമെന്ന് ആർക്കിട്ടാസ് പറഞ്ഞു.
ത്രിമാനമുള്ള ഏതു വസ്തുവിന്റേയും വോള്യൂം അതിന്റെ മൂന്നു മാനത്തേയും രണ്ടിന്റെ ഘനമൂലം വീതം വർദ്ധിപ്പിച്ചാൽ ഇരട്ടിപ്പിക്കാനാവും എന്ന ഗണിതതത്വമാണ് ക്ഷേത്രഗോപുരങ്ങളുടെ വലിപ്പം ഇരട്ടിപ്പിക്കാൻ ശിൽപ്പികൾ ഇന്ത്യയിലും ഈജിപ്തിലും ഉപയോഗിച്ചിരുന്നത്.
വൃത്തത്തിന്റെ വ്യാസം 1 എങ്കിൽ, അതിനെ ഒരു വട്ടം കറക്കിയാൽ പരിധി/വ്യാസം (പൈ) കാണാമെന്ന ആശയത്തിൽ സാധാരണജ്യാമിതിയുടെ ത്രിമാനങ്ങൾക്കപ്പുറത്ത് , ജ്യാമിതിക്ക് അതീതമായ കാലവുമുണ്ടെന്ന(ചതുർമാനം) അറിവ് പൌരാണികർക്ക് ഉണ്ടായിരുന്നു. പക്ഷേ ഈ സത്യം 1882ൽ ഫെർഡിനാന്റ് ലിൻഡർമാൻ കണ്ടെത്തുംവരെ പാശ്ചാത്യർക്ക് അറിവുണ്ടായിരുന്നില്ല.

പൈ ഒരു അതീന്ദ്രിയസംഖ്യയാണെന്ന് അദ്ദേഹമാണ് പാശ്ചാത്യ നാട്ടിൽ ആദ്യം കണ്ടെത്തിയത്. ഉരുളുന്ന ഗോളവൃത്തത്തെ ഒരു ഹെലിക്സ് ആയി കരുതുക.കുഴലാണ് ഭ്രമണകക്ഷ്യ. അതിനകത്ത് കുഴലുമായി ഹെലിക്സ് 45 ഡിഗ്രി കോണുകളുണ്ടാക്കിക്കൊണ്ട് ഉരുളുന്നു. ഒരു പൂർണ്ണഭ്രമണവേളയിൽ, ഗോളം സൃഷ്ടിക്കുന്ന ആകെ ഊർജ്ജം വൃത്തപരിധിക്ക് സമമായിരിക്കും. അതായത്, ഇവിടെ വൃത്തപരിധി വെറും ജ്യാമിതീയവൃത്തപരിധിയല്ല. ഒരു ഗോളം തന്റെ ചലനത്താൽ ജനിപ്പിക്കുന്ന ഊർജ്ജമാണ്.
ഇനി ഹെലിക്സിനു പകരം ഒരു സ്പൈറലാണെന്ന് വെക്കുക. ഒരു രേഖയെ ഒരു സ്ഥിരവേഗതയിൽ കറക്കുമ്പോൾ,ഒരു ബിന്ദു ഈ രേഖയിലൂടെ മറ്റൊരു സ്ഥിരവേഗതയിൽ ചലിക്കുന്നു. O എന്ന ബിന്ദുവിലാരംഭിച്ച് P എന്ന ബിന്ദുവിൽ ആദ്യത്തെ കറക്കം അവസാനിപ്പിക്കുന്ന ഒരു സ്പൈറലിന് PT എന്ന ശരം വരക്കുക. OT , OPക്ക് ലംബം. ഈ രണ്ടു രേഖകൾ ഛേദിക്കുന്ന OT എന്ന ദൂരം പൈ പ്രാവശ്യം ആയിരിക്കും.$OT=\pi OP$
ഈ മാർഗ്ഗം പാശ്ചാത്യദേശത്ത് ആർക്കിമിഡിസ്സാണ് ആദ്യം കണ്ടേത്തിയത്.
ഒരു വൃത്തത്തിൽ അനേകം ബഹുമുഖകോണങ്ങളെ ഒതുക്കാം. 96 വശമുള്ള ബഹുമുഖകോണത്തിന് വൃത്തത്തിൽ(വ്യാസം 1)ഒതുങ്ങാമെങ്കിൽ ആ ബഹുമുഖകോണത്തിന്റെ പരിധി കണ്ടാൽ പൈയുടെ വില ഏതാണ്ട് കാണാം. ആർക്കിമിഡിസ്സും പിന്നീട് ആന്റിഫോണും ഈ മാർഗ്ഗമവലംബിച്ചു.$3^{10/71} < \pi < 3\,¼$
3 ¼ =13.4=3.25 എന്ന ഈ മാർഗ്ഗം ഒരു സാന്തവിശദീകരണം ആണ്. (FINITE DESCRIPTION) അനന്തവിശദീകരണമല്ല. സീനോ തന്റെ ബൈസെക്ഷൻ പാരഡോക്സിൽ ഇതിന്നൊരു അനന്തവിശദീകരണം നൽകി. ½, ¼.1/8,എന്ന് ക്രമത്തിൽ പദം പദമായി മുന്നോട്ട് നീങ്ങുന്ന ഈ വിശദീകരണം ചന്ദ്രസിദ്ധാന്തത്തിലുണ്ട് (വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തിക എൻബിഎസ് പ്രസിദ്ധീകരണം നോക്കുക)
$1+1 = 1+ ½ +1/4 + 1/8 + ...$



ഒരു സംഖ്യയുടെ ദശാംശഭിന്നങ്ങൾ വാസ്തവത്തിൽ ഇപ്രകാരം ഒരു ബിന്ദു കണ്ടെത്താനുള്ള അനന്തശ്രേണി മാത്രമാണ്. അനന്ത മെങ്കിലും ഈ മാർഗ്ഗം മനുഷ്യബുദ്ധിക്ക് ഗ്രാഹ്യവുമാണ്. വേദാം ഗജ്യോതിഷകാലത്തുതന്നെ ദശാംശസ്ഥാനങ്ങൾ നിർണ്ണയിച്ച ഭാരതീ യർ ഈ പരമാർത്ഥം മനസ്സിലാക്കിയിരുന്നു എന്നതിന് മറ്റൊരു തെളിവ് ആവശ്യമില്ല. 1-1+1-1+1-1+1..എന്ന് എഴു തിയാലതിന്റെ അർത്ഥമെന്താണ്. ഒന്നുകിൽ,

(1-1)+(1-1)...= 0

അല്ലെങ്കിൽ,

1+(-1+1)+ (-1+1)+....=1

1+(0) +(0) +.........=1

ഈ നിയമം വെച്ച് ബ്രഹ്മവും പ്രകൃതിയുമല്ലാതെ മറ്റൊന്നുമില്ല എന്ന് ഭാരതം കണ്ടെത്തി. 1703ൽ മാത്രമാണ് ഗ്രാന്റി പാശ്ചാത്യ ലോകത്തിന് ഈ തത്വം മനസ്സിലാക്കിക്കൊടുത്തത്.

ബ്രഹ്മം , പ്രകൃതി എന്ന ദ്വൈതത്തെ അദ്വൈതമാക്കുന്ന പ്രക്രിയ യേ ഇനി ബാക്കിയുള്ളു. അസത്തിൽനിന്ന് (ഇല്ലായ്മ) സത്ത് (ഉണ്മ) ഉണ്ടാകുമോ എന്ന സാംഖ്യകാരന്റെ ചോദ്യം ഈ പ്രശ്ന പരിഹാരത്തിനുള്ള ആദ്യപടിയാണ്. God must have used a technique based on this series in order to create something from nothing and thus get the cosmos going എന്ന ഗ്രാന്റിയുടെ പ്രസ്താവന സാംഖ്യകാരന്റെ അർത്ഥഗ ർഭമായ ചോദ്യത്തിനു മുമ്പിൽ ബാലിശമായ ഒരു വാക്യം മാത്ര മാണ്.

ആദ്യമായി ജ്യാമിതി പഠിക്കാനൊരുങ്ങുന്ന കുട്ടിക്ക് , പൈ എന്നാൽ വൃത്തപരിധിയും വ്യാസവും തമ്മിലുള്ള ബന്ധം മാത്രമാണ്. കാൽക്കുലസ് പഠിക്കാൻ തുടങ്ങുമ്പോൾ, പൈ 4--4/3+4/5—4/7+4/9......എന്ന അനന്തശ്രേണിയുടെ സീമയാണെന്ന് മനസ്സിലാകാൻ തുടങ്ങുന്നു. ഇതുപോലെയാണ് ദ്വൈതത്തിൽനിന്ന് അദ്വൈതത്തിലേക്കും ക്ലാസിക്കൽ ഫിസിക്സിൽനിന്ന് സർവ്വൈകാത്മസിദ്ധാന്തമായ മഹാദ്വൈതത്തിലേക്കും ഉള്ള യാത്ര. ഈ യാത്രാമദ്ധ്യത്തിലെ ഒരു പടിയാണ് ആപേക്ഷികതാസിദ്ധാന്തമായ വിശിഷ്ടാദ്വൈതം.

ഒന്നാം പടിഃ-പ്രപഞ്ചം സാന്തമാണ്. അതിന് ആരംഭവും അവസാനവുമുണ്ട്. അതിനാൽ സീമ (പരിധി) ഉണ്ട്. അതിനെ പൂർണ്ണമായി വിശദീകരിക്കാൻ, മനുഷ്യബോധത്തിന് സാധിക്കും. ജനനം (സൃഷ്ടി) മരണം(സംഹാരം)അവക്കിടയിലെ അവസ്ഥ(സ്ഥിതി) എന്നിവയെ കൃത്യമായി പ്രവചിക്കാൻ ദ്രഷ്ടാവിന് സാധിക്കും. (ക്ലാസിക്കൽഫിസിക്സും ഫലഭാഗജ്യോതിഷവും ഇങ്ങനെ കരുതുന്നവരുടെ ശാസ്ത്രമാണ്)ദേശത്തേയും കാലത്തേയും അളന്നുമുറിച്ച് പ്രവചിക്കുന്ന ദ്രഷ്ടാവ് ദൃശ്യത്തിൽനിന്ന് ഭിന്നനാണ്. (ദ്വൈതം) ദൃശ്യം ഒരു ചതുരംഗക്കളം പോലെ മുന്നിലുള്ള പ്രപഞ്ചം. അതിൽ കരുക്കളായി അനേകം ജീവാത്മാക്കളും ഗ്രഹനക്ഷത്രവ്യൂഹങ്ങളും. അവയുടെ ഭൂത,വർത്തമാന,ഭാവികളെ പ്രവചിക്കാൻ ദ്രഷ്ടാവിനു സാധിക്കുന്നു.ഭാവിയെ നിയന്ത്രിക്കാനുള്ള ഉപദേശവും തനിക്ക് കൊടുക്കാമെന്ന് വിശ്വസിക്കുന്നു.(ഇത് നമ്മുടെ വ്യാവഹാരികസത്യമായ പ്രപഞ്ചമാണെന്ന് അദ്വൈതി അറിയുന്നു.)

രണ്ടാംപടിഃ-പ്രപഞ്ചം അനന്തം. അതിനെ സാന്തവാക്യങ്ങളാൽ പൂർണ്ണമായി നിർവ്വചിക്കാനാവില്ല. എന്നാലും സാരാംശത്തെ സാന്തമായ ചില പ്രകൃതിനിയമങ്ങളാൽ അനുമാനിച്ച് ഗ്രഹിക്കാനാവും. ഇതിനെ യുക്തിവാദിയായ ശാസ്ത്രജ്ഞന്റെ സ്വപ്നമെന്ന് വിളിക്കാം. ഇവിടേയും ഭേദഭാവനയുണ്ട്.പക്ഷേ, അഭേദാവസ്ഥയുടെ ബീജവുമുണ്ട്. ആപേക്ഷികതയുടെ വെളിച്ചത്തിൽ ഭേദാഭേദങ്ങൾ തിരിച്ചറിയാം.ആപേക്ഷികതാസിദ്ധാന്തം ഉൾക്കൊള്ളുന്ന ആസ്ട്രോഫിസിക്സ് പ്രാതിഭാസികസത്തയുടേതായ ഈ വിശിഷ്ടാദ്വൈതസോപാനപ്പടിയിലാണ്.

മൂന്നാം പടി:- പ്രപഞ്ചം അനന്തമാണ്. അതിനെ സാന്തവാക്യങ്ങളാൽ ഗ്രഹിക്കാനോ നിർവ്വചിക്കാനോ വിശദീകരിക്കാനോ സാദ്ധ്യമല്ല. സാന്തമായ ഒരു സിദ്ധാന്തത്തിനും ഒരു ദ്രഷ്ടാവിനും അനന്തകോടി നക്ഷത്രദ്രവ്യങ്ങൾക്കുറവിടമായ ഒന്നിനെ കണക്കിടാനാവില്ല. വാക്യജാലം കൊണ്ട് വാക്കുകള്ക്കതീതമായതിനെ വിശദീകരിക്കാനാവില്ല.വിശദീകരിക്കുന്ന ഗ്രാഹകനും (ദ്രഷ്ടാവ്) വിശദീകരിക്കപ്പെടുന്ന പ്രപഞ്ചത്തിലെ ഒരു കൊച്ചുകണമായിരിക്കെ, അനന്തതയെ തന്നുള്ളിൽത്തന്നെ സ്വാനുഭൂതി കൊണ്ട് സാക്ഷാത്കരിക്കാനല്ലാതെ , യുക്തിവാദം കൊണ്ട് ഗ്രഹിക്കാനാവില്ല. അവിടെ ചിത്തഭ്രമണകാരണമായ ശബ്ദജാലം മഹാരണ്യത്തെ താണ്ടിയ യോഗി ചിത്തവൃത്തിനിരോധത്താൽ, ഒരു മൌനബിന്ദുവിൽ തന്നിലെ അനന്തതയെ സാക്ഷാത്കരിച്ച് ഭേദഭാവനകളിൽനിന്ന് മുക്തനാവുന്നു. ഇതിനെ അദ്വൈതമെന്നും ബ്രാഹ്മീസ്ഥിതിയെന്നും നിർവ്വാണമെന്നും സമാധിയെന്നും താവോ എന്നും പറയാം. ഈ മൂന്നാം പടിയിലാണ് പരമാർത്ഥസത്താബോധം ഉദിക്കുന്നത്.
ആധുനികഗണിതശാസ്ത്രം ഈ മൂന്നു സത്തകളെ ഇങ്ങനെ തിരിച്ചറിയുന്നു. 1. A countable universe with countable descriptions 2. Uncountable universe with countable descriptions 3. Uncountable universe with uncountable descriptions ഇവയാണ് അദ്വൈതിയുടെ വ്യാവഹാരിക, പ്രാതിഭാസിക, പരമാർത്ഥസത്തകൾ.
ഒരു മൺകട്ടയുടെ തത്വമറിഞ്ഞാൽ പ്രപഞ്ചത്തിലുള്ള സർവ്വ മൺകട്ടയുടേയും തത്വമറിയാം. മൺകട്ടയിലെ പ്രപഞ്ചം സാന്തം, സീമിതം. അനന്തവും അസീമവുമായ ഒന്നിനെ എല്ലാ മനുഷ്യാത്മാവും തന്റെ സാന്തവും സീമിതവുമായ അളവുകോൽ വെച്ച് അളക്കുന്നു. ലോകത്തിൽ ഏതെങ്കിലുമൊരു കൊച്ചുവസ്തുവെപ്പോലും മുഴുവനായി ഗ്രഹിക്കണമെങ്കിൽ, ലോകത്തിലുള്ള സർവ്വവസ്തുക്കളേയും അറിയണമെന്ന ജ്ഞാനം ഈ ശ്രമത്തിനിടയിൽ ഉദിക്കുന്നു. (It is impossible to describe any one thing in the world exhaustively without mentioning everything elde as well. Page 152 Rudy Rucker.)
പ്രപഞ്ചത്തിലെ നാനാത്വത്തെ (അനേകത്വം) ഗണിതപരമായ ഏകം (1) കൊണ്ട് ഗ്രഹിക്കാൻ ശ്രമിക്കുന്നതാണ് കുഴപ്പം. ആ ഏകം 1 അല്ല , 0 ആണ്. ബ്രഹ്മമാണ്. ആ സിംബലിനെ



പല വിധത്തിലും പൌരാണികർ എഴുതി. സൈന്ധവസംസ്കൃതിയിലും ഈ ചിഹ്നങ്ങളുണ്ട്. നാഗപഞ്ചമമെന്ന എന്റെ ഗ്രന്ഥത്തിൽ ഇവയെ പരിചയപ്പെടുക.

4. **നുണയിലെ സത്യം**

പോൾ പുണ്യവാളൻ ക്രഥേനിവാസിയായ എപ്പിമെനിഡിസ്സിനെക്കുറിച്ച് ഒരു കഥ പറയുകയുണ്ടായി. എപ്പിമെനിഡിസ് പറഞ്ഞു: - ക്രെഥേ ദ്വീപുകാർ നുണയേ പറയൂ. ദുഷ്ടന്മാരും തീറ്റപ്പണ്ടങ്ങളുമാണ്. ക്രെഥേ ദ്വീപുകാരെല്ലാം നുണയന്മാരാണെങ്കിൽ എപ്പിമിനിഡസ്സും നുണയനാവണമെന്നും ഈ പറഞ്ഞതും നുണയാവണമെന്നും ഊഹ്യം. അങ്ങനെയെങ്കിൽ, ക്രെഥേ ദ്വീപുകാർ സത്യസന്ധരാവണം. എങ്കിൽ എപ്പിമെനിഡിസ്സും സത്യവാനാവും, വാചകം സത്യവുമാവും. ഇതാണ് എപ്പിമെനിഡിസ് പാരഡോക്സ് എന്ന നുണയന്മാരുടെ വൈരുദ്ധ്യം.

ഒരാൾക്ക് ഒരു മിസ്റ്റിക്കൽ അനുഭൂതി ഉണ്ടായെന്ന് വെക്കുക. അയാളെ സംബന്ധിച്ച് അത് സത്യമാണ്. പക്ഷേ മറ്റൊരാളോട് പറയുമ്പോൾ, സത്യാവസ്ഥ തെളിയിക്കാനായി, ഇതുപോലെ ഉള്ള അനുഭവം മറ്റൊരു മഹാനും ഉണ്ടായിട്ടുണ്ട് എന്ന് പറയേണ്ടിവരുന്നു.

എന്റെ അനുഭവം **X** എന്നിരിക്കട്ടെ. അതുപോലൊന്ന് **y** എന്ന മഹാന് ഉണ്ടായിട്ടുണ്ട്. **Y** യുടെ അനുഭവം തെളിയിക്കാൻ, **z** എന്ന മഹാനെ ഉദ്ധരിക്കേണ്ടിവരുന്നു. ഇങ്ങനെ അറ്റമില്ലാതെ നീളുന്ന യുക്തിവാദച്ചങ്ങല സംഭവിക്കുന്നു.(Regress).ഞാനനുഭവിച്ച **X** സത്യമാണെന്ന് ഒറ്റ വാക്യം ആവർത്തിച്ചു പറയേണ്ടതിനു പകരം , **Y** ക്കും അതുണ്ടായെന്നതുകൊണ്ടും അത് **z** അംഗീകരിച്ചി

ട്ടുണ്ടെന്നും പരാനുഭവം സാക്ഷ്യപ്പെടുത്തി പറയേണ്ടിവരുന്നു. സ്വാനുഭവം സാക്ഷ്യപ്പെടുത്താൻ പരാനുഭവം പറയേണ്ടിവരുന്ന ഗതികേട് .അത് ശാസ്ത്രത്തിന് ഇന്ന് ഒരു ദുരന്തമായി തീർന്നി രിക്കയാണ്.

ഇനി ഒരു നുണക്കഥ പറയാം. ഒരിടത്തൊരിടത്ത് ഒരു രാജകു മാരി. അവൾ പട്ടുടുപ്പ് തുന്നുമ്പോൾ സൂചി കാണാതായി. ഉംന്ന് മൂളിയാൽ സൂചി കിട്ട്വോ. തല ആട്ടിയാൽ സൂചി കിട്ട്വോ. സൂചി കിട്ട്വോ എന്നചോദ്യം ആവർത്തിച്ച് അനന്തശ്രേണികളായി വരുന്നു. അതിനെ നേർരേഖയിൽ തുടർന്ന് എഴുതിക്കൊണ്ടേ ഇരുന്നാൽ എത്ര പുസ്തകത്തിന്റെ പേജും തീർക്കാം. പക്ഷേ ചാംക്രികമായി എഴുതിയാലോ. ഒറ്റ പ്രാവശ്യം എഴുതി ഒരു അസ്ത്രചിഹ്നം ഇട്ടാൽ മതി.

ഇപ്പോഴത് നുണക്കഥയല്ല. ആവർത്തിക്കുന്ന ദശാംശഭിന്നിതങ്ങൾ ഇങ്ങനെയാണ്. ഇടത്തുനിന്ന് വലത്തോട്ടുള്ള ഒരു അനന്തശ്രേണി (single left to right omega sequence) .പ്രപഞ്ചത്തിലെ സർവ്വ ശാസ്ത്രപ്രശ്ന ങ്ങൾക്കും നാം ഇങ്ങനെ ഉത്തരം കണ്ടുകഴിഞ്ഞാലും ജീവിതത്തി ന്റെ പ്രശ്നം അസ്പർശമായി തെളിയിക്കപ്പെടാതെത്തന്നെ കിട ക്കുമെന്ന് ഒരു സെൻമിസ്റ്റിക്കിനെപ്പോലെ ലുഡ്വിഗ് വിറ്റ്ഗെൻസ്റ്റീൻ പറയുകയുണ്ടായി. അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന കർട്ട് ഗോഡെൽ 1930ൽ അപൂർണ്ണതാസിദ്ധാന്തം (incomplete theorem) ആവിഷ്കരിച്ചതും ഇതേ യുക്തി മേലാണ്. ഗണിതപരമായി എത്രയെല്ലാം സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചാലും പ്രപഞ്ചരഹസ്യം മനുഷ്യന് അജ്ഞാതമായിത്തന്നെ അവശേഷിക്കും. രണ്ടിന്റെ വർഗ്ഗമൂലം പോലുള്ള അകരണികളെപ്പോലെ. യുക്തിചിന്തക്ക് അന്തിമമായ പരമാർത്ഥസത്തയിലേക്ക് ചുഴിഞ്ഞുനോക്കാനാവില്ല

എന്ന് കർട്ട് ഗോഡെൽ സമർത്ഥിച്ചു. സിംബലുകളെ ഗ്രഹിക്കാനുള്ള സങ്കീർണ്ണമായ നിയമസംഹിതകൾ മാത്രമാണ് ഗണിതനിയമങ്ങളും സമവാക്യങ്ങളും. അന്തിമമായ ലക്ഷ്യം സത്.ദർശനമാണ്. ഗണിതജ്ഞനായ കർട്ട് ഗോഡെൽ, ഐൻസ്റ്റൈനെപ്പോലെ ഒരു മിസ്റ്റിക്ക് ശാസ്ത്രചിന്തകനായിരുന്നു. സത്യം പറഞ്ഞാൽ, ഭൌതിക പ്രപഞ്ചത്തിൽനിന്ന് സ്വതന്ത്രമായ ശാശ്വതപ്രതിഭാസങ്ങളാണ് ഓരോ അക്ഷരസംഖ്യയും. അതിനാൽ ഓരോ വ്യക്തിത്വവും ശാശ്വതമാവണം. മരണം മിഥ്യയായിരിക്കണം. ശുദ്ധമായ അസ്തിത്വം മരണശേഷവും നിലനിൽക്കുന്നുണ്ടാവണം. അതിനാൽ കാന്റർ, അനന്തത നമ്മുടെ മനസ്സിൽ വസിക്കുന്നുണ്ട് എന്ന് പ്രഖ്യാപിച്ചു. ടെലിപ്പതി, അതീന്ദ്രിയദർശനം (ESP) എന്നിവക്ക് ഇതാണ് ആധാരം.

സാഹിത്യകാരന്മാരും ശാസ്ത്രജ്ഞരും തങ്ങളുടെ മസ്തിഷ്കസോഫ്റ്റ് വെയറിന്റെ ഭൂരിഭാഗവും കോഡുകളാക്കി രേഖപ്പെടുത്തി വെക്കുന്നുണ്ട്. സഹൃദയരായ സമാനഹൃദയർ അവ ഗ്രഹിച്ച് തന്മയീഭാവം പ്രാപിക്കുന്നു. ഇങ്ങനെ സഹസ്രാബ്ദങ്ങൾക്കു ശേഷവും സമാനഹൃദയനായ സഹൃദയന്റെ ഉള്ളിൽ, വാക്കിലൂടെ. അക്ഷരസ്ഫോടത്തിലൂടെ, സാഹിത്യകാരനും ശാസ്ത്രജ്നും പുനർജനിക്കുന്നു. ഈ അമൃതത്വം ജനിതകങ്ങളുടെ അമൃതത്വത്തിൽനിന്ന് വിഭിന്നമാണ്. ജനിതകങ്ങൾ നീണ്ടുനീണ്ടുപോകുന്ന വംശവൃക്ഷങ്ങളുടെ ശാഖോപശാഖകളിലാണ് അമൃതത്വം കാണുന്നത്. നൂറോ ആയിരമോ വർഷത്തെ തണുത്ത ഉറക്കത്തിനു ശേഷമുള്ള ഉണർച്ചയായ പുനർജന്മത്തിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല ഓരോ വ്യാഴവട്ടത്തിലും നമ്മുടെ ശരീരകോശങ്ങൾ പുനർനവീകരിക്കപ്പെടുന്നുണ്ട്.കോശനിർമ്മിതമായ ശരീരത്തിന്റെ തുടർച്ചയിൽ അത്രക്ക് ആനന്ദിക്കാനെന്തുണ്ട്. പുനർജനി ശരീരത്തിന്റെ അമൃതത്വമല്ല, മനസ്സിന്റെ പുനഃപ്രകാശനമാണ്. ഓരോ ഞാനും ഏകമായ ബ്രഹ്മമാണെന്നിരിക്കെ അതിലെന്തു വ്യത്യാസമാണുള്ളത്. ഗണിതത്തിലെ ഏകം-അനേകം (one-many)പ്രശ്നമാണത്. യുക്തിപരമായി നോക്കുമ്പോൾ, ജാഗ്രദവസ്ഥയിലെ പ്രപഞ്ചം അനേകം, മിസ്റ്റിക്കലായി സുഷുപ്തിയിലും സമാധിയിലും ഏകം. ആ ഏകത്തിന് പേരില്ല രൂപമില്ല. എന്നാലും ഒരു പേരും സിംബലും നൽകാതെ അതിനെ ഗ്രഹിക്കാനോ ഗ്രഹിപ്പിക്കാനോ

സാദ്ധ്യമല്ല. സഹസ്രനാമങ്ങളും സഹസ്രരൂപങ്ങളും നൽകി മനുഷ്യർ അതിനെ ഗ്രഹിക്കാൻ ശ്രമിക്കുന്നു. പ്രപഞ്ചത്തെ ഗ്രഹിക്കാൻ ഗ്രാഹകന്മാരായ നാം ഗ്രഹങ്ങളെ ആശ്രയിക്കുന്നു. വിശേഷേ ണ ഗ്രഹിപ്പിക്കുന്ന വിഗ്രഹങ്ങളേയും ആശ്രയിക്കുന്നു. സംസ്കൃതഭാഷയിൽ ഗ്രഹം, വിഗ്രഹം എന്നീ പദങ്ങളുടെ അ ർത്ഥം planet, idol എന്നല്ല, ഗ്രഹിപ്പിക്കുന്നത്, വിശേഷേണ ഗ്രഹി പ്പിക്കുന്നത് എന്നാണ്.

വിറ്റ്ഗൻസ്റ്റൈൻ പറഞ്ഞു:-"വാക്കുകളിൽ പ്രകടിപ്പിക്കാനാവാത്ത ചിലതുണ്ട്. അവ സ്വയം പ്രകാശിപ്പിക്കുന്നു. അവയെ മിസ്റ്റിക്ക ലെന്നു വിളിക്കാം. " ഈശ്വരൻ, സത്യം,സൌന്ദര്യം, ഹൃദാകാശം, നന്മ എന്നൊക്കെ പറയുന്നത് ഏകമായ പരമാർത്ഥസത്തയുടെ മുഖങ്ങളാണ്. മാനവരാശിയുടെ മുഴുവനും ബൌദ്ധികാനുഭൂതി യെ ഒന്നായെടുത്താൽ, അതിനെ വാക്കുകളിൽ വിവരിക്കാനുള്ള എല്ലാ ശ്രമങ്ങളും ഭാഗികമാണ്, അപൂർണ്ണമാണ് എന്ന് വ്യക്തമാ വും. ഇതുതന്നെയാണ് ഗോഡെലിന്റെ അപൂർണ്ണതാസിദ്ധാന്തം പറയുന്നതും. ഭാഷയെ സിംബലുകളുടെ ഒരു ശ്രേണിയായും , സത്യത്തെ ആവിഷ്കരിക്കാനുള്ള മാർഗ്ഗമായും കരുതുന്നവർക്ക് ഒരു സെമാന്റിക്ക് ദർശനമാണുള്ളത്. ചിലനിശ്ചിതനിയമങ്ങ ൾക്കനുസരിച്ച് കളിക്കുന്ന ലീലയായി ഭാഷയെ കാണുന്നവർക്ക് ഒരു സിന്റാക്ടിക്ക് ദർശനവും.

s എന്ന ഒരു വാക്യം എടുക്കുക. മനസ്സിൽ ഞാൻ കൊണ്ടുനടക്കു ന്ന ഗണിതപ്രപഞ്ചത്തിൽ s സത്യമാണോ എന്നാണ് സെമാന്റിക്കി ന്റെ അന്വേഷണം. ഞാൻ ഉപയോഗിക്കുന്ന ശാസ്ത്രമാർഗ്ഗങ്ങളി ലൂടെ s നെ തെളിയിക്കാനാവുമോ എന്നാണ് സിന്റാക്ടിക്കിന്റെ അന്വേഷണം. (തർക്കശാസ്ത്രത്തിലെ മോഡൽ തിയറിയും പ്രൂഫ് തിയറിയും).

ഗണിതഗവേഷണത്തിന്റെ ആദ്യഘട്ടങ്ങളിൽ, പ്രപഞ്ചത്തെ ഒരു മിസ്റ്റിക്കൽ ദർശനത്തിൽ സാക്ഷാത്കരിക്കുന്നു. ഗണിതപരമായ സത്യം ദർശിക്കുന്നു. പിന്നെ , അതിനെ തെളിയിക്കാൻ മാർഗ്ഗങ്ങ ൾ ആവിഷ്കരിക്കുന്നു.ഈ അവസാനഭാഗത്ത് മനസ്സിന്റെ പ്രവ ർത്തനം യാന്ത്രികമാണ്. അതായത്, ഗണിതത്തിൽ ഒരേ സമയം മിസ്റ്റിസിസവും യുക്തിവാദവും പ്രവർത്തിക്കുന്നുണ്ട്. മിസ്റ്റിസി സം അദ്വൈതമാണ്. അതിന്റെ മുഖ്യധാര ഏറ്റവും ലളിതമായ

ഒരേകത്വമാണ്. സർവ്വം ഏകം എന്നതാണ്. അത് ഏതെങ്കിലും ഒരു പ്രത്യേകതത്വശാസ്ത്രമല്ല, സ്വാനുഭൂതിയാണ്. സർവ്വത്തിന്റെയും ഏകത്വത്തിലേക്ക് നയിക്കുന്ന സ്വാനുഭൂതി. സർവ്വം=0 എന്ന് ജ്യാമിതീയമായി തെളിയിക്കാം. ബോധം ഒരു വൃത്തമാണെന്നും അതിന്റെ അർദ്ധവ്യാസം 1 എന്നും കരുതുക. അതിനെ അനന്തം പ്രാവശ്യം അർദ്ധമായി ഭാഗിച്ചുകൊണ്ടേ ഇരുന്നാൽ, ഒരു ബിന്ദുവിലേക്ക് ഏകാഗ്രമാക്കി ചുരുക്കാം. അത് ധ്യാനമാർഗ്ഗം. അതിനെ നിരന്തരം ഇരട്ടിപ്പിച്ച് വികസിപ്പിക്കുന്നത് സർവ്വാത്മകത്വം. ഈശാവാസ്യമിദം സർവ്വമാർഗ്ഗം.



ഓരോ തവണ ഉള്ളിലേക്ക് ചുരുങ്ങുമ്പോളും ഓരോ ചുറ്റ് പുറത്തേക്ക് ബോധമണ്ഡലം വികസിക്കുന്നു. 0 എന്ന ബുന്ദുവിൽ മനസ്സ് കേന്ദ്രീകൃതമാവുമ്പോൾ പ്രപഞ്ചം മുഴുവനും താനായി അനുഭവപ്പെടുന്നു. അതായത്, ,0 ആൽഫ എന്ന രണ്ട് വാസ്തവത്തിൽ ഒന്നായി ഒരേ സ്ഥാനത്തിരിക്കുന്നത് അനുഭവപ്പെടുന്നു. ഇതിനു സാദ്ധ്യമാവണമെങ്കിൽ ഫള്ളിലേക്ക് ചുരുങ്ങുന്ന ഒരു വൃത്തത്തെ ടോറസ് രൂപത്തിൽ വരക്കണം. (ചിത്രം) ത്രിമാനമായ പിണ്ഡത്തെ ചതുർമാനമായ കാലത്തോട് ഇണക്കുന്ന ഈ അനന്ത പ്രക്രിയയിൽ സായനകാലം ഇല്ലാതാവുന്നു. കാലം നിരയനമാവുന്നു. ഇതാണ് മിസ്റ്റിക്കുകളുടെ രീതി. തമിഴ് സിദ്ധന്മാരുടെ ഭാഷയിൽ വെട്ടവെളി എന്നുവിളിക്കുന്ന, ശൂന്യത എന്ന് തോന്നിക്കുന്ന, ബ്രഹ്മചൈതന്യവും, അനേകമെന്ന് തോന്നിക്കുന്നതും ചലനമുള്ളതെന്ന് തോന്നിക്കുന്നതുമായ പ്രപഞ്ചവും ഒന്നെന്ന് ബോദ്ധ്യ

പ്പെടുന്ന മാത്രയിൽ കാലം നിരയനമാവുന്നു, ഇനർഷ്യ അനുഭവമാകുന്നു.
എർവിൻഷ്രോഡിംഗർ പറഞ്ഞു:- എന്റെ ശരീരം പ്രകൃതിനിയമമനുസരിച്ച് പ്രവർത്തിക്കുന്നു എന്നും സ്വാനുഭവം കൊണ്ട് എന്റെ ശരീരത്തെ നിയന്ത്രിക്കുന്നത് ഞാൻതന്നെയാണെന്ന് അറിയുന്നു എന്നും വന്നാൽ,പ്രപഞ്ചത്തിലെ അണുക്കളുടെ ചലനങ്ങളേയും ഞാനാണ് നിയന്ത്രിക്കുന്നതെന്ന് വന്നുകൂടുന്നു. ഇതിനെ റുഡിറുക്കർ തന്റെ ഗ്രന്ഥത്തിൽ ഉപനിഷത്തുക്കളിലെ സമവാക്യത്തോട് താരതമ്യപ്പെടുത്തുന്നു.
ആത്മാ = ബ്രഹ്മം = പ്രപഞ്ചം
ബുദ്ധികൊണ്ട് നേടാവുന്ന വിജ്ഞാനത്തിന് സാദ്ധ്യമാകാത്ത ഗ്രഹണം പ്രജ്ഞയുടെ പ്രകാശത്താൽ സാധിക്കുന്നു.കാലം നിരയനമാവുന്ന സ്വാനുഭൂതിയുടെ നിർവ്വാണാവസ്ഥയെ സെൻമിസ്റ്റിക്കുകൾ സതോറി എന്ന് വിളിക്കുന്നു.ഒരാൾ എപ്പോഴും ഈ അവസ്ഥ അനുഭവിക്കുന്നില്ല. നിർവ്വാണാവസ്ഥയിൽനിന്ന് സാധാരണ ജാഗ്രദ് ബോധാവസ്ഥയിലേക്ക് മടങ്ങിവരുമ്പോൾ ഞാൻ, നീ മുതലായ അനേകദ്വൈതഭാവനകളും മനസ്സിലേക്ക് മടങ്ങിയെത്തുന്നു. സുഷുപ്തിയിൽനിന്ന് ഓരോ പ്രഭാതത്തിലും നാം ഉണരുന്നതിനോട് ,സതോറിയിൽനിന്നുള്ള മടക്കത്തെ താരതമ്യപ്പെടുത്താം.
എന്നിൽ പ്രപഞ്ചവും പ്രപഞ്ചത്തിൽ ഞാനുമിരിക്കുന്നു. S ഞാൻ, T പ്രപഞ്ചം. Tയുടെ പ്രതിബിംബം Sലും മറിച്ചും അനന്തമായി



പ്രതിബിംബിക്കുന്നു.

ഷ്രോഡർബെൺസ്റ്റീൻ സിദ്ധാന്തപ്രകാരം S-T എന്ന് നമുക്ക് ലഭിക്കുന്നു. ഭാഷയെ നിയന്ത്രിക്കുന്നത് മസ്തിഷ്കത്തിന്റെ ഇടത്തുഭാഗമാണ്. ഈ ഭാഗം തന്നെയാണ് കൽക്കഷ്ണങ്ങളേയും ആടുമാടുകളേയും ജീവജാലങ്ങളേയും എണ്ണി തിട്ടപ്പെടുത്തുന്നതും. വലത്തുഭാഗം സംഗീതത്തേയും അനന്താകാശവിസ്തൃതികളേയും ഗ്രഹിപ്പിക്കുന്നു.ഇടത്തുഭാഗം അനേകത്തേയും വലത്തുഭാഗം ഏകത്തേയും അനുഭവിപ്പിക്കുന്നു. നാഗൽ, ന്യൂമാൻ എന്നിവർ തങ്ങളുടെ ഗോഡലിന്റെ പ്രൂഫ് എന്ന ഗ്രന്ഥത്തിൽ കാൽക്കുലസ്സിനെ ചെസ് കളിയോടാണ് താരതമ്യപ്പെടുത്തുന്നത്. ചതുരങ്ങളും കരുക്കളുമാണ് കാൽക്കുലസ്സിലെ elementary signs. കരുക്കൾക്ക് ചതുരത്തിൽ ഉള്ള സ്ഥാനമാണ് സമവാക്യങ്ങൾക്ക്.

കരുക്കളുടെ ആദ്യസ്ഥാനം= AXIOMS (Initial formula)

പിന്നീട് വരുന്ന സ്ഥാനം= formulas derivec from axioms(തിയറങ്ങൾ)

കളിയുടെ നിയമങ്ങൾ=Rules of inference (derivation)

ഇത് വായിക്കുമ്പോൾ ഏതാണ്ട് 4500 വർഷം മുമ്പ് ഗണിതനിയമങ്ങളെ ലീലയാക്കിയ പേരറയാത്ത അനേകം പൂർവ്വികരെ നാം സ്മരിക്കുന്നു. അവരുടെ സതോറിയിൽനിന്നും ബോധമണ്ഡലവികാസത്തിൽനിന്നും ഒട്ടും മുന്നോട്ടോ പിന്നോട്ടേ പോകാതെ ഇന്നും വാനമവംശത്തിന്റെ ബോധം നിൽക്കുന്നത് അറിയുന്നു.കാലം സഞ്ചരിക്കുന്നുണ്ട് എന്ന മായയിൽ(തോന്നലിൽ) ഒരു സത്യം ഒളിഞ്ഞിരിക്കുന്നുണ്ട്. ലീലയിൽ ഒരു കാര്യമുണ്ട്. മാറ്റമില്ലാത്ത ആ സത്യത്തെ മാറുന്ന ഈ നുണയിലല്ലാതെ അന്വേഷിച്ചുകണ്ടെത്താൻ മനുഷ്യരാശിക്ക് സാധിക്കില്ല.

5. ലീല

പ്രപഞ്ചം ഈശ്വരന്റെ ലീലയാണ്. ആ ലീലയിലെ ഗണിതനിയമ ത്തെക്കുറിച്ച് ഒട്ടേറെ ചിന്തിച്ച ഭാരതീയർ, സഹസ്രാബ്ദങ്ങൾക്ക പ്പുറത്ത് തങ്ങളുടെ കുഞ്ഞുങ്ങൾക്ക് കളിക്കാനും പഠിക്കാനുമായി, ഒരു പ്രത്യേകതരം ചതുരംഗക്കളമുണ്ടാക്കി. അതിന് ലീല എന്ന് പേരിട്ടു. വടക്കേ ഇന്ത്യയിൽ അതിന് ജ്ഞാനച്ചതുരംഗം (ജ്ഞാൻ ചൌപ്പഡ്) എന്നും പേരുണ്ട്. ദത്താത്രേയപത്നിയായ ലീലയുടെ നാമത്തിലാണ് ഈ കളി. പ്രപഞ്ചലീലയിലെ ഗണിതജ്ഞാനത്തി ന്റെയും ബ്രഹ്മജ്ഞാനത്തിന്റെയും മാന്ത്രികചതുരം. ഇതിൽ ആദ്യകാലത്ത് കുറെ നാഗങ്ങളും അസ്ത്രങ്ങളും 72 കള്ളികളിലാ യി വിന്യസിക്കപ്പെട്ടിരുന്നു.

72 ചെറിയ കള്ളികൾ. ഓരോ ചതുരവും വാസ്തവത്തിൽ ഓ രോ വൃത്തഗോളമാണ്. ഒരു പൂജ്യചിഹ്നം അഥവാ സ്പേസ്. 72 ഗോളക്ഷേത്രവും വലിയ ക്ഷേത്രത്തിൽ (പൂജ്യം,ബ്രഹ്മം) അടങ്ങി യിരിക്കുന്നു.ഓരോ കൊച്ചുക്ഷേത്രത്തിലൂടെ കടന്നുപോകുമ്പോളും യോഗിയുടെ ബോധം ബ്രഹ്മത്തെ സ്പർശിക്കുന്നു.ഇടത്തുനിന്ന് വലത്തോട്ട് ഒമ്പതുവീതവും താഴെനിന്ന് മുകളിലേക്ക് 8 വീതവും കള്ളികളാണ് ലീലയിലുള്ളത്. 9 കള്ളി നവദ്വാരപുരമായ ശരീര വും നവഗ്രഹമുള്ള സൌരയൂഥവും 9 നക്ഷത്രസമൂഹങ്ങളുള്ള രാശിയുമാണ്. 8 കള്ളി ജീവാത്മാവ് കടന്നുപോകേണ്ട ബോധമ ണ്ഡലങ്ങളേയും ഈശ്വരനേയും പ്രതിനിധീകരിക്കുന്നു. പ്രപഞ്ച ത്തിൽ ഈശ്വരനും ഈശ്വരനിൽ പ്രപഞ്ചവും ഉൾച്ചേർന്ന ബ്രഹ്മ

72	71	70	69	68	67	66	65	64
55	56	57	58	59	60	61	62	63
54	53	52	51	50	49	48	47	46
37	38	39	40	41	42	43	44	45
36	35	34	33	32	31	30	29	28
19	20	21	22	23	24	25	26	27
18	17	16	15	14	13	12	11	10
1	2	3	4	5	6	7	8	9

ജ്ഞാനച്ചതുരംഗപ്പലകയുടെ സാമാന്യരൂപം ഇതാണ്. ദേശകാലങ്ങളെപ്പോലെ ഈശ്വരനും പ്രപഞ്ചവും പരസ്പരം

ഊടും പാവുമായ ലീല. ചുവട്ടിൽനിന്ന് മുകളിലേക്കുള്ള സംഖ്യകൾ 8 കോളത്തിലേയും കൂട്ടിയാൽ 292 കിട്ടും. ആകെ 292 x 8 =2628. ഇടത്തുനിന്ന് വലത്തോട്ട് കൂട്ടിയാൽ കോളം 1ൽ 45, 2ൽ, 126, 3ൽ 207 4ൽ 288, 5ൽ 369, 6ൽ 450, 7ൽ 531, 8ൽ 612 അപ്പോഴും ആകെ 2628.

അതായത് സംഖ്യാപരമായി തുലനാവസ്ഥയിലെത്തിച്ച ഒരു ദീർഘചതുരമാണിത്. 8ഉം 9ഉം മാറിമാറി ബ്രഹ്മപ്രകൃതികളെക്കുറിച്ചും നടുവിൽ ചഞ്ചലമായ പഞ്ചഭൂതങ്ങളെ വിന്യസിച്ചുമാണ് ഘടന. പഞ്ചഭൂതം,മനസ്സ്, ബുദ്ധി, അഹങ്കാരം എന്ന 8 പ്രകൃതി ഗുണങ്ങളോടു ചേർന്ന് ആത്മാവ് (ബ്രഹ്മം) എന്ന 9 കൂടി ചേർന്നാലേ പ്രപഞ്ചം പൂർണ്ണമാവൂ. ആദ്യമായ ആ ഏകത്തെ ഒഴിച്ചുനിർത്തിയാൽ പ്രപഞ്ചം വെറും മൺകട്ട.

കോളം	സംഖ്യ	തുക
1	45	9
2	126	9
3	207	9
4	288	9
5	369	9
6	450	9
7	531	9
8	612	9

ഓരോ വെർട്ടിക്കൽ കോളത്തിലും സംഖ്യ കൂട്ടിയാൽ 1,9, 5 എന്ന സംഖ്യകളാണ് കിട്ടുക. 5 മദ്ധ്യഭാഗത്താണ് കിട്ടുക. (പഞ്ചഭൂതം) ഇതിൽത്തന്നെ രസകരമായ മറ്റൊരു ക്രമമുണ്ട്.

കോളം 1 72	7 +2 = 9
2	2,+ 8 = 10 =1
3	3 +7 = 10=1
4	4 + 6 = 10=1
5	5 +5 = 10= 1
6	6+ 4 = 10=1
7	7+ 3 = 10=1

8	8+ 2 = 10=1

ഓരോ വെർട്ടിക്കൽ കോളത്തിലും സംഖ്യ കൂട്ടിയാൽ 4 കിട്ടും. (ഉദാഃ 2+ 9 +2 = 13= 1+3= 4)
26000 വർഷത്തിലൊരിക്കൽ രാശിമണ്ഡലമദ്ധ്യരേഖക്ക് ചലനം സംഭവിക്കും. അയനബിന്ദു ഒരു നക്ഷത്രത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറും. അയനത്തിന്റെ ചപലാവസ്ഥക്ക് ഇതാണ് ആധാരം. ഇതിന്റെ ഗണിതവശം നമുക്ക് ഈ ലീലയിൽ ഇനി തിരയാം. ഗോളക്ഷേത്രത്തെ അഷ്ടകോണായി വിഭജിക്കുക. അതിനെ അഷ്ടദളപത്മമാക്കി 8 ചതുരം വരക്കുക.



ഗോളക്ഷേത്രവും അഷ്ടദലപത്മവും ചതുരവും

ഓരോ ചതുരത്തേയും 72 വശമുള്ള ഓരോ ക്യൂബ് ആക്കാമെന്ന് ഗ്രഹിക്കുക. 8 x 9 = 72 വശങ്ങളാണ് 72 കള്ളികൾ. 360 ഡിഗ്രികളുള്ള ഗോളമാണ് ഈ മാന്ത്രികചതുരം. 360 ഡിഗ്രി ചലിക്കാൻ ഒരു ബിന്ദു 26000 വർഷം സഞ്ചരിക്കുമെന്നതിൻ അർത്ഥം 72.2 വർഷത്തിലാണ് 1 ഡിഗ്രി ചലനമെന്നാണ്. 72. 2 വർഷം 1 ഡിഗ്രി

722 വർഷം 10 ഡിഗ്രി

7220 വർഷം 100 ഡിഗ്രി

21660 വർഷം 300 ഡിഗ്രി

4332 വർഷം 60 ഡിഗ്രി

25992 വർഷം 360 ഡിഗ്രി

25992 മുതൽ 26000 വർഷം വരെയാണ് കൃത്യമായി പറഞ്ഞാൽ precision of equinox.അവിട്ടം മുതൽ ആയില്യം വരെ 180 ഡിഗ്രി. 12996 മുതൽ 13000 വർഷം വരെയുള്ള കാലയളവിൽ ഇവയുടെ സ്ഥാനംപരസ്പരം മാറും. (രാശിമണ്ഡലത്തിന്റെ ഉത്തരദക്ഷിണധ്രുവബിന്ദുക്കൾ)25992 മുതൽ 2600 വർഷത്തിൽ പൂർവ്വസ്ഥിതി പ്രാപിക്കും. (International Astronomical union 2000 January 1 ന് സ്വീകരിച്ചത് 25781. 5756912)വിഷുവവും ക്രാന്തിമണ്ഡലവും ഒന്നാവുന്ന ക്രാന്തിപാതവും അയനചലനവും ഒന്നാണെന്ന് ഭാസ്കരാചാര്യൻ പറയുന്നുണ്ട്. കാലത്തിന്റെ വർഗ്ഗമൂലം 19 ആണ്. അതിനെ 4 കൊണ്ട് ഗുണിച്ചാൽ ക്രാന്തിഭേദനബിന്ദുവിന്റെ ഏറ്റവും ചെറിയ പരിഭ്രമണയൂണിറ്റ് ആയ 76 (72.2 വിൽനിന്ന് 3.8 വ്യത്യാസം)

72.2 X 60 = 76 x 57= 4332 YEARS

4332 x 366 = 1585512 DAYS

4332 വർഷത്തിലൊരിക്കൽ അയനവും ക്രാന്തിപാതവും ഒരു ബിന്ദുവിലെത്തും. ഈ പരിഭ്രമണസംഖ്യയെ ഭൂമി,ശുക്രൻ,വ്യാഴം മുതലായ ഗ്രഹപരിഭ്രമണകാലവുമായി ഏകീകരിക്കാം.

ഭൂഭ്രമണം 365x 8= 2920

ശുക്രഭ്രമണം 584x5 = 2920

10 വ്യാഴഭ്രമണം 2920x 15= 43800

4 ശനിഭ്രമണം = 43800

75 ശുക്രഭ്രമണം =43800

120 ഭൂഭ്രമണം =43800

ലീലയിലെ കോളങ്ങളുടെ ആകെ സംഖ്യയായ 2920 എന്ന സംഖ്യ 2489708800 എന്ന സംഖ്യയുടെ ക്യൂബ് റൂട്ട് ആണ്. 1, 7, 19, 37, 61, 91, 127....തുടർച്ചയായി 1 മുതലാരംഭിച്ച് പിൻഗാമികളായി വരുന്ന ഹെക്സഗോ

ണൽസംഖ്യകളുടെ തുക എപ്പോഴും ക്യൂബ് ആയിരിക്കും എന്ന് പ്രിൻസിപ്പിൾ ഓഫ് മാത്തമാറ്റിക്കൽ ഇൻഡക്ഷൻ. ഹെക്സഗോണൽ സംഖ്യകളിൽ ഇവിടെ 6ആമതായി വന്ന 91നെ കാലത്തിന്റെ വർഗ്ഗമൂലമായ 19 കൊണ്ട് ഗുണിച്ചാൽ 1729 കിട്ടും. (ഹിന്ദുക്കളുടെ സത്യയുഗസംഖ്യയോടു് 1 ചേർത്തത്).1729 രണ്ടു ത്രിവർഗ്ഗങ്ങളുടെ(ക്യൂബ്) തുകയായി രണ്ടുവിധം പ്രകടിപ്പിക്കാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ്.

$10^3 + 9^3 = 12^3 + 1^3$

7X 13X 19 =7X 247

എന്നും ഇതിനെ എഴുതാം.

1997ൽ ഞാൻ Surely, you are not joking ,Mr Feynman (Bantam books 1989 ed)എന്ന് ഒരു പുസ്തകം വായിച്ചു. നോബൽസമ്മാനം നേടിയ ലോകപ്രശസ്തനായ ആസ്ട്രോഫിസിസിസ്റ്റ് ഫെയിൻമാന്റെ ബയോഗ്രഫി. അതിൽ മായൻസംസ്കാരാവശിഷ്ടമായ ഡ്രെസ്ഡൻകോഡക്സിൽ താൻ നിരീക്ഷിച്ച ഗണിതപരമായ ചിലത് അദ്ദേഹം എടുത്തുപറയുന്നുണ്ട്. നാലെണ്ണം ശ്രദ്ധയർഹിക്കുന്നു. 1. 584 എന്ന സംഖ്യയെ നാലാക്കി (236,90,250,8) വിഭജിക്കുന്നു. 2. 2920ന്റെ 13 വരെയുള്ള ഗുണകോഷ്ഠം തരുന്നു. 3. 11959 ദിനങ്ങളുടെ പട്ടിക ചന്ദ്രഗ്രഹണപ്രവചനത്തിന് ഉപയോഗിക്കുന്നു. 4. 91ന്റെ ഗുണകോഷ്ഠം തന്നിരിക്കുന്നു

ശുക്രന്റെ യഥാർത്ഥഭ്രമണസംഖ്യ 583. 923. അപ്പോൾ, 584ന്റെ പട്ടിക തരുന്നത് മായന്മാർക്ക് ഗണിതത്തിലുള്ള അവഗാഹം കുറവായതുകൊണ്ടാണെന്ന് ആദ്യം വിചാരിച്ച ഫെയിൻമാൻ അവരുടെ ദണിതെ തെറ്റാണെന്ന് നിഗമനത്തിലെത്തി. പിന്നെയാണ് അവ Integer multiples ആണെന്നദ്ദേഹം തിരിച്ചറിഞ്ഞത്. I later found out that these funny numbers which I thought before were errors , were really integer multiples of something closer to the correct period- 583923. The Mayans had realized that 584 was not exactly right.

ശുക്രചാരസംഖ്യയെ നാലാക്കി വിഭജിക്കുന്നത് പൌരാണികഭാരതീയർ ചെയ്തിരുന്നതുപോലെയാണ് (വരാഹമിഹിരന്റെ പഞ്ചസിദ്ധാന്തിക കാണുക)പുലർകാലത്തും സായംസന്ധ്യയിലും സൂര്യന്റെ മുന്നിലും പിന്നിലും മാത്രം കാണുന്ന ഗ്രഹമാണ് ശുക്രൻ. അതിനാലാണ് ഈ 4 ഫേസസ്. 236നും 250നും ഇടയിലുള്ള വ്യത്യാസം കിഴക്കും പടിഞ്ഞാറും ചക്രവാളബിന്ദുക്കൾ തമ്മിലുള്ള വ്യത്യാസമാണ്. 2920 ന്റെ 13 വരെ ഗുണകോഷ്ഠം

2920 X1	2920
X 2	5840

X3	8760
X4	11680
X5	14600
X6	17520
X7	20440
X8	23360
X9	26280
X10	29200
X 11	32120
X12	35040
X13	37960

91ന്റെ ഗുണകോഷ്ഠത്തെക്കുറിച്ച് ഫെയിൻമാൻ പറഞ്ഞത് നമ്മള് ഇന്ത്യക്കാരെ അത്ഭുതപ്പെടുത്തും. I did not figure that one out nor had any one else എന്നാണ് അദ്ദേഹം പറഞ്ഞത്. മായന്മാരുടെ കോഡക്സിൽ 91ന്റെ ഗുണ കോഷ്ഠം എന്തിനു വന്നു. നോബൽജേതാവിനു പോലും മനസ്സിലാവാത്ത ആ പ്രശ്നം ശരാശരി ഇന്ത്യക്കാരി മാത്രമായ എനിക്ക് പ്രശ്നമേ ആയിത്തോന്നാ ത്തത് എന്തുകൊണ്ട്. അതാണെന്നെ അത്ഭുതപ്പെടുത്തിയത്. ഇന്ത്യക്കാരന്റെ സത്യയുഗകാലവും മായന്മാരുടെ സത്യയുഗകാലവും തമ്മിൽ 10-11 വർഷ ത്തെ വ്യത്യാസമേ ഉള്ളു എന്ന് ഞാൻ പഞ്ചസിദ്ധാന്തികയിൽ നേരത്തേ ചൂണ്ടിക്കാട്ടിയിരുന്നതാണ്.ഇന്ത്തയയിലെ ജ്യോതിശ്ശാസ്ത്രജ്ഞരില് മയദാന വനെന്ന് ഒരു യവനനുണ്ട്. അദ്ദേഹത്തിന്റെ രോമകപുരം അതലാന്തത്തിന പ്പുറത്താണ്. (അതലാന്തസമുദ്രം) പുത്രി മണ്ഡോദരി രാവണപത്നിയാണ്. അതലാന്തസമുദ്രത്തിനപ്പുറം ആദ്യം ചെന്ന ഫണീശരായ നാഗങ്ങളെക്കുറിച്ച് നാഗപഞ്ചമത്തിൽ ഞാൻ പറഞ്ഞതിനെല്ലാം ഉപോത്ബലകമാണ് ഫെയിൻമാ ന്റെ പരാമർശം.

നിരയനമാന്ത്രികചതുരങ്ങളുടെ ലീലയിൽ പ്രപഞ്ചചക്രത്തെ പ്രകാശി പ്പിച്ച നാഗവംശീയരായ ഫണീശന്മാരുടെ ജ്ഞാനച്ചതുരംഗത്തിലെ പ്രജ്ഞാപാ രമിതം ഒരു നിഗൂഢനിധിയാണ്. നിഗൂഢവും നിരയനവുമായ മാന്ത്രികചതുര ങ്ങളിൽ ഏറ്റവും ചെറുതാണ് പഞ്ചദശീയന്ത്രമെന്ന ലോഷു. (പത്മസിന്ധു നോക്കുക) നെടുകെയും കുറുകെയും കോണോടുകോണും കൂട്ടിയാൽ, 15 എന്നു കിട്ടുന്നതാണ് പഞ്ചദശീയന്ത്രം.

4	3	8
9	5	1

2	7	6

ഇതിന്റെ ഫോർമുല താഴെഃ-

a+3d	a+2d	a+7d
a+8d	a+4d	a
a+d	a+6d	a+5d

a=1 d=1

മാന്തികചതുരത്തിന്റെ കേന്ദ്രബിന്ദുവായ 5നെ അചലമായി നിർത്തി അതിനെ അവലംബിച്ച് 90, 180, 270, 360 ഡിഗ്രി വീതം ചതുരത്തെ കറക്കിയാൽ അക്കങ്ങളുടെ സ്ഥാനത്തിന് പരിസ്പന്ദം വരുമെന്നല്ലാതെ ചതുരത്തിന്റെ മാന്ത്രികതക്ക് മാറ്റം വരില്ല. ഇതാണ് രാശിചക്രത്തിന്റെ സ്ഥിതിയും. എയും ഡിയും 1 ആണെങ്കിലാണ് ആകെ സംഖ്യ 15. അവ 2 എങ്കിൽ, 30. 3 ആണെങ്കിൽ 45 , 4 എങ്കിൽ 60, 24 എങ്കിൽ 360 ആണ് കിട്ടുക. 360 ആകെ വരുന്ന ചതുരം ഇങ്ങനെയാണ്.

96	72	192
216	120	24
48	168	144

15 ദിനത്തിലൊരിക്കല് വാവു വരുന്ന ചന്ദ്രചലനത്തിന്റെ പ്രതീകമാണ് പഞ്ചദശി. 24 മണിക്കൂറിൽ ഒരിക്കൽ സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്ന ഭൂചലനപ്രതീകം മുകളിൽ കാണുന്നത്. ഈ ഭൂചക്രത്തെ 90,180,270,360 ഡിഗ്രിയിൽ കറക്കുക.

48	216	96
168	120	72
144	24	192

90^0

144	168	48
24	120	216
192	72	96

180^0

192	24	144
72	120	168
96	216	48

270^0

96	72	192
216	120	24
48	168	144

360^0

360^0 കറക്കിയാൽപൂർവ്വസ്ഥിതിപ്രാപിക്കും, സദാ മാന്ത്രികതക്ക് മാറ്റം വരാതെ നിലനിൽക്കും. ഈ ലീല ഒരേസമയം നിരയനവും ,സായനവുമാണ്.

6. **കാലത്തിന്റെ അസ്ത്രങ്ങൾ:-**

സെമാന്റിക്, സിൻടാക്ടിക് എന്ന 2 വിധകാഴ്ച്ചപ്പാടുകളുടെ ഒരു സമന്വയമാണ് നാമിന്ന് കാണുന്ന എല്ലാ വിജ്ഞാനവും. സത്യത്തെ ആവിഷ്കരിക്കുന്ന മാർഗ്ഗമായ മുദ്ര(സിംബൽ) തന്നെ ഒരു ലീലയായിത്തീരുന്നു. ഭാഷയും ലിപിയും സംഖ്യയും സിംബലുകളാണ്. അവയെ നിയമാനുസൃതമായി കളിക്കുന്ന ഒരു ലീല പോലെ തലമുറകൾ തലമുറകളിലേക്ക് കൈമാറുന്നു. ചില തലമുറകൾ നിയമങ്ങളിൽ ഭേദം വരുത്തിയേക്കാം. എന്നാലും ലീലയിൽ മാറ്റമില്ല. കണക്കും കവിതയും ശാസ്ത്രവുമെല്ലാം ഈ ലീലയിൽ പെടുന്നവയാണ്. ഡബ്ലിയു. ബി. യേറ്റ്സ് പറഞ്ഞതുപോലെ , ഗണിതപരമായ ഒരു ഘടന മനുഷ്യമനസ്സിലെ സങ്കൽപലോകത്തിൽ വെറുമൊരു ഗണിതരൂപം മാത്രമല്ലാതായിത്തീരുന്നു. യേറ്റ്സിന്റെ ഗൈറിൽ(Gyre) രണ്ടു ജ്യാമിതീയരൂപങ്ങളുണ്ട്. ഒന്ന് ഒന്നിന്റെ ജീവിതം മരിക്കുന്നു, ഒന്ന് ഒന്നിന്റെ മരണം ജീവിക്കുന്നു.



അശ്വനീകുമാരന്മാരെപ്പെലെ പരസ്പരം തിരിഞ്ഞിരിക്കുന്ന ഇരട്ടപ്രകാശകോണങ്ങളാണ് ശാസ്ത്രവും കലയും എനിക്ക്. ശാസ്ത്രത്തിൽ കലയുണ്ട് കലയിൽ ശാസ്ത്രവും.കവിതയിൽ ഗണിതമുണ്ട്. ഗണിതത്തിൽ കവിതയും. കാലദേശങ്ങളുടെ നൈരന്തര്യം കാണിക്കുന്ന ആ ജ്യാമിതീയചിത്രം നോക്കു. കാലദേശങ്ങളെപ്പോലെ കലയും ശാസ്ത്രവും, ഗ്രാഹ്യഗ്രാഹകങ്ങളും (object, subject)ആ ഡമരുവിൽ ഒന്നായിത്തീരുന്നു.

കാലാതീതത്തെ ഗ്രഹിക്കുന്ന ധ്യാനാവസ്ഥയുടെ സിംബലാണ് ശിവന്റെ ഡമരു. കാലാതീതമായ ധ്യാനാവസ്ഥയാണ് ഏറ്റവും വലിയ വിപ്ലവം, അതു മാത്രമാണ് ഒരേ ഒരു വിപ്ലവം. The only revolution. ....to meditate is to transcend time....It is only when mind transcends time that truth ceases to be an abstraction. Emptying of mind of time, is the silence of Truth and the seeing of that is Doing. So there is no division between seeing and doing. That which has no time is the everlasting. (page 495. J Krishnamurthy and the nameless experience. Rohit Mehta .Motilal Banarasi Das 1989)
ധ്യാനലീനമായ മനസ്സിൽ സത്യത്തിന്റെ മൌനം മാത്രമാണുള്ളത്. ദർശനവും ക്രിയയും തമ്മിലവിടെ ഭേദമില്ല. സിദ്ധാന്തവും ജീവിതവും അവിടെ ഒന്നാവുന്നു. സായനകാലം അപ്രത്യക്ഷമാവുന്നു. നിരയനമായ ആ മാന്ത്രികമുഹൂർത്തമാണ് ശാശ്വതസത്യം.സായനകാലം മിഥ്യയാണ്, മായയാണ്,തോന്നലാണ്.

കാലത്തിന്റെ അസ്ത്രങ്ങളെ രേഖാരൂപത്തിൽ വരച്ചാൽ ഭൂതം വർത്തമാനം ഭാവി എന്ന് ഇടത്തുനിന്ന് വലത്തോട്ടും മുന്നോട്ടും സഞ്ചരിക്കുന്നതായിട്ടാണ് നമുക്ക് തോന്നുക. എന്നാൽ മനുഷ്യന്റെ സ്മൃതി(ഓർമ്മ) വർത്തമാനത്തിൽനിന്ന് ഭൂതത്തിലേക്ക്, വലത്തുനിന്ന് ഇടത്തോട്ടും പിന്നിലേക്കും മാത്രമേ സഞ്ചരിക്കുന്നുള്ളു. മനുഷ്യമനസ്സിലെ കാലം പിന്നിലേക്കും പുറത്തെ കാലം മുന്നിലേക്കും സഞ്ചരിക്കുന്നതായി നമുക്ക് അനുഭവപ്പെടുന്നു. (Thermodynamic arrow, psychological arrow) മനസ്സിന്റെ ഗതിശീലം കൊണ്ടാണ് ഈ ദിശാവ്യത്യാസം തോന്നുന്നത്. വഞ്ചിയിലോ തീവണ്ടിയിലോ സഞ്ചരിക്കുന്ന സമയത്ത്, പ്രകൃതി എതിർദിശയിലാണ് സഞ്ചരിക്കുന്നതെന്ന് തോന്നുന്നു. അതുപോലെ പിന്നിലേക്ക് സഞ്ചരിക്കുന്ന മനസ്സിന്റെ ഒരു തോന്നലാണ് കാലം എതിർദിശയിൽ മുന്നിലേക്ക് സഞ്ചരിക്കുന്നു എന്നത്. ശാസ്ത്രനിയമം കാലത്തിന് മുന്നോട്ട്, പിന്നോട്ട് എന്ന് ദിശാനിയമം അനുവദിക്കുന്നില്ല. ചിത്തവൃത്തിനിരോധത്താൽ മനസ്സിന്റെ സഞ്ചാരം ഇല്ലാതാക്കുന്ന ധ്യാനമുഹൂർത്തത്തിൽ മാത്രമേ കാലം ഗതിശീലമല്ല, നിരയനമാണ് എന്ന് ബോദ്ധ്യപ്പെടുകയുള്ളു. A brief history of Time എന്ന പുസ്തകത്തിൽ സ്റ്റീഫൻ. ഡബ്ലിയു. ഹോക്കിങ്ങ് ഇത് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ചാംക്രികമായി വരച്ചാൽ കാലത്തിന്റെ അസ്ത്രങ്ങൾ ഒരേ ദിശയിലാണെന്ന് കാണാം.



ദിശയിൽ വ്യത്യാസമുണ്ട് എന്ന തോന്നൽ പോലെ മായയാണ് അവ രണ്ടാണെന്ന തോന്നലും . ഒന്നേ ഉള്ളു. ആ ഒന്നിന് ദിക്കില്ല,ഗതിയില്ല, ചലനമില്ല,മാറ്റമില്ല, ദേശകാലങ്ങളില്ല, ഫലവുമില്ല. നിരയനവും നിരതി ശയവും നിരവ യവവുമായ മഹാചൈതന്യമാണത്. അതിനെ മനീഷി കൾ ബ്രഹ്മമെന്ന് വിളിക്കുന്നു.സായനമായി, ഗ്രഹനക്ഷത്രാദി അംഗങ്ങ ളോടുകൂടി അത് നമ്മുടെ മുമ്പിൽ പ്രകാശിക്കുമ്പോൾ, നാം അതിനെ ജഗത്ത്(പ്രപഞ്ചം)എന്ന് വിളിക്കുന്നു.

ബ്രഹ്മം =ജഗത്ത്= ജീവൻ എന്ന് സാക്ഷാത്കരിച്ച ഓരോ ജീവനും മായയിൽനിന്ന് മുക്തമായി സ്വധാമം പൂകുന്നു. ഷ്രോഡർ ബെൺസ്റ്റീൻസിദ്ധാന്തപ്രകാരം S=T എന്ന് നേരത്തേ തെളിയിച്ചു. S ബ്രഹ്മം T പ്രപഞ്ചമെങ്കിൽ,ഒന്നിനുള്ളിൽ ഒന്നായി അനന്തമായി പ്രകാശിക്കുന്ന അവ (പ്രതിഫലിക്കുന്ന അവ)രണ്ടല്ല,ഒന്നാണ്. S നിരയനവും T സായ നവുമെങ്കിൽ സായനം തന്നെ നിരയനവും. മാന്തികചതുരത്തിന്റെ മാന്തിരകത നിരയനമാകയാൽ, സായനപക്ഷപാതികളുടെ അയനാം ശത്തർക്കം അസാധുവായിത്തീരുന്നു. നിരയനകാലത്തെ സായനമെന്ന് തെറ്റിദ്ധരിക്കുന്നതു കൊണ്ടുണ്ടായ തെറ്റിദ്ധാരണ നീങ്ങുന്നു. ഓർമ്മകളി ൽ പിന്നിലേക്ക് സഞ്ചരിക്കുന്ന മനസ്സിനെ അടക്കുന്ന പക്ഷം മുന്നിലേക്ക് സഞ്ചരിക്കുന്നതായി തോന്നുന്ന സായനകാലമെന്ന മിഥ്യയേയും അട ക്കാം. ചിത്തത്തെ അടക്കാത്ത കാലത്തോളം ഈ മിഥ്യാധാരണ വെച്ച് പരസ്പരം തർക്കിക്കുകയും കലഹിക്കുകയും ചെയ്യുന്ന സ്വീഡോശാ സ്ത്രജ്ഞന്മാർ ഉണ്ടായിരിക്കുകയും ചെയ്യും.

7. **ബുദ്ധനും ബുദ്ധിയും**

ബുദ്ധി സ്ത്രീലിംഗം. അതിന്റെ പുല്ലിംഗം ബുദ്ധൻ . ബുദ്ധി ഉള്ളവ നാണ് ബുദ്ധൻ. കീർത്തിർശ്രീർവാക് ച നാരീണാം സ്മൃതിർമ്മേധാ ധൃതിക്ഷമാ(ഗീത) ഇതിൽ മേധയാണ് ബുദ്ധി. വിശേഷിച്ച് നിത്യാനിത്യ വസ്തുവിവേകം, താർക്കികമായി വിശകലനം ചെയ്ത് ഗുണധർമ്മ വിചാരം ചെയ്യാനുള്ള കഴിവ്- അതാണ് ബുദ്ധി അഥവാ മേധ. മേധ യോടുകൂടിയ (മേധാവിയായ) സർവ്വജ്ഞനാണ് ബുദ്ധൻ. ശങ്കരാചാര്യ രും ഈ നിർവ്വചനപ്രകാരം ബുദ്ധനാണ്. മേധ കൂടാതെ 6 ഗുണങ്ങ ളാണ് മേൽപറഞ്ഞ ഗീതാശ്ലോകം ചൂണ്ടിക്കാട്ടുന്നത്.

ക്ഷമ- സമുദായത്തിലും രാഷ്ട്രത്തിലും ലോകത്തിലും യുദ്ധമോ കലഹ മോ വരുത്താതെ പ്രശാന്തജീവിതം നയിക്കാനുള്ള കഴിവ്. അതിനായി മറ്റുള്ളവരുടെ അഭിപ്രായം ശ്രവിക്കാനും ധർമ്മമെങ്കിൽ സ്വീകരിക്കാ നും പരസ്പരം ബഹുമാനിക്കാനുമുള്ള സന്മനസ്സ്.

ധൃതി- ധാരണ കൊണ്ട് ഉണ്ടാവുന്ന കർമ്മകുശലത. വേഗത്തിലും തൃപ്തികരമായും കർമ്മാനുഷ്ഠാനം ചെയ്യാനുള്ള പ്രാപ്തിയും മനസ്സാന്നിദ്ധ്യവും. വീടേടുകാര്യവും നാട്ടുകാര്യവും ഓഫീസ് കാര്യവും നന്നായി കൊണ്ടുനടക്കാൻ ഇത് സഹായിക്കും.

സ്മൃതി- ഓർമ്മശക്തി

വാക്ക്- വാമൊഴിയും വരമൊഴിയും . മധുരമായി ധർമ്മവും സത്യ വും ഉപേക്ഷിക്കാത്ത സംഭാഷണം. സംഗീതവും സാഹിത്യവും

ശ്രീ- മുഖശ്രീ മാത്രമല്ല, വിദ്യയും വിനയവും കൊണ്ട് നേടിയ ശ്രീ.

കീർത്തി- ശ്രീ, വാക്ക്, സ്മൃതി, മേധ, ധൃതി,ക്ഷമ ഇവ ഒത്തിണങ്ങിയ വ്യക്തിയാണെന്ന കീർത്തി.

ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ പറഞ്ഞ ഈ 7 ഗുണങ്ങളെ ഒന്നിച്ച് ആധുനികമനശ്ശാസ്ത്രജ്ഞർ ബുദ്ധി (INTELLIGENCE) എന്ന് വിളിക്കുന്നു. വ്യത്യസ്തശാഖകളിൽ മികവു കാട്ടുന്ന വ്യക്തികളെ നാം ബഹുമുഖ പ്രതിഭകളെന്ന് വിളിക്കാറുണ്ട്. Theory of Multiple intelligence (Howard Gardner) ഇത്തരം ബഹുമുഖപ്രതിഭകളെ പഠിക്കുന്നുണ്ട്.ഒരു സംസ്കൃതിയാൽ വില മതിക്കപ്പെടുന്ന സൃഷ്ടികൾ രചിക്കാനോ പ്രശ്നങ്ങൾ പരിഹരി ക്കാനോ ഉള്ള കഴിവാണ് ബുദ്ധി എന്ന് ഗാർഡ്നർ കരുതുന്നു. നാം ഓരോരുത്തരും ഓരോരോ സംസ്കാരികമണ്ഡലത്തിലേക്ക് പിറന്നുവീ ഴുന്നു. സംസ്കാരം ഒരു മണ്ഡല(FIELD)മാണ്. ഓരോ മണ്ഡലത്തിനുമുണ്ട് വിലപ്പെട്ട ചില തത്വശാസ്ത്രങ്ങളും കലകളും കൈവേലകളുമെല്ലാം. ഇവയെ domains എന്ന് വിളിക്കാം. ഇവയിലോരോന്നിലും നാം ആർജ്ജി ക്കുന്ന പാടവം അനുസരിച്ചാണ് നാം ബുദ്ധിമാന്മാരാണോ അല്ലയോ എന്ന് സമൂഹം വിലയിരുത്തുന്നത്. ഏതു ഡൊമൈനിലായാലും

ഒന്നിലധികം വിധത്തിലുള്ള ബുദ്ധിസാമർത്ഥ്യം ഉണ്ടെങ്കിലേ വിജയി ക്കാനാവുകയുള്ളു. മാത്രമല്ല, വ്യക്തിയുടെ പ്രതിഭയെ വിലയിരുത്താനുള്ള പ്രതിഭ സമൂഹത്തിന് ഉണ്ടാവുകയും വേണം. സൃഷ്ടിപരത ഒരു വ്യക്തിയുടെ മസ്തിഷ്കത്തിലോ വ്യക്തിത്വത്തിലോ അല്ല ഇരിക്കുന്നത്, മണ്ഡലവും ഡൊമൈനും വ്യക്തിയും തമ്മിലുള്ള സമ്പർക്കം കൊണ്ട് ഉണ്ടാവുന്നതാണ്.

ആരാണ് ഒരു സ്രഷ്ടാവ് (creative person). കൃത്യമായി പ്രശ്നം പരിഹരിക്കാൻ കഴിയുന്നവർ,തന്റെ ഡൊമൈനിൽ പെട്ടവയെ ഉൽപാദിപ്പിക്കാൻ കഴിയുന്നവർ, ആ സൃഷ്ടി നൂതനമാവണം, മണ്ഡലത്തിലെ വ്യക്തിക ൾക്ക് സ്വീകാര്യമാവണം,അങ്ങനെ സ്രഷ്ടാവ് ആദരണീയനാവണം. ഇത്ത രം 7 പേരെ 7 ഡൊമൈനുകളിൽനിന്ന് ഞാൻ തെരഞ്ഞെടുക്കുന്നു.ഈ തെരഞ്ഞെടുപ്പ് ഞാനെന്ന വ്യക്തിയുടെ തെരഞ്ഞെടുപ്പാണ്. എങ്കിലും എല്ലാ ഡൊമൈനുകളേയും സ്വാഭാവികമായി ഉൾക്കൊണ്ടിട്ടുണ്ട്.

പഴയ വ്യക്തികൾഃ-1. ആദിശങ്കരൻ(logical, mathematical,linguistic, spatial,spiritual intelligence) 2. വരാഹമിഹിരൻ (logical mathematical, spatial) 3. ഇളങ്കോ വടികൾ (musical,linguistic,spatial)

പുതിയ വ്യക്തികൾഃ-4. വിവേകാനന്ദൻ (logical mathematical,linguistic, spiritual) 5.ഐൻസ്റ്റെൻ (logical mathematical, spatial) 6 മഹാത്മാഗാന്ധി(linguistic, personal) 7. യേശുദാസ് (musical)

അമേരിക്കൻ സൈക്കോമെട്രിഷ്യൻ എൽ എൽ തേഴ്സറ്റൺ 7 സ്വതന്ത്ര മനോവ്യാപാരങ്ങളെ ആധാരമാക്കിയാണ് ബുദ്ധിയെ നിർണ്ണയിക്കുന്നത്.

- വാക്കുകൾ ഉപയോഗിക്കാനുള്ള കഴിവ്
- സംഖ്യകൾ ഉപയോഗിക്കാനുള്ളകഴിവ്
- വസ്തുതകളെ മനസ്സിൽ സങ്കൽപിച്ച് ദർശിക്കാനുള്ള കഴിവ്(spatial visualization)
- ഓർമ്മ
- ദർശനവേഗത
- തർക്കവിചാരം
- വാക്ചാതുരി

ഓരോ വ്യക്തിയും ഈ പ്രപഞ്ചത്തെ അറിയാൻ ശ്രമിക്കുന്ന ഒരു കേന്ദ്രബിന്ദുവാണ്. ജനനം മുതൽ മരണം വരെ ഈ ശ്രമം തുടരുന്നുണ്ട്. കാണുന്ന വസ്തുക്കളുടെ സ്വഭാവം പഠിക്കുന്നു. അതനുസരിച്ച് ലോകത്തിൽ സഞ്ചരിക്കാൻ (ജീവിക്കാൻ)മാർഗ്ഗം ആവിഷ്കരിക്കുന്നു. മറ്റു വ്യക്തികളുടെ സ്വഭാ

വവും പെരുമാറ്റവും അറിഞ്ഞ് സ്വന്തം സ്വഭാവവും പെരുമാറ്റവും നിയന്ത്രിക്കുന്നു.

മുദ്രകൾ(സിംബൽ ഉപയോഗിക്കാനുള്ള കഴിവ് മനുഷ്യനെ ഇതരജീവികളിൽനിന്ന് വേർതിരിച്ച് നിർത്തുന്നു. സിംബലിന്റെ ഉപയോഗത്തിന് മനുഷ്യസ്വഭാവത്തിന്റെ വളർച്ചയിൽ അതിപ്രധാനമായ പങ്കുണ്ട്. ഭാഷ,ഗണിതം, ശാസ്ത്രം, കല, മിഥോളജി- ഇവയോരോന്നും മാനവസംസ്കാരത്തിന്റെ സിംബലുകളാണ്. തത്വശാസ്ത്രത്തിൽ ഈയടുത്ത കാലത്ത് രണ്ട് പാരഡിഗം ഷിഫ്റ്റുകളാണ് ഉണ്ടായത്. 1. കാണാവുന്ന പ്രപഞ്ചശക്തികളിൽനിന്ന് , കാണാനാവാത്ത മനസ്സ് മുതലായ ശക്തികളുടെ പഠനത്തിലേക്ക്, ഹ്യൂമിനും കാന്റിനും ശേഷമുണ്ടായ കാൽവെപ്പ്. 2. ചിന്തയുടെ സിംബോളിക് വാഹനങ്ങളായ ഭാഷ,ഗണിതം, മുദ്ര,ദൃശ്യകല ഇവയെ കൂടിതലായി ഗ്രഹിക്കാനുള്ള നീക്കം.

ഭാഷ സിംബലാണ്,.സംഗീതവും നാട്യമുദ്രയും ഗണിതവും സിംബലാണ്. ഇവയോരോന്നിലുമുള്ള ബുദ്ധി(പാടവം)യിൽ വ്യത്യാസമുണ്ടോ. ഒരു മുദ്രയിലുള്ള പാടവം മറ്റൊന്നിലുള്ള പാടവത്തെ കൂട്ടുമോ കുറക്കുമോ അതോ രണ്ടും ചെയ്യാതെ സ്വതന്ത്രമായിരിക്കുമോ. ദൃശ്യകലയായ സിനിമ മുതലായവയിലൂടെ നൽകുന്ന വിദ്യ പുസ്തകത്തിൽനിന്ന് ലഭിക്കുന്നതിന് തുല്യമാണോ. ഏതെങ്കിലും വിഷയത്തിൽ ശൈശവത്തിൽത്തന്നെ അസാമാന്യപാടവം കാണിക്കുന്ന കുട്ടിജീനിയസ്സുകളേയും പ്രോഡിജികളേയും എങ്ങനെ വിശദീകരിക്കാനാവും. ഈ ചോദ്യങ്ങളെല്ലാം ഉത്തരം അർഹിക്കുന്നു.

ജൈവശാസ്ത്രപരമായ അടിത്തറഃ-ചില വ്യക്തികൾ, ജനിതകത്തിൽ ചില പ്രത്യേകസുഖക്കേടുകളുണ്ടാവാനുള്ള സാദ്ധ്യത പേറിക്കൊണ്ട് ജനിക്കുന്നു. വൈദ്ശാസ്ത്രം ഇവരെ ഹൈ റിസ്ക് കൂട്ടരെന്ന് കരുതുന്നു. അതുപോലെ ഹൈ പ്രോമിസ് ഗ്രൂപ്പിൽ പെടുത്താവുന്ന ബുദ്ധിശക്തിയുടെ ജനിതകം ആരും ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. പക്ഷേ അതിനുള്ള സാദ്ധ്യത നമ്മുടെ താർക്കികബുദ്ധി തള്ളിക്കളഞ്ഞിട്ടുമില്ല. കുട്ടിജീനിയസ്സിന് ഒന്നുകിൽ ഇത്തരമൊരു ജീനിയസ് ഉണ്ടാവണം. അല്ലെങ്കിൽ കഴിഞ്ഞ ജന്മത്തെ വാസനാബലമായി അവന്ന്(അവൾക്ക്) ഈ കഴിവുകൾ ജന്മനാ കിട്ടിയിരിക്കണം. സാധാരണ ജനിതകമുള്ള ഒരു വ്യക്തി ,ശൈശവം മുതലേ തക്കതായ ചുറ്റുപാടിൽ വളരാനവസരം കിട്ടിയാലും കുട്ടിപ്രോഡിജി ഉണ്ടാവാമെന്ന് ജപ്പാനിലെ സുസുക്കി വയലിൻ വിദ്യാഭ്യാസപ്രോഗ്രാം തെളിയിച്ചു.

ഏഴുബുദ്ധന്മാർഃ-സൈക്കോളജിസ്റ്റ് ലാറി ഗ്രാസ്ലോട്ട് അഞ്ചുതരം ആശയവിനിമയത്തേയും, ഫിലോസഫർ പോൾഹെഴ്സ്റ്റ് സൈക്കോമെട്രിഷ്യൻ തേഴ്സ്റ്റ

ൺ എന്നിവർ 7 തരം ബുദ്ധിയേയും വിശദീകരിക്കുന്നു. ഈ ശാസ്ത്ര ജ്ഞന്മാരുടെ അഭിപ്രായങ്ങളുടെ താരതമ്യം നോക്കാം.

ലാറിഗ്രാസ്ലോട്ട്	പോൾഹെഴ്സ്റ്റ്	തേഴ്സ്റ്റണ്	ഹോവാഡ് ഗാർഡ്നർ.
ഭാഷാപരം	ഭാഷ.സാഹിത്യം	വാക്ക്ഗ്രഹിക്കുക, ഉച്ചരിക്കുക	Linguistic, metaphoric, symbolic
സാമൂഹ്യം ,മുദ്ര	Interpersonal	സ്മൃതി(associative memory)	personal
Iconic	മതം		
തർക്കം , ഗണിതം	ഗണിതം ഭൌതികശാസ്ത്രം	Spatial visualization Perceptional speed Numerical fluency	Spatial,logical, mathematical
സംഗീതം	സുകുമാരകലകൾ		Bodily kenesthetic, musical
	സദാചാരം		
	തത്വശാസ്ത്രം	Reasoning	

ഭാഷാപരമായ ബുദ്ധിഃ- വാക്കുകൾ ഉച്ചരിക്കുക, അർത്ഥം ഗ്രഹിച്ച് ഉപയോഗിക്കുക, അലങ്കാരങ്ങളോടും ധ്വനികളോടും കൂടി പ്രയോഗിക്കുക, - ഭാഷാപരവും സാഹിത്യപരവുമായ ബുദ്ധിയിലാണ് ഇത് പെടുന്നത്. വാക്കിൽ വെച്ച് മഹിതം കവിതയാണെന്ന് പാശ്ചാത്യര്കരുതുന്നു. നാടകാന്തം കവിത്വമെന്നു തന്നെയാണ് പൌരസ്ത്യരും കരുതുന്നത്. വാഗർത്ഥം (semantics) വാക്ക് ഉപയോഗിക്കേണ്ട വ്യാകരണനിയമം(syntax) രണ്ടും ചേർന്നതാണ് ഭാഷാപരമായ ബുദ്ധി. സാഹിത്യകാരന്മാരും പ്രഭാഷകരും ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി ഉപയോഗിക്കുന്നു. രാഷ്ട്രീയനേതാക്കളും വക്കീലന്മാരും താർക്കികരും അദ്ധ്യാപകരും ശാസ്ത്രജ്ഞരും ഭാഷയെത്തന്നെയാണ് നിത്യവും ആശയവിനിമയത്തിന് ഉപയോഗിക്കുന്നത്. മൂന്നുവയസ്സായ കുട്ടി അതുവേണം ഇതുവേണം എന്ന് ശാഠ്യം പിടിക്കുമ്പോളും ഭാഷയെ ആശയവിനിമയത്തിന് ഉപയോഗിക്കാനാണ് പഠിക്കുന്നത്.

ആർജ്ജിച്ച അറിവിനെ എളുപ്പം ഓർമ്മിക്കാൻ, ഭാഷയെ ഒരു പ്രത്യേകക്രമത്തിൽ ഉപയോഗിക്കുന്നത് ബുദ്ധിയുടെ വളർച്ചയാണ്. കടപയാദി മുതലായ അക്ഷരസംഖ്യകൾ, ക്രമപാഠം ,ജടാപാഠം മുതലായ വേദപാഠങ്ങൾ, ഇവയെല്ലാം ഇത്തരം ബുദ്ധിക്ക് ഉദാഹരണങ്ങളാണ്. ഒരു പുതിയ യന്ത്രം പ്രവർത്തിപ്പിക്കാനുള്ള ടെക്നിക്കൽ അറിവു മുതൽ, കളിയുടെ നിയമം വരെ എല്ലാം ഓർക്കാനെളുപ്പമുള്ള അക്ഷരസംഖ്യകളാക്കി ഓർമ്മയിൽ സൂക്ഷിക്കാം. പഠി

ക്കാനും പഠിപ്പിക്കാനും ഭാഷാപരമായ ബുദ്ധി വേണം. ശാസ്ത്രം പഠിപ്പി ക്കാനും ഭാഷ വേണം.

ഭാഷ പഠിപ്പിക്കുന്നതിന് ഭാഷയെ ഉപയോഗിക്കുന്ന മെറ്റാലിംഗ്വിസ്റ്റിക് അനാ ലിസിസ് രംഗത്ത് ചോംസ്കിയും മറ്റും വിപ്ലവാത്മകമായ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. സ്മൃതി(ഓർമ്മ) ഭാഷാപരമായ ബുദ്ധിയുടെ തന്നെ ഒരു ഭാഗമാണ്. അത് കവിയുടെ സ്വാഭാവികപ്രതിഭാപ്രകാശമാണെന്ന് സ്പെൻസർ പറയുന്നു. തന്റെ അനുഭൂതികളെ ഒരിക്കലും മറക്കാത്ത ഒരാള്ക്കേ കവിയാ വാൻ കഴിയൂ. കവി ടെലഫോൺ നമ്പറുകളും അഡ്രസ്സുകളും മുഖങ്ങളും ഇന്നുരാവിലെ വന്ന എഴുത്തും മറന്നേക്കാം. പക്ഷേ ശൈശവം മുതൽ തന്നെ പിൻതുടരുന്ന അനുഭൂതിസാഗരങ്ങളെ മറക്കാനാവില്ല. ഭൂതകാലത്തിലേക്കുള്ള മടക്കയാത്രയിൽ, കവി വർത്തമാനകാലത്തെ വിസ്മരിക്കുന്നു. ഭൂതകാലാനു ഭൂതികളുടെ സ്മൃതി കവിയെ കവിയാക്കുന്നു. കർമ്മം കൊണ്ടോ പഠിപ്പു കൊണ്ടോ പ്രാർത്ഥന കൊണ്ടോ സാധിക്കാവുന്നതിനെ കവിതയിലൂടെ സാധിക്കാൻ ശ്രമിക്കരുത്, ശ്രമിച്ചാൽ പൊട്ടക്കവിതയേ ജനിക്കൂ എന്നാണ് ഓഡന്റെ അഭിപ്രായം. ഡിക്ഷണറിയിൽ എല്ലാ വാക്കുമുണ്ട്, ഗ്രന്ഥങ്ങളിൽ സർവ്വവൃത്താലങ്കാരവുമുണ്ട്. ഏതു വാക്കെടുത്ത് ഏതു താളത്തിലെഴുതണ മെന്ന് ഒരു ഗ്രന്ഥവും കവിയോട് നിർദ്ദേശിക്കുന്നില്ല. അത് കവിയുടെ ഉള്ളി ൽനിന്ന് ജനിക്കണം. ശ്രീകൃഷ്ണൻ വളരെ വൈകിയാണത്രേ സംസാരിക്കാനാ രംഭിച്ചത്. എല്ലാ വിധബുദ്ധിവിശേഷങ്ങളും വ്യത്യസ്താനുപാതത്തിൽ സംഗ മിച്ച ബുദ്ധിവിശേഷമായിരുന്നു ശ്രീകൃഷ്ണന്റേത്. ആൽബർട്ട് ഐന്സ്റ്റൈനും വൈകിയാണ് സംസാരിച്ചത്. യാഥാസ്ഥിതികമല്ലാത്ത രീതിയിൽ പ്രപഞ്ചത്തെ സ്വതന്ത്രമായി നോക്കിക്കാണാൻ അത് അദ്ദേഹത്തെ സഹായിച്ചിരിക്കാമെന്ന് ഗാർഡനർ കരുതുന്നു.

പൌരസ്ത്യരാജ്യങ്ങൾക്ക് ഭാഷ ആശയചിത്രങ്ങളായിരുന്നു.ഭാഷയെ അക്ഷരമാ യും ചിത്രമായും ഉപയോഗിക്കാനുള്ള സംവിധാനം ഉണ്ടായിരുന്നു. .ഇങ്ങനെ രണ്ടുവിധം ഭാഷയെ ഉപയോഗിക്കാനുള്ള സംവിധാനം ബുദ്ധിശക്തിയെ വ ർദ്ധിപ്പിക്കും. 30000 മുതൽ ഒരു ലക്ഷം വർഷം വരെ പഴക്കമുള്ള നിയാ ൻഡർതാൽ മനുഷ്യന്റെ മസ്തിഷ്കവും നമ്മുടേതിനു തുല്യമായിരുന്നു. അന്നു മുതലേ ഭാഷാപരമായ കഴിവ് വികസ്വരമായിട്ടുണ്ടാവണം. 30000 വർഷം മുമ്പ് ലിപി ഉണ്ടായിരുന്നു എന്നു തെളിയിക്കുന്ന ഗുഹാചിത്രങ്ങളെ ഗാർഡനർ പരാമർശിക്കുന്നു. ഭാഷക്ക് ക്രമമായ വികാസമല്ല, ഒറ്റയടിക്ക് ഒരു നിമിഷത്തിലുള്ള വെളിപ്പെടലാണ് സംഭവിക്കുന്നത് എന്ന് നോം ചോംസ്കി യും ആന്ത്രപ്പോളജിസ്റ്റ് ക്ലോഡ് ലെവി സ്ട്രോസും കരുതുന്നു. ഭാരതീയരും ഭാഷ ഒരു വെളിപാട് അഥവാ പ്രകാശനമാണെന്ന് പറയുന്നുണ്ട്. വസ്തുക്ക

ളെ ക്ലാസിഫൈ ചെയ്യുക, ഒരു നാമത്തോടോ മുദ്രയോടോ ബന്ധിപ്പിക്കാൻ കഴിയുക ഇവയുടെ ആരംഭം ചരിത്രാതീതപ്രാകൃതസംസ്കാരങ്ങളുടെ കാല ത്തേ സംഭവിച്ചു എന്ന് ശാസ്ത്രജ്ഞാഭിപ്രായം. നിയാൻഡർതാലിലും , ആസ്ട്രലോ പിത്തിക്കൻ വംശങ്ങളിലും ഭാഷ ഒരു വിപ്ലവം സൃഷ്ടിച്ചതായി ഫിലിപ്പ് ലീബർമാൻ വിചാരിക്കുന്നു.

പാശ്ചാത്യമനശ്ശാസ്ത്രജ്ഞരുടെ ശ്രദ്ധ ആകർഷിച്ച ഒരു മേഖലയാണ് നീണ്ട കാവ്യങ്ങളും മന്ത്രങ്ങളും ഗ്രന്ഥങ്ങളും തെറ്റാതെ ക്രമത്തിൽ പാടുന്നതിനുള്ള കഴിവ്. ഭാരതത്തിലും ഈജിപ്തിലും ഗ്രീസിലും ഈ കഴിവുള്ളവർ ബഹു മാനിക്കപ്പെട്ടിരുന്നു. ഭഗവാൻദാസിന്റെ പ്രണവവാദത്തിൽ ഈ കഴിവുള്ള ഒരു മഹാത്മാവിനെ കണ്ടെത്തിയതായി പറയുന്നുണ്ട്. അമേരിക്കൻ ഗോത്രവ ർഗ്ഗക്കാരിലും ഇത്തരം വ്യക്തികളെ ബഹുമാനിക്കുന്നു. തമിഴിൽ എഴുപ്പാ ട്ടും പൺപാട്ടും ,ദ്വയാർത്ഥനാനാർത്ഥങ്ങളിൽ വാക്കുകൾ പ്രയോഗിക്കുന്ന സിദ്ധസംഘങ്ങളുടെ സാന്ധ്യഭാഷയും പ്രസിദ്ധമാണ്. മെക്സിക്കോയിലും പഴയ തമിഴകത്തിൽപെട്ട കേരളത്തിലും ആളുകൾ ഇങ്ങനെ സംഭാഷണം ചെയ്തിരുന്നു. (കാതിലോല,നല്ലതാളി, ബാലകളത്രം സൌഖ്യം ഇവ സിദ്ധഭാ ഷാപ്രയോഗത്തിന് ഉദാഹരണം).മാവോറികൾക്കിടയിലും പഴയ ഭാരതീയ ർക്കിടയിലും കായികമത്സരത്തിനു പകരം വാചികമത്സരം നടത്തിയിരുന്നു. പട്ടത്താനവും (ഭട്ടസ്ഥാനം) വിദ്വത്സഭകളും, അറത്തിൽപ്പോരുകളും (ധർമ്മയു ദ്ധം) ഇത്തരം വേദികളായിരുന്നു. ഒരു ഗണിതനിയമത്തെ ഭാഷ ഉപയോഗിച്ച് വിവരിക്കാതെ സിംബൽകൊണ്ട് വിവരിക്കുന്ന രീതി ഭാഷാപരമായ ബുദ്ധി പൂർണ്ണവികാസം നേടിയവരിൽ മാത്രം സംഭവിക്കുന്ന ന്നാണ്. ഇത്തരം സിംബോളിക് സമവാക്യഭാഷ തൊവരി ഗുഹാചിത്രങ്ങളിൽ കാണുന്നുണ്ട്. ആർക്കിറ്റാസിനും പൈത്തഗോറസ്സിനും സഹസ്രാബ്ദങ്ങൾക്കു മുമ്പ് തൊവ രികൈയിൽ താമസിച്ചിരുന്ന ഒരു ആദിവാസിഋഷി രണ്ടിന്റെ ഘനമൂലം കാണാനും അയനചലനം ഉണ്ടെന്ന് തെറ്റിദ്ധരിപ്പിക്കുന്ന ഈ പ്രപഞ്ചമാന്ത്രിക ചതുരത്തിന്റെ ഗണിതസത്യം ആവിഷ്കരിക്കാനും വിമാനം,ക്ഷേത്രം, കപ്പ ലെന്നിവയുടെ നിർമ്മിതിക്കും ഉപയോഗിക്കാവുന്ന ഒരു സിംബോളിക് സമവാക്യം ആ ഗുഹാഭിത്തിയിൽ കോറിയിട്ടിട്ട് പോയി. അദ്ദേഹത്തിന്റെ ബോധമണ്ഡലത്തിലേക്ക് സഹസ്രാബ്ദങ്ങൾക്കു ശേഷം പ്രവേശിക്കവേ എന്റെ ബോധമണ്ഡലത്തിൽ കാലം നിരയനമാവുന്ന ധ്യാനാനുഭൂതി സംഭവിക്കുന്നു.

സംഗീതബുദ്ധി:- സംഗീതസാഹിത്യങ്ങളെ സരസ്വതിയുടെ സ്തന്യമായി കരുതുന്നു. ഇടത്തും വലത്തും ഭാഗത്തുനിന്ന് ചുരത്തുന്ന അവ തമ്മിൽ ഭേദമില്ല. സാഹിത്യസഹിതവും സാഹിത്യരഹിതവുമായ സംഗീതത്തിന്റെ വളർച്ച സാമവേദത്തിലുണ്ട്. ധ്വനി, താളം,രാഗം,ഭാവം ഇവ കൊണ്ട്

ഭാഷയില്ലാതെയും സംഗീതമുണ്ടാക്കുന്നതിനെ സിംബൽകൊണ്ട് ഗണിതസിദ്ധാന്തം ആവിഷ്കരിക്കുന്നതിനോട് ഉപമിക്കാം. രണ്ടും ഭാഷയിൽനിന്ന് സ്വതന്ത്രമായ ആവിഷ്കാരങ്ങളാണ്. ധ്വനി , പദക്രമം,അർത്ഥം എന്നിങ്ങനെ സാഹിത്യത്തേയും സംഗീതത്തേയും പഠിക്കാം. രാഗതാളഭാവങ്ങളിൽ സംഗീതം സാഹിത്യത്തിൽനിന്ന് വ്യത്യസ്തത പുലർത്തുന്നു. ഇവകളിൽ അതിന് നൃത്തത്തോടാണ് സാമ്യം. നൃത്തമാകട്ടെ, bodily kinetic intelligence എന്നു വിളിക്കുന്ന ശരീരചലനബുദ്ധിയാണ്. ഒരർത്ഥത്തിൽ കണ്ഠനാളത്തിലിരിക്കുന്ന കച്ഛപിവീണാരൂപമുള്ള വോക്കൽ കോഡിന്റെ ചലനമാണല്ലോ സംഗീതവും. സമം എന്ന ആശയം സംഗീതത്തിലും ഗണിതത്തിലുമുണ്ടെങ്കിലും ഗണിതത്തിലെ സമമല്ല സംഗീതത്തിലെ സമം. ഗണിതത്തിൽ 1 എപ്പോഴും ഒന്നാണ്. 2 എപ്പോഴും രണ്ടിനു സമമാണ്. സംഗീതത്തിൽ ഒരേ പാട്ട് സംഗീതജ്ഞനും എന്നെപ്പോലെ പാട്ടറിയാത്ത ഒരാളും പാടിയാൽ പാട്ട് ഒന്നാണെങ്കിലും, ആ രണ്ട് ഒന്നുകളും സമങ്ങളല്ല. ഒരു ലക്ഷം വർഷം മുമ്പാണ് സംഗീതവും സാഹിത്യവും ഒരേ മൂലത്തിൽനിന്ന് വേർപിരിഞ്ഞതെന്ന് പാശ്ചാത്യരുടെ നിഗമനം. ഇതിനെ ശരിവെക്കുന്നതാണ് ഋഗ്വേദസാമവേദങ്ങളുടെ ബന്ധം.

മനുഷ്യർ ശിലായുഗം മുതലേ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നുണ്ട്. മതപരമായ ചടങ്ങുകളിലും നായാട്ടിലും അടക്കം. സാഹിത്യം ഇടത്തെ മസ്തിഷ്കത്തിലാണ്. സംഗീതശ്രുതി ഗ്രഹിക്കാനുള്ള കഴിവ് വലത്തുഭാഗത്തും. സംഗീതസാഹിത്യങ്ങൾ പ്രപഞ്ചവസ്തുക്കളിൽനിന്ന് സ്വതന്ത്രമായ ബുദ്ധിയാണ്. പ്രപഞ്ചവസ്തുക്കളിൽനിന്ന് സ്വതന്ത്രമാവുക എന്നുവെച്ചാൽ ഋഷിത്വമാണ്. ഇതിന്റെ ഉദാഹരണമായിട്ടാണ് ചിലപ്പതികാരകർത്താവായ ഇളങ്കോവടികളുടെ ബോധപ്രപഞ്ചത്തെ ഞാൻ വീക്ഷിക്കുന്നത്. സംഗീതം, നൃത്തം, കവിത, നാടകം, തത്വചിന്ത, personal intelligence എന്ന് വിളിക്കപ്പെടുന്ന വ്യക്തിയുടെ സാമൂഹികബുദ്ധി- ഇതെല്ലാം ഇളങ്കോവടികളിൽ സമ്മേളിക്കുന്നു.

സംഗീതം മുദ്രകളോടും ബന്ധപ്പെട്ടിരിക്കുന്നു. സംഗീതത്തെ വിശദീകരിക്കാൻ കഴിഞ്ഞാൽ, ഒരു സംഗീതജ്ഞന്റെ ബോധത്തെ ഗ്രഹിക്കാൻ സാധിച്ചാൽ, മറ്റെല്ലാ മാനവചിന്തകളിലേക്കും നമുക്ക് പ്രവേശിക്കാനാവുമെന്ന് ലെവിസ്ട്രോസ് കരുതുന്നു. ശരീരത്തിലെ ഒരു കൊച്ചുഭാഗം കൊണ്ട് സൂക്ഷ്മമായി ആവിഷ്കരിക്കുന്ന ഒരു മുദ്രയായി അദ്ദേഹം സംഗീതത്ത കാണുന്നു. ഗണിതത്തോട് സംഗീതത്തിനുള്ള ബന്ധം പഠനവിധേയമായിട്ടുണ്ട്. ഗണിതത്തിലും സംഗീതത്തിലും ഒരു താളവും (rhythm) രീതിയും (pattern)കാണാം. ചില സമുദായങ്ങളിൽ ഗണിതസംഗീതബുദ്ധികള് ഒരുമിച്ച് കാണുന്നതിനാൽ, അവ

ഇരിക്കുന്നത് ഒരേ ജനിതകത്തിലാവണം എന്ന് കരുതപ്പെടുന്നു. തമിഴകത്തെ ബ്രാഹ്മണസമുദായം ഇതിന്നു തെളിവായി ചൂണ്ടിക്കാട്ടപ്പെടുന്നു.

ലോജിക്കൽ മാത്തമാറ്റിക്കൽ(ഗണിതതാർക്കിക)ബുദ്ധിഃ-
സാഹിത്യസംഗീതങ്ങളിലെപ്പോലെ വാക്കിലോ ശ്രുതിയിലോ അല്ല താർക്കിക ഗണിതബുദ്ധിയുടെ ഉൽപ്പത്തി. പ്രപഞ്ചവസ്തുനിരീക്ഷണത്തിലാണ് അത് ആരംഭിക്കുന്ന്ത. പ്രപഞ്ചവസ്തുക്കളെ ചിട്ടയായി തരം തിരിച്ച് ക്ലാസിഫൈ ചെയ്യുക, അളവ് നിർണ്ണയിക്കുക, സ്വഭാവം നിർണ്ണയിക്കുക- ഇതിൽനിന്ന് ഉത്ഭവിച്ച താർക്കികഗണിതബുദ്ധി ക്രമേണ വസ്തുവിൽനിന്ന് സിദ്ധാന്തത്തി ലേക്കും ക്രിയയിൽനിന്ന് ക്രിയയുടെ സംബന്ധത്തിലേക്കും ഇന്ദ്രിയവേദ്യത്തി ൽനിന്ന് അതീന്ദ്രിയത്തിലേക്കും കടന്നുചെല്ലുന്നു. ജീൻ പിയാജറ്റ് എന്ന സ്വിസ് സൈക്കോളജിസ്റ്റ് ഈ മേഖലയിലെ പഠനത്തിന് മികച്ച സംഭാവനകൾ നൽകി യിട്ടുണ്ട്. ന്യൂട്ടനും ഐൻസ്റ്റൈനും വരാഹമിഹിരനും ശങ്കരനും ഈ ബുദ്ധി യുടെ ഉദാഹരണങ്ങളാണ്. താർക്കികഗണിതബുദ്ധിയെ ആശ്രയിച്ചാണ് ശാസ്ത്രം നിലനിൽക്കുന്നത്. അതിനെ അടുത്ത അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കാം.

മനഃസങ്കൽപം എന്ന SPATIAL INTELLIGENCE:

താർക്കികഗണിതബുദ്ധിയുടെ തന്നെ ഒരു ഭാഗമാണ് മനഃസങ്കൽപ്പം. ഗണിത ത്തിൽ പ്രശ്നങ്ങൾ സങ്കൽപ്പിക്കുകയാണ് ചെയ്യുക. ഒരു മുതിർന്ന മനുഷ്യനും ചെറിയ കുട്ടിയും ഒപ്പം നടക്കാനാരംഭിക്കുന്നു എന്ന് സങ്കൽപ്പിക്കുക. രണ്ടാ ളും ആദ്യം ഇടത്തേ കാൽ വെക്കുന്നു. കുട്ടി മൂന്നടി വെക്കുമ്പോൾ മനുഷ്യൻ രണ്ടടി വെക്കുന്നു. എത്രാമത്തെ അടി വെക്കുമ്പോളാണ് രണ്ടാളും ഒപ്പം വലത്തുകാൽ വെക്കുന്നത്. വിഡ്ഢിച്ചോദ്യമെന്നു തോന്നാം. പക്ഷേ ഇതോ മട്ടിലാണ് 366 ദിവസം കൊണ്ട് ഭൂമിയും, 88 ദിനം കൊണ്ട് ബുധനും 584 കൊണ്ട് ശുക്രനും 12 വർഷം കൊണ്ട് വ്യാഴവും 30 വർഷം കൊണ്ട് ശനിയും, ഒരു സൂര്യപ്രദക്ഷിണം നടത്തുന്നുവെങ്കിൽ, ഇവരെല്ലാവരും ഒരു മിച്ച് ഭ്രമണം പൂർത്തിയാക്കി ഒരേ ബിന്ദുലെത്താൻ എത്ര വർഷമെടുക്കും എന്ന ചോദ്യം. ഇതേ മട്ടിൽ സങ്കൽപ്പിച്ച ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെ ത്താനുള്ള പ്രക്രിയയിലാണ് ആപേക്ഷികതാസിദ്ധാന്തം ജനിച്ചത്. ഈ ബുദ്ധിയെ തേഴ്സ്റ്റൺ മൂന്നായി തിരിക്കുന്നു.1. ഒരു വസ്തുവെ ഏതു വ്യത്യസ്തകോണിൽനിന്ന് നിരീക്ഷിച്ചാലും തിരിച്ചറിയാനുള്ള കഴിവ്. 2. ചലനം സങ്കൽപ്പിക്കാനും ഒരു സിസ്റ്റത്തികത്തുതന്നെ അതിന്റെ വിഭിന്ന ഭാഗങ്ങളുടെ സ്ഥിതിയിൽ പരിസ്പന്ദം സംഭവിക്കുന്നതിനെ സങ്കൽപ്പിക്കാ നുള്ളകഴിവ്. നിരീക്ഷകനും നിരീക്ഷണവസ്തുവിന്റെ ഒരു ഭാഗമാണെന്ന

അറിവോടെ, താനും വസ്തുവും തമ്മിലുള്ള ബന്ധത്തെ വിചിന്തനം ചെയ്യാനുള്ള കഴിവ്.

സംഗീതജ്ഞാനത്തിൽ,ശ്രുതി,താളബോധങ്ങൾ എപ്രകാരം ഒന്നിച്ചു പോകുന്നുവോ, അതുപോലെ ഈ മൂന്നു കഴിവും ഒരാളിൽ ഒന്നിച്ചുണ്ടാവുന്നു. ഒന്നിനെ വികസിപ്പിക്കാൻ ശ്രമിച്ചാൽ മറ്റു രണ്ടും സ്വാഭാവികമായി വികസിക്കുന്നു. ജ്യോതിശ്ശാസ്ത്രജ്ഞാനത്തിൽ ഈ മൂന്നു കഴിവുകളും അതിപ്രധാനമാണ്. ആദ്യമായി അടിവെച്ച് നടക്കുന്ന കുട്ടി ഒരു മുറിയിൽനിന്ന് . മറ്റൊന്നിലേക്ക് വസ്തുക്കളെ ഗ്രഹിച്ച്, തട്ടിത്തടയാതെ സഞ്ചരിക്കുന്നത് ഈ കഴിവുകളെക്കൊണ്ടാണ്. കടൽസഞ്ചാരി ദിശയറിഞ്ഞ് ലക്ഷ്യസ്ഥാനത്തെത്താനും ഈ കഴിവിനെ ആശ്രയിക്കുന്നു. ഭൂപടം,ചിത്രങ്ങൾ, ജ്യാമിതീയരൂപങ്ങൾ എന്നിവയെ (ത്രിമാനദേശത്തിന്റെ ദ്വിമാനമുദ്രകൾ) നിർമ്മിക്കാനും ഈ ബുദ്ധി വേണം. ശാസ്ത്രജ്ഞന്മാരും കവികളും ഉപമകളും സിംബലുകളും ഉപയോഗിക്കുന്നത് സ്പേഷ്യൽ ഇന്റലിജന്സിന്റെ പ്രകാശനമാണ്. ലൂയിസ് തോമസ് മനുഷ്യസമുദായത്തെയും അണുജീവികളേയും താരതമ്യപ്പെടുത്തി. ശങ്കരൻ ഘടാകാശത്തേയും ഐൻസ്റ്റൈൻ പെട്ടിക്കകത്തെ ആകാശത്തേയും (BOX-SPACE)ചിദാകാശത്തോട് തുലനം ചെയ്തു. ഡാർവിന്റെ ജീവിതവൃക്ഷം, ഫ്രൂയിഡിന്റെ പകുതി വെള്ളത്തിൽ മറഞ്ഞുകിടക്കുന്ന ഹിമക്കട്ടക്ക് തുല്യമായഉപബോധം, ജോൺ ഡാൽട്ടന്റെ സൌരയൂഥസദൃശമായ ആറ്റം- ഇവയെല്ലാം ശാസ്ത്രം ഉപയോഗിച്ച ഉപമകളും സിംബലുകളുമാണ്. ഇത്തരം ഉപമ ചിന്തയുടെ ഒരു ആദിമഉറവിടമാണെന്ന് സൈക്കോളജിസ്റ്റ് റുഡോൾഫ് ആൺഹീം കരുതുന്നു. ലോജിക്കൽ വികാസത്തിന്റെ ഭാഗമായിട്ടാണ് കുട്ടികളിൽ സ്പേഷ്യൽ ബുദ്ധി വികസിക്കുന്നത് എന്ന് പിയാജെറ്റ് പറഞ്ഞു. മനുഷ്യന്റെ സമൂഹജീവിതം സ്പേഷ്യൽ ബുദ്ധിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. നായാട്ടുകാരും സഞ്ചാരികളും ആടുനേക്കുന്നവരുമായ ആദിമജനസമൂഹത്തിന് ഇത് അത്യന്താപേക്ഷിതമായിരുന്നു. കാട്ടിലും കടലിലും തേനും സ്വർണ്ണവും തേടിപ്പോകുന്നവർ അത് വികസ്വരമാക്കിയെടുത്തു. മഴ കാത്തു നിൽക്കുന്ന കർഷകനും കടലിലേക്ക് പോകുന്ന വൈശ്യനും നക്ഷത്രവിജ്ഞാനം വേണം. അതായത് ഈ വിജ്ഞാനശാഖകൾ ചരിത്രാതീതകാലത്തേ മനുഷ്യന്റെ ബോധത്തിലുണ്ട്.

ഫ്രെഡറിക്ക് കെക്കുലേ എന്ന കെമിസ്റ്റ് സ്വന്തം വാലുവിഴുങ്ങുന്ന സർപ്പത്തെ സ്വപ്നം കണ്ടിട്ടാണ് ബെൻസീന്റിങ്ങിന്റെ ഘടന കണ്ടെത്തിയത്. മൂന്നും നാലും ഡൈമെൻഷനുകളിൽ ചിന്തിക്കുന്നവര്ക്ക്, 1,2,3, 4 മുതലായ സംഖ്യകൾ വെറും സംഖ്യകളല്ല. ത്രിമാനത്തിൽ ചിന്തിക്കുന്നവര്ക്ക് 6 എന്ന സംഖ്യ ഒരു ടെട്രാഹെഡ്രന്റെ വശങ്ങളും ഒരു ക്യൂബിന്റെ മുഖങ്ങളും ഒരു

ഒക്ടാഹെഡ്രന്റെ അഗ്രങ്ങളുമാണ്. കുട്ടികളുടെ SPATIAL INTELLIGENCE വർദ്ധിപ്പിക്കുന്നതിനുള്ള ചില പ്രത്യേകതരം കളികളുണ്ട്. ഹോവാഡ് ഗാഡ്നർ താൻസാനിയയിലെ കുട്ടികളുടെ കളി ചൂണ്ടിക്കാട്ടുന്നു. 9 വരികളിലായി ത്രികോണാകൃതിയിൽ പയറുമണി വെക്കുന്നു. ചുവട്ടിൽനിന്ന് മുകളിലേക്ക് ഓരോ വരിയിൽനിന്ന് ഓരോ പയറ് എടുത്തുമാറ്റുന്നു. ഓരോന്നും മാറ്റുമ്പോൾ മറ്റേ കുട്ടി പറയണം ഏതുമാറ്റി എന്ന്. കണ്ണുകെട്ടി ചെസ്സ് കളിക്കുന്നതിന് തുല്യമാണ് ഈ കളി. ഭാവനയിൽ(മനസ്സിൽ)ചെസ്ബോഡ് സങ്കൽപ്പിച്ചു വേണം ഓരോ നീക്കവും.

കരോലിൻ ദ്വീപുകളിലെ പുളുവത് വർഗ്ഗക്കാർ സമുദ്രസഞ്ചാരത്തിൽ മികവു കാട്ടുന്നവരാണ്. അവരുടെ കടൽസഞ്ചാരവൈദഗ്ദ്ധ്യം ആകാശത്തിലെ നക്ഷത്ര സ്ഥാനങ്ങളെ ആശ്രയിച്ചാണ്. നിശ്ചിതനക്ഷത്രങ്ങൾ ഉദിക്കയും അസ്തമിക്കയും ചെയ്യുന്ന ബിന്ദുക്കളിലാണ് ഓരോ ദ്വീപിന്റെ സ്ഥാനം. ഇന്ത്യയിലും അശ്വതി നക്ഷത്രസ്ഥാനം അറിയുന്നവന് ലങ്കാസ്ഥാനവുമറിയാം. കൂടാതെ തിരകളുടെ ചലനം, സ്വഭാവം, സൂര്യസ്ഥാനം, കാറ്റ് കാലാവസ്ഥ ഇവ , വഞ്ചി മറിയാതെ തുഴയാനുള്ള കഴിവ്, സമുദ്രജലത്തിന്റെ നിറവ്യത്യാസം നോക്കി താഴെയുള്ള പവിഴപ്പുറ്റുകളെ മനസ്സിലാക്കാനുള്ള ബുദ്ധി ഇവയെല്ലാം വേണം. തോമസ് ഗ്ലാഡ്വിൻ ഈ കഴിവുകളെ പഠനവിധേയമാക്കി. അദ്ദേഹം പറയുന്നത് അബ്സ്ട്രാക്റ്റ് ചിന്ത പുലുവത് കടൽസഞ്ചാരത്തിന്റെ ഒരു ഭാഗമാണ്, അതവരുടെ സ്വഭാവമാണ് എന്നാണ്. ഇതിൽ പുളുവത് ഗോത്രക്കാരുടെ ബുദ്ധിയോട് കിട നിൽക്കാൻ മറ്റാർക്കും സാധിക്കില്ല. ജെസ്റ്റാള്ട്ട് എന്നു വിളിക്കാവുന്നതും നരച്ച മുടിയുടെ വിവേകത്തോടൊപ്പം മാത്രം വരുന്നതുമായ ഏകമായ ഒരു പൂർണ്ണത SPATIAL INTELLIGENCE കൊണ്ട് ലഭിക്കുന്നുണ്ട്. കുഞ്ഞുങ്ങളിൽത്തന്നെ ഇത് കാണുന്ന പക്ഷം അത് പൂർവ്വജന്മസംസ്കാര ഫലമാണ്. വ്യത്യസ്തമേഖലകളിലെ സാദൃശ്യങ്ങൾ കണ്ടെത്തി സർവ്വത്തേയും ഏകമായ ഒരദ്വൈതത്തിലേക്ക് ഒതുക്കാനുള്ള പ്രക്രിയയെ ഇത് ത്വരിതപ്പെടുത്തുന്നു. ലോജിക്കൽ മാത്തമാറ്റിക്കൽ ആദ്യം മുതലേ അബ്സ്ട്രാക്ട് ചിന്തയാണ്. SPATIAL INTELLIGENCE ദൃശ്യപ്രപഞ്ചത്തിൽനിന്ന് ആരംഭിച്ച് അദൃശ്യത്തിലേക്കും അബ്സ്ട്രാക്ടിലേക്കും നയിക്കുന്ന ചിന്തയും. ഭാരതീയന്റെ വേദനേത്രമായ ജ്യോതിശ്ശാസ്ത്രം ഇതാണ്. അത് ഔപനിഷദമായ അബ്സ്ട്രാക്ട് ബ്രഹ്മത്തിലേക്ക് നയിക്കുന്നു.

ശാരീരികചലനബുദ്ധി:-

നൃത്തം, നീന്തൽ,കളികൾ, ഉപകരണസംഗീതം, അഭിനയം, യന്ത്രനിർമ്മിതി- ഇവക്കെല്ലാം bodily kinetic intelligence വേണം. ഒരു നടന് ശരീരചലനബുദ്ധി മാത്രം പോരാ, സംഗീത,താളബോധം വേണം, വാക്ക് സ്ഫുടമായി ഉച്ചരിക്കാനുള്ള

ഭാഷാപരമായ ബുദ്ധി വേണം, സഹപ്രവർത്തകരോട് പെരുമാറാനും കഥാപാത്രങ്ങളുടെ മനസ്സറിഞ്ഞ് അഭിനയിക്കാനും personal intelligence വേണം. സർജ്ജന്മാരും മെഷീൻ ഓപ്പറേറ്റർമാരും പന്തുകളിക്കാരും, ഫിസിഷ്യന്മാരും, പത്തോളജിസ്റ്റുകളും - ഇവരെല്ലാം കായികവും മാനസികവുമായ ബുദ്ധി പ്രയോഗിക്കുന്നുണ്ട്. ശരീരം മുഴുവനായോ (ഓട്ടം,ഫുട്ബാൾ,ബോക്സിങ്ങ്) ഒരു സൂക്ഷ്മഭാഗം മാത്രമോ (നാട്യമുദ്ര, ഉപകരണസംഗീതം, ടൈപ്പിങ്ങ്, ഷൂട്ടിങ്ങ്,വോക്കൽ മ്യൂസിക്) ചലിപ്പിച്ച് ചെയ്യുന്ന ക്രിയകളിൽ ഈ ചലനത്തെ നിയന്ത്രിക്കുന്ന മാനസികപ്രക്രിയ കൂട് പ്രവർത്തിക്കുന്നുണ്ട്.

30000 വര്ഷം മുമ്പത്തെ ക്രോമാഗനൻ മനുഷ്യന്റെ കാലത്തുതന്നെ ഭാഷയും സിംബലുകളും ഉത്ഭവിച്ചിട്ടുണ്ട്. തെക്കുകിഴക്കൻ യൂറോപ്പിലെ പാലിയോലിത്തിക് ഗുഹകളിലെ സ്ത്രീചിത്രങ്ങളും മൃഗചിത്രങ്ങളും ഇതിന്നു തെളിവായി ഗാഡ്നർ ചൂണ്ടിക്കാട്ടുന്നു. അന്നേ കലണ്ടർ (പഞ്ചാംഗം) ഉണ്ടായിട്ടുണ്ട്. മതപരമായ ചടങ്ങുകളിൽ നൃത്തം ഉത്ഭവിച്ചിട്ടുണ്ട്. ആയുധം സൂക്ഷ്മമായി ഉപയോഗിച്ച് ചിത്രം വരക്കുന്നുണ്ട്. ആയുധം അലങ്കാരത്തിനുമാണ് എന്ന ബോധം ഉണർന്നിട്ടുണ്ട്. ജീവിതത്തെ പ്ലാൻ ചെയ്യാനും വരും തലമുറക്ക് ജീവിതരീതി പകർത്താനും ഗുഹാമനുഷ്യർ പഠിച്ചിട്ടുണ്ട്. ഗുഹാചിത്രങ്ങളിലൂടെ ആശയവിനിമയം ചെയ്തു. സഹസ്രാബ്ദത്തിനപ്പുറത്തെ തലമുറകൾക്കും തങ്ങളുടെ ബോധം കൈമാറി. ഈ ചിന്താവിപ്ലവം നടന്നത് 30000 വർഷം മുമ്പാണ്.

ഒരു കുട്ടി ആദ്യമായി ഒരുപകരണം ഉപയോഗിക്കാനാരംഭിക്കുന്നതിനുമുമ്പേ അവന്റെ ചുണ്ടത്ത് ഭാഷ അനായാസമായി വരുന്നു. ഇത് സംസ്കാരങ്ങൾക്കും ബാധകമാണ്. ഉപകരണം കൊണ്ട് ഗുഹാചിത്രം കൊത്തിവെച്ചവർ അതിന്നെത്രയോ മുമ്പ് വാമൊഴിഭാഷയും അറിവും കൈമാറിയിരിക്കണം. ശാരീരികചലനത്തിന്റെ അതിപക്വമായ രൂപമാണ് നൃത്തം. നൃത്തചിത്രം കൊത്തിയ ഗുഹ അക്കാരണം കൊണ്ടുതന്നെ വികാസപ്രക്രിയയുടെ പരമകാഷ്ഠയാണ്. തോവരിഗുഹകളിൽ കാണുന്ന തെയ്യക്കോലചിത്രത്തെ ഇങ്ങനെ മനസ്സിലാക്കണം.

വ്യക്തിപരമായ സാമൂഹ്യബുദ്ധിഃ-

ഒരു വ്യക്തി, അയാളുടെ കുടുംബത്തിലെ അടുത്ത ബന്ധുക്കളും കുടുംബവും, അവരുടെ ആശനിരാശകളും , പ്രശ്നങ്ങളും ഇഛാഭംഗങ്ങളും- ഇവയെല്ലാം ചേർന്നുണ്ടാക്കുന്ന മാനസികാവസ്ഥകളെ ഫ്രൂയിഡിനെപ്പോലുള്ളവർ പഠിച്ചു. സ്വജീവിതത്തിലെ വൈരുദ്ധ്യങ്ങളും വേദനകളും ദൌർബല്യങ്ങളും അറിഞ്ഞ് സ്വയം അറിഞ്ഞ് ജീവിക്കലാണ് ആരോഗ്യമെന്ന് കരുതി.വില്യം ജെയിംസ്

അല്പം കൂടി മാറി ചിന്തിച്ചു. വ്യക്തി സമൂഹവുമായി പുലർത്തുന്ന നല്ല ബന്ധത്തിലാണ് ആരോഗ്യകരമായ ജീവിതലക്ഷണമെന്നും അങ്ങനെ മാത്രമേ നമുക്ക് സ്വയം അറിയാനാവൂ എന്നും അദ്ദേഹം പറഞ്ഞു:-"A man has as many social selves as there are individuals who recognize him in their mind" . (ക്ലിനിഷ്യനായ ഫ്രൂയിഡ് സ്വമനസ്സിലെ രോഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. സമൂഹമനശ്ശാസ്ത്ര ജ്ഞനായ ജെയിംസ് രോഗമില്ലാത്ത മനസ്സിന് സമൂഹത്തോടുള്ള ബന്ധങ്ങളിലും. ഫ്രൂയിഡിന്റേത് വ്യക്തിക്കുള്ളിലെ ബുദ്ധി(Intrapersonal). ജയിംസിന്റേത് വ്യക്തികൾക്കിടയിലുള്ള (Inter personal) ബുദ്ധി. ഗാന്ധി, വിവേകാനന്ദൻ, ശങ്കരൻ, അദ്ധ്യാപനത്തിലും സാമൂഹ്യപ്രവർത്തനത്തിലും രാഷ്ട്രീയത്തിലും ജ്യോത്സ്യത്തിലും ഏർപ്പെട്ടവർ, കൌൺസിലിങ്ങ് ചെയ്യുന്നവർ, ശാമണ് എന്നു വിളിക്കുന്ന സിദ്ധപുരുഷന്മാർ,വെളിച്ചപ്പാടന്മാർ ഇവരാണ് ഈ ബുദ്ധി പ്രയോഗിക്കുന്നവർ.

ഓരോ മനുഷ്യനിലും ഏഴു ബുദ്ധികളും ഉണ്ട്. അനുപാതത്തിൽ ഏറ്റക്കുറവുണ്ടാവുമെന്ന് മാത്രം. അതിനാൽ നാമൊക്കെ ബുദ്ധിമാന്മാരും ബുദ്ധിമതികളുമാണ്.(ബുദ്ധനും ബുദ്ധിയും ആണ്) നമ്മിൽ കീർത്തി, ശ്രീ,വാക്ക്,സ്മൃതി, മേധ, ധൃതി, ക്ഷമ എന്ന 7 ബുദ്ധിരൂപത്തിൽ ഈശ്വരൻ നിർല്ലീനമായിരിക്കുന്നു. ആ ഐശ്വരശക്തിയെ അറിയുക.

8. **താർക്കികഗണിതബുദ്ധി:-**

പ്രപഞ്ചവസ്തുക്കളോട് പരിചയപ്പെടുക, അവയെ ക്രമീകരിക്കുക, അളന്ന്തിട്ടപ്പെടുത്തുക- ഇതെല്ലാം നാം കുട്ടിക്കാലത്തേ ആരംഭിക്കുന്നു. കുട്ടി വളരുമ്പോൾ വസ്തുക്കളിൽനിന്ന് പ്രസ്താവങ്ങളിലേക്കും ക്രിയകളിൽനിന്ന് പ്രതിക്രിയകളിലേക്കും ഇന്ദ്രിയങ്ങളിൽനിന്ന് അതീന്ദ്രിയത്തിലേക്കും ശാസ്ത്രീയതർക്കമേഖലകളുടെ പരമോന്നതിയിലേക്ക് ഈ പ്രക്രിയയും വളരുന്നു. സ്വിസ് സൈക്കോളജിസ്റ്റ് ജീൻ പിയാജെറ്റ് ചിന്തയുടെ പഠനം ശൈശവത്തിൽ നിന്ന് ആരംഭിക്കണമെന്ന് പറയുന്നത് അതുകൊണ്ടാണ്.

കുട്ടി കയ്യിൽകിട്ടിയ ഓരോ വസ്തുവേയും നോക്കി , സ്പർശിച്ച്, നുകർന്ന് പഠിക്കുന്നു. അക്കാലത്ത് അതിന്റെ ചിന്തയിൽ കാണുകയും തൊടുകയും ചെയ്യുന്ന വസ്തുക്കൾക്കു മാത്രമാണ് അസ്തിത്വമുള്ളത്. കുറച്ചു ദിവസം ഒരു വസ്തു കാണാതായാൽ കുട്ടി അതിനെ മറക്കുന്നു. ആദ്യത്തെ 18 മാസത്തിനുശേഷം തന്റെ കണ്ണിൽനിന്നു മറഞ്ഞാലും വസ്തുവിന് എവിടെയോ അസ്തിത്വമുണ്ടെന്നും അത് തിരിച്ചുവരുമെന്നും ഗ്രഹിക്കാനാരംഭിക്കുന്നു. ഇത് ലോജിക്കൽ ബുദ്ധിയുടെ ആദ്യവികാസമാണ്. ഒരു പ്രത്യേകനിമിഷത്തിൽ, പ്രത്യേകവ്യക്തിയുടെ സ്പർശം മുതലായവയി

ൽനിന്ന് സ്വതന്ത്രമായ ഒരസ്തിത്വം വസ്തുക്കൾക്കുണ്ട് എന്ന വിവേകം താനറിയാതെ കുട്ടിയിൽ വളർന്നുവരുന്നു. മാനസികവളർച്ചയുടെ ആരം ഭബിന്ദുവാണത്. ഈ ബോധം ഉദിച്ച കുഞ്ഞ് വസ്തുവിനെ അത് കൺമു ന്നിലില്ലാത്തപ്പോഴും വിചാരിക്കുക (ധ്യാനിക്കുക) എന്ന ശീലം പഠിക്കു ന്നു. അതോടൊപ്പം വസ്തുക്കളെ അവയുടെ സമാനഗുണം കൊണ്ട് ക്ലാസി ഫൈ ചെയ്യാനും പഠിക്കുന്നു.വസ്തുക്കൾക്ക് സമാനവും വിരുദ്ധവുമായ ചില സ്വഭാവങ്ങളുണ്ട് എന്ന് ഗ്രഹിച്ചതിന്റെ തെളിവാണ് ക്ലാസിഫിക്കേ ഷൻ. ക്ലാസ് അഥവാ സെറ്റ് എന്ന് ഗണിതത്തിൽ പറയുന്ന ഗുണത്തെ ഗ്രഹിച്ചുകഴിഞ്ഞു എന്ന് സാരം. കളിസ്സാധനങ്ങളെ ഒരിടത്ത് കൂട്ടിവെച്ച് അതിലെ ആനകൾ, ബസ്സുകൾ, പാവകൾ ഇവയെ മാറ്റിവെക്കാനും, നീല ക്കാറുകൾ, മഞ്ഞപ്പാവകൾ എന്ന് തരം തിരിക്കാനും കുട്ടികൾ അപ്പോൾ തുടങ്ങും. 6,7 വയസ്സാവുമ്പോഴെക്കും സംഖ്യകളെ എണ്ണാനും ആകത്തു കയെ താരതമ്യം ചെയ്യാനും പഠിക്കും. അളവ് എന്നാലെന്താണെന്ന ഏകദേശജ്ഞാനം അപ്പോഴേക്കും ലഭിക്കും. ഒരു വയസ്സായ കുഞ്ഞിന്റെ മുമ്പിൽ 10 മിഠായി പരത്തിയും 20 മിഠായി കൂമ്പാരം കൂട്ടിയും വെ ക്കുക. പരത്തിയിട്ടത് ഏറെയാണെന്ന് കുട്ടി വിചാരിക്കും. ആറേഴു വയസ്സായ കുട്ടിക്ക് ആ തെറ്റ് പറ്റില്ല. അതുപോലെ 7 ദിവസവും 7 മത്സ്യവും 7 മിഠായിയും 7 എന്ന സമാനസംഖ്യ അവയിലെല്ലാം ഉണ്ടെ ങ്കിലും സമങ്ങളല്ല എന്ന് മനസ്സിൽ ധരിക്കാനുള്ള അറിവും ഈ പ്രായ ത്തിൽ വികസിക്കുന്നു. കൂട്ടുക, കിഴിക്കുക, ഗുണിക്കുക, ഹരിക്കുക മുതലായ ക്രിയകൾ ചെയ്യാനും ആ ക്രിയകളെ ഉപയോഗിച്ച് സ്റ്റോറി ൽനിന്ന് കളിപ്പാട്ടമോ മിഠായിയോ വാങ്ങാനും പഠിക്കുന്നു. ഗണിതക്രിയ ചെയ്തുപഠിക്കാൻ ആദ്യം വിരലും പിന്നെ കല്ല്, ഗോട്ടി, കവിടി, അബാ ക്കസ് മുതലായ ഉപകരണങ്ങളും സഹായിക്കുന്നു. ക്രമേണ ആ ഉപകര ണങ്ങളില്ലാതെ മാനസികമായി സാങ്കൽപ്പികഗണിതക്രിയ ചെയ്യാനും പഠിക്കുന്നു.

അതായത്, താർക്കികഗണിതബുദ്ധി ആരംഭിക്കുന്നത് കാണാവുന്ന പ്രപഞ്ച വസ്തുക്കളിൽനിന്നാണെങ്കിലും ക്രമേണ അദൃശ്യവസ്തുക്കളിലേക്കും അദൃ ശ്യപ്രപഞ്ചങ്ങളിലേക്കും വ്യാപിക്കുന്നതാണ് വികാസം. വസ്തുതകൾ മനസ്സിൽ ആന്തരീഭവിക്കുന്നു (Internalised).പ്രപഞ്ചത്തെ സ്പർശിക്കാതെയും കാണാതെയും മനസ്സിൽ ധ്യാനിച്ച് പൂർണ്ണമായി ഗ്രഹിക്കാനാവുന്ന അസ്പ ർശയോഗതലത്തിലേക്ക് ബുദ്ധി പ്രവേശിക്കുന്നു. സിംബലുകളുടെ സ്ഥാന ത്ത് വാക്കുകളാണെങ്കിൽ, തർക്കചിന്ത, ശാസ്ത്രസിദ്ധാന്തമെന്നും സിംബലു കളാണെങ്കിൽ ഗണിതമെന്നും ഇതിനെ പറയുന്നു. ക്രമബദ്ധമായ ഈ ബുദ്ധിവികാസത്തെ തരംഗരൂപത്തിലാണ് പിയാജറ്റ് ചിത്രീകരിച്ചത്. അവ

ബോധത്തിന്റെ എല്ലാ ഡൊമൈനുകളിലും പരക്കുന്നു. ബോധത്തെ കൂട്ടി പ്പിടിക്കുന്ന ഒരു പശപോലെയാണ് താർക്കികഗണിതബുദ്ധി എന്ന് പിയാ ജറ്റ് കരുതുന്നു. തർക്കവും ഗണിതവും അതിന്റെ സമുന്നതമേഖലകളല്ല എന്ന് പ്രസിദ്ധതാർക്കികനായ വില്ലാഡ് ക്വിൻ പറഞ്ഞിട്ടുണ്ട്. അവയെ വേർതിരിക്കാനാവില്ലെന്ന് റസ്സലും പറയുന്നു.

സാഹിത്യത്തിലും സംഗീതത്തിലും മികവു കാണിച്ചവർ വലിയ ഒരു ജനവിഭാഗത്താൽ ആരാധിക്കപ്പെടുന്നു. താർക്കികഗണിതമേഖലയിൽ മികവു കാട്ടുന്നവർക്ക് അത്ര പോപ്പുലാരിറ്റി കിട്ടാറില്ല. താർക്കികഗ ണിതബുദ്ധി, സാഹിത്യസംഗീതബുദ്ധിയേക്കാളും അസുലഭമായതിനാൽ അത്തരക്കാരുടെ ബോധമണ്ഡലത്തിലേക്ക് തീർത്ഥയാത്ര നടത്താൻ സാധാ രണക്കാർക്ക് പ്രയാസമായതുകൊണ്ടാണിത്. ഹെന്റി പോയങ്കരയുടെ ബോധമണ്ഡലത്തെ ഐൻസ്റ്റൈനും ഗാഡ്നറും തങ്ങളുടെ ബോധമണ്ഡലം കൊണ്ട് അളക്കുന്നു. അളക്കുന്നവനും അളക്കപ്പെടുന്നവനും സമാനമനസ്ക രാവണം. അൽപ്പാൽപ്പം തർക്കബുദ്ധി എല്ലാവർക്കും കാണുന്നു. എന്തു കൊണ്ട് ഗണിതബുദ്ധി കാണുന്നില്ല. ഗണിതത്തെ എന്തുകൊണ്ട് ചിലർ മാത്രം ഗ്രഹിക്കുന്നു. പോയിങ്കരേ ഈ ചോദ്യങ്ങളെ സമീപിച്ചു. അദ്ദേഹം ഒരു നീണ്ട നിരയായ താർക്കികപരമ്പരയെ സങ്കൽപ്പിക്കാനാവശ്യപ്പെടുന്നു. ഒരു തർക്കത്തിന്റെ ഉത്തരം അടുത്ത തർക്കത്തിന്റെ ആരംഭമാണ്. ഇവ ക്കിടയിൽ ഒരു കാലം കടന്നുപോകുന്നുമുണ്ട്. ഇതുകാരണം തർക്കശ്യംഖ ലയുടെ ചില കണ്ണികളെ തലമുറകൾ മറക്കുകയോ മാറ്റുകയോ ചെയ്യു ന്നു. ഇതിന്റെ ഫലമായുണ്ടാവുന്ന തടസ്സം കൊണ്ട് ശ്യംഖലയുടെ ആദി യിലെത്താൻ വിഷമം നേരിടുന്നു. സിംബലുകളേക്കാൾ പ്രധാനം അവ അടുക്കപ്പെട്ട ക്രമമാണ്. ഈ ക്രമത്തെക്കുറിച്ച ഉൾക്കാഴ്ച ഉള്ളവർക്ക് ഒറ്റ നോട്ടത്തിൽ സർവ്വവും ഗ്രഹിക്കാനാവുന്നു. ഇതാണ് പോയിങ്കരേ പറയു ന്നത്. പോയിങ്കരേ 2 വിധ കഴിവുകളെ പരാമർശിക്കുന്നുണ്ട്. 1. ഓർമ്മ (പ്രത്യഭിജ്ഞ) 2. ക്രമബദ്ധമായ താർക്കികമേഖലകൾക്കും പ്രസ്താവങ്ങ ൾക്കും ഇടയിലുള്ള കണ്ണികളുടെ സ്വഭാവം ഗ്രഹിക്കാനുള്ള കഴിവ്.

വിട്ടുപോയ തെളിവുകൾ, ഗണിതക്രിയ ചെയ്ത് വീണ്ടും തളിയ്ക്കുന്നത് ലളിതമായ ഒരു പ്രക്രിയയാണ്. ഗണിതബുദ്ധി ഉള്ളവരെ മറ്റുള്ളവരി ൽനിന്ന് വേർതിരിക്കുന്നതെന്ത്. ഗണിതജ്ഞർ ഗണിതമേഖലക്കപ്പുറം കടക്കാൻ താൽപര്യം കാട്ടാറില്ല, ശ്രമിക്കാറുമില്ല. ധനതത്വശാസ്ത്രത്തിലോ നിയമത്തിലോ താൽപര്യമുള്ള ഗണിതജ്ഞരുണ്ടായേക്കാം. അത്തരം ഗണിതജ്ഞരെയല്ല ഉദ്ദേശിക്കുന്നത്. അതീന്ദ്രിയമായ ഗണിതപ്രപഞ്ചങ്ങളെ ചിന്തിക്കുന്നതിലുള്ള അമിതപ്രേമവും ,ചുഴിഞ്ഞപഗ്രഥിക്കുന്നതിലുള്ള

ആവേശവും കൊണ്ട് മറ്റുള്ളവരിൽനിന്ന് അകന്നുനിൽക്കുന്നവരെയാണ്. A great new mathematical edifice is a triumph that whispers immortality എന്ന ആഡ്ലറുടെ അഭിപ്രായം ജി എച്ച് ഹാർഡിക്കും ഉണ്ടായിരുന്നു.ചരിത്രകാരനേയോ കവിയേയോ പോലെ ചില ക്രമങ്ങൾ ഗണിതജ്ഞനും സൃഷ്ടിക്കുന്നുണ്ട്. ആ ക്രമങ്ങൾ ശാശ്വതമാണ്, അമൃതമാണ്. കാരണം ആശയങ്ങളുടെ ക്രമമാണത്. ഗണിതജ്ഞൻ സൃഷ്ടിക്കുന്നത് ദൃശ്യപ്രപഞ്ചത്തിലല്ല, അദൃശ്യമായ ആശപ്രപഞ്ചത്തിലാണ്. അതുകൊണ്ട് അവന്റെ സൃഷ്ടിക്രമം ശാശ്വതമാണെന്ന് ഹാർഡി സമർത്ഥിക്കുന്നു.

നീണ്ട സമവാക്യങ്ങൾ ഒന്നൊന്നായി സൃഷ്ടിച്ച് ഗണിതജ്ഞർ ഒരു നിഗമനത്തിലെത്തുന്നു. എന്നാൽ പല ഗണിതജ്ഞരും ആ നിഗമനത്തിൽ, ഓരോ പടിയും തെളിയിച്ചുകാണിക്കുന്നതിന് എത്രയോ മുമ്പുതന്നെ മാനസികമായ ഒരു ദർശനത്തിലൂടെ എത്തിച്ചേർന്നിട്ടുള്ളവരാണ്. തങ്ങളുടെ ദർശനത്തിന്റെ സാധുത മറ്റുള്ളവരെ ബോധിപ്പിക്കാനും അവരെക്കൊണ്ടുകൂടി അംഗീകരിപ്പിക്കാനും അനുഭവിപ്പിക്കാനും വേണ്ടിയാണ് നീണ്ട സമവാക്യങ്ങളെക്കൊണ്ട് തെളിയിക്കുന്ന പ്രക്രിയ എന്ന് പോയിങ്കരേ. തലമുറ തലമുറകളായി ഒരു തലമുറയുടെ അറിവിൽ അടുത്തതിന്റേത് കെട്ടിപ്പടുത്ത് ശാസ്ത്രഗോപുരങ്ങളായി വളർത്തിയെടുത്ത പഠനഗവേഷണമണ്ഡലമാണ് ഗണിതം. ഓരോ തലമുറയുടെ അറിവു ചേരുമ്പോളും കുട്ടിയുടെ താർക്കിക ഗവേഷണബുദ്ധി പോലെ സമൂഹത്തിന്റെ താർക്കികഗണിതബുദ്ധി കൂടുതൽ അതീന്ദ്രിയമായിത്തീരുന്നു.

ആദ്യത്തെ അതീന്ദ്രിയമായ ആശയം സംഖ്യയാണെന്ന് ആഡ്ലർ പറഞ്ഞു. മാനവചരിത്രത്തിലെ, ഈ പടി ചാടിക്കടന്ന സർവ്വസംസ്കാരങ്ങളും, നിര്ണ്ണായകവളർച്ച നേടിയവയാണ്. രണ്ടാമത്തേത് ആൾജിബ്രയാണ്. സംഖ്യകളെ ഒരു സിസ്റ്റമായി കരുതാനതിന് സാധിക്കുന്നു. സംഖ്യാസ്ഥാനത്ത് അനിയതമായ അകരണികളെ നിർത്താനാവുന്നു.ഓരോ അകരണിയും മറ്റൊരു അകരണിയോട് ക്രമബദ്ധമായി ബന്ധം പുലർത്തുന്നു. അതിനാലവ ഗണിതത്തിന്റെ ക്രിയകളാണ്. (functions).ഈ ക്രിയകൾ നീളം വീതി മുതലായവയിൽ മാത്രം ഒതുക്കാവുന്നവയല്ല. മറ്റു ക്രിയകളിലും ക്രിയാഫലങ്ങളിലും പ്രയോഗിക്കാവുന്നവയാണ്.ചുരുക്കത്തിൽ, ആൽഫ്രഡ് ആഡ്ലർ പറയുന്നത് സംഖ്യ എന്ന ആദ്യത്തെ അതീന്ദ്രിയാശയത്തെ വീണ്ടും വീണ്ടും സാമാന്യവത്കരിച്ചും അതീന്ദ്രിയമാക്കിയും അകരണി, ക്രിയ ഇവകളിലെത്തുന്ന ചിന്ത അത്യധികം അതീന്ദ്രിയതമവും സാമാന്യവത്കൃതവുമായ ഉയരങ്ങളിലെത്തുന്നു..അങ്ങനെ ചിന്തിക്കുന്ന ഗണിതജ്ഞന്റെ പ്രപഞ്ചം സാധാരണക്കാരന്റെ പ്രപഞ്ചത്തിൽനിന്ന് വളരെ വ്യത്യസ്തമാ

ണ്. അതിൽനിന്ന് പോഷണം നേടി വികാസം പ്രാപിക്കാൻ ഒരാൾ ഒരു ഋഷിയാവണമെന്ന് ആഡ്ലർ പറയുന്നു. സ്വന്തം മനസ്സും ഒരു കഷ്ണം കടലാസും പെൻസിലുമായി(ചോക്കും പലകയും) ഏകാന്തജീവിതം നയിക്കയാണയാൾ. സ്റ്റാനിസ്ലോ ഉലാമിന്റെ വാക്കുകളിൽ, A mathematician finds his own monastic niche and happiness in pursuits that are disconnected from external affairs. പ്രപഞ്ചത്തിലെ എല്ലാ തിന്മകളേയും അക്രമങ്ങളേയും അവ തരുന്ന ദുഃഖങ്ങളെയും മറി കടക്കാൻ താർക്കികഗണിതബുദ്ധി സഹായിക്കുന്നതായി സ്റ്റാനിസ് ലോ ഉലാമും ഐൻസ്റ്റൈനും കരുതുന്നു.

ഇങ്ങനെ ജീവിക്കുന്ന ഒരാൾക്ക് ലഭിക്കുന്ന ഏറ്റവും വലിയ സമ്മാനമെന്താ ണ്. അവാഡുകളോ പണമോ നോബൽസമ്മാനമോ അല്ല.

- തെളിയിക്കാൻ കഴിയാത്തതെന്ന് ലോകം വളരെക്കാലമായി കരുതിപ്പോന്ന ഒരു പ്രശ്നം തെളിയിക്കാനായി എന്ന ചാരിതാർത്ഥ്യം.
- പുതിയ ഒരു ഗണിതമണ്ഡലത്തിന്റെ കണ്ടുപിടുത്തം
- വിഭിന്നങ്ങളായ ഗണിതശാസ്ത്രമണ്ഡലങ്ങൾ തമ്മിലുള്ള ബന്ധം കണ്ടെത്തൽ
- സാമ്യങ്ങളുടെ സാമ്യങ്ങൾ കണ്ടെത്തൽ
- പ്രതിദർശനങ്ങളായ തത്വങ്ങളെ പഠിക്കൽ
- സാങ്കൽപ്പികസംഖ്യകൾ, അകരണികൾ , വൈരുദ്ധ്യങ്ങൾ, സാദ്ധ്യവും അസാദ്ധ്യവുമായി സ്വന്തം ഗുണവിശേഷങ്ങൾ ഇവയോടുകൂടിയ പ്രപഞ്ചങ്ങൾ എന്നിവയിൽ വിഹരിക്കുക. (ലൂയിസ് കരോൾ താർക്കികനും ഗണിതജ്ഞനുമായതിനാലാണ് ആലീസിന്റെ അത്ഭുതപ്രപഞ്ചത്തിൽ വിഹരിച്ചതും അനേകം പേരെ കൂട്ടിക്കൊണ്ടു പോയതും)

ശാസ്ത്രം ഗണിതത്തോട് അഭേദ്യമാം വിധം ബന്ധപ്പെട്ടിരിക്കുന്നു. ബിസി 200ൽ ഗ്രീസിൽ നടന്ന കോണികച്ഛേദങ്ങളുടെ പഠനം 1800 വർഷം കഴിഞ്ഞ് ജോഹാനസ് കെപ്ലറുടെ ഗ്രഹചാരനിയമങ്ങൾക്ക് വഴി തെളിച്ചതായി പറയപ്പെടുന്നു.ഡേവിഡ് ഹിൽബർട്ടിന്റെ ഇന്റഗ്രൽ സമവാക്യങ്ങൾ ക്വാണ്ടം മെക്കാനിക്സ് ഉപയോഗപ്പെടുത്തി. ജോർജ്ജ് ഫ്രെഡറിക് റീമാന്റെ ഡിഫറൻഷ്യൽ ജ്യോമെട്രി തിയറി ഓഫ് റിലേറ്റിവിറ്റിക്ക് ആധാരമായി. ഡിഫറൻഷ്യൽ ഇന്റഗ്രൽ കാൽക്കുലസ് കണ്ടുപിടിച്ചതോടെയാണ് പാശ്ചാത്യശാസ്ത്രം 17ആം നൂറ്റാണ്ടുമുതൽ അത്ഭുതാവഹമായ പുരോഗതി നേടിയത്.

താർക്കികഗണിതബുദ്ധി അതീന്ദ്രിയഅവ്യക്തതയെ അതിനുവേണ്ടിത്തന്നെ ചുഴിഞ്ഞപഗ്രഥിക്കുകയാണ്. ശാസ്ത്രജ്ഞനാകട്ടെ. ഭൌതികലോകത്തെ വിശദീകരിക്കാനായി മാത്രം ആ മേഖലയിലേക്ക് പ്രവേശിക്കയാണ്. ശാസ്ത്രജ്ഞന് ഗണിതസമവാക്യങ്ങൾ ഒരായുധം മാത്രമാണ്. തന്റെ സിദ്ധാന്തങ്ങളും മോഡലുകളും സൃഷ്ടിക്കാനും തെളിയിക്കാനും അത്യന്താപേക്ഷിതമായ ഒരായുധം. ഐൻസ്റ്റൈന്റെ ബോധപ്രപഞ്ചത്തിലെ ഗണിതസമവാക്യങ്ങളെ ഇങ്ങനെ കാണണം.

ശാസ്ത്രത്തിന് ഗണിതത്തോടെന്നപോലെ ഫിലോസഫിയോടുമുണ്ട് അഭേദ്യബന്ധം. പ്രപഞ്ചത്തിന്റെ ആദിയെക്കുറിച്ചുള്ള ചോദ്യം രണ്ടിനും പൊതുപ്രശ്നമാണ്. ഐൻസ്റ്റൈനെപ്പോലുള്ളവരിൽ ഗണിതവും ശാസ്ത്രവും ഫിലോസഫിയും സമഞ്ജസമായി സമ്മേളിക്കുന്നത് ഈ പൊതുബന്ധം കൊണ്ടാണ്. ഒരിക്കൽ ഹൈസൻബർഗ്ഗ് ഐൻസ്റ്റൈനോടു പറഞ്ഞു:- പ്രകൃതിനിയമങ്ങളുടെ ലാളിത്യത്തിന് ഒരു ഒബ്ജക്റ്റീവ് സ്വഭാവമുണ്ടെന്നും അവ ചിന്തയുടെ പരിമിതിയുടെ ഫലമല്ല എന്നും ഞാൻ അങ്ങയെപ്പോലെ വിശ്വസിക്കുന്നു. മഹത്തായ ലാളിത്യത്തിന്റേയും സൌന്ദര്യത്തിന്റേയും ഗണിതരൂപങ്ങളിലേക്ക് പ്രകൃതി നമ്മെ നയിക്കുന്നുവെങ്കിൽ - രൂപമെന്നതുകൊണ്ട് ഗ്രാഹ്യങ്ങളായ സിദ്ധാന്തങ്ങളേയും ക്രിയകളേയുമാണ് ഞാൻ അർത്ഥമാക്കുന്നത്- ആ രൂപങ്ങൾ ഇതിന്നുമുമ്പ് മറ്റാരും സമീപിക്കാത്തവയാണെങ്കിൽ, അവ സത്യമാണെന്ന് ധരിക്കാതെ തരമില്ല. അവ പ്രകൃതിയുടെ സഹജസ്വഭാവത്തെ പ്രകാശിപ്പിക്കുന്നവയാകാതെ തരമില്ല. എന്നാൽ നമുക്കൊറ്റക്ക് ആ രൂപങ്ങളിലെത്തിച്ചേരാൻ സാധിക്കുമായിരുന്നില്ല എന്നും പ്രകൃതി തന്നെ നമുക്ക് അവ പ്രകാശിപ്പിച്ചുതരികയാണ് ഉണ്ടായതെന്നുമുള്ള വസ്തുത അത് സത്യത്തിന്റെ ഒരു വശം മാത്രമാണെന്നും, അല്ലാതെ സത്യത്തെക്കുറിച്ചുള്ള നമ്മുടെ ചിന്തയുടെ ഭാഗം മാത്രമല്ല എന്നതിനെ ചൂണ്ടിക്കട്ടുന്നുണ്ട്. പ്രകൃതി നമുക്ക് സമ്മാനിക്കുന്ന ഗണിതപദ്ധതികളുടെ സൌന്ദര്യവും ലാളിത്യവും എന്നെ വളരെ വശീകരിക്കുന്നു. താങ്കളും അതനുഭവിച്ചിരിക്കുമല്ലോ. പ്രകൃതി നമ്മുടെ മുന്നിൽ വിരിച്ചിടുന്ന, ഭയപ്പെടുത്തുന്ന ലാളിത്യവും , ബന്ധങ്ങളുടെ പൂർണ്ണതയും അതിന്നായി നാമാരും സന്നദ്ധരായിരുന്നില്ല എന്നതും...............

കാലദേശങ്ങൾ സത്യമോ. നിരന്തരം ആ ചോദ്യത്തിലൂടെയാണ് ഐൻസ്റ്റൈൻ തന്റെ പ്രതിഭ പ്രകാശിപ്പിച്ചത്. നാം ഒരു സൂര്യരശ്മിയിൽ സഞ്ചരിക്കയാണെങ്കിൽ , നാം പ്രകാശത്തിന്റെ ഭാഗത്തുനിന്ന് നോക്കുകയാണെങ്കിൽ, നമ്മുടെ അനുഭവമെന്തായിരിക്കും എന്ന് അദ്ദേഹം കൌമാരദശയിൽത്തന്നെ ആലോചിക്കാൻ തുടങ്ങിയിരുന്നു. നാം ഒരു ക്ലോക്കിനെ നോക്കിക്കൊണ്ട്

പ്രകാശവേഗതയിൽ അതിൽനിന്ന് പറന്നകലുന്നു. ക്ലോക്കിലെ സമയം നിശ്ചല മായിരിക്കും. കാരണം ക്ലോക്കിലെ മണിക്കൂറുകള്ക്ക് നമ്മോടൊപ്പം പ്രകാശ വേഗതയിൽ സഞ്ചരിക്കാനാവില്ല.പ്രകാശരശ്മിക്കും അതിന്മേൽ സഞ്ചരിക്കുന്ന സഞ്ചാരിക്കും ക്ലോക്കിലെ സമയം സദാ ഒന്നായിരിക്കും, നിരയനമായിരി ക്കും. പ്രകാശവേഗതയിൽ സഞ്ചരിക്കുന്ന വ്യക്തി കാലദേശങ്ങളുടെ പെട്ടിയി ൽ ഏകനായിപ്പോകുമെന്നും ചുറ്റുമുള്ള സമൂഹത്തിന്റെ നിയമങ്ങളിൽനിന്ന് അകലുമെന്നും ഐൻസ്റ്റൈൻ വിശ്വസിച്ചു. അവിടെ യൂണിവേഴ്സൽ ടൈം എന്ന് ഒന്നില്ല. ഭൂമിയിലിരിക്കുന്നവന്റെ സമയം പ്രകാശരശ്മിയിലിരിക്കുന്ന വന്റെ സമയത്തിൽ നിന്ന് വ്യത്യസ്തമാണ്. കാലം,ദൂരം,വേഗത,പിണ്ഡം, ശക്തി ഇവയുടെ ബന്ധം എപ്രകാരം ന്യൂട്ടൻ കണ്ടുവോ അപ്രകാരമാണ് പ്രകാശരശ്മിമേലും ഇരിക്കുന്നത്. അവയുടെ മൂല്യങ്ങൾ(values) ഒന്നല്ലെന്നു മാത്രം.

ഈ വിധം ചിന്തിച്ച് പഴയ കണ്ടുപിടുത്തങ്ങളെ സമരസപ്പെടുത്തി സൈദ്ധാ ന്തികമായ ഭാവിപരീക്ഷണങ്ങളെ ആപേക്ഷികതാസിദ്ധാന്തസൃഷ്ടിക്കായി ആവി ഷ്കരിക്കാൻ ഐൻസ്റ്റൈന്റെ ബോധമണ്ഡലം കടന്നുപോയ വഴികൾ പഠനാ ർഹമാണ്. ഒരു പ്രശ്നം ഗ്രഹിക്കുന്നതിന് കാണിച്ച ധൈര്യം,സർവ്വ വിഷമ വും സഹിച്ച് മുന്നോട്ടുനടന്ന് പ്രശ്നപരിഹാരത്തിൽ കാണിച്ച ശ്രദ്ധയും നിശ്ചയദാർഢ്യവും, പ്രപഞ്ചഘടനയോടും പ്രകൃതിയോടുമുള്ള അതിന്റെ പ്രാഥമികബന്ധം കണ്ടെത്തുന്നതിലെ സൂക്ഷ്മചിന്ത-ഇവയാണ് ഐൻസ്റ്റൈന്റെ ശാസ്ത്രീയമായ തനിമ. ഫിസിസിസ്റ്റ് ജെറാൾഡ് ഹോൾട്ടൻ വാദിക്കുന്നതു പോലെ ഇത്തരമൊരു പ്രോഗ്രാം വിജയകരമായി കൊണ്ടുപോകാനുള്ള ടെക്നിക്കൽ ഫസിലിറ്റി, ഗണിതജ്ഞാനം, സൂക്ഷ്മനിരീക്ഷണശക്തി ഇവ തീർച്ചയായും വേണം. അതിനുപരിയായി പ്രകൃതിയിൽ ലളിതമായ നിയമ ങ്ങളുണ്ടായിരിക്കുമെന്ന ഉറപ്പ്, ആ നിയമങ്ങൾ സർവ്വപ്രതിഭാസങ്ങളേയും ശക്തികളേയും വൈരുദ്ധ്യമില്ലാത്ത വിധം ഏകീകരിക്കുന്നവയായിരിക്കുമെന്ന വിശ്വാസം, പ്രകൃതിനിയമങ്ങൾ വെറും ചാൻസുകളാവില്ല, സ്ഥിരനിയമങ്ങ ളാവും എന്ന ബോധം- ഇവ ഐൻസ്റ്റൈന് ആദ്യമേ ഉണ്ടായിരുന്നു. പ്രകൃതി യെ ഇത്രയും ലളിതമാക്കാൻ ഒരവസരം കിട്ടിയത് ഈശ്വരൻ ഒരിക്കലും പാഴാക്കാനിടയില്ലെന്ന് അദ്ദേഹം പറഞ്ഞു.

ശാസ്ത്രജ്ഞന് ഒരു പദ്ധതി (പ്രോഗ്രാം) ഉണ്ട്. അതിന്റെ കേന്ദ്രബിന്ദു അറി ഞ്ഞാൽ,പദ്ധതിയെ എളുപ്പം മനസ്സിലാക്കാം. ശാസ്ത്രജ്ഞനെ സംബന്ധിച്ചേട ത്തോളം അതയാളുടെ മതമാണ്. അതിനെ അയാൾ പരിപൂർണ്ണവിശ്വാസ ത്തോടെ സമീപിക്കുന്നു. പ്രപഞ്ചത്തെ കഴിയുന്നത്ര വർണ്ണിച്ച് മറ്റുള്ളവരെ ധരിപ്പിക്കുന്നത് തങ്ങളുടെ കടമയാണെന്ന് ശാസ്ത്രജ്ഞർ വിചാരിക്കുന്നു.

അതുകൊണ്ട് കോസ്മിക് പ്രശ്നങ്ങളും സത്യവും ജീവിതത്തിന്റെ അർത്ഥ വുമൊക്കെ മതത്തെപ്പോലെത്തന്നെ ശാസ്ത്രത്തിലും ചിന്താവിഷയമാകുന്നു. ന്യൂട്ടൻ തന്റെ ജീവിതത്തിന്റെ സിംഹഭാഗവും ചെലവാക്കിയത് മിസ്റ്റിസിസവും മെറ്റാഫിസിക്സും കോസ്മോളജിയും പഠിക്കാനാണ്.

കുഴഞ്ഞുമറിഞ്ഞ് കിടക്കുന്ന പ്രപഞ്ചവ്യവസ്ഥയെ ക്രമീകരിച്ച് ഒരു ഋതം (സത്യം) അഥവാ നിയമം അതിന്റെ ബന്ധങ്ങളെന്നിവ വിവരിക്കാനും നാനാത്വത്തിൽ ഏകത്വം കാണാനുമുള്ള ത്വരയാണ് ശാസ്ത്രത്തെ ശാസ്ത്രമാക്കുന്നത്. ഐൻസ്റ്റൈന് 5ആം വയസ്സിൽ കളിക്കാൻ ഒരു മാഗ്നറ്റിക് കോംപാസ് കിട്ടി. എപ്പോഴും ഒരു ദിശയിലേക്കുതന്നെ ഏതോ അദൃശ്യശക്തിയാൽ വശീകരിക്കപ്പെട്ടെന്നപോലെ തിരിഞ്ഞിരിക്കുന്ന സൂചി കുട്ടിയെ വല്ലാതെ ആകർഷിച്ചു. അതൊരു റെവലേഷൻ(വെളിപാട്) ആയിരുന്നു. ആ അനുഭവം ആഴത്തിലുല്ള ഒരു മുദ്ര കുട്ടിയിലുണ്ടാക്കി. ഐൻസ്റ്റൈന്റെ ബോധപ്രപഞ്ചത്തിലെ ആദ്യത്തെ ലോജിക്കൽ മാത്തമാറ്റിക്കൽ അനുഭവമാണത്. ഗണിതജ്ഞനായ സ്റ്റാനിസ്ലോ ഉലാം ശൈശവത്തിൽ വശീകരിക്കപ്പെട്ടത് ഒരു പൌരസ്ത്യൻ കമ്പിളിയിലെ മനോഹരജ്യാമിതീയചിത്രങ്ങളാലാണ്. ദൃശ്യചിത്രങ്ങളായ അവ ഒരു സംഗീതമായാമ് കുട്ടിക്ക് അനുഭവപ്പെട്ടത്. ഉലാമിന്റെ അഭിപ്രായത്തിൽ ആ ചിത്രങ്ങളിൽ അന്തർലീനമായി ഒരു ഗണിതക്രമവും ശക്തിയുമുണ്ട്. പാസ്കൽ ഗണിതം സ്വപ്നം കണ്ടിരുന്നു.ഒരു പുസ്തകവും പഠിക്കാതെയും യൂക്ലിഡിന്റെ പ്രൊപ്പോസിഷനുകൾ അദ്ദേഹം സ്വയം ദർശിച്ചു. തത്വചിന്തകനും താർക്കികനുമായ സോൾ ക്രിപ്കേ നാലാം ക്ലാസിലാവുമ്പോഴെക്കും ആൽജിബ്ര വശത്താക്കി. രണ്ടുസംഖ്യകളുടെ തുകയെ അവയുടെ വ്യത്യാസം കൊണ്ട് ഗുണിച്ചാൽ , ചെറിയ സംഖ്യയുടെ വർഗ്ഗത്തെ വലിയതിന്റെ വർഗ്ഗത്തിൽനിന്ന് കിഴിച്ച ഫലം കിട്ടുമെന്ന് കുട്ടിയായിരിക്കെത്തന്നെ കണ്ടുപിടിച്ചു. ഈ നിയമത്തെ ഏതു സെറ്റ് സംഖ്യക്കും ബാധകമാക്കിയിട്ട് ആ കുട്ടി ആള്ജിബ്രയുടെ കേന്ദ്രസ്ഥാനം സ്പർശിച്ചു.

1. 6+4= 10   6—4=2
   10X 2=20
2. 6X6=36   4X4=16
   36-16=20
3. (x+y)X (X—Y)= X^2-- Y^2

ഗോഡ്വിന്റെ അഭിപ്രായം ശ്രദ്ധാപൂർവ്വം പഠിച്ചാൽ ഓരോ വ്യക്തിയിലും ഇത്തരം ശൈശവാനുഭവങ്ങൾ കണ്ടെത്താമെന്നാണ്. ഭൌതികവസ്തുക്കളും അവയുടെ പ്രവർത്തനവും പഠിക്കുന്ന ഫിസിസിസ്റ്റും ശൈലികൾ(പാറ്റേണ് പഠിക്കുന്ന ഗണിതജ്ഞനും പാരഡോക്സുകൾ .യഥാർത്ഥസത്യത്തെക്കുറിച്ചുള്ള

പ്രശ്നങ്ങൾ , സിദ്ധാന്തങ്ങളുടെ പാരസ്പര്യം ഇവ പഠിക്കുന്ന തത്വജ്ഞാനി യും താർക്കികഗണിതബുദ്ധി വികസിച്ചവരാണ്. ഈ ബുദ്ധി യാദൃച്ഛികമോ കർമ്മഫലമോ വാസനാഫലമോ ജനിതകഫലമോ പരിസ്ഥിതിഫലമോ എന്ന കാര്യത്തിലാണ് വിവാദം. നോബൽസമ്മാനാർഹനായ ഫിസിസിസ്റ്റ് ഐ.ഐ. റാബി ഫിസിക്സ് ഈ ദൃശ്യപ്രപഞ്ചത്തിന്റെ ശാസ്ത്രമേ അല്ല എന്നാണ്. “Physics is an otherworldly thing, it requires a taste for things unseen, even unheard of – a high degree of abstraction . “ഫിസിസിസ്റ്റുകള്ഒരുപാട് ഗ്രഹിക്കുന്നു. Volfgang Pauli പറഞ്ഞു: “ I know a great deal, I know too much. I am a quantum ancient “. അവരെല്ലാം കാണ്ഡം പഴക്കമുള്ള ഭൂസുണ്ഡന്മാരാണ്, ജ്ഞാനവൃദ്ധരാണ്.

30000 കൊല്ലം മുമ്പ് പഞ്ചാംഗം ജനിച്ചു, സംഖ്യാശാസ്ത്രവും ജനിച്ചു. ലിപി ക്കു മുമ്പ് ഗണിതമുണ്ടായെന്ന് ഗാഡ്നർ. ശിലായുഗത്തിൽത്തന്നെ മനുഷ്യർക്ക് താർക്കികഗണിതബുദ്ധി ജനിച്ചിട്ടുണ്ട്. സംഖ്യ എണ്ണാൻ വലത്തുമസ്തിഷ്കം. ഗണിതസിംബലുകളും ഭാഷയും ഇടത്തെ മസ്തിഷ്കം. ശരീരഭാഗങ്ങളെ എണ്ണുന്ന പാപ്പ ന്യൂ ഗിനിയക്കാർ, കവിടിവെച്ച് കച്ചവടം ചെയ്തിരുന്ന ആഫ്രിക്കക്കാരും കേരളീയരും, പൂജ്യം കണ്ടുപിടിച്ച ഭാരതീയർ ഇവരെല്ലാം ഇക്കാര്യത്തിൽ പാശ്ചാത്യരേക്കാളും മുന്നിലാണ്. ജ്യാമിതി, ആൾജിബ്ര, കാൽക്കുലസ് ഇവ ഭാരതീയർക്ക് അറിയാമായിരുന്നു. പാശ്ചാത്യർ മാർക്കറ്റ് ഇക്കോണമിയ്ക്ക് മാത്രം സംഖ്യാശാസ്ത്രത്തെ ഉപയോഗിച്ച കാലത്ത് പൌര സ്ത്യരും അമേരിക്കൻ ഗോത്രവർഗ്ഗക്കാരും അതിനെ സത്യാന്വേഷണത്തിനുപ യോഗിച്ചു. ആഫ്രിക്കക്കാരുടെ സംഖ്യാശാസ്ത്രനൈപുണ്യം ചൂണ്ടിക്കാട്ടുന്ന താണ് അവരുടെ മലാങ് എന്ന ഓഹ്വാറീക്കളി. കല എന്നും ഇതിനു പേരു ണ്ട്. ഒരു ബോർഡിൽ കുറെ കുഴികളും അതിൽ കുറെ കുരുക്കളും. ഒറ്റയോ ഇരട്ടയോ എന്നുനോക്കി കുരു സ്വന്തമാക്കുന്ന ഈ കളി തെക്കേ ഇന്ത്യയില് ഇന്നും പ്രചാരത്തിലുള്ള പഴയ ഒരു കളിയാണ്. യഹൂദർക്ക് പ്രവചനശേഷി യും സംഖ്യാപരമായ കഴിവും ഒന്നാണ്. (ഗണിതജ്ഞർ നല്ല ജ്യോതിഷികളുമാ ണ് ഭാരതത്തിലും). മദ്ധ്യകാലം വരെ ഇസ്ലാം ക്രിസ്തീയപണ്ഡിതർ, ഇന്ത്യയി ലെ മാന്ത്രികചതുരങ്ങൾ പ്ലേഗ് തടയാനും വംശവർദ്ധനവിനും ഉപകരിക്കു മെന്ന് വിശ്വസിച്ചിരുന്നു. സംഖ്യക്കു പകരം വാക്കും അക്ഷരസംഖ്യയും ഉപ യോഗിക്കുന്ന ഇന്ത്യൻപദ്ധതിയും കാവ്യരൂപത്തിലുള്ള അവരുടെ ജ്യോതിഷ ഗ്രന്ഥങ്ങളും ലോജിക്കൽമാത്തമാറ്റിക്കൽ, ലിംഗ്വിസ്റ്റിക്ക് ബുദ്ധികളുടെ ഒരു സമന്വയമായിരുന്നു. ഭാരതത്തിൽ ശബ്ദശാസ്ത്രത്തിന്റെ ഒരു ശാഖയാണ് ജ്യോതിഷം. തർക്കശാസ്ത്രം മറ്റൊരു ശാഖയും.

ഐൻസ്റ്റൈന്റെ ആപേക്ഷികതാസിദ്ധാന്തത്തിന്റെ മനഃസങ്കൽപ്പം പറയാം. A എന്ന പിണ്ഡം സങ്കൽപ്പിക്കുക. അത് ആകാശത്തിൽ നേർരേഖയിൽ സഞ്ചരി ക്കുന്നു എന്ന് സങ്കൽപ്പിക്കുക. വടക്കുനിന്ന് തെക്കോട്ടാണ് സഞ്ചാരദിശ.

പിണ്ഡത്തിനു ചുറ്റും വലിയ ഒരു സ്ഫടികഗോളമുണ്ട്. അതിൽ പരസ്പരം സമാന്തരമായും സഞ്ചാരദിശക്ക് 90 ഡിഗ്രിയിലും കുറെ വൃത്തങ്ങളുണ്ട്.

B മറ്റൊരു പിണ്ഡം. അത് വൃത്തങ്ങളുടെ ഒരറ്റത്തായി സ്ഫടികഗോളത്തെ സ്പർശിക്കുന്നു. ബിയുടെ സ്പർശബിന്ദു ഏറ്റവും വലിയ മദ്ധ്യവൃത്തത്തിനു തൊട്ട് താഴെയാണ്. എയും ബിയും ഒരേ ദിശയിൽ സഞ്ചരിക്കുന്നുണ്ട്. ബി, വൃത്തത്തിൽ തന്റെ സ്പർശബിന്ദുവിൽനിന്ന് നിരന്തരം ആദേശം ചെയ്യപ്പെടുന്നു. അതിനാൽ, ഉത്തരദിശയിലുള്ള ചലനമാകുന്ന കാലത്തിലും ദേശത്തിലും ബി ഒരു സ്പൈറൽപഥം ഉണ്ടാക്കുന്നു. പക്ഷേ എ എന്ന പിണ്ഡത്തിലിരുന്ന് നോക്കുന്ന ഒരാൾക്ക്, ബി ഉണ്ടാക്കുന്നത് വൃത്താകൃതിയിലുള്ള പഥമാണ്. സ്പൈറലല്ലഎന്ന് തോന്നും. (സമാനകൽപ്പനകൾക്ക് സുവർണ്ണം വേദ എന്ന ഛാന്ദോഗ്യഉപനിഷദ് സ്വാദ്ധ്യായം , സുധാസിന്ധു കാണുക)

തോന്നലുകൾ അഥവാ സങ്കൽപങ്ങൾ സ്വപ്നസദൃശമാണ്, മിഥ്യയാണ്, മായയാണ്. പ്രപഞ്ചാവബോധം ഉണ്ടായ ഒരു ജനതയുടെ തത്വശാസ്ത്രം മായ എന്ന പദത്തിന്റെ ഈ അർത്ഥത്തെ ശരിക്ക് ഗ്രഹിച്ചുതന്നെയാണ് അത് പറയുന്നത് .ഇന്നത്തെ ശാസ്ത്രലോകം illusion എന്നും പഴയ ശാസ്ത്രലോകം മായ എന്നും വിളിക്കുന്ന ആപേക്ഷികപ്രപഞ്ചം ഇന്നും എന്നും മനുഷ്യബുദ്ധിയെ വിഭ്രമിപ്പിക്കുന്നു.

വൈരുദ്ധ്യങ്ങളുടെ സമന്വയം

1. അദ്വൈതം

സമസ്തപ്രപഞ്ചവും സ്പന്ദങ്ങളുടെ(ചലനങ്ങളുടെ) സമാഹാരമാണ് എന്നും ചിലകാലങ്ങളിൽ ഈ സ്പന്ദങ്ങൾ മേൽക്കുമേൽ നിലച്ച് സൂക്ഷ്മതരങ്ങളായി ത്തീരാൻ ഇടയുണ്ടെന്നും പുരാതനഹൈന്ദവദർശനവും ആധുനികശാസ്ത്രവും കരുതുന്നു. ഋഗ്വേദം മണ്ഡലം 10 സൂക്തം 129 ഈ അവസ്ഥയെ വിവരിക്കുന്നു. സ്പന്ദരഹിതമായി

നിശ്ചലമായി സ്ഥിതി ചെയ്യുന്ന ഒന്ന് സ്പന്ദിക്കാൻ തുടങ്ങുമ്പോ ൾ അതിൽനിന്ന് ജഗത്തു മുഴുവനും വെളിപ്പെടുന്നു. ജഗത്ത് എന്ന പദം തന്നെ ചലനാത്മകം എന്ന് ദ്യോതിപ്പിക്കുന്നു.പൂര്ൺണത്തിൽനിന്ന് പൂർണ്ണം ഉണ്ടായിട്ടും പൂർണ്ണം പൂർണ്ണമായിത്തന്നെ നിന്നു. അതായത് എക്സിൽനിന്ന് വൈ ഉത്ഭവിച്ചു എന്നോ, എക്സ് എന്ന ഈശ്വരൻ,വൈ എന്ന പ്രപഞ്ചം സൃഷ്ടിച്ചു എന്നോ കരുതി യാൽ, ഗണിതശാസ്ത്രപ്രകാരം എക്സ്—വൈ. സൃഷ്ടിക്കുശേഷമുള്ള എക്സ് ആദ്യമു ണ്ടായിരുന്നതില്നിന്ന് വൈ ഭാഗം കുറഞ്ഞിരിക്കണം. അതുണ്ടായില്ല എന്ന് ഉപനിഷത്ത്. എങ്കിൽ, എക്സ് വൈ ആയി പരിണമിച്ചു എന്ന് കരുതാമോ. അചഞ്ചലമായ ഒന്ന് ചഞ്ചലമായി പരിണമിച്ചു എന്നാൽ, അതിന്റെ അചഞ്ച ലത്വമെന്ന ഗുണം ഇല്ലാതാവും. ഒരു ഗുണം അതിന്റെ വിപരീതഗുണം അരികിൽ വന്നാൽ ഒന്നുകിൽ വിലകിപ്പോകണം, അല്ലെങ്കിൽ നശിച്ചുപോകണം. ഋണധന ധ്രുവങ്ങളെപ്പോലെ. അതേ സമയത്ത് ഒരു വസ്തു ഉണ്ടാവുന്നത് അതിന്റെ വിപരീതവസ്തു ഉള്ളതുകൊണ്ടാണ്. ദുഃഖമുള്ളതുകൊണ്ടാണ് സുഖം അറിയുന്നത്. ഇരുട്ടുള്ളതുകൊണ്ടാണ് പ്രകാശം ഉണ്ടാവുന്നത്. ഇരുട്ടിനെ തുടർന്ന് വെളിച്ചം വരുന്നു.

പക്ഷേ ഇരുട്ടിന് വെളിച്ചമാകാൻ വയ്യ.
വസ്തുക്കൾക്ക് രൂപപരിണാമം വരാം. ഗുണത്തിന് വരില്ല. തണുത്ത വസ്തു ചൂടുള്ള വസ്തുവായി മാറാം. തണുപ്പിന് ചൂടാവാനാവില്ല. അതായത്, സഗുണയായ പ്രകൃതി നിര്ഗുണത്തെ തുടർന്നു വരും.സഗുണമായ എന്തിനും നാശമുണ്ട്. എന്നാൽ നിർഗുണമായത് നശിക്കു ന്നില്ല. പ്രകൃതിവസ്തുക്കൾ നശിക്കുന്നു, സത്തയായ പ്രകൃതിക്ക്, പ്രപഞ്ചത്തിന്, നാശമില്ല. അനുസ്യൂതമായ
കാലപ്രവാഹത്തിൽ,സമയത്തിന്റെ ഓരോ ബിന്ദുവും ഒന്നിനോടൊന്ന്
സമമാകയാൽ,സൃഷ്ടിസ്തിതിസംഹാരങ്ങൾ
അനുനിമിഷം നടന്നുകൊണ്ടിരിക്കുന്ന ചഞ്ചലയും സഗുണയുമായ പ്രകൃതിയും വാസ്തവത്തിൽ അനാദിയും നിത്യയുമാവണം. എങ്കിലെന്തുകൊണ്ട് ഈ അനിശ്ചിതത്വം- ഈ ചാഞ്ചല്യം-
അനുഭവപ്പെടുന്നു.ശങ്കരൻ പറയുന്നു- ഈ വൈരുദ്ധ്യാത്മകത്വം സാന്തമായ ഒന്നിന് അനന്തമായ ഒന്നിനെക്കുറിച്ച് ബോധം വരുത്താനുള്ള ഒരുപാധി മാത്രമാണ്. അതിനെത്തന്നെ പരമാർത്ഥസത്ത എന്ന് തെറ്റിദ്ധരി ക്കാതിരിക്കുക
എന്ന്.പ്രതിബിംബമുണ്ടെങ്കിൽ
പ്രതിബിംബമുണ്ടാക്കിയ യഥാർത്ഥ
വസ്തുവുമുണ്ടാകണം. ചലനാത്മകമായ

ഒന്നുണ്ടെങ്കിൽ അതിന്നാധാരമായി അചഞ്ചലമായ ഒന്നുണ്ടാവണം. ഇത് മനസ്സിലാക്കിത്തരിക മാത്രമാണ് വൈരുദ്ധ്യാത്മകപ്രകൃതിയുടെ ഉദ്ദേശം.

സംസാരത്തിന്റെ ആദിയായ ആരംഭത്തിന്റെ പ്രശ്നം സ്വയംവിരോധിയാണെന്നും ശങ്കരൻ പറയുന്നു. കാലത്തിന്റെ സത്തക്കു തന്നെ ഉപാധിയായ ഒന്നിനെ കാലത്തിൽ അന്വേഷിക്കലാണത്. ബ്രഹ്മത്തിനും ജഗത്തിനും സത്ത എന്ന സാമാന്യഗുണമുണ്ട്. കാര്യം വിശേഷഗുണസീമിതമാണ്. കാരണം അങ്ങനെയല്ല. ജഗത്ത് എന്ന കാര്യത്തിന്റെ കാരണമായി ബ്രഹ്മത്തെ കരുതുന്ന പക്ഷം ബ്രഹ്മം ജഗത്തിനെ അതിശയിക്കുന്ന മേന്മയുള്ളതാണെന്ന് വരും. എന്നാൽ മൌലിക മായ ബ്രഹ്മസ്വരൂപത്തിലാകട്ടെ, ഒരേ സാമാന്യലക്ഷണമുള്ള ബ്രഹ്മവും ജഗത്തും,-കാര്യവും കാരണവും- സമാനമാണെന്ന് വരുന്നു. സാംഖ്യശാസ്ത്രകാരനായ കപി ലനും പിൽക്കാലത്ത് പൈത്തഗോറസ്സും അരിസ്റ്റോട്ടിലും ഹെഗലും മാർക്സും ഒരേ ഗുണപരിണാമവാദം ഉപയോഗിച്ചാണ് ഒന്നിനെ മറ്റൊന്നെന്ന് സമർത്ഥിക്കുന്ന ത് . ഉദാഹരണമായി വിൽപ്പനയും വാങ്ങലും ഒന്നുതന്നെ എന്ന് മൂലധനത്തിൽ മാർക്സ് സിദ്ധാന്തിക്കുന്നതെപ്രകാരമെന്ന് നോക്കുക:- ഒന്ന് മറ്റൊന്നിന്റെ രൂപാ ന്തരമാകയാൽ രണ്ടും ഒന്ന്.

മൂല്യമനുസരിച്ചാണ് പ്രതീകത്തിന്റെ വില. മൂല്യത്തിന്റെ പ്രതീകമായ നാണ്യം ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുമ്പോൾ അസമത്വമുണ്ടാവുന്നു. ഇവിടെ മാർക്സ് മൂല്യത്തിനല്ല, പ്രതീകത്തിനാണ് പ്രാധാന്യം കൽപ്പിക്കുന്നത്. ഇതുപോലെത്തന്നെയാണ് പഴയ ആത്മീയചിന്തകർ വിഗ്രഹങ്ങൾക്ക് പ്രതീകാത്മകത്വം കൊടുത്തത്. വിഗ്രഹമില്ലാതെയും മൂല്യമറിയാൻ സാധകനു കഴിയും. അതിനു കഴിയാത്തവർക്ക് പ്രതീകം ആവശ്യമാണ്. ബുദ്ധിപരമായി എല്ലാവരും സമമല്ല എന്നും ബുദ്ധി കുറഞ്ഞവർക്ക് വിഗ്രഹം(പ്രതീകം) വേണമെന്നും മനസ്സിലാക്കാനുള്ള ചരിത്ര ബോധം ഭാരതം കാണിച്ചു. താനെത്തിയ പദം പ്രാപിക്കാൻസാധാരണക്കാരന് വന്നേക്കാവുന്ന വിഷമം മനസ്സിലാക്കി, പ്രതീകത്തെ ഒരു ഊന്നുവടിയായി ഉപ യോഗിക്കുന്നതിൽ തെറ്റില്ലെന്ന് ശങ്കരാചാര്യർ കരുതി. പ്രപഞ്ചം മൂല്യത്തിന്റെ (ബ്രഹ്മം) പ്രതീകമാണ് . ബിംബപ്രതിബിംബാത്മകരൂപമാകയാൽ അവിടെ ഗുണപരിണാമം സംഭവിക്കുന്നില്ല. വ്യക്തികളുടെ കാഴ്ചപ്പാടിലെ വ്യത്യാസത്താൽ ഗുണപരിണാമം വന്നതായി തോന്നുകയാണ് എന്ന വിവർത്തവാദത്തിന് ഗുണപരിണാമവാദത്തോട് എതിർപ്പല്ല, അനുഭാവമാണുള്ളത്. രൂപാന്തരം

വരുന്നു എന്നതുതന്നെ ഒരു തോന്നലാണ്. അൽപ്പം കൂടി ഉയർന്ന തലത്തിലേക്ക് പ്രവേശിച്ചാൽ ഈ തോന്നലും ഇല്ലാതാവുമെന്നാണ് ശങ്കരൻ പറയുന്നത്. ദേശകാലനിമിത്തങ്ങളാൽ സങ്കുചിതമാക്കപ്പെട്ടതെന്തും വെറും പ്രതീതികളാണ്, തോന്നലുകളാണ്, എല്ലാക്കാലവും വർത്തമാനമായിരിക്കുന്നതു മാത്രമാണ് പരമാ ർത്ഥം എന്ന് പറയുന്ന ശങ്കരൻ കാലദേശരൂപമായ ജഗത്ത് യാതൊ ന്നിന്റെ വിവർത്തമോ വിപരിണാമമോ ആണോ അതാണ് ബ്രഹ്മമെന്ന വിവർത്തവാ ദത്തിലൂടെ ജഗത്ത് ബ്രഹ്മത്തിന്റെ നിഴലാണെന്ന് സ്ഥാപിക്കുന്നു. ഇത് ഗ്രഹിച്ചാ ൽ ജഗത്ത് ഇല്ലെന്നല്ല, ജഗത്ത് ആപേക്ഷികമാണെന്നാണ് ശങ്കരൻ വാദിക്കുന്ന തെന്ന് വ്യക്തമാവും.

അദ്വൈതസമുദ്രത്തില്കൊതുമ്പുതോണിക്കും കപ്പലിനും ഒപ്പം ചരിക്കാം.ആരുടെ ദർശനത്തേയും അത് കുറ്റപ്പെടുത്തുന്നില്ല, ആപേക്ഷികത കുറ്റമ ല്ലല്ലോ. അവനവന്റെ വളർച്ചയുടെ തലത്തിൽനിന്നുകൊണ്ട് പൂർണ്ണസ്വാതന്ത്ര്യ ത്തോടെ അഭിപ്രായം പ്രകടിപ്പിക്കാം. എത്രകണ്ട് വളരാമോ അത്രകണ്ട് വളരാം. തർക്കവിചാരം കൊണ്ട് തെളിയിക്കാനാവാത്ത യാതൊന്നിനേയും അദ്വൈതി സ്വീകരിക്കുന്നില്ല. അതിനെ

സ്വാനുഭവവിധേയമാക്കലാണ് അദ്വൈതിയുടെ പരമലക്ഷ്യം.

ഇനിയൊരു ചോദ്യം. ആത്മാവും ബ്രഹ്മവും ഒന്നാണെങ്കിൽ ബ്രഹ്മത്തെ പരമാ ർത്ഥസത്തയായി അംഗീകരിക്കാനാവുമോ. ഈ ചോദ്യത്തിൽ ആത്മാവെന്നാൽ ജീവാത്മാവ്. ശരീരത്തിന്റെ അന്ത്യത്തോടെ ജീവാത്മാവും അവസാനിക്കുന്നു എന്ന ധാരണ ചോദ്യകർത്താവിന്റെ ഉള്ളിലുള്ളതിനാലാണ് ഈ ചോദ്യം. ജലോപരി വന്ന് പൊട്ടിപ്പോകുന്ന കുമിളയോട് ശരീരത്തെ ഉപമിക്കാം. കുമിള പൊട്ടുമ്പോൾ കുമിളാരൂപം നൽകിക്കൊണ്ട് അതിന്നകത്തിരുന്ന ആകാശം (വായു)ആകാശത്തിൽ ലയിക്കുന്നു. കുടം ഉടയുമ്പോൾ അതിലെ ആകാശം നശിക്കുന്നില്ല, പുറത്തെ ആകാശത്തിലേക്ക് ലയിക്കുന്നു. രൂപനാമങ്ങളേ നശ്വരമായുള്ളു. ഉള്ളിലെ നിത്യവസ്തു അനശ്വരം. രണ്ട് നിത്യവസ്തുക്കളുണ്ടാവുക യില്ല. രണ്ട് അനിത്യവുമില്ല. അതിനാൽ സർവ്വവും ഏകമാണ്.

ആത്മാവ് = ബ്രഹ്മം ആത്മാവ് സംഘാതമല്ല, അതിനാലതിന് വിഘാതവുമില്ല, വിഘടിക്കാത്തത് മരണമില്ലാത്തതാണ്(അമൃതം)

ആത്മാവ് = അമൃതം

ബ്രഹ്മം = അമൃതം   ആത്മാവ് = ബ്രഹ്മം

X=Y   Y=Z ,X= Z

സ്പന്ദം, ചലനം,സ്ഫുരണം , സ്ഫുലനം, ഭ്രമണം ഇവയുടെ ആകത്തുകയാണ് നാം നിരീക്ഷണവിഷയമാക്കിക്കൊണ്ടിരിക്കുന്ന സകലവും .ഘടകങ്ങളിലൊന്നിന്റെ അതിസൂക്ഷ്മമായ ഒരു കണികക്ക് സ്ഥാനഭ്രംശം വന്നാലും കൂടി വസ്തുവിന്റെ സ്വഭാ വത്തിന് മാറ്റം വരും. എന്നാൽ ലോ ഓഫ് കൺസർവേഷൻ ഓഫ്എനർജി പ്രകാരം ആകത്തുകയായ സത്തക്ക് മാറ്റവുമില്ല. ഉള്ളത് ഇല്ലാതാവുക, ഇല്ലാത്ത ത് ഉണ്ടാവുക –ഇത് യുക്തിക്ക് നിരക്കാത്തതാണ്. ഉള്ളതൊക്കെ പണ്ടേഉണ്ട്, ഇനിയും ഉണ്ടാവുകയും ചെയ്യും എന്നതാകട്ടെ 100 ശതമാനം യുക്തിക്ക് നിരക്കുന്ന തും. ഈശ്വരൻ പുതിയതായി ഒന്ന് സൃഷ്ടിച്ചു എന്ന കൽപ്പന തന്നെ ഇവിടെ യുക്തിഭംഗമാവുന്നുണ്ട്. പുതിയതായി ഒന്നും സൃഷ്ടിക്കപ്പെടുന്നില്ല, സൃഷ്ടി എന്ന ഒന്നില്ല. അഭിവ്യക്തി എന്നാണ് യോജിച്ച പദം. സർഗ്ഗക്രമം അനന്തമാണ്, അനാദിയാണ്. അതിൽ പുതിയവ പഴയവയുടെ മാതൃകയിൽ യഥാക്രമം അഭിവ്യക്തമാവുകയാണ്. (ഋഗേ്വദം)

ആത്മാവിനെ അവിദ്യ ബാധിക്കുന്നില്ല.നിത്യശുദ്ധമുക്തമായ ഒന്നിനെ അവിദ്യ ബാധിക്കുന്നു എന്നത് ഭ്രമം (തോന്നൽ) മാത്രമാണ്. സൂര്യന്റെ ഛായ ജലത്തിൽ നൂറായി

ചിതറിക്കാണാം. ചളിക്കുളത്തിൽ ഛായ കാണുകയെ ഇല്ല. പക്ഷേ ഛായയുടെ ഈ നാനാത്വം സൂര്യന് ബാധകമേ അല്ല. ആത്മാവിൽ മനസ്സെന്ന കണ്ണാടി അദ്ധ്യാരോപം ചെയ്യുന്ന ഗുണങ്ങൾ, ഏകമേവാദ്വിതീയമായ അതിനെ ബാധിക്കുന്നില്ല. പ്രതിബിംബത്തിന്റെ തകരാറ് കണ്ണാടിയുടെ തകരാറിനെ ചൂണ്ടി ക്കാട്ടുന്നു. വ്യാവഹാരികവ്യക്തിത്വം അയഥാർത്ഥമെങ്കിൽ, ആ വ്യക്തിത്വത്തിന് താൻ ബ്രഹ്മമാണെന്ന് എങ്ങനെ അറിയാൻ കഴിയും. കണ്ണാടി ശുദ്ധവും തിളക്ക മുള്ളതുമാണെങ്കിൽ സത്യത്തിന്റെ യഥാർത്ഥപ്രതിബിംബം അതിൽ പതിക്കും. അല്ലെങ്കില് വികൃതമോ മങ്ങിയതോ ആണ് കാണുക. സ്വന്തം കണ്ണാടി ശുദ്ധ മാക്കിവെക്കാത്ത വ്യാവഹാരികവ്യക്തിത്വങ്ങൾക്ക് ആത്മരൂപം ന്യൂനമായി കാണുന്നു. ആ ന്യൂനമായ ഛായയെ സത്യമെന്ന് കരുതി അവർ വ്യാഖ്യാനിക്കു ന്നു. സ്വാർത്ഥം, ലോഭം, കാമം എന്നിവയുടെ അഴുക്ക് തുടച്ച് വൃത്തിയാക്കിയ അന്തഃകരണത്തിൽ മാത്രം അന്യൂനമായ പ്രതിബിംബം കാണുന്നു. ആ ഹൃദാകാ ശത്തിൽ ചിദാകാശം ആത്മരൂപത്തിൽ പ്രകാശിക്കുന്നു. ഈ ഒരു കാര്യത്തിൽ ആധുനികശാസ്ത്രജ്ഞരും പൌരാണികശാസ്ത്രജ്ഞരും തമ്മിൽ വലിയ

വ്യത്യാസ മുണ്ട്. ശങ്കരനടക്കമുള്ള പ്രാചീനസത്യാന്വേഷികൾ ശുദ്ധമായ ഒരു ജീവിതചര്യക്ക് അതിപ്രാധാന്യം നൽകുന്നു. ആധുനികരിൽ പലർക്കും തത്വചിന്തയും സ്വജീവിതവും വെവ്വേറെയാണ്. ജീവിതത്തിൽ പകർത്തിക്കാട്ടേണ്ടതാണ് തത്വചിന്ത എന്നോ തത്വചിന്ത ഉത്കൃഷ്ടമാവാൻ പരിശുദ്ധജീവിതവും ആവശ്യമാണെന്നോ ആധുനികരിൽ പലരും കരുതുന്നില്ല.

ബ്രഹ്മജ്ഞാനമെന്നാൽ ബ്രഹ്മത്തെ കുറിച്ച് നേടുന്ന താത്വികമായ അറിവു മാത്രമ ല്ല, താർക്കികമനസ്സിനേക്കാൾ ഉന്നതമായ ഒരു ഭൂമിക നമ്മുടെ ഉള്ളിലുണ്ട്. നിര പേക്ഷജ്ഞാനം പൂർ്ണ്ണാനുഭവമാണ്. അത് നമ്മുടെ ജീവിതത്തിന് അനിർവ്വചനീ യമായ ഒരു രൂപാന്തരം ഉണ്ടാക്കുന്നു. ആനന്ദത്തിന്റെ അന്തഃസാരം, ആത്മോ ത്കർഷം,മാനവാതീതമായ സത്ത എന്നൊക്കെ റസ്സൽ പേരിടുന്ന ഭാവം ഈ അനുഭവ ത്തെ തുടർന്നുവരും. ഇത് സാക്ഷാത്കാരമാണ്. ഈ അനുഭവം ഏതെങ്കിലുമൊരു വസ്തു വിന്റേയോ മനോവൃത്തിയുടേയോ മാത്രം ബോധമല്ല. ഒരാൾ തന്നിൽത്തന്നെ സമസ്തപ്രാണി കളുടേയും ജീവശക്തിയേയും ആധാരഭൂമിയേയും അഗാധതലത്തേയും അറിയുകയും കാണുകയും സ്നേഹിക്കുകയുമാണ്. ഈ ആത്മാനുഭൂതി അതിന്നായി സന്നദ്ധമാക്കപ്പെട്ട- സജ്ജമായ- ഒരു മനസ്സിലേ ഉണ്ടാവുകയുള്ളു.

ശതശ്ലോകി ബ്രഹ്മാനുഭവത്തെ സ്വാനുഭൂതി, നിർ്ണ്ണയാത്മകമായ നിശ്ചിതത്വം(ഉപപത്തി) എന്നിങ്ങനെ രണ്ടു പ്രകാരങ്ങൾ ഉൾക്കൊള്ളുന്നതായി പറയുന്നു. ആദ്യം ഞാൻ ബ്രഹ്മമാ ണെന്ന് അനുഭവമുണ്ടാവുന്നു(ബ്രഹ്മം അസ്മീതി അനുഭവഃ)ഇത് ശരീരസംബന്ധം കൊണ്ടുള്ള സ്വാനുഭൂതിയാണ്. (ദേഹാനുബന്ധാത്). പിന്നീട്, ഇതെല്ലാം ബ്രഹ്മമാണ് (സർവ്വം ഖലു ഇദം ബ്രഹ്മം) എന്ന ബോധം ഉദിക്കുന്നു. ഉപപത്തി വിശ്വത്തോടുള്ള വ്യക്തിയുടെ സംബന്ധം കൊണ്ടുണ്ടാവുന്നു. (സർവ്വാത്മകത്വാത്) അദ്വൈതാനുഭവം സ്വാർത്ഥചിന്തയിൽനിന്നും ഭേദഭാവനയിൽനിന്നും (മായ)മോചിതനാകാത്ത ഒരാളിലുണ്ടാവുകയില്ല. മായയിൽനിന്നു മുക്തനായ വ്യക്തിക്കോ, അദ്വൈതാനുഭവം മാത്രമാണ് പരമാർത്ഥസത്ത. അതിന്റെ യഥാർത്ഥസ്വരൂപത്തെ പൂര്ണ്ണമായി നിർണ്ണയിക്കാൻ അപൂർണ്ണമായ വാക്കിനും മനസ്സിനും സാദ്ധ്യമല്ലെന്നും അത് അനിർവ്വചനീയമാണെന്നും അയാൾക്കറിയാം. അതുകൊണ്ടാണ് ഞാനറിഞ്ഞു എന്ന് പറയുന്നവർ ബ്രഹ്മത്തെ അറിഞ്ഞിട്ടില്ലെന്ന് പറയുന്നത്.

അറിയുന്നവനും അറിയപ്പെടുന്നതും അറിവും കൂടിച്ചേർന്ന അനുഭൂതി ആത്മസാക്ഷാത്കാര ത്തിന്റെ അന്ത്യത്തിൽ ബ്രഹ്മമല്ലാതെ മറ്റൊന്നില്ല എന്നറിയുന്നതിനു തുല്യമാണ്. ലക്ഷ്യത്തി ലെത്തുമ്പോൾ യാത്രയും യാത്ര ചെയ്തവനും അയഥാർത്ഥവും ലക്ഷ്യം മാത്രം യഥാർത്ഥവും ആയിത്തീരുക. ഇതെങ്ങനെ യുക്തിക്ക് നിരക്കുന്ന പ്രമാണമാവും. താഴ്ചയിൽനിന്ന് ഉയർച്ച യിലേക്ക് പ്രയാണം ചെയ്യുന്ന വ്യക്തി , തന്റെ ആദ്യത്തെ അവസ്ഥയുടെ അയഥാർത്ഥത എപ്രകാരം മനസ്സിലാക്കുന്നു

എന്ന് നേരത്തേ പറഞ്ഞു. പരമോന്നതമായ തലത്തിലെത്തി തിരിഞ്ഞുനോക്കുമ്പോൾ, താനിതുവരെ സത്യമെന്ന് കരുതിയവ ആപേക്ഷികസത്യങ്ങളായി രുന്നു എന്നും അവ പരമസത്യത്തിലേക്ക് നയിക്കുന്ന സോപാനത്തിന്റെ പടികൾമാത്രമാ യിരുന്നു എന്നും മനസ്സിലാവുന്നു. തനിക്കിനി ആ സോപാനത്തിന്റെ ആവശ്യമില്ല എന്നും. പക്ഷേ തിരിഞ്ഞുനോക്കുമ്പോൾ, കടന്നുവന്ന വഴിയിൽക്കൂടി തപ്പിത്തടഞ്ഞ് വഴിമുട്ടി അന്വേഷി ക്കുന്ന നിരവധി സഹജീവികളെ കാണുന്നു. അവരോട് സോപാനപ്പടികളെ ഉപേക്ഷിക്കാനല്ല, ഉപയോഗപ്പെടുത്തി മുകളിലേക്ക് കയറിവരാനാണ് ജ്ഞാനി ഉപദേശിക്കുക. ഞാനിതാ പരമാർത്ഥസത്തയെ അനുഭവിച്ചിരിക്കുന്നു. ഈ പാത പിന്തുടർന്നു വരൂ, സത്യത്തെ അനുഭവിക്കൂ. ഇതുവരെ കണ്ടതും കേട്ടതും ആപേക്ഷികസത്യങ്ങളാണ്, പരമാർത്ഥമല്ല എന്ന് അവരോട് പറയുന്നു.

തർക്കത്തിന്റെ കൂലങ്കഷമായ പരിശോധനയെ ചെറുത്തുനിൽക്കാൻ കഴിയാത്ത യാതൊന്നി നേയും സത്യമായി അംഗീകരിക്കേണ്ടതില്ല എന്ന് ശങ്കരൻ പ്രസ്താവിക്കുന്നു. ഭാരതീയദർശ നത്തിൽ ഡോ, രാധാകൃഷ്ണന്റെ വാക്കുകൾ:- ശങ്കരന്റെ അദ്വൈതം പ്രാചീനശിക്ഷയുടെ തുടക്കമൊണോ പുനരാഖ്യാനമാണോ അനുബന്ധമാണോ എന്ന് നിശ്ചയിക്കാൻ വിഷമമാണ്. നമുക്ക് പഴയതിൽനിന്ന് പുതിയതിനെ തിരിച്ചറിയാൻ കഴിയില്ല. എന്തെന്നാൽ, ജീവിത ത്തിൽ പഴയത് പുതിയതും പുതിയത് പഴയതുമാണ്. Age produces its effects on all structures and an epoch must arrive , however remote it be, at which they would be reduced to a state which will necessitate their

reconstruction എന്ന് ലാഡ്നറെ ഉദ്ധരിച്ച് മാർക്സും പറയുന്നു. എവിടെയെവിടെ ധർമ്മത്തിന് ഗ്ലാനി സംഭവിക്കുമോ, എവിടെയെവിടെ അധർമ്മം വള രുന്നുവോ, അവിടെ ധർമ്മസംസ്ഥാപനത്തിനായി ഈശ്വരശക്തി അവ തരിക്കുന്നു (ഗീത). സദാ കറങ്ങുന്ന വൃത്തത്തിൽ ഓരോ ബിന്ദുവും ഒരേ സമയം വരികയും പോകയും ചെയ്യുന്നു.ഒരേ സമയം ഭൂതവും ഭാവിയുമായിരിക്കുന്നു. പഴയതും പുതിയതും, സൃഷ്ടിയും സംഹാരവും ആയിരിക്കുന്നു. In a constantly revolving revolving circle every point is simultaneously a point of departure and a point of return(Das capital)

2. ജഗന്മിഥ്യ

ഒരു കുട്ടിയുടെ ഗതികേടിന്റെ കഥ കേട്ടിട്ടുണ്ട്. വീട്ടിൽവന്നാൽ ഭൂമി പരന്നതും സ്കൂളിലെത്തിയാ ൽ ഉരുണ്ടതുമാണെന്ന് പറയേണ്ടിവന്നു അവന്. അച്ഛന്റേയും അദ്ധ്യാപകന്റേയും പ്രപഞ്ച ബോധത്തിലെ ആപേക്ഷികത കൊണ്ട്. ഭൂമി പരന്നതുമല്ല, ഉരുണ്ടതുമല്ല, ഒരേ സമയം പര ന്നും ഉരുണ്ടുമിരിക്കുന്നതാണെന്നാണ് ഇപ്പോഴത്തെ നിഗമനം. അതിന് ഒരു ടെട്രാഹെഡ്ര ന്റെ ആകൃതിയാണ്. 4 സമഭുജത്രികോണം ചേർന്ന ഘനവസ്തു. സമഭുജത്രികോണത്തിന്റെ 3 വശത്തുനിന്നും ഓരോ സമഭുജത്രികോണം വരച്ച് അവയുടെ അറ്റം താഴെ യോജിപ്പിക്കുക. (Physical Geography . Das Gupta and Kapoor 1979)

ത്രികോണേ സംസ്ഥിതോ മേരു രധഃകോണേ ച മന്ദരഃ ദക്ഷകോണേ ച കൈലാസോ വാമകോണേ ഹിമാചലഃ(ഗരുഡപുരാണം) കൂർമ്മപൃഷ്ഠമെന്ന് ലളിതാസഹസ്രനാമവും വാസ്തുശാസ്ത്രവും ഇതിനെ വിളിക്കുന്നു.

- മേടം,ചിങ്ങം ,ധനു
- ഇടവം ,കന്നി,മകരം
- മിഥുനം , തുലാം, കുംഭം
- കർക്കിടകം,വൃശ്ചികം,മീനം

ഇങ്ങനെ നാലു ത്രികോണരാശികളെ ആധാരമാക്കിയ ജ്യോതിശ്ചക്രം ഈ ടെട്രാഹെഡ്രന്റെ രൂപമാണ്. Orbital position of the earth is changing in every season but the rate of change is such that a complete circuit is made in 21000 years എന്ന് പുതിയ ശാസ്ത്രം. സൂര്യന്റെ ഭഗണപര്യയകാലത്തിന്റെ പകുതിയായ 2160000 വർഷമാണ് ഭൂമിയുടെ ഭഗണപര്യയമെന്ന് ജ്യോതിഷം. 15 ദിനമുള്ള 24 ചാന്ദ്രമാസങ്ങളാൽ നിർമ്മിതമായ 60 വർഷം (പ്രഭവം മുതൽ അക്ഷയ വരെ) കൂടുമ്പോൾ ഒരു പുതിയ ശക്തിയുടെ പ്രഭവമുണ്ടാവും എന്ന് ഭാരതീയർ കരുതിയിരുന്നു. വൃത്തത്തിന്റ ഡിഗ്രി 360 . അതിനെ 60 കൊണ്ട് ഗുണിച്ചത് 21600. ഇത്തരം 100 പുത്തൻ സൃഷ്ടികൾ (മഹോദയം, പെരുമ്പടപ്പ്) വന്നാൽ ഭൂമിയിലെ കാലം അവസാനിച്ചു. ഇതേ ഗണിതപദ്ധതി ഗ്രീക്കുകാരും സ്വീകരിച്ചു.

ജഗന്മിഥ്യ എന്ന വാക്യപ്രകാരം ജഗത്ത് മിഥ്യയാണ്, മായയാണ്. മായ എന്ന പദത്തിന് ശങ്കരൻ എന്ത് അർത്ഥമാണ് കൊടുത്തത്. ‘ അനിർവ്വചനീയമായ മായ

സത്തല്ല, അസത്തുമല്ല, ബ്രഹ്മാശ്രിതമെങ്കിലും ബ്രഹ്മമല്ല. ' കേവലസത്തയായ പരാവിദ്യയാണ് പരമാർത്ഥസത്യം. വ്യക്തിയുടെ ആനുഭവികചേതനയുടെ വീക്ഷണകോണി ൽക്കൂടി കാണുന്ന അപരാവിദ്യ(ആനുഭവികം) ആപേക്ഷികീഗൌണീസ്ഥിതിയോടു കൂടിയതാണ്. വ്യക്തിയുടെ ആനുഭവികചേതന അവന്റെ അറിവും അനുഭവവും അനുസരിച്ച് പരിമിതപ്പെട്ടിരിക്കയാൽ സാപേക്ഷമാണ്. എന്നാലും സാപേക്ഷ മായ അപരാവിദ്യക്ക് നമ്മെ പരാവിദ്യയിലേക്ക് നയിക്കാനാവും. ഇന്ദ്രിയാതീതമാ യ കേവലവാദം മനുഷ്യന്റെ ബോധമനസ്സിലൂടെ കടന്നുപോകുമ്പോൾ,ആനുഭവി കമായ ഒരാസ്തികമതമായിത്തീരുന്നു. യഥാർത്ഥജ്ഞാനമുദിക്കും വരെ അത് ആവശ്യമാണ്. യഥാർത്ഥജ്ഞാനമുദിച്ചാൽ, നമുക്കതിന്റെ അയഥാർത്ഥത ബോദ്ധ്യപ്പെടും. ഈ മിഥ്യയെയാണ് , ആപേക്ഷികതയെയാണ് ശങ്കരനെപ്പോലു ള്ളവർ മായ എന്ന് വിളിച്ചത്.

ശങ്കരദർശനത്തിൽ സത്തയുടെ 3 പ്രകാരങ്ങൾ കാണാം.

- പാരമാർത്ഥികം
- പ്രാതിഭാസികം
- വ്യാവഹാരികം

(ക്രമത്തിൽ, മായാതീതമായ ബ്രഹ്മം, ദേശകാലാടിസ്ഥാനത്തിലുള്ള കാര്യകാര ണസംബന്ധമായ ജഗത്ത്, ചിപ്പിയിൽ വെള്ളിപോലെ ഭ്രമാത്മകമായ കൽപിത വിഷയങ്ങൾ) ഇന്ദ്രിയഗ്രാഹ്യമായ വിഷയം ബുദ്ധിഗ്രാഹ്യമായതിൽനിന്ന് താഴെ യാണ്. ഇന്ദ്രിയഗ്രാഹ്യത്തെ കൂടുതലായി മനസ്സിലാക്കാൻ ബുദ്ധിഗ്രാഹ്യമായത് നമ്മെ സഹായിക്കുമെന്ന് ശങ്കരൻ അഭിപ്രായപ്പെടുന്നുണ്ട്. ബുദ്ധിഗമ്യമായതിന് യഥാർത്ഥസത്തയോട് ഇന്ദ്രിയഗ്രാഹ്യത്തേക്കാളും അടുപ്പമുണ്ടെങ്കിലും, അതും യഥാർത്ഥസത്തയല്ല.

വളരുന്ന മനസ്സിന്റെ ആവിഷ്കാരമാണ് ദർശനമെങ്കിൽ ഏറ്റവും മുകളിലെ പടിയി ലേക്ക് പ്രവേശിച്ച് തിരിഞ്ഞുനോക്കുന്ന ദാർശനികന്

വ്യാവഹാരികവും പ്രാതി ഭാസികവും മായയാണ്. താഴ്ന്ന സത്തയിൽനിന്ന് ഉയർന്നതിലേക്കാണ് വളർച്ച. വ്യാവഹാരികതലത്തിൽ മാത്രം വ്യാപരിക്കുന്ന മനസ്സ് മുകളിലെ തലത്തിൽ സംഭ വിക്കുന്നതിനെക്കുറിച്ച് അജ്ഞനാണ്. സോക്രട്ടീസ് പറയുന്നുഃ- താഴ്ചയിൽനി ന്ന് ഉയർച്ചയിലേക്ക് പ്രയാണം ചെയ്യുന്ന ഒരാൾ താൻ ഉയരുകയാണെന്ന് മനസ്സി ലാക്കുന്നു. അയാൾ മദ്ധ്യത്തിലെത്തുമ്പോൾ പ്രയാണം നിർത്തി താഴോട്ട് നോക്കി എന്ന് സങ്കൽപ്പിക്കുക. തന്റെ പഴയ മാനസികാവസ്ഥയുടെ പരിമിതികളെക്കുറിച്ച് അയാൾ ബോധവാനാകുന്നു. അന്നത്തെ തന്റെ ദർശനവും താൻ കണ്ട പ്രപഞ്ച രൂപവും മിഥ്യയാണെന്ന് ബോദ്ധ്യപ്പെടുന്നു. വിഷയസുഖങ്ങളേക്കാൾ ഉപരിയായ ശാസ്ത്രജ്ഞാനം , ശാസ്ത്രജ്ഞാനത്തേക്കാൾ ഉപരിയായ ബ്രഹ്മാനുഭവമെന്ന പരമാർത്ഥസത്താനുഭവം. ആ ഭൂമികയിൽ നിന്നാണ് ശങ്കരൻ ജഗന്മിഥ്യ എന്ന് പറയുന്നത്. ആധുനികശാസ്ത്രം ഊർജ്ജത്തെ കണ്ടുപിടിച്ചതോടെ ആ ചൈതന്യ ഭൂമികയിലേക്ക് പ്രവേശിച്ചിട്ടേ ഉള്ളൂ.

ആധുനികശാസ്ത്രം പ്രപഞ്ചസൃഷ്ടിയെക്കുറിച്ച് എന്തു പറയുന്നു. വികാസരൂപമായ പ്രപഞ്ചത്തിൽ സൌരയൂഥങ്ങൾ, നക്ഷത്രവ്യൂഹങ്ങൾ എന്നിവ ഒന്നിൽനിന്നൊന്ന് അതിശീഘ്രം അകന്നുപോകുന്നു

എന്ന്. ബെൽജിയത്തിലെ അബി ലേമാത്രേ യുടെ ബിഗ്ബാങ്ങ് തിയറി(മഹാസ്ഫോടസിദ്ധാന്തം) കാലത്തിന്റെ ഒരനിത്യബിന്ദു വിൽ ,സൃഷ്ടിയുടെ ആരംഭത്തിൽ,പ്രപഞ്ചത്തിലെ ശക്തി മുഴുവനും ഏകീകൃതമായി, അനിർവ്വചനീയമായ ഒരു ഘനബിന്ദുവിൽ അന്തർഭവിച്ചതായി പറയുന്നു. ആ ബിന്ദുവിന്റെ സ്ഫോടഫലമായി ശക്തി മുഴുവൻ പ്രസരിച്ചു. പരസ്പരം അകലുന്ന വികാസരൂപമായ ജഗത്ത് സൃഷ്ടിക്കപ്പെട്ടു. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ ഹെ ർമൺ ബോണ്ടി, തോമസ് ഗോൾഡ്, ഫ്രെഡ് ഹോയിൽ എന്നിവരുടെ സ്റ്റഡി സ്റ്റേറ്റ് തിയറി പ്രപഞ്ചം ചലനരൂപത്തിൽ വികാസം പ്രാപിക്കുന്നതോടൊപ്പം നക്ഷത്രവ്യൂഹങ്ങൾക്കിടയിലെ തമോദ്വാരങ്ങളിലെ എനർജിയിൽനിന്ന് പുതിയ പുതിയ പ്രപഞ്ചങ്ങളെ സൃഷ്ടിക്കയും ചെയ്യുന്നു. അതിനാൽ, എപ്പോഴും എവിടേയും പ്രപഞ്ചം മാറ്റമില്ലാത്തതായും ആദിയും അന്തവും ഇല്ലാത്തതായും കാണപ്പെടുന്നു. സൃഷ്ടിയും സ്ഥിതിയും സംഹാരവും അനുസ്യൂതം നടക്കുന്ന , സർവ്വവ്യാപിയായ നിത്യവും അമൃതവും ആദിമദ്ധ്യാന്തരഹിതവുമായ പ്രതിഭാസത്തെ അവർ പ്രതിപാ ദിക്കുന്നു.

സതയാ പരിമിതമൂർത്തിഃ സങ്കുചിതസമസ്തശക്തിർ ഏഷാ പുമാൻ

രവിരിവ സന്ധ്യാരക്തഃ സംഹൃതശക്തിഃസ്വഭാസനേപി അപതു(തത്വസന്ദോഹം)

മന്ത്രശാസ്ത്രം അമൂർത്തമായ ആകാശത്തിനും ചൈതന്യാത്മകമായ അഗ്നിക്കും നാമരൂപാത്മകശിവശക്തിസ്വരൂപമായ പ്രപഞ്ചത്തിനും കാരണമായി, നിരാകാ രമായ നാദബിന്ഗുവിനെ പ്രതിപാദിക്കുന്നു. ഈ ബിന്ദുവിൽ സർവ്വം അന്തർഗ്ഗത മായിരിക്കുന്നു, ബിന്ദുവാകട്ടെ, ആകാശം, അഗ്നി,പ്രപഞ്ചം ഇവയിലും അന്തർഗത മാണ്. (പരസ്പരാന്തർഗ്ഗതത്വം) ബിന്ദുവിലേക്ക് ഗമിക്കുന്നതും നയിക്കുന്നതുമായ ശക്തിസ്വരൂപമാണ് നാദം. (നാദാദ് ബിന്ദുസമുദ്ഭവ). നാദത്തിൽനിന്ന് ബിന്ദു ഉണ്ടാവുന്നു. ശക്തിയുടെ രണ്ടു ഭാവങ്ങൾ മാത്രമാണ് നാദവും ബിന്ദുവും. (രാഘവ ഭട്ടൻ)ബിന്ദു ശക്തിയുടെ ഘനാവസ്ഥയാണ്. ശക്തി സൃഷ്ടിക്കാനുള്ള ഇഛ കൊണ്ട് ഘനീഭൂതമായി ബിന്ദുവായിത്തീരുന്നു (പ്രപഞ്ചസാരതന്ത്രം).അപ്പോൾ ആധുനികശാസ്ത്രത്തിന്റെ സ്ഫോടസിദ്ധാന്തത്തിലെ സർവ്വശക്തികളും ഘനീഭവിച്ച ബിന്ദു പഴയതോ പുതിയതോ.

18ആം നൂറ്റാണ്ടിൽ ലേ മെസ്റ്ററേ ഡിലാ ക്രോയിക്സ് എന്ന ഫ്രഞ്ചുകാരൻ അവ്യവ ഛേദനീയമായ ഒരു കേന്ദ്രബിന്ദു രണ്ട് ത്രികോണങ്ങൾക്ക് മദ്ധ്യേ സ്ഥിതിചെയ്യു ന്നതായും അതിൽനിന്ന് മറ്റെല്ലാം

ഉത്ഭവിച്ചതായും പറയുകയുണ്ടായി. അദ്ദേഹത്തിന്റെ വാക്കുകളിൽഃ-Before all things were , there was a point- a punctum, Bindu- not the atom or mathematical point (which though it is without magnitude has position) but the diffusive (neither with magnitude nor with position) .In the one (monas) there was implicitly contained the many (myrias). There was light and darkness, beginning and end, everything and nothing, being and nonbeing (that is the state was neither sat nor asat) {quote from Sir John Woodroffe's garland of letters).

ഋഗ്വാദത്തിൽ ഇരുട്ടോ വെളിച്ചമോ സത്തോ അസത്തോ ഇല്ലാത്ത അവസ്ഥയി ൽനിന്ന് ഇവയെല്ലാമുള്ള അവസ്ഥയിലേക്കുള്ള സർഗ്ഗക്രമം പറയുന്നുണ്ട്. വല ത്തുവശത്ത് പുരുഷസൂചകബിന്ദു. ഇടത്ത് പ്രകൃതിസൂചകവിസർഗ്ഗം. ഇതു രണ്ടും കൂടിയ പരബിന്ദുവെ പ്രപഞ്ചസാരം വർണ്ണിക്കുന്നു.



ഈ ത്രികോണം പ്രപഞ്ചം, ഭൌതികജീവിതം, കാമകല എന്നിവയെയെല്ലാം തന്നിൽ ലയിപ്പിക്കുന്നു. ഈ മൂന്നു ബിന്ദുക്കളെ സിതം,ശോണം,മിശ്രം എന്നും പ്രകാശം,വിമർശം, പ്രകാശവിമർശം എന്നും ചരണശ്രിതായമന്ത്രം വിളിക്കുന്നു. ഗുരുപാദുകമന്ത്രം ഇവയിൽനിന്ന് അതീതമായ ഒന്നിനെക്കൂടി അംഗീകരിച്ച് 4 ബ്രഹ്മപദങ്ങളുണ്ടെന്ന് പറയുന്നു. അതീന്ദ്രിയമായനാലാം പദത്തെ അംഗീകരിക്കുന്നു. ഈ പ്രപഞ്ചം ശിവബിന്ദുവിൽനിന്ന് നാലുപാടും പ്രസരിക്കയാൽ പ്രസരം എന്ന് പറയുന്നു.

മൂലശക്തി തന്റെ സ്വരൂപം നഷ്ടപ്പെടുത്താതെത്തന്നെ ഭൌതികതലത്തിലേക്കിറങ്ങി വരുന്നത് സങ്കോചവും അദ്ധ്യാത്മികമായ പരബിന്ദുവിലേക്കുയരുന്നത് വികാസവുമാണ്. അവയെ തലകീഴായതും നിവർന്നതുമായ 2 ത്രികോണങ്ങളാൽ പ്രതിനിധാനം ചെയ്യുന്നു. ഈ ത്രികോണങ്ങൾ കൂട്ടിമുട്ടുന്ന രേഖയെ മായയായി കരുതി. മുകളിലെ ത്രികോണം മായയിൽ പ്രതിബിംബിച്ചു കാണുന്നതാണ് പ്രപഞ്ചം. അത് തല കീഴായി കാണപ്പെടുന്നു. ഒരേ ഒരേകം-അദ്വൈ

തം-മായയിൽ പ്രതിഫലിക്കവേ രണ്ടായി തോന്നുന്നു (ഭേദഭാവന)



ആത്മാവിന്റെ വിഭവത്തിനുള്ള പ്രതിബന്ധമാണ് മായ. (ഭേദബുദ്ധി) വെളുത്ത രശ്മിയുടെ പാതയിൽ രണ്ടു പ്രിസം വെച്ചാൽ, ആദ്യത്തെ പ്രിസം മായയുണ്ടാക്കുന്നു.രണ്ടാമത്തെ പ്രിസം വീണ്ടും യഥാർത്ഥരശ്മിയെ കാട്ടിത്തരുന്നു. നിത്യതയെ പരിച്ഛേദിക്കുമ്പോളാണ് മായ ഉണ്ടാവുന്നത്. അഖണ്ഡമായ ഒന്നിനെ വ്യവച്ഛേദിക്കാതെ പഠിക്കാൻ മനുഷ്യമനസ്സിന് സാദ്ധ്യമാകുന്നില്ല. ഇതിനുള്ള ഒരുപകണം മാത്രമാണ് പ്രാപഞ്ചികജീവിതം. വെള്ളത്തിൽ പ്രതിബിംബിച്ച വടി വളഞ്ഞുകാണുന്നു. പുറത്തെടുത്താൽ വളവ് എന്ന ഭ്രമം നീങ്ങി ഋജുത്വം എന്ന സത്യം തെളിയുന്നു.ഇതുപോലെയാണ് പ്രാപഞ്ചിക മായാതലത്തിൽ നിന്ന് ഉയർന്നവന്റെ ദർശനം. ബിംബപ്രതിബിംബരൂപമായ രണ്ട് പ്രപഞ്ചങ്ങൾ (യൂണിവേഴ്സ്, ആന്റിയൂണിവേഴ്സ്) സങ്കൽപ്പിക്കുന്ന ആധുനികശാസ്ത്രജ്ഞർ, വിശ്വം ദർപ്പണദൃശ്യമാനനഗരീതുല്യം നിജാന്തർഗ്ഗതം പശ്യന്നാത്മനി മായയാ എന്ന് ആരംഭിക്കുന്ന ശങ്കരന്റെ ദക്ഷിണാമൂർത്തിസ്തവം കേട്ടിരിക്കാനിടയില്ല. സാംഖ്യന്റെ ഗുണപരിണാമവാദം, നൈയായികന്റെ ആരംഭവാദം, ബൌദ്ധന്റെ വിജ്ഞാനവാദം, ഇവയെ കടന്നുമിൽക്കുന്നു ശങ്കരന്റെ വിവർത്തവാദം. നിർഗ്ഗുണനിരാകാരനിരയനനിർവ്വികൽപ്പ പരബ്രഹ്മത്തിൽ, മനുഷ്യന്റെ മനസ്സടക്കമുള്ള ഇന്ദ്രിയങ്ങൾ ആരോപിക്കുന്ന ആപേക്ഷികതയെ വിവർത്തവാദം ചൂണ്ടിക്കാട്ടുന്നു.

3. അക്ഷരസ്ഫോടം

വെളുത്ത രശ്മിയുടെ പാതയിൽ പ്രിസം വെച്ചാൽ ഒന്ന് ഏഴായി മാറുന്ന വർണ്ണജാലവിദ്യ കാണാം. സപ്തവർണ്ണരശ്മികളുടെ പാതയിൽ മറ്റൊരു പ്രിസം വെച്ചാൽ ഏഴ് വീണ്ടും ഒന്നായി മാറും. ഫിസിക്സിലെ ഈ തത്വം അയഥാർത്ഥപ്രപഞ്ചത്തേയും അതിലെ വ്യാവഹാരികവ്യക്തിത്വങ്ങളേയും അവക്ക് സ്വധാമമായ ബ്രഹ്മപദം പ്രാപിക്കാനുല്ള സാധ്യതയേയും ചൂണ്ടിക്കാട്ടുന്നു.

ഈ ബ്രഹ്മക്ഷേത്രത്തിൽ ഹൃദയമെന്ന താമരമൊട്ടിനകത്ത് ഇത്തിരി ആകാശം. ഈ ഹൃദയാകാശത്തിൽ എന്തുണ്ടെന്ന് ഗ്രഹിക്കുക. അതിനെ അന്വേഷിക്കുക. പുറത്തെ ചിദാകാശത്തിലെന്തുണ്ടോ, അത് ഇവിടെയപമുണ്ട്. സ്വർഗ്ഗവും ഭൂമിയും അഗ്നിയും വായുവും സൂര്യചന്ദ്രനക്ഷത്രമണ്ഡലങ്ങളും മിന്നലും - ദൃശ്യപ്രപഞ്ചത്തിലുള്ള സകലവും കാണാത്ത സകലവും -ജരാനരകൾ അതിനെ ബാധിക്കുന്നില്ല. മൃത്യു അതിനെ തീണ്ടുന്നില്ല. അത് ബ്രഹ്മലോകമാ ണ്. കാമങ്ങളിൽനിന്ന് വിരമിച്ച് ആത്മാവിനെ അറിയാൻ തീവ്രശ്രമം നടത്തുന്നവർ, അറിഞ്ഞനുഭവിച്ച് മുക്തരായി ബ്രഹ്മപദം പ്രാപിക്കുന്നു (ഛാന്ദോഗ്യം).

ജ്ഞാനവും ആത്മാർത്ഥസ്നേഹവും സമഞ്ജസമായി സമ്മേളിച്ച മഹാത്മാക്കളുടെ ദൌർല്ലഭ്യം സമൂഹത്തിന്റെ വിവിധതലങ്ങളിൽ അസഹിഷ്ണുതയായും അസന്തുഷ്ടിയായും പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ശാസ്ത്രം മനുഷ്യനെ അജയ്യനാക്കി എന്ന് നാം അഭിമാനിക്കുന്നു. അതിനാൽ ഉപനിഷത്ത് മുതലായ പഴയ ഗ്രന്ഥങ്ങളിലെ പ്രസ്താവനകളെ ശാസ്ത്രദൃഷ്ടിയോടെ വിശകലനം ചെയ്ത് അവ സത്യമോ മിഥ്യയോ , അവകൊണ്ട് സമൂഹത്തിന് നന്മയോ തിന്മയോ മുതലായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടുപിടിക്കാൻ നാം ബാദ്ധ്യസ്ഥരാണ്.

കാലത്തെക്കുറിച്ച് പൌരാണികർ പറഞ്ഞു:-ദേവന്റെ ഒരു ദിനം മനുഷ്യന്റെ ഒരു വർഷമാണ്. ദേവന്റെ ഒരു വർഷം ഒരു ബ്രഹ്മദിവസമാണ്. 100 ബ്രഹ്മവർഷം ഒരു പ്രപഞ്ചത്തിന്റെ ആയുഷ്കാലമാണ്. ഇതുകേട്ട പാശ്ചാത്യ ശാസ്ത്രം ആദ്യം പറഞ്ഞു: ശുദ്ധഅസംബന്ധം. ഇന്നിപ്പോളവരും ഇതിന്റെ സത്യാവസ്ഥ മനസ്സിലാക്കിത്തുടങ്ങി. ഓങ്കാരത്തിൽനിന്നാണ് സമസ്തഭുവനങ്ങളുടേയും ഉത്പ്പത്തി. ഒരു വെറും അക്ഷരത്തിൽ നിന്ന് പ്രപഞ്ചമോ. അക്ഷരത്തിൽനിന്നല്ലാതെ ക്ഷരം എവിടെനിന്ന് ഉണ്ടാവും.ഓം എന്ന വ്യാപകബ്രഹ്മം, അതിൽനിന്ന് തത് എന്ന നിർഗുണം. അതിൽനിന്ന് സത് എന്ന ശുദ്ധബ്രഹ്മം. മൂർത്തിമത്തായ ശുദ്ധബ്രഹ്മചൈതന്യത്തിന്റെ ചലനം വലത്തോട്ടു തിരിഞ്ഞ് സ്വകേന്ദ്രത്തിനു ചുറ്റും കറങ്ങുന്നു. ചലനം,ഗതി,വളവ് ഇവ അനുസരിച്ച് നോക്കുമ്പോൾ, ഈ ഭ്രമണത്തിന് സ്വസ്തികാകാരമാണ്. അതിനാൽ അരൂപമായ ഓങ്കാരത്തിന്റെ മൂർത്തരൂമാണ് സ്വസ്തികം. മനഃസ്സങ്കൽപ്പത്തിൽ

കാണുമ്പോളിത് ചതുർമാനങ്ങളുള്ള സിംബലാണ്. കടലാസിൽ വരച്ച് ഓരോ രശ്മിയെ പിന്നിലേക്ക് നീട്ടിയാൽ ചിത്രത്തില് കാണുന്നപോലെ ഇരിക്കും. ഇതിൽനിന്നാണ് രാശിശ്ചക്രമെന്ന് വിളിക്കുന്ന കുണ്ഡലിയുടെ ഉത്ഭവം.







പ്രജാപതിയുടെ ശയനം കിഴക്കോട്ട് ശിരസ്സ്, പടിഞ്ഞാട്ട് പുച്ഛം, വടക്കുകിഴക്കും തെക്കുകിഴക്കും കൈകൾ,വടക്കുപടിഞ്ഞാറും തെക്കുപടിഞ്ഞാറും കാൽകൾ, ഇങ്ങനെയാണ്.(ബൃഹദാരണ്യകം) ഇങ്ങനെ ശയിക്കുന്ന വിഷ്ണുവിന് പാർശ്വങ്ങളാണ് വടക്കും തെക്കും. പിൻഭാഗം സ്വർഗ്ഗം. ഉദരം ആകാശം. ചെരിഞ്ഞുകിടന്ന് സദാ ഭ്രമണം(ചലനം) ചെയ്യുന്നു പ്രജാപതി. വാസ്തുപുരു

ഷലക്ഷണവും ഇതേപോലാണ്. പക്ഷേ തലയും കാലുമെല്ലാം പ്രജാപതിയുടേ തില്നിന്ന് നേരെ വിപരീതമാണ്.

ഈശാനകോണേ തല, കാലു നൈര്യതേ ജാനുക്കൾ വായ്വഗ്നിയിൽ ഹസ്തപാദയോ എന്നും

ഐന്ദ്രേ ശിരോ ഭാദ്രപദത്രിമാസേ യാമ്യേ ശിരോ മാർഗ്ഗശിരത്രിമാസേ ഫാൽഗുന്യമാസത്രയ പശ്ചിമാസ്യാത് ജ്യേഷ്ഠാദിമാസത്രയമുത്തരസ്യാത് എന്നും കേരളത്തിലെ തച്ചുശാസ്ത്രവിദഗ്ധർ പറയുന്നു. വാസ്തുവും (ദേശവും) കാലവും ചേർന്ന ദേശകാലനൈരന്തര്യത്തെ ക്ഷേത്രഗണിതനിയമപ്രകാരം വരച്ചുകാണിക്കുന്നതാണ് രാശിചക്രം. ഗ്രഹത്തിന്റെ അക്ഷം ഭ്രമണത്തിൽ ആദ്യം സ്പർശിക്കുന്ന ദിക്ക് മേഷം. ഗ്രഹത്തിന്റേയും ഭ്രമണപഥത്തിന്റേയും വലിപ്പമനുസരിച്ച് ഗ്രഹം മേഷരാശിദിക്കിൽ തിരിച്ചെത്തുന്ന സമയവും അതിന്റെ വേഗതയും നിർണ്ണയിക്കപ്പെടുന്നു. ഗ്രഹഗതിയേക്കാൾ മന്ദമാണ് ഭ്രമണപഥചലനം. രാശിമണ്ഡലത്തിന്റെ ചലനം അതിലും മന്ദ്. സവ്യമായി ഒരു പൂർണ്ണഭ്രമണം(360 ഡിഗ്രി) സഞ്ചരിക്കുമ്പോ ൾ,രാശിയുടെ ധ്രുവബിന്ദുവിന് സ്ഥാനഭ്രംശം സംഭവിക്കും. അപസവ്യചലനത്തിൽ അതേ അക്ഷം ഇടത്തോട്ട് ചലിച്ച് പൂർവ്വാവസ്ഥ പ്രാപിക്കും.ആകെ 720 ഡിഗ്രി ചലിച്ചാലേ പൂർവ്വാവസ്ഥയാവൂ. സവ്യാപസവ്യമായ ഒരു സമ്പൂർണ്ണഭ്രമണം (720) ഒരു ചതുര്യുഗകാലമാണ്. 4320000 വർഷമാണ് അഥർവ്വവേദപ്രകാരം ഒരു ചതുർയുഗം. സോക്രട്ടീസ് ദിവ്യാവതാരകാലം 129600 വർഷമെന്ന് പറയുന്നു.

360 X 360 = 129600

റിപ്പബ്ലിക്കിൽ പ്ലാറ്റോ പറയുന്നു:-ഓരോ ജനനവും ഓരോ സൃഷ്ടിയും ചലിക്കുന്ന പരിധിയോടുകൂടിയ ഒരു വൃത്തമാണെങ്കിൽ, പരിസ്ഥിതികൾ അനുകൂലമായിരിക്കെ പരിധിയിലെ ബിന്ദു ഒരു പൂർണ്ണഭ്രമണം പൂർത്തിയാക്കി തുടങ്ങിയിടത്ത് അവസാനിക്കുമ്പോൾ ഒരു പുതിയ സൃഷ്ടി നടക്കും.

ദിവ്യസൃഷ്ടി= $(3x4x5)^4$ = 3600 x 3600 ചതുരം

=4800 x 2700 ദീർഘചതുരം

= 12960000

മനുഷ്യസൃഷ്ടി = $3^3+4^3+5^3$= 216

27+ 64+125 =216

ദിവ്യസൃഷ്ടിയുടെ സമവാക്യം ഇങ്ങനെ വിസ്തരിച്ചെഴുതാം.

81x 256x625= 12960000

ഒരു മനുഷ്യവർഷം 360 ദിവസമെന്ന് എടുത്തിട്ടാണ് സോക്രട്ടീസിന്റെ ഈ സംഖ്യയിലെത്തുന്നത്. ഒരു മനുഷ്യവർഷം ഒരു ദേവദിനം. ഒരു ദേവവര്ഷം 360നെ 360 കൊണ്ട് ഗുണിച്ച് കിട്ടുന്ന 129600 അഥവാ 360 മനഷ്യവർഷം. ഇതാണ് ഒരു ബ്രഹ്മദിവസം. 100 ബ്രഹ്മവർഷമാണ് 12960000 മനുഷ്യവർഷം.

യുഗവും യുഗപ്രലയവും

പ്രലയം	യുഗം	പ്രഭവം	ആകെ
864000	സത്യ(സുവർണ്ണകാലം)	864000	1728000
648000	ത്രേതാ(രജതകാലം)	648000	1296000
432000	ദ്വാപര(താമ്ര)	432000	864000
216000	കലി(ഇരുമ്പുകാലം)	216000	432000
ആകെ 2160000		2160000	4320000

ചാൽദിയന്മാരും അവരുടെ ദിവ്യരാജവംശങ്ങളുടെ കാലസൃഷ്ടിയെ 432നോടു ബന്ധപ്പെടുത്തുന്നു.864000 സൂര്യവ്യാസമാണ്. 4320000 നാനാജ്ഞാനപ്രഗത്ഭ എന്ന പര്യയവാക്യസംഖ്യപ്രകാരം സൂര്യന്റെ പര്യയമാണ്.

ഒരു മൺ്കട്ടയുടെ തത്വമറിഞ്ഞാൽ പ്രപഞ്ചത്തിലുള്ള സകലത്തിന്റെ തത്വവു മറിയാം (ഛാന്ദോഗ്യം) ഗ്രഹങ്ങളും ഗ്രഹഭ്രമണപഥങ്ങളും മാത്രമല്ല, അവയു ടെ ധ്രുവബിന്ദുക്കളും ഭ്രമണം ചെയ്യുന്നു എന്ന് ഭാരതം കണ്ടു. വേഗതയിലും പൂർണ്ണഭ്രമണത്തിനെടുക്കുന്ന സമയത്തിലും വ്യത്യാസമുണ്ട്. ചന്ദ്രൻ ഭൂമിക്കു ചുറ്റും, ഭൂമിയും മറ്റു ഗ്രഹങ്ങളും സൂര്യനു ചുറ്റും , സൂര്യൻ മറ്റൊരു സൂര്യനു ചുറ്റും- അനന്തമായി ഭ്രമണം ചെയ്യുന്ന സ്വസ്തികങ്ങളുടെ വികാസ പ്രപഞ്ചം ഒരു നാദബിന്ദുവിന്റെ അക്ഷരസ്ഫോടത്തിലുണ്ടാവുന്നു. അത്തര മൊരു വികാസപ്രപഞ്ചത്തെ ഗുരു ശിഷ്യനോടു പറയുമ്പോൾ , ആദ്യം അചലമായ ഒരു കേന്ദ്രബിന്ദുവിനെ സങ്കൽപ്പിക്കാനാണ് പറയുക. ഏറ്റവും ചെറിയ ഭ്രമണയൂണിറ്റായ ചന്ദ്രനെ എടുത്താൽ, അതിന്റെ കേന്ദ്രബിന്ദുവായി ഭൂമിയെ അചല എന്ന് സങ്കൽപ്പിക്കണം. ഭൂമിയുടെ ചലനത്തെക്കുറിച്ചാണ് പഠിക്കുന്നതെങ്കിൽ കേന്ദ്രബിന്ദുവായ സൂര്യനെ അചലബിന്ദുവായി സങ്കൽപ്പി ക്കുക. സൂര്യചലനം പഠിക്കണമെങ്കിൽ സൂര്യന്റെ സൂര്യനായ ഒരു കേന്ദ്രബി ന്ദുവാണ് ധ്രുവ(അചലം)താരം. ഇങ്ങനെ സ്ഥിരമായ അചലകേന്ദ്രബിന്ദുവി ന്റെ സംഖ്യ അനന്തമായി തുടരുന്നു എന്ന് അറിവു വരുന്നു. ഈ മനഃസങ്ക ൽപ്പം ഒരു പഠനരീതിയാണ്. നിരന്തരം ചലിക്കുന്നതോ, ചലിക്കുന്നതെന്ന്

തോന്നുന്നതോ ആയ അമൂർത്തചൈതന്യങ്ങളെ മനുഷ്യജ്ഞാനത്തിന് വിധേയ മായ മൂർത്തമാതൃകകളാക്കുമ്പോൾ ഇത്തരം പഠനരീതികൾ ആവശ്യമായി വരുന്നു. അനുനിമിഷം നിരവധി മെറ്റബോളിസങ്ങൾ നടന്നുകൊണ്ടേ ഇരിക്കു ന്ന സജീവകോശജീവികളുടെ ചിത്രം കടലാസിൽ വരച്ചുകണ്ടാൽ, ഒരു ബയോ ളജിസ്റ്റും തെറ്റിദ്ധരിക്കില്ല അത് ദ്വിമാനം മാത്രമുള്ള ഒരു നിർജ്ജീവചിത്ര മാണെന്ന്. ഭൂമിയെ അചല എന്ന് പഠനസൌകര്യത്തിന് വരച്ചുകാണിച്ച ആദ്യത്തെ ഭാരതീയശാസ്ത്രജ്ഞനും കരുതിയിരിക്കില്ല, തന്റെ ഈ പഠന സങ്കൽപ്പത്തെച്ചൊല്ലി പിൽക്കാലത്ത് തന്റെ പാശ്ചാത്യശിഷ്യസമൂഹം ഇന്ത്യ ക്കാരെല്ലാം മണ്ടന്മാരാണെന്ന് തെറ്റിദ്ധരിക്കുമെന്ന്. സായനമായ ഒന്നിന്റെ നിരയനചിത്രവും നിരയനമായ ഒന്നിന്റെ സായനചിത്രവും ഏട്ടിലും മനസ്സി ലും പതിയുമ്പോൾ കണ്ടില്ല, ഒന്നേയുള്ളു,



വികസിക്കുന്ന, കാലം നിരയനമാകുന്ന, പ്രകാശവേഗതയുള്ള അനേകം പ്രതിപ്രപഞ്ചങ്ങളെ അനന്തമായി നാം വിഭാവനം ചെയ്തത് സഹസ്രാബ്ദ ങ്ങൾക്കും മുമ്പാണ്. ഹൃദാകാശത്തിലും ചിദാകാശത്തിലും അന്ന് സംഭവിച്ച അക്ഷരസ്ഫോടത്തിന്റെ പ്രതിധ്വനിയാണ് ഇന്ന് ബിഗ് ബാങ്ങിലും സ്റ്റഡി സ്റ്റേറ്റിലും എല്ലാം കേൾക്കുന്നത്.

4. ഇമ്മിണി വല്ല്യേ ഒന്ന്

All science is the reduction of multiplicities to identities(Meyerson).മതത്തിലും ശാസ്ത്രത്തിലും അദ്വൈതമുണ്ട്. ശങ്കരദർശനം ഒരേ സമയം സൈദ്ധാന്തികവും പ്രായോഗികവുമാണെന്ന് ആൽഡസ് ഹക്സ്ലി പറഞ്ഞത് അതിന്റെ ശാസ്ത്രീയത കണ്ടിട്ടാണ്. താവോയിസത്തിലും അദ്വൈതമുണ്ട്. ചാങ്സൂവിന്റെ പുസ്തകം (ബിസി 3-4 നൂറ്റാണ്ട്) പറയുന്നുഃ സത്ത അതിലോ ഇതിലോ എന്ന് അന്വേഷിക്കേണ്ട കാര്യമില്ല. അത് എല്ലാത്തിലുമുണ്ട്. എല്ലാത്തിനും പരിമിതി ഉണ്ടാക്കുന്ന അത് അപരിമിതവും അനന്തവുമാണ്..എല്ലാത്തിന്റേയും ആവർത്തനഹേതുവായ അത് ആവർത്തനമല്ല. കാര്യകാരണനിയന്താവായ അത് കാര്യമോ കാരണമോ അല്ല. ജനനം,മരണം, പരിണാമം മുതലായവ സങ്കോചവികാസങ്ങൾക്ക് ഹേതുവാണ്, സങ്കോചമോ വികാസമോ അല്ല. എല്ലാം അതിൽനിന്ന് അതിന്റെ പ്രഭാവത്താൽ പുറപ്പെടുന്നു. അത് സർവ്വവസ്തുക്കളിലുമുണ്ട്. പക്ഷേ ഒരു വസ്തുവോടും സമാനമല്ല. എന്തെന്നാൽ, അത് പരിമിതമോ ഭേദമുള്ളതോ അല്ല.

മഹായാനബുദ്ധിസത്തിന്റേയും താവോയിസത്തിന്റെയും സിദ്ധാന്തങ്ങൾ സ്വീകരിക്കുന്ന സാൻബുദ്ധിസത്തിന്റെ പ്രണേതാവ് ആദ്യശിഷ്യന്മാർക്ക് ഉപദേശിച്ചതെന്ന് കരുതപ്പെടുന്ന ലങ്കാവതാരസൂത്രം പറയുന്നുഃ-സത്യത്തെ ശരിക്ക് ഗ്രഹിക്കാതെ വൃഥാ തർക്കിക്കുന്നവർ, ആപേക്ഷികവിജ്ഞാനങ്ങളുടെ കാട്ടിൽ അങ്ങോട്ടുമിങ്ങോട്ടും ഓടിയും അഹങ്കാരത്താൽ സ്വദർശനങ്ങളെ മാത്രം ന്യായീകരിക്കാൻ ശ്രമിച്ചും കാലം കഴിക്കുന്നു. നിന്റെ മനസ്സാക്ഷിയുടെ അഗാധതലത്തിൽ അഹം അതിന്റെ നിർമ്മലരൂപത്തിൽ സാക്ഷാത്കരിക്കപ്പെടുന്നു. ആ അഗാധതലമത്രേ തഥാഗതബുദ്ധൻ. അതിനെ യുക്തിവാദികളുടെ തലമെന്ന് ധരിക്കരുത്.സ്വസ്വഭാവത്തിൽത്തന്നെ നിർമ്മലവും സാന്താനന്തങ്ങളിൽനിന്ന് സ്വതന്ത്രവുമായ പ്രപഞ്ചമനസ്സാക്ഷിയത്രേ തഥാഗതബുദ്ധൻ. അതിനെ ആളുകൾ തെറ്റായി ധരിക്കുന്നു.

Yang chia Tashih പറഞ്ഞുഃ-എല്ലാബുദ്ധന്മാരുടെയും ധർമ്മകായങ്ങൾ എന്നിലേക്ക് പ്രവേശിക്കുന്നു.എന്റെ ആത്മാവാകട്ടേ, അവരോട് യോജിച്ചിരിക്കുന്നു. നിന്ദ ക്കും സ്തുതിക്കും അതീതമായ ആ ആന്തരപ്രകാശത്തിന് അതിരുകളില്ല. എങ്കിലും അതിതാ ഇവിടെ അതിന്റെതായ പൂർ്ണ്ണത്വത്തോടുകൂടി നമ്മിലോ രോരുത്തരിലും സ്ഥിതി ചെയ്യുന്നു. (ഇത് പൂർണ്ണത്തിൽനിന്നും പൂർണ്ണം ഉണ്ടായിട്ടും പൂർണ്ണം പൂര്ണ്ണമായിത്തന്നെ അവശേഷിച്ച പ്രക്രിയ)

എല്ലാവസ്തുക്കളിലും ഏകത്തെ ദർശിക്കുക. രണ്ടാമതൊന്നിനെ കാണുമ്പോൾ, നിങ്ങൾക്ക് മാർഗ്ഗഭ്രംശം വന്നിരിക്കുന്നു എന്നാണ് കബീർവചനം. കാലാതീത മായ സത്തയെ ലക്ഷ്യമാക്കുന്നവർ ഈ അദ്വൈതത്തിലാണ് എത്തിച്ചേരുക. ഭൂതം ഭാവി വർത്തമാനമെന്ന് കാലത്തെ വിഭജിക്കുന്ന ദ്വൈതികൾ മത്സര ത്തിലും യുദ്ധത്തിലും മതഭ്രാന്തിലും എത്തിച്ചേരുന്നു.രണ്ട് എന്ന വാക്ക് ഇന്തോയൂറോപ്യൻഭാഷകളിൽ തിന്മയെ സൂചിപ്പിക്കുന്നതായി ഡാംസ്റ്ററർ പറയുന്നു. ഗ്രീക്കിലും ലാറ്റിനിലും dys, dis എന്ന വാക്ക് duo അഥവാ രണ്ട് (ദ്വൈതം) എന്നതിൽനിന്ന് ഉണ്ടായി. dyspepsia, dishonor, disease -എല്ലാം തിന്മയെ കുറിക്കുന്ന പദങ്ങൾ. ഫ്രഞ്ചിൽ bis ൽനിന്നുണ്ടായ berue വിന് വിഡ്ഢിത്തം ,ഇരട്ടക്കാഴ്ച എന്നൊക്കെയാണ് അർത്ഥം. മാർഗ്ഗഭ്രംശം വരുത്തുന്ന ആ രണ്ടിനെ doubt, dubious എന്ന വാക്കുകളിൽ കാണുക.

അറിയപ്പെടുന്നവനും അറിയുന്നവനും ഒന്നാകുന്ന എക്കാർട്ടിന്റെ ജ്ഞാനപാര മ്യത്തിൽ ബിസ്തൂണിലെ ബിയാസീദ് (സൂഫി)എത്തിയിരുന്നു. നിങ്ങൾക്കെത്ര വയസ്സായി എന്ന ചോദ്യത്തിന് അദ്ദേഹം നാല് എന്ന് ഉത്തരം പറഞ്ഞു. ഈ ശ്വരനിൽനിന്ന് 70 വർഷക്കാലം ഈ സംസാരം എന്നെ മറച്ചുവെച്ചു. ആ കാലഘട്ടത്തെ ഞാൻ ജീവിതമായിക്കരുതുന്നില്ല. 74കാരനായ അദ്ദേഹം വിശദീ കരിച്ചു. ഒരിക്കലൊരാൾ അദ്ദേഹത്തിന്റെ വീട്ടുവാതിലിൽ മുട്ടി ബയാസീദ് അകത്തുണ്ടോ എന്ന് ചോദിച്ചു. ഇല്ല, ദൈവമല്ലാതെ ഇവിടെ ആരുമില്ല എന്നായിരുന്നു മറുപടി. അത്രയും ഈശ്വരനുമായി താദാത്മ്യം പ്രാപിച്ചവനാ ണ് അദ്വൈതി.

വേദാന്തവും ശാസ്ത്രവും ഒരു പോലെ പ്രയോഗിക്കുന്നത് ന്യായശാസ്ത്രത്തി ന്റെ അളവുവാദമാണ്. ഒരു പ്രശ്നത്തിന് പരിഹാരം നിര്ണ്ണയിക്കണമെങ്കിൽ ആ പ്രശ്നത്തിന്റെ ഇരുഭാഗങ്ങളും അറിഞ്ഞിരിക്കണം. പൂർവ്വപക്ഷവും പ്രതിപക്ഷവും പഠിച്ച് അളന്ന് താരതമ്യപ്പെടുത്തണമെന്ന് ന്യായശാസ്ത്രം. അവ കർമ്മപ്രതികർമ്മങ്ങളെപ്പോലെ ഏതൊരു പ്രശ്നത്തിലുമുണ്ട്. പക്ഷത. പ്രതിപക്ഷത, അപക്ഷത എന്ന് 3 വിധവീക്ഷണഗതികൾക്ക് അതിനാൽ സാധ്യ തയുമുണ്ട്. നേരെ വിപരീതമായ അഭിപ്രായങ്ങൾ സ്വജനപക്ഷപാതം മുത ലായവയാൽ ഇരുകൂട്ടരും കാണിച്ചെന്നു വരും. എന്നാൽ നിഷ്പക്ഷമായ

വീക്ഷണം യഥാർത്ഥസത്യത്തെ ദർശിച്ച് , പക്ഷപ്രതിപക്ഷങ്ങളെന്ന വിരുദ്ധ ശക്തികളെ ഏകീകരിക്കുന്നതാണ്. (പ്രണവവാദം. ഭഗവാൻദാസ്)

മനുഷ്യൻ, പ്രപഞ്ചത്തിലിരുന്ന് പ്രപഞ്ചത്തെ നിരീക്ഷിച്ച് പഠിക്കുന്ന , പ്രപഞ്ച ത്തിന്റെ ഒരു ഭാഗമാണ്. ദ്രവ്യത്തിലിരിക്കുന്ന ദ്രവ്യം ദ്രവ്യത്തെ പഠിക്കലാ ണ് മനുഷ്ന്റെ പ്രപഞ്ചനിരീക്ഷണം. മറ്റു ദ്രവ്യങ്ങളിൽനിന്ന് വ്യത്യസ്തവും ചില സമാനഗുണങ്ങളുള്ളതുമായ താനെന്ന ദ്രവ്യത്തിന്റെ അസ്തിത്വപ്രശ്ന ത്തിലാണ് ഗവേഷണനിരീക്ഷണകുതുകിയായ മനുഷ്യൻ ശാസ്ത്രവും കലയും അദ്ധ്യാത്മികതയും മതവും എല്ലാം കണ്ടെത്തിയത്. ശാസ്ത്രജ്ഞൻ പുല്ലും പുഴുവും ആറ്റവും നക്ഷത്രവും മുതൽ സമസ്തപ്രപഞ്ചപ്രതിഭാസങ്ങളേയും സ്വന്തം ബുദ്ധി കൊണ്ടും ബോധം കൊണ്ടും അളന്ന് പഠിക്കുന്നു. ഓരോ വസ്തുവിനും അയാൾ ഓരോ സംഖ്യ നാമമായി കൊടുക്കുന്നു എന്ന് കരു തുക. ആദ്യത്തെ വസ്തുവെ പഠിച്ച് തന്നിലും അതിലുമുള്ള സാധർമ്മ്യ വൈ ധർമ്മ്യങ്ങളെ മനസ്സിലാക്കുന്നു. ഞാനും ഈ വസ്തുവും ഒരേ ദൈവസർഗ്ഗ ക്രമം അനുസരിക്കുന്നു. എന്നാലും ഞാനീ വസ്തു(സംഖ്യ) അല്ല. അടുത്ത വസ്തുവും ഇതുതന്നെ ബോദ്ധ്യപ്പെടുത്തുന്നു. നിരന്തരമായി മാനവവംശം നടത്തിയ നിരീക്ഷണപരീക്ഷണങ്ങളുടെ ഫലമായി, നേതി നേതി (ഇതല്ല,ഇതല്ല) എന്ന മാർഗ്ഗത്തിലൂടെയാണ് ശാസ്ത്രം മുന്നേറിയത്. സമാനനിയമങ്ങൾക്കനു സൃതമായി, ഒരേ ഒരു ഊർജ്ജത്തിന്റെ രൂപപരിണാമം മാത്രമായ സർവ്വ ദ്രവ്യവും ഒന്നാണ്. ഇപ്പോളുള്ളതും ഇനി വരാനുള്ളതും പണ്ടുണ്ടായിരുന്ന തും ആയ സർവ്വ ദ്രവ്യവും ഒരേ ഊർജ്ജമാണ്. എല്ലാകാലത്തും അന്വേഷ കനും അന്വേഷണവും തുടർന്നുകൊണ്ടേ ഇരിക്കും. ഞാനീ സംഖ്യയല്ല,ഇതല്ല എന്ന നിഗമനവും തുടരുന്നു. ശാസ്ത്രം സർവ്വകാലവും പുനർദർശിക്കപ്പെ ടുന്ന, പുനർസൃഷ്ടിക്കപ്പെടുന്ന, പുനർന്നവീകരിക്കപ്പെടുന്നതാണ്.

ഈ സംഖ്യ- അഹം- ഈ കാലഘട്ടത്തിൽ അനുഭവിച്ച ഒരു പ്രത്യേകപ്രതിഭാ സം , ഒരേ സാമാന്യനിയമമനുസരിച്ച് അഹത്തോടൊപ്പം വർത്തിച്ച ഒരേ മൂലത്തിൽനിന്നുണ്ടായ വർത്തമാനസ്ഥിതമായ ഒരു വസ്തു. അനുഭവവിധേയ മായ ഒരു വസ്തുവിന്റെ ആശയമാണ് സംഖ്യ. സംഖ്യയും ആവർത്തനവു മാണ് ദ്രവ്യത്തിന്റെ സ്വഭാവങ്ങൾ. അഥവാ, അനുഭവത്തിൽനിന്നുണ്ടായ ആശയങ്ങൾ ആവർത്തിച്ചാവർത്തിച്ച് വരും. 0 മുതൽ 9 വരെയുള്ള സംഖ്യ യുടെ ആവർത്തനമല്ലാതെ മറ്റൊരു സംഖ്യയില്ല. ആശയങ്ങളുടെ ആവർത്തന ങ്ങൾ കൊണ്ട് അവക്ക് വരുന്ന വിപരിമാണങ്ങൾ അഥവാ വിവർത്തനങ്ങ ളാണ് എല്ലാ സംഖ്യകളും. വസ്തുക്കളെ നാം 0,1,2,3,4,5,6,7,8,9 എന്ന് വിളി ക്കുന്നു. പക്ഷേ അവയെല്ലാം 0 എന്ന ആശയത്തിന്റെ ആവർത്തനം കൊണ്ടു സംഭവിച്ച വിവർത്തനങ്ങളാണ്. ഞാൻ ഇത് എന്നു

വിവക്ഷിക്കുന്ന പ്രപ ഞ്ചത്തെ എന്റെ പൂർവ്വികരും ഇത് എന്നു തന്നെ വിവക്ഷിച്ചു. അതിനാൽ ഞാനീ വസ്തുവല്ല, ഈ ശരീരമല്ല, ഈ പ്രപഞ്ചമല്ല എന്നെല്ലാം പറയുന്നത് (സംഖ്യയെ പകരം വെച്ചാൽ) ഞാൻ ഈ സംഖ്യയല്ല എന്നതിനു തുല്യമാണ്. സദാഗതിയായ കാലചക്രത്തിൽ ഭൂതവർത്തമാനഭാവികൾ ഒന്നാണ്.ഇന്നലെ വന്നവരും ഇന്നുള്ളവരും നാളെ വരുന്നവരും അതിൽ ഭേദമില്ല. ഇപ്രകാരം സംഖ്യകളുടെ നിഷേധാത്മകമായ വാസ്തവസ്വഭാവത്തെ പ്രതിനിധീകരിക്കുന്ന സംഖ്യാശാസ്ത്രം രേഖാശാസ്ത്രത്തേക്കാളും എപ്പോഴും സത്യസന്ധമായിരി ക്കും. ജ്യാമിതിയിൽ, (ജ്യാവിന്റെ അളവ്,രേഖാശാസ്ത്രം) ബിന്ദുവിന്റേയോ രേഖയുടേയോ വൃത്തത്തിന്റേയോ വിവരണം യഥാർത്ഥത്തിലുള്ളതുപോലല്ല, എട്ടിൽ വരക്കുമ്പോൾ ധരിക്കപ്പെടുന്നത്. ജ്യാമിതി സംഖ്യാശാസ്ത്രത്തേക്കാളും ആപേക്ഷികത ഉള്ളതാണ്. ഒന്നും ഒന്നും കൂട്ടിയാൽ ഉമ്മിണി വല്ല്യേ ഒന്ന് എന്ന ബഷീറിന്റെ ആശയത്തോട് ലോകചിന്തകന്മാരിൽ പലരുടേയും ആശയ ങ്ങൾ അടുത്തുവരുന്നുണ്ട്. വൈരുദ്ധ്യാത്മകവാദത്തെക്കുറിച്ച് സോക്രട്ടീസ് തന്റെ മരണത്തിന് അൽപ്പം മുമ്പായി സിമ്മിയാസിനും സെബ്സിനും വ്യക്ത മാക്കിക്കൊടുക്കുന്ന ഭാഗം ശ്രദ്ധേയമാണ്. ആത്മാവ് സകലരൂപങ്ങളുടേയും ഉത്ഭവത്തിനുമുമ്പ്ഉണ്ടായിരുന്നെന്നും നിലനിൽക്കുമെന്നും അദ്ദേഹം സ്ഥാപി ക്കുമ്പോൾ, സെബ്സ് ചോദിക്കുന്നു: ഒരു നെയ്ത്തുകാരൻ നിരവധി വസ്ത്രം നെയ്തു. അവയെല്ലാം ജീർണ്ണിച്ചുപോയി. ഒടുക്കം നെയ്ത വസ്ത്രം പുതുതാ യി ഇരിക്കുന്നു. അയാളാകട്ടെ ജരാനര വന്ന് മരിച്ചും പോയി. അനേകജന്മ മെടുത്ത് കർമ്മഗതി തുടർന്ന ആത്മാവിനെ നെയ്ത്തുകാരനോടും ശരീരങ്ങളെ ആത്മാവ് നെയ്ത വസ്ത്രങ്ങളോടും ഉപമിച്ചാൽ അവസാനം നെയ്ത വസ്ത്രം (ശരീരം) പുതുതായിരിക്കെ ആത്മാവ് നശിച്ചുപോയി എന്നു വരില്ലേ.

ഇതിന്നുത്തരമായി, താൻ ആദ്യമായി ശാസ്ത്രപഠനം തുടങ്ങിയ കാലത്തെ സോക്രട്ടീസ് അനുസ്മരിക്കുന്നു:-കുട്ടിക്കാലത്ത് ഞാൻ വിചാരിച്ചിരുന്നു, രണ്ട് കൂട്ടിയതിനാൽ 10 എട്ടിനേക്കാൾ വലുതാണെന്ന്. ഒരടിക്ക് രണ്ടടിയെക്കാൾ വലിപ്പം കുറയുമെന്ന്. ഒന്നിനോട് ഒന്നു ചേർക്കുമ്പോൾ, ചേർക്കപ്പെട്ടതോ ചേർത്തതോ ആയ ഒന്ന് രണ്ടായി മാറുമെന്നും വിചാരിച്ചിരുന്നു. വെവ്വേറെ നിൽക്കുമ്പോൾ അവ രണ്ടല്ല, ഓരോ ഒന്നാണെന്നും അടുത്തുവരുമ്പോളാണ് അവ രണ്ടായിത്തീരുന്നതെന്നും കാണുമ്പോൾ, ആ രണ്ടായിത്തീരൽ പരസ്പരം അടുക്കുന്നതുകൊണ്ടാണെന്ന് മനസ്സിലാക്കുമ്പോൾ, ഞാൻ അത്ഭുതപ്പെട്ടുപോകു ന്നു.ഒന്നിനെ രണ്ടായി മുറിക്കുമ്പോൾ ആ മുറിക്കലെന്ന പ്രക്രിയയാണ് അതി നെ രണ്ടാക്കുന്നത്. ഒന്നിനെ രണ്ടായി മുറിച്ചിട്ടാണ് 2 ഉത്ഭവിച്ചതെന്നു വരി കിൽ, ഒന്ന് വാസ്തവത്തിൽ എങ്ങനെ ഉത്ഭവിച്ചു.

ഒന്നിനെ പലതായി മുറിക്കലെന്ന പ്രക്രിയ - പ്രകൃതിയിൽ വൈരുദ്ധ്യങ്ങൾ സൃഷ്ടിക്കലെന്ന പ്രക്രിയ-മനുഷ്യമനസ്സാണ് ചെയ്യുന്നതെന്ന് അദ്വൈതിയും ആധുനികഭൌതികവാദിയും കരുതുന്നുണ്ട്. സോക്രട്ടീസും അനക്സഗോറസ്സിനെ ഉദ്ധരിച്ച് മനസ്സാണിതിനു കാരണമെന്ന് പറയുന്നു. സോക്രട്ടീസ്, നീ ഇരിക്കുന്നതിനു കാരണം നിന്റെ എല്ലുകളും സന്ധികളും അവയെ പൊതിഞ്ഞ തൊലിയും മാംസവുമാണെന്ന് കരുതുക. ആ ഉപകരണങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഉത്തമമെന്ന് ഞാൻ കരുതുന്ന കാര്യങ്ങൾ പ്രവൃത്തിയിൽ വരുത്താൻ എന്നെക്കൊണ്ടാവില്ലെന്നതു ശരിയാണ്. എന്നാൽ അവയാണ് മനസ്സിന്റെ വിവേചനശക്തിയല്ല, എന്നെക്കൊണ്ട് കാര്യങ്ങൾ ചെയ്യിച്ചതെന്ന് പറയുന്നത് നിരർത്ഥകമാണ്. ശരിയായ കാരണം കണ്ടുപിടിക്കാനുള്ള കഴിവില്ലായ്മയെയാണ് അത് കാണിക്കുന്നത്. ആ കാരണമില്ലെങ്കിൽ , ഒരു കാരണവും മറ്റൊന്നിന്റെ കാരണമായിത്തീരുന്നില്ല.

മനുഷ്യന്റെ മരണശേഷം ശരീരഭാഗങ്ങളെ വളരെക്കാലം കേടുപാടില്ലാതെ സൂക്ഷിക്കാനാവും. പക്ഷേ അങ്ങനെ സൂക്ഷിച്ച മസ്തിഷ്കത്തിന് കർമ്മം ചെയ്യാനാവില്ല. കോമയിലുള്ള ഒരാളുടെ സൂക്ഷ്മശരീരഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കൂടി, ബോധമനസ്സിന്റെ പ്രവർത്തനമില്ലെങ്കിൽ ശരീരമുണ്ടെങ്കിലും അയാൾ കർമ്മരഹിതനാണ്. ബാഹ്യവസ്തു നിലനിന്നാലും ഒരു ആന്തരശക്തിയുടെ അഭാവം നമ്മെ പ്രവർത്തനരഹിതരാക്കുന്നു ആ ശക്തിയാണ് സർവ്വത്തിനും കാരണമെന്ന് ആശയവാദികൾ വിചാരിക്കുന്നു. അങ്ങനെ ഒരു നിയാമകശക്തിയുടെ നിലനിൽപ്പിനെക്കുറിച്ച് ആധുനികഭൌതികശാസ്ത്രത്തിനും എതിർപ്പില്ല. ആത്മവാ, ബ്രഹ്മം ,ഈശ്വരൻ മുതലായ വാക്കുകളോടാണ് എതിർപ്പ്. ബ്രഹ്മം എന്നതിനു പകരം എനർജ്ജി എന്നു പറഞ്ഞാൽ ആ എതിർപ്പ് അവസാനിച്ചു.

സംഖ്യ ഞാനല്ല

സംഖ്യയല്ല ഞാൻ.

ഞാൻസംഖ്യയല്ല

പദക്രമം മാറ്റിപ്പറഞ്ഞു എന്നല്ലാതെ മൂന്നു വാക്യത്തിലും അർത്ഥഭേദമില്ല. തന്നിൽത്തന്നെ ചുറ്റിക്കറങ്ങി ക്രമം തെറ്റി, നിഷേധത്തിൽക്കൂടി ഒന്നിലേക്കുതന്നെ വീണ്ടും വീണ്ടും തിരിച്ചെത്തുന്ന വൃത്തിയിലാണ് കാലത്തിന്റെ അതിരുകൾ അടങ്ങിയിരിക്കുന്നതെന്ന് പ്രണവവാദത്തിൽ ഭഗവാൻദാസ്. സോക്രട്ടീസിന്റെ ദിവ്യസൃഷ്ടിജനനവും ആശയ,ഭൌതികവാദങ്ങളുടെ പരസ്പരനിഷേധചക്രവും (വൈരുദ്ധ്യാത്മകഭൌതികവാദം. മാർക്സ്, എഗൽസ്,ലെനിൻ) ഇതിനോട് താരതമ്യപ്പെടുത്താവുന്നവയാണ്.

നിരീക്ഷകൻ എത്തിച്ചേരുന്ന മറ്റൊരു നിഗമനം ഞാൻ യോഗമല്ല എന്നാണ്. ദ്വന്ദ്വങ്ങൾ തമ്മിലേ യോഗം സംഭവിക്കൂ. ആകയാൽ അനേകങ്ങളെ പഠന വിധേയമാക്കി, അവയുടെ യോഗം(യൂനിയൻ) അല്ല ഞാനെന്ന് മനസ്സിലാവുന്നു. ഒരുമിച്ച് (സൈമുള്ട്ടേനിയസ്ലി SIMULTANEOUSLY) അസ്തിത്വമുള്ള അസംഖ്യം അനേകങ്ങളെക്കുറിച്ച് ചിന്തിക്കുന്ന മനസ്സ് ആകാശദേശത്തെ (സ്പേസ്) ചിന്തിക്കുന്നു. ഗ്രഹയോഗങ്ങളെക്കുറിച്ച് ചിന്തിക്കുന്നു. ഭ്രമണം, പ്രദക്ഷിണം, സ്ഥാനം, ആവർത്തിക്കുന്ന അസംഖ്യം സായനവർഷങ്ങളോടുകൂടിയ കാലത്തിന്റെ അനാദിത്വം , കാലദേശനൈരന്തര്യം ഉവയെക്കുറിച്ച ധാരണ മനസ്സിലുണ്ടാവുന്നു.

ന്യായവൈശേഷികർ സംഖ്യക്ക് സ്വയം ബൃഹത്താവാനുള്ള ശക്തിയുണ്ടെന്ന് വിശ്വസിച്ചിരുന്നു. ഈ ശക്തി നിഷേധിതനിഷേധനിയമത്തിലും പ്രകടിപ്പിക്കപ്പെടുന്നു. ഒന്നിന്റെ നിഷേധത്തിനു ശേഷമുണ്ടായ ഒന്നിനെ വീണ്ടും നിഷേധിച്ചാൽ ആദ്യത്തെ ഒന്നു ലഭിച്ചാലും അതിന്റെ സ്വഭാവം ആദ്യത്തേതിൽനിന്ന് പതിന്മടങ്ങ് ശക്തമായിരിക്കുമെന്ന് വൈരുദ്ധ്യാത്മകഭൌതികവാദികൾ പറയുന്നു. ബൃഹത്തും ശക്തവുമായ സംഖ്യകൾ, അവയുടെ ഗണിതനിയമങ്ങളെന്നിവയുടെ ജ്ഞാനം വ്യാവഹാരികവ്യക്തിത്വങ്ങളെ ഉയർന്നതും കൂടുതൽ യഥാർത്ഥവുമായ പ്രപഞ്ചാവബോധത്തിലേക്ക് എത്തിക്കുമെന്ന് ബ്ലവാട്സ്കിയെ ഉദ്ധരിച്ച് ഭഗവാൻദാസ് പറയുന്നു. ആവർത്തനം, പ്രദക്ഷിണം ഇവകൊണ്ട് അവ്യക്തമായ ഒന്നിനെ പതുക്കെപ്പതുക്കെ വ്യക്തമാക്കാമെന്ന് പുരാതനഭാരതീയദർശനം. ഉജ്വലിക്കുന്ന വാതകപിണ്ഡമായ സൂര്യമണ്ഡലത്തെ വ്യക്തമായ പ്രകാശദ്രവ്യമായി(ചേതനാധാതു)അനുഭവിക്കാൻ ഭൂമിയും അതിലെ നിരീക്ഷകനായ മനുഷ്യന്റെ ബോധവും അതിനെ ആവർത്തിച്ചാവർത്തിച്ച് പ്രദക്ഷിണം വെച്ചേ തീരൂ. അവ്യക്തമായ സ്വസ്വരൂപത്തെ- ആത്മാവിനെ- അനുഭവിക്കാൻ മനുഷ്യൻ നിരന്തരം ആത്മസ്വഭാവം ആവർത്തിച്ചു ജപിച്ച് അതിനെ വലം വെക്കുന്നു.

കാലദേശങ്ങളുടെ സ്ഥാനത്ത് മഹത്തും ബുദ്ധിയും ,യോഗസാംഖ്യങ്ങളുടെ സ്ഥാനത്ത് സംവൃത്തിയും പ്രവൃത്തിയും വെച്ച് നോക്കുക. ജീവൻ ദ്രവ്യാത്മകമായ ഭൌതികപ്രപഞ്ചത്തിൽ പ്രവേശിച്ച് ദ്വന്ദ്വഭാവം ആർജ്ജിക്കുന്നത് പ്രവൃത്തി. ഭൌതികപ്രപഞ്ചത്തിൽ വസിച്ചിട്ടും സർവ്വചരാചരാശ്ലേഷിയായ അദ്വൈതത്തിലേക്ക് ഉയർച്ച സംവൃത്തി. പ്രവൃത്തി അനാത്മം, സംവൃത്തി ആത്മം. അനാത്മമെന്നാൽ ആത്മമല്ലാത്തത്. ശരീരം. ഈ വാക്കിൽനിന്നാണ് അനാത്മി(അനാത്തമി ലാറ്റിൻ, അനാട്ടമി ഇംഗ്ലീഷ്) എന്ന ശരീരശാസ്ത്രം പിറന്നത്. ദ്വൈതാദ്വൈതങ്ങളിൽനിന്ന് ഭിന്നമായ ശാന്തിയിൽ പ്രവൃത്തിസംവൃത്തി കളില്ല. പ്രവൃത്തി കാലത്തോടും മഹത്തോടും

സംവൃത്തി ബുദ്ധിയോടും ആകാശദേശത്തോടും സമമെന്ന് ഭഗവാൻദാസ്. ആറാം ഇന്ദ്രിയമായ ബോധം ആറാം മന്വന്തരത്തിൽ മാത്രം പ്രകടമായതിനാൽ, അനുപാദകതത്വത്തിന്റെ (കാലത്തിന്റെ) പഠനം ആറാം മന്വന്തരത്തിലേ ആരംഭിച്ചിട്ടുള്ളൂ എന്നദ്ദേഹം.
വൈരുദ്ധ്യാത്മകഭൌതികവാദികൾ പറയുന്നതുപോലെ മനുഷ്യബോധം ഭൌതികവസ്തുക്കൾക്കു ശേഷം ആവിർഭവിച്ചതാകയാൽ ഭൌതികവസ്തുവിൽനിന്നാണ് ബോധമുണ്ടായതെന്ന വാദം ശരിയല്ല. സർവ്വബോധേന്ദ്രിയങ്ങളോടും കൂടിയ ആദിതത്വം മന്വന്തരങ്ങളിലൂടെ ക്രമേണ തന്റെ ഇന്ദ്രിയങ്ങളെ പ്രകാശിപ്പിക്കലാണത്. ശിശുവിന് ജനിക്കുമ്പോൾ്തന്നെ സർവ്വ ഇന്ദ്രിയങ്ങളുമുണ്ട്. പതുക്കെ പതുക്കെ അവൻ ഇന്ദ്രിയങ്ങളെ പ്രവർത്തിപ്പിക്കുന്നു. വിവേചനബുദ്ധിയും ബോധവും ആദ്യമേ കുഞ്ഞിലുണ്ട്.അവ പൂർണ്ണമായി വികസിക്കുന്നത് അനുഭവങ്ങളിലൂടെ കടന്നുപോയിട്ടാണ്. അതുപോലെ മന്വന്തരങ്ങളിലൂടെ വികസ്വരമായ ആദിതത്വം സർവ്വേന്ദ്രിയവും വികാസം പ്രാപിച്ച് സാമ്യാവസ്ഥയിലെത്തവേ, ഒരു പൂർണ്ണഭ്രമണകാലം കഴിഞ്ഞ് പുതിയത് ആരംഭിക്കുന്നു. ഈ പുതിയ ശക്തി കുറേക്കൂടി ശക്തവും വ്യക്തവുമാണ്. പക്ഷേ ആദിതത്വത്തിൽനിന്ന് ഭിന്നമല്ല. കുട്ടിയും യുവതിയും വൃദ്ധയുമായ ഞാൻ , ഞാനെന്നല്ലാതെ ആ മൂന്നു ഞാനും വേറെയെന്ന് കരുതുന്നില്ലല്ലോ. വലിയഞാനെന്നോ ചെറിയ ഞാനെന്നോ വലിപ്പചെറുപ്പം ഞാനിനില്ല. അതുപോലെ നിഷേധിതനിഷേധനിയമം കൊണ്ട് ഭൌതികവാദം ആശയവാദമായും മറിച്ചും ചാംക്രികമായി ആവർത്തിച്ചുവരുന്ന വാദരൂപങ്ങൾക്കും വലിപ്പചെറുപ്പമില്ല.കാലദേശാതീതമായ ഭ്രമണാത്മകചാംക്രികപ്രക്രിയയിൽ, ഇതുപോലെ വലിപ്പചെറുപ്പനിർണ്ണയം ആപേക്ഷികമായിത്തീരുന്നു. ഞാനീ പ്രത്യേകസംഖ്യയല്ല എന്നപോലെ,എനിക്ക് വലിപ്പചെറുപ്പമില്ല എനിക്ക് വളർച്ചയോ തളർച്ചയോ ഇല്ല എന്നും മനസ്സിലാവുന്നു. ബാഹ്യദൃഷ്ടിയിൽ ഉണ്ടെന്നു തോന്നിക്കുന്ന വളർച്ചയോ തളർച്ചയോ ആന്തരമായി ഇല്ല. ഞാനീ ശരീരമാണെന്നു കരുതുന്നവർക്ക് ജനനമരണ,വളർച്ച.തളർച്ച ഇവ സത്യമാണെന്ന് തോന്നുന്നു. അവ കാലദേശനിർമ്മിതമാണെന്നും കാലദേശാതീതമായ ഒന്നിന് അവ ഇല്ലെന്നും ആശയവാദികൾ മനസ്സിലാക്കുന്നു. കാലദേശാതീതമായ ആ ഒന്നിനെയാണ് ആത്മാവെന്നു വിളിക്കുന്നത്.

തളർച്ച ആപേക്ഷികമാണെന്ന് ഇക്കണോമിക്ക് സൈക്കിളിൽ ഭൌതികവാദികളും സമ്മതിക്കുന്നു. മാർക്സ് , ചാംക്രികമായ ഏതു പ്രക്രിയയിലുമെന്നപോലെ, ഇക്കണോമിക്ക് സൈക്കിളിലും വളർച്ചതളർച്ചകൾ അനിവാര്യങ്ങളും ആപേക്ഷികങ്ങളും താൽക്കാലികങ്ങളുമാണെന്ന് സ്ഥാപിച്ചിട്ടുണ്ട്. പ്രപഞ്ചത്തിൽ നിരീക്ഷണവിധേയമായ സർവ്വവും സ്പന്ദചലനാദികളുടെ നിരന്തരാവർത്തനമായ ചാംക്രികപ്രക്രിയകളാണുതാനും. മനുഷ്യശരീരത്തിന്റെ സ്ഥിതി

യും ഇതിൽനിന്ന് ഭിന്നമല്ല. ചക്രത്തിനുള്ളിൽ ചക്രം തിരിയുന്ന ബ്രഹ്മാണ്ഡ ചലനത്തിന്റെ ചെറിയൊരു പ്രതിരൂപമാണ് അനവധി ഫീഡ്ബാക്ക് മെക്കാനിസങ്ങളും ചാംക്രികപ്രക്രിയകളും നടന്നുകൊണ്ടേ ഇരിക്കുന്ന ശരീരം. അതിനാല്, ശരീരത്തിന്റെ വളർച്ചതളർച്ചകളും ആപേക്ഷികമാണ്. താൽക്കാലികമാണ്.

ഇത്തരം യോജിപ്പുകളുണ്ടായിട്ടും ആശയ,ഭൌതികവാദികൾ തമ്മിൽ പരസ്പരം സ്നേഹവിശ്വാസങ്ങളോടെ കഴിയുന്നതിനു പകരം ചളി വാരി എറിയുന്നതെന്തിന്. സോക്രട്ടീസ് പറയുന്നത്, സത്യത്തെക്കുറിച്ച് ചിന്തിക്കയോ ശ്രദ്ധിക്കയോ ചെയ്യാതെ, ഏതുകാര്യത്തേയും കുഴച്ചുമറിക്കുന്നതിൽ വിരുതരും , എന്നിട്ട് തന്നെക്കുറിച്ച് സ്വയംഅഭിമാനിക്കുന്നവരുമാണ് ഇരുകൂട്ടരുമെന്നാണ്. പരസ്പരം വാളോങ്ങുന്ന വിരുദ്ധശക്തികൾക്കിടയിൽ പെട്ട് സമൂഹം നശിക്കാതിരിക്കാൻ നിഷ്പക്ഷരും ശാന്തി കാംക്ഷിക്കുന്നവരുമായ എല്ലാവരും ചേർന്ന് ഒരു അദ്വൈതയജ്ഞം- ഏകീകരണയജ്ഞം- ആരംഭിക്കണം. നിഷേധത്തിന്റെ നിഷേധമായ ഒരു പുതിയ ഏകീകരണത്തോടെ ആശയവാദവും ഭൌതികവാദവും പരസ്പരം നിഷേധിക്കുന്ന ചാംക്രികഭ്രമണത്തിന്റെ വൃത്തഭംഗം ചെയ്ത് പുതിയൊരു ഭ്രമണതലത്തിലെത്തണം.

5. വൈരുദ്ധ്യങ്ങളുടെ ഐക്യമെന്ന അദ്വൈതം

സ്വയോരസ്യയോഃ സ്വംവധസ്വർണ്ണഘാതേ
ക്ഷയോ ഭാഗഹാരേപി ചൈവം നിരുക്തം
കൃതി സ്വർണ്ണയോഃ സ്വംസ്വമൂലേ ധനര്ണ്ണേ
ന മൂലം ക്ഷയ സ്വാസ്തി തസ്യാ കൃതിത്വാൻ(ലീലാവതി. ഭാസ്കരാചാര്യൻ)

സ്വമോ അസ്വമോ ആയ രണ്ട് രാശികളുടെ ഘാതം (പെരുക്ക്) ധനവും , ധനരാശിയും ഋണരാശിയും തമ്മിലുള്ള ഘാതം ക്ഷയവുമാകുന്നു. ധനമോ ഋണമോ ആയ രാശിയുടെ വർഗ്ഗം ധനമാണ്. ധനരാശിക്ക് ധനമായും ഋണമായും 2 മൂലങ്ങളുണ്ട്. ഭാസ്കരാചാര്യന്റെ ഈ പഴയ ഗണിതനിയമം മാർക്സിയൻ ദർശനത്തിൽ എങ്ങനെ ഉപയോഗപ്പെടുത്തിയിരിക്കുന്നു എന്ന് നോക്കാം. +എയെ നിഷേധിച്ചാൽ --എ ലഭിക്കും. ഈ നിഷേധത്തെ വീണ്ടും നിഷേധിച്ചാൽ, --എയെ അതുകൊണ്ടുതന്നെ ഗുണിച്ചാലും, +എ^2 കിട്ടും ഇത് ആദ്യത്തെ ധനരാശി തന്നെയാണ് പക്ഷേ, കൂടുതൽ ഉയർന്ന ഘാതത്തിലാണെന്ന് മാത്രം. +എയെ +എ കൊണ്ട് ഗുണിച്ചാലും +എ^2

കിട്ടും. അതായത്, എ^2 ന് +എ, --എ എന്ന് 2 വർഗ്ഗമൂലങ്ങൾ ഉണ്ടായിരിക്കത്തക്ക വിധത്തിൽ എ^2 ൽ, അത്ര രൂഢമൂലമായിട്ടുള്ളതാണ് നിഷേധിത നിഷേധം. (പേജ് 88 റഫഃ 14) ഈ ഗണിതനിയമത്തിനു സമാനമാണ് ചരിത്രമെന്ന്എംഗൽസ് കരുതുന്നു. പൊതുസ്വത്തുടമാവകാശനിഷേധം കൊണ്ട് സ്വകാര്യസ്വത്തുടമാവകാശവും അതിന്റെ നിഷേധം കൊണ്ട് ഉയർന്ന തലത്തിലുള്ള, വികസിതമായ, മറ്റൊരു പൊതുസ്വത്തുകൈവശാവകാശരൂപവും സംഭവിക്കുമെന്ന് അദ്ദേഹം പറയുന്നു.

ആന്റിഡ്യൂറിംഗ് എന്ന ഗ്രന്ഥത്തിൽ എംഗൽസ് എഴുതിഃ-പ്രാകൃതവും ബാലിശവുമെങ്കിലും സാരാംശത്തിൽ ശരിയായിട്ടുള്ള വിശ്വാസത്തെക്കുറിച്ച് ധാരണ പ്രാചീനയവനതത്വചിന്തയുടേതാണ്. ഹെരാക്ലീറ്റസ്സാണ് ആദ്യം ഇത് വ്യക്തമായി നിർവ്വചിച്ചത്. അദ്ദേഹം പറഞ്ഞു, സർവ്വവും നിലനിൽക്കുന്നുണ്ട്, അതേ സമയം നിലനിൽക്കുന്നില്ല താനും. കാരണം സർവ്വവും ദ്രവാവസ്ഥയിലുള്ളതും, നിരന്തരം മാറുന്നതും ജനിക്കുന്നതും മരിക്കുന്നതുമാണ്. പ്രതിഭാസങ്ങളുടെ മൊത്തത്തിലുള്ള ചിത്രങ്ങളുടെ സാമാന്യസ്വഭാവം ഇത് വരച്ചുകാട്ടുന്നു എന്നും എങ്കിലും വിശദാംശങ്ങൾ മനസ്സിലാക്കാതെ പൂർണ്ണചിത്രത്തെക്കുറിച്ച് യഥാർത്ഥധാരണ നമുക്കുണ്ടാവുകയില്ല എന്ന കാരണത്താൽ,ഓരോ അംശത്തേയും അവയുടെ അന്വയത്തിൽനിന്ന് അടർത്തിയെടുത്ത് പ്രത്യേകം പ്രത്യേകം പരിശോധിക്കണമെന്നും അദ്ദേഹം എഴുതുന്നു. പ്രാകൃതികവസ്തുക്കളേയും പ്രക്രിയകളേയും ആകെയുള്ളതുമായി അവക്കുള്ള ബന്ധം കാണാതെ ഒറ്റപ്പെട്ട രീതിയിൽ നിരീക്ഷിക്കുന്നത്, -നിശ്ചലാവസ്ഥയിൽ നിരീക്ഷിക്കുന്നത്-ചലാങ്കത്തിനു പകരം സ്ഥിരാങ്കങ്ങളായി കാണുന്നത് , ജീവനുള്ള അവസ്ഥയിൽ നിരീക്ഷിക്കുന്നതിനു പകരം മൃതാവസ്ഥയിൽ നിരീക്ഷിക്കുന്നത്, പാരമ്പര്യശീലമായിക്കഴിഞ്ഞു. ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യുന്ന മനുഷ്യനെ കുറിച്ചുള്ള പഠനം അവന്റെ ശരീരത്തിലെ വിവിധഭാഗങ്ങളെക്കുറിച്ചുള്ള പഠനം കൂടാതെ മുഴുവനാവുന്നില്ല എന്നത് വാസ്തവം. പക്ഷേ, അംശങ്ങളുടെ വിശദപഠനം സ്പെഷ്യലിസ്റ്റുകളിലൂടെ വളരുമ്പോൾ, കണ്ണിന്റേയും കരളിന്റേയും വൃക്കയുടേയും ഡോക്ടർ മനുഷ്യന്റെ ഡോക്ടറല്ലാതാവുന്ന അവസ്ഥ വരും. പ്രാഥമികമായി നാം എന്താണെന്നും ആരാണെന്നും അറിവുള്ള ,ബോധമുള്ള, കാലത്തോളമേ അംഗങ്ങളുടെ വിശദാംശപഠനം കൊണ്ട് മനുഷ്യരാശിക്ക് ഗുണമുണ്ടാവൂ.

നിരന്തരം ചലിക്കുന്ന കോശത്തെക്കുറിച്ച് പഠിക്കാൻ നാം നിശ്ചലകോശത്തിന്റെ ചിത്രത്തെ അവലംബിക്കാറുണ്ട്. ഇത്തരം വിശദാംശപഠനരീതിയെ ബേക്കണും ലോക്കും കൂടി പ്രകൃതിശാസ്ത്രത്തിൽനിന്ന് തത്വശാസ്ത്രത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചതോടെ ഒരു സങ്കുചിതഅഭൌതികതാവാദചിന്താസരണി

രൂപം കൊണ്ടതായി എംഗൽസ് അഭിപ്രായപ്പെടുന്നു(പേജ് 54) അതിഭൌതികതാവാദിക്ക് ഒരു വസ്തു ഒന്നുകില് ഉണ്ട്, അല്ലെങ്കിലില്ല. ഒരേ സമയം ഒന്നും മറ്റൊന്നുമാകാൻ വസ്തുവിന് സാദ്ധ്യമല്ല. അയാളെ സംബന്ധിച്ചേടത്തോളം ധനാത്മകവും നിഷേധാത്മകവും പരസ്പരം നിശ്ശേഷം വർജ്ജിക്കുന്നവയാണ്. കാരണവും കാര്യവും തമ്മിൽ യാതൊരു സന്ധിയും സാദ്ധ്യമല്ല. അതിഭൌതികവാദിയുടെ ഈ സങ്കുചിതത്വത്തെക്കുറിച്ചും അതിന്റെ പരിമിതികളെക്കുറിച്ചും വാചാലമായി വിവരിച്ച ശേഷം എംഗൽസ് പറയുന്നുഃ- ഓരോ ജീവവസ്തുവും ഒരു നിമിഷത്തിൽ അതാണ്, പക്ഷേ അതല്ലതാനും. ഒരു പ്രതിപക്ഷതയുടെ ക്രിയാത്മകവും നിഷേധാത്മകവുമായ രണ്ടു ധ്രുവങ്ങൾ, തമ്മിൽ എത്ര വൈരുദ്ധ്യമുണ്ടോ അത്രതന്നെ അഭേദ്യമായ സാമ്യവും ബന്ധവുമുണ്ട്. സത്യമെന്ന് നിരുപാധികം അവകാശപ്പെടാവുന്ന വിജ്ഞാനം കൈവരുന്നത് ആപേക്ഷികമായ തെറ്റുകളുടെ ഒരു പരമ്പരയിലൂടെയാണ്

മാനവചിന്ത എപ്രകാരം പരമാധികാരമുള്ളതും അപരിമിതവുമാണോ, അപ്രകാരം പരമാധികാരമില്ലാത്തതും പരിമിതവുമാണെന്നും എംഗൽസ് വിശ്വസിക്കുന്നു. അന്തിമവും പരമവുമായ ശാശ്വതസത്യങ്ങളിൽ,സൂക്ഷ്മശാസ്ത്രങ്ങളായ ഗണിതം, ബലതന്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം എന്നിവയുടെ തീർപ്പുകൾ എത്തിച്ചേരുന്നതായി പ്രഖ്യാപിക്കുന്ന (പേജ് 54) തൂലിക തന്നെ മറ്റൊരിടത്ത് ഇങ്ങനെ രേഖപ്പെടുത്തുന്നുഃ-ഇന്ദ്രിയാധിഷ്ഠിതമായ വിജ്ഞാനത്തിന് കവിതാത്മകമായ വിരിവ് നഷ്ടപ്പെടുന്നു. അത് ജ്യാമിതീയശാസ്ത്രജ്ഞന്റെ അമൂർത്തമായ അനുഭവമായി മാറുന്നു. ഭൌതികചലനം ബലതന്ത്രപരമോ ഗണിതശാസ്ത്രപരമോ ആയ ചലനത്തിനായി ബലി കഴിക്കപ്പെടുന്നു. ജ്യാമിതി ശാസ്ത്രങ്ങളുടെ റാണിയായി പ്രഖ്യാപിക്കപ്പെടുന്നു. ഭൌതികവാദം മനുഷ്യവിദ്വേഷത്തിന്റെ ഭാഗത്തേക്ക് നീങ്ങുന്നു. അന്തിമവും പരമവുമായ ശാശ്വതസത്യത്തിലെത്തിച്ചേരുന്ന ഒരു ശാസ്ത്രശാഖക്ക് കവിതാത്മകമായ വിരിവ് നഷ്ടപ്പെടുന്നുവെന്നും അത് മനുഷ്യവിദ്വേഷത്തിന്റെ ഭാഗത്തേക്ക് നീങ്ങുന്നു എന്നുമാണ് പറയുന്നതെന്ന് ശ്രദ്ധിക്കുക.

നിഷേധിതനിഷേധമെന്ന സാമാന്യചലനനിയമത്തിനു കീഴിൽ,എല്ലാ പ്രക്രിയകളേയും കൊണ്ടുവരുന്ന എംഗൽസ്,തരംഗന്യായത്തെ അനുകൂലിക്കുന്നുണ്ട്. പ്രാകൃതികഭൌതികവാദനിഷേധത്തിൽനിന്ന്, ആശയവാദവും ആശയവാദനിഷേധത്തിൽനിന്ന് ആധുനികഭൌതികവാദവും ഉണ്ടാവുന്നു. അങ്ങനെ കാലക്രമത്തിൽ അതിനേക്കാൾ ശക്തമായ ഒരു ആശയവാദം നിഷേധിക്കാതെ തരമില്ല.അതേസമയം രണ്ടു ധ്രുവങ്ങൾ തമ്മിൽ എത്ര വൈരുദ്ധ്യമുണ്ടോ അത്ര അഭേദ്യതയുമുണ്ട് ആശയഭൌതീകവാദങ്ങൾക്ക്. 1942ൽ മായർ, ജൌൽ, ഗ്രൌവ് എന്നിവരുടെ വാദങ്ങളുടെ വെളിച്ചത്തിൽ ഭൌതികശക്തികളുടെ

നിലനിൽപ്പ് യാദൃച്ഛികമാണെന്ന വാദം ശാസ്ത്രരംഗത്തുനിന്ന് തുടച്ചുമാറ്റപ്പെട്ടതിനെ എംഗൽസ് പ്രകീർത്തിക്കുന്നു. ചലനമുള്ള പദാർത്ഥത്തിന്റെ ശാശ്വതചക്രം എന്ന പരമമായ ആ നിഗമനത്തിലേക്ക് കൈചൂണ്ടുന്ന നിലപാടിൽ ഊർജ്ജതന്ത്രവും ജ്യോതിശ്ശാസ്ത്രത്തെപ്പോലെ എത്തിയിരുന്നു (പേജ് 107)പ്രകൃതിയാകെ ചക്രീയഗതിയിലൂടെ സദാ ഒഴുകിക്കൊണ്ടിരിക്കുന്ന ഒന്നാണെന്ന് തെളിഞ്ഞു. ഈ വിധത്തിൽ നാം യവനതത്വചിന്തക്ക് രൂപം നൽകിയ മഹാന്മാരുടെ വീക്ഷണരീതിയിൽ മടങ്ങിയെത്തുന്നു. ഏറ്റവും സൂക്ഷ്മമായതു മുതൽ, സ്ഥൂലം വരെയും, മൺതരി മുതൽ സൂര്യൻവരേയുമുള്ള സമസ്ത പ്രകൃതിയുടേയും നിലനിൽപ്പ് ശാശ്വതമായ ആവിർഭാവത്തിലും തിരോഭാവത്തിലുമാണ്. അവിരാമമായ ഒഴുക്കിലും വിശ്രമമില്ലാത്ത ചലനത്തിലും മാറ്റത്തിലുമാണ് എന്ന് അനുശാസിക്കുന്നതായിരുന്നു ഈ വീക്ഷണം (പേജ് 109) അതേ സമയം യവനചിന്തകരുടെ ബോധം വെറും ഒരു ഭൂതോദയവും നമ്മുടേത് അനുഭവാടിസ്ഥാനത്തിലുള്ള ശാസ്ത്രീയഗവേഷണഫലവുമാണെന്ന് അദ്ദേഹം കരുതുന്നു. അത്ഭുതമെന്ന് പറയട്ടേ, പ്രായോഗികമായി ഫലപ്രദമായ പ്രവർത്തനങ്ങൾക്കുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള ബോധമാണ് ഏതു ശാസ്ത്രീയകണ്ടുപിടുത്തത്തിനും മുമ്പുണ്ടാകുന്നതെന്നും എംഗൽസ് പ്രസ്താവിക്കുന്നു. സഹസ്രാബ്ദങ്ങൾക്കു മുമ്പ് യവനതത്വചിന്തകരിലുദിച്ച ബോധം അവർക്കു മുമ്പ് ജീവിച്ചിരുന്നവരുടെ അനുഭവാടിസ്ഥാനത്തിലുള്ള ശാസ്ത്രീയ ഗവേഷണഫലമായിരുന്നിരിക്കാം അതിനെ വെറും ഭൂതോദയമെന്ന് നിസ്സാരവത്ക്കരിക്കാനാവില്ല എന്ന് അദ്ദേഹം മനസ്സിലാക്കുന്നില്ല. ചാംക്രികമായ വ്യവസ്ഥയിൽ,ബോധത്തിനു മുമ്പ് കർമ്മവും കർമ്മത്തിനു മുമ്പ് ബോധവും ഉണ്ടായിക്കൊണ്ടേ ഇരിക്കണമല്ലോ.

ശാസ്ത്രീയവിജ്ഞാനത്തിന്റെ സ്ഥാനത്ത് സാഹിത്യപദപ്രയോഗങ്ങളേയും ഉൽപ്പാദനത്തിന്റെ സാമ്പത്തികരൂപാന്തരണങ്ങളിലൂടെ തൊഴിലാളിവർഗ്ഗവിമോചനത്തിന്റെ സ്ഥാനത്ത് സ്നേഹത്തേയും പ്രതിഷ്ഠിച്ചതാണ് ഫോയർബാഹിന്റെ ദൌർബല്യമെന്ന് എംഗൽസ് കരുതുന്നു. അതേ സമയം ഇന്ദ്രിയാത്മകവിജ്ഞാനത്തിന് കവിതാത്മകമായ വിരിവ് നഷ്ടപ്പെടുമ്പോൾ, ഭൌതികവാദം മനുഷ്യവിദ്വേഷത്തിന്റെ ഭാഗത്തേക്ക് നീങ്ങുമെന്നും കരുതുന്നു. അതിൽനിന്ന് അനുമാനിക്കേണ്ടത്, ഫോയർബാഹിന്റെ ദൌർബ്ബല്യത്തില്- മനുഷ്യസ്നേഹപരമായ കാവ്യാത്മകതയിൽ-ജ്ഞാനശക്തി മുഴുവനും കേന്ദ്രീകരിച്ചിരുന്നു എന്നല്ലേ. സ്നേഹം വളർച്ചക്കല്ലാതെ തളർച്ചക്ക് ഇട തരാത്ത ശക്തിയാണ്, ദൌർബല്യമല്ല. വളർച്ചക്ക് ജന്മം നൽകുന്ന തരത്തിലുള്ളതാവണം നിഷേധം (പേജ് 93) എന്ന സ്വസിദ്ധാന്തപ്രകാരം ,ഫോയർബാഹിന്റെ സിദ്ധാന്തത്തിന് ഉദാത്തഭാവം കൈവരുന്നത് എംഗൽസ് കാണുന്നില്ല. ഫോയർബാഹ് പറഞ്ഞു: - മനുഷ്യന്റെ സത്തയും അറിവുമാകുന്ന സൌധത്തിന്റെ അടിത്തറ

യാണ് ഭൌതികവാദം. ..സൌധമായിട്ടുതന്നെയല്ല, ഞാനതിനെ കാണുന്നത്. പുറകോട്ടു പോകുമ്പോൾ ഞാൻ പൂർണ്ണമായും ഭൌതികവാദികളുടെ കൂടെ യാണ്. എന്നാൽ മുന്നോട്ടു പോകുമ്പോൾ ഞാനവരുടെ കൂടെയല്ല.

അടിത്തറയെ സംബന്ധിച്ചേടത്തോളം ഭൌതികവാദിയായ ഫോയർബാഹിന് ആർഷഭാരതത്തിലെ തത്വജ്ഞാനികളുമായി സാമ്യമുണ്ട്. സോപാനശൈലിയിൽ പുരുഷാർത്ഥങ്ങളെ വരച്ചാൽ കാമം അടിത്തറയാണ്. അതുമാത്രമായാൽ സൌധമാവില്ല. സൌധനിർമ്മാണമെന്ന ലക്ഷത്തിലേക്കുള്ള ആദ്യത്തെ ഒരുക്കം മാത്രമാണ് ഉറപ്പുള്ള അടിത്തറ. അടിത്തറ മാത്രം മതിയെന്നു ശഠിക്കുന്നവർ സൌധനിർമ്മാണത്തെ തടസ്സപ്പെടുത്തുന്നു, അതുകൊണ്ടാണ് മുന്നോട്ടു പോകുമ്പോൾ ഞാനവരുടെ കൂടെയല്ല എന്ന് അദ്ദേഹം പറയുന്നത്. അദ്ദേഹത്തെക്കുറിച്ച് എംഗൽസ് പറയുകയാണ്ഃ ഹെഗലിയൻ തത്വചിന്തയുടെ സർവ്വവിജ്ഞാനസമ്പത്തുമായി തട്ടിച്ചുനോക്കുമ്പോൾ, പൊങ്ങച്ചമേറിയ സ്നേഹമതവും ലോലവും നിർവ്വീര്യവുമായ സന്മാർഗ്ഗസംഹിതയും ഒഴിച്ച് ഫോയർബാഹ് ക്രിയാത്മകമായി മറ്റൊന്നും നേടിയിട്ടില്ല. അതേ സമയം ഹെഗലിയൻ തത്വചിന്തയുടെ കാതലായ വശത്തെ തങ്ങൾ വക വരുത്തിയതായും എംഗൽസ് അവകാശപ്പെടുന്നു (പേജ് 201)ഫോയർബാഹിന്റെ സ്നേഹവും സന്മാര്ഗ്ഗസംഹിതയും, ഹെഗലിന്റെ സർവ്വവിജ്ഞാനസമ്പത്തിന്റെ കാതലായ വശവും തുടച്ചുമാറ്റിയ ഒരു പദ്ധതിയാണ് തങ്ങളുടേതെന്ന്എംഗൽസ് തന്നെ സമ്മതിക്കുന്നു.

ഫോയർബാഹ് ഭാവാത്മകതക്കും മാർക്സും എംഗൽസും നിഷേധാത്മകതക്കും മുൻതൂക്കം കൊടുത്തു. ഇതിനു രണ്ടിനും തുല്യസ്ഥാനം കൊടുത്തതാണ് ഭാരതത്തിലെ അദ്വൈതം. ഭാരതീയദർശനത്തിൽ ഡോ. രാധാകൃഷ്ണൻ പറയുന്നുഃ-ശങ്കരനെ സംബന്ധിച്ചേടത്തോളം തത്വശാസ്ത്രം വെറുമൊരു ബൌദ്ധികപരിശ്രമം മാത്രമായിരുന്നില്ല. ജീവിതസമർപ്പണമായിരുന്നു.....നിശിതതർക്കത്തിൽ വിദഗ്ദ്ധനായ അദ്ദേഹം ശ്രേഷ്ഠവും സജീവവുമായ കവിതയിലും വിദഗ്ദ്ധനായിരുന്നു. ഗൌഡപാദകാരിക മാദ്ധ്യമികന്മാരുടെ നിഷേധതർക്കത്തേയും ഉപനിഷത്തുക്കളിലെ ഭാവാത്മകമായ ആദർശവാദത്തേയും പൂര്ണ്ണരൂപത്തിൽവെച്ചു സംയോജിപ്പിക്കാനുള്ള പരിശ്രമമാണ്. ഗൌഡപാദനിൽ ഭാവാത്മകത യേക്കാൾ നിഷേധാത്മകപ്രവണത കൂടുതൽ പ്രാമുഖ്യം വഹിക്കുന്നു.ശങ്കരനിൽ കൂടുതൽ സന്തുലിതമായ ഒരു വീക്ഷണം കാണാം.

കർമ്മം,ജ്ഞാനം, സ്നേഹം എന്നിവയെ സമഞ്ജസമായി കൂട്ടിയിണക്കിയ ഒരു യോഗശാസ്ത്രവും സദാചാരശാസ്ത്രവും ഭാരതം സദാ സൂക്ഷിച്ചിരുന്നു. മനുഷ്യന്റെ കർമ്മമാണ് അവന്റെ ഭാവിജീവിതത്തെ നിയന്ത്രിക്കുന്നത്. ഈ ജന്മത്തിലെ അനുഭവം കഴിഞ്ഞ ജന്മത്തിലെ കർമ്മം കൊണ്ടാണ് . കഴിഞ്ഞ ജന്മത്തിലെ ദുഷ്കർമ്മം ഈ ജന്മത്തെ നിയന്ത്രിക്കുമെങ്കിൽ ഈ ജന്മത്തെ സൽക്കർമ്മം അടുത്ത ജന്മത്തേയും നിയന്ത്രിക്കും. അപ്രകാരം സൌഖ്യമുണ്ടാവും. സത്കർമ്മം , സഹജീവിസ്നേഹം ഇവ അടുത്ത പിറവിയിലെ സുഖഹേതുവാണെന്ന അറിവ് മനുഷ്യനെ നല്ലവനാക്കും. ഇത് മനുഷ്യവി

ദ്വേഷത്തിലേക്കല്ല, സകലജീവജാലങ്ങളോടുമുള്ള പരമപ്രേമത്തിലേക്കാണ് നയിക്കുന്നത്.

ബസാറോവ് വിട്ടുകളഞ്ഞതും ലെനിൻ ഉദ്ധരിക്കുന്നതുമായ പ്ലെഹാനോവിന്റെ വരികൾ ശ്രദ്ധിക്കുകഃ-ഒരു കർത്താവില്ലാതെ കർമ്മമുണ്ടാവില്ലെന്ന് ആശയവാദം പറയുന്നു. കർത്താവിന്റെ ആവിർഭാവത്തിന് എത്രയോ മുമ്പുതന്നെ ഉണ്ടായതാണ് കർമ്മമെന്ന് ഭൂമിയുടെ ചരിത്രം തെളിയിക്കുന്നുണ്ട്.

കർമ്മത്തിനുമുമ്പ് ബോധമുണ്ടാവണമെന്നും ബോധത്തോടുകൂടിയ ജീവികളുടെ ആവിർഭാവത്തിനു മുമ്പ് കർമ്മമുണ്ടായിട്ടുണ്ടെന്നും എംഗൽസും ലെനിനും പറഞ്ഞിട്ടുണ്ട്. അങ്ങനെ വരുമ്പോൾ, വാലു വിഴുങ്ങുന്ന സർപ്പം പോലെയുള്ള നിരന്തരചാംക്രികപ്രക്രിയയിൽ കർമ്മഭൂമിയും അതിന്റെ കർത്താവും പുനർജന്മസിദ്ധാന്തം അനുസരിക്കാതെ വയ്യ. ചഞ്ചലമായ ഒന്നിൽ അചഞ്ചലത്തെ അന്വേഷിക്കാൻ മനുഷ്യന് അവകാശമുണ്ട്.കേവലസത്യാന്വേഷണം വിഫലമാണെന്നാണ് പല ഭൌതികവാദികളുടേയും വിചാരം. ലെനിൻ പറയുന്നതിതാണ്ഃ-സ്ഥലകാലങ്ങളെക്കുറിച്ചുള്ള ആപേക്ഷികധാരണയിൽ, ആപേക്ഷികതയല്ലാതെ മറ്റൊന്നുമില്ലെങ്കിൽ, ഈ ആപേക്ഷികതയിൽ പ്രതിഫലിക്കപ്പെടുന്ന യാതൊരു വസ്തുനിഷ്ഠയാഥാർത്ഥ്യവും (മനുഷ്യനിലും മനുഷ്യരാശിയിലുംനിന്ന് സ്വതന്ത്രമായ യാഥാർത്ഥ്യം)ഇല്ലെങ്കിൽ, സ്ഥലകാലങ്ങൾക്കപ്പുറത്ത് അസ്തിത്വങ്ങൾ ഉണ്ടെന്ന് സങ്കൽപ്പിക്കാൻ മനുഷ്യരാശിക്ക് എന്തുകൊണ്ടവകാശമില്ല. ത്രിമാനസ്ഥലത്തിനുമപ്പുറത്ത്,വൈദ്യുതിയുടെ ആറ്റങ്ങൾ തേടാൻ മാഹിന് അവകാശമുണ്ടെങ്കില് ത്രിമാനസ്ഥലത്തിനു പുറത്ത് ആറ്റങ്ങൾ അഥവാ സദാചാരത്തിന്റെ അടിസ്ഥാനതത്വങ്ങൾ തേടാൻ ഭൂരിപക്ഷം മനുഷ്യരാശിക്ക് എന്തുകൊണ്ട് അവകാശമില്ല (പേജ് 328). കാലദേശങ്ങൾ്ക്കതീതമായ സദാചാ രസ്വാതന്ത്ര്യത്തെ തേടാനുള്ള മാനവസ്വാതന്ത്ര്യത്തെക്കുറിച്ച് ഇവിടെ ഉറക്കെ ചിന്തിച്ചത് ഒരു മാർക്സിയൻ തത്വചിന്തകനാണ്. അതായത്, നാം രണ്ടെന്നു കരുതി പരിശോധിക്കുന്ന ആശയഭൌതികവാദങ്ങളിൽ ഒരു അദ്വൈതമുണ്ട്. ഈ ലോകവും പ്രകൃതിനിയമങ്ങളും മനുഷ്യന് പൂർണ്ണമായും ജ്ഞേയമായി ട്ടുള്ളതാണെങ്കിലും അന്തിമമായി അവ അവന് ദുർജ്ഞേയവുമാണെന്ന് (പേജ് 392) അംഗീകരിക്കണം.

ഒരേ സമയം ചലവും അചലവും കേവലവും ആപേക്ഷികവും നിലനിൽപ്പുള്ളതും ഇല്ലാത്തതും ജ്ഞേയവും അജ്ഞേയവും നിരന്തരപരിണാമരൂപവും ഒന്നും മറ്റൊന്നും വിരുദ്ധവും സമാനതകളുള്ളതും ശാശ്വതചക്രരൂപവും സ്ഥലകാലങ്ങൾക്കതീതമായ അസ്തിത്വമുള്ളതും ആയ പ്രതിഭാസത്തെയാണ് ലെനിനും എംഗൽസും പ്രതിപാദിക്കുന്നത്. ഇതേ പ്രതിഭാസങ്ങളെയാണ് ബ്രഹ്മപ്രകൃതികളായി വേദാന്തവും പ്രതിപാദിച്ചത്. വൈരുദ്ധ്യാത്മകത്വം വെറും മായ(തോന്നൽ). മനുഷ്യന്റെ വീക്ഷണവൈകല്യമാണ് ഭേദം തോന്നിക്കുന്നത്. അത് നീക്കിയാൽ,ബ്രഹ്മം തന്നെ ജഗത്ത്. എനർജി തന്നെ ചലനമുള്ള പിണ്ഡം. ശങ്കരനും ഐൻസ്റ്റൈനും ഇതാണ് പറഞ്ഞത്. പുതുമക്കാർ ശങ്കരന്റെ മായാവാദത്തിനു നേരെ അതെന്താണെന്നുപോലുമറിയാതെ നെറ്റിചുളിക്കുന്നു. എന്നിട്ട് ജെ. ദിനേർദേനെഷിനെ ഉദ്ധരിച്ച് പറയുന്നുഃ-

പ്രകൃതിശാസ്ത്രത്തിന്റെ വിവിധഭാഗങ്ങളിൽ കൈവരിച്ചിട്ടുള്ള പുതിയ വിജ്ഞാനം മുഴുവൻ കൈചൂണ്ടുന്നത് എംഗൽസ് വിശദമാക്കാൻ ശ്രമിച്ച ആ ഒരു സംഗതിയിലേക്കാണ്. പ്രകൃതിയിൽ അനുരഞ്ജിപ്പിക്കാനാവാത്ത വൈരുദ്ധ്യങ്ങളോ അടിച്ചേൽപ്പിക്കപ്പെട്ട അതിർത്തിരേഖകളോ വ്യത്യാസങ്ങളോ ഇല്ലെന്നും പ്രകൃതിയിൽ വ്യത്യാസങ്ങളോ വൈരുദ്ധ്യങ്ങളോ കാണുന്നുവെങ്കിൽ അവയുടെ അയവില്ലായ്മയും കേവലതയും പ്രകൃതിയിൽ അവതരിപ്പിച്ചിട്ടുള്ളത് നമ്മൾ മാത്രമാണെന്നതാണ് അതിനു കാരണമെന്നുമുള്ളതാണ് ഈ സംഗതി.

അതായത്, വൈരുദ്ധ്യങ്ങളുണ്ടെന്ന തോന്നൽ - മനുഷ്യന്റെ വീക്ഷണവൈകല്യം അടിച്ചേൽപ്പിച്ച ഭേദഭാവനകളും ഉച്ചനീചത്വങ്ങളും-പരിപൂർണ്ണമായി തുടച്ചുനീക്കലാണ് സ്ഥിരമായി ആ വൈരുദ്ധ്യാത്മകതയെ നിലനിർത്തലല്ല, അദ്വൈതത്തിന്റേതെന്ന പോലെ വൈരുദ്ധ്യാത്മകഭൌതികവാദത്തിന്റെയും ലക്ഷ്യം. സൈദ്ധാന്തികമായും, ലക്ഷ്യത്തിലും അദ്വൈതിക്ക് വൈരുദ്ധ്യാത്മക ഭൌതികവാദത്തോട് യോജിപ്പുണ്ട്. എ്വ. റേ പറയുന്നു:-ഇന്നത്തെ ആളുകൾ സംഘട്ടനങ്ങളും വൈരുദ്ധ്യങ്ങളും വിവിധസരണികളായുള്ള തിരിവുകളും കാണുന്നയിടത്ത് അചഞ്ചലമായ ഒരു പരിണാമം ദർശിക്കാൻ വേണ്ടത്ര അകലെ നിന്ന് കാര്യങ്ങൾ വീക്ഷിക്കുന്ന ചരിത്രകാരന് പ്രയാസമുണ്ടാവില്ല.

നിഷ്പക്ഷമതിയായ നിരീക്ഷകന് ചാഞ്ചല്യങ്ങൾക്കും ദ്വൈതങ്ങള്ക്കും ഇടയിൽ ഒരു അചഞ്ചലത്വവും അദ്വൈതവും ദർശിക്കാം. വിപരീതങ്ങളുടെ ഐക്യ ത്തിന്റെ സിദ്ധാന്തമാണ് വൈരുദ്ധ്യാത്മകഭൌതികവാദമെന്നും വർഗ്ഗരഹിത മായ സമൂഹത്തെക്കുറിച്ച് ബോധമുണ്ടാക്കലാണ് ,സ്ഥിരമായി വർഗ്ഗസമര ത്തിലേർപ്പെട്ടുനിൽക്കുന്ന രണ്ട് വിരുദ്ധശക്തികളുടെ സൃഷ്ടിയല്ല , ക്ലാസ് വാറിനെക്കുറിച്ച് വാചാലമായി സംസാരിക്കുമ്പോളും മാർക്സിന്റെ ലക്ഷ്യ മെന്നും ആദ്യമായി വർഗ്ഗസമരക്കാനാണ് മനസ്സിലാക്കേണ്ടത്. വിരുദ്ധശക്തിക ളുടെ ഐക്യത്തിലൂടെ വർഗ്ഗങ്ങൾ ഇല്ലാതാവുന്നതാണ് അദ്ദേഹത്തിന്റെ നല്ല നാളെ. ശുദ്ധസിദ്ധാന്തത്തെ പ്രയോഗത്തിൽനിന്ന് ശ്രദ്ധാപൂർവ്വം വേലി കെട്ടി മാറ്റി നിർത്തുന്നത് വിജ്ഞാനവിരോധമാണ് (ലെനിൻ). കർമ്മവും ജ്ഞാനവും സ്നേഹവും സമന്വയിപ്പിച്ച് മഹത്തരമായ ജീവിതം കൊണ്ട് ഗാന്ധി സിദ്ധാ ന്തവും ജീവിതവും ഒന്നാണെന്ന് നമുക്ക് കാട്ടിത്തന്നു.

കേവലസത്യം എന്ന ഒന്നില്ലെന്ന് പറയുന്ന ഭൌതികവാദികൾ ലെനിന്റെ വാക്കുകൾ ശ്രദ്ധിക്കുക:-ആപേക്ഷികസത്യങ്ങളുടെ വികാസഗതിക്കിടയിൽ അവയുടെ ആകത്തുകയിൽനിന്ന് കേവലസത്യമുണ്ടാകുമെന്നും ആപേക്ഷിക സത്യങ്ങൾ മനുഷ്യരാശിയിൽനിന്ന് സ്വതന്ത്രമായുള്ള ഒരു വസ്തുവിന്റെ ആപേക്ഷികമായി സത്യസന്ധമായ പ്രതിബിംബങ്ങളാണെന്നും ഈ പ്രതിഫല നങ്ങൾ കൂടുതൽ കൂടുതൽ സത്യസന്ധമായിക്കൊണ്ടിരിക്കുമെന്നും എത്ര ആപേക്ഷികസ്വഭാവത്തോടുകൂടിയതാണെങ്കിലും ഓരോ ശാസ്ത്രസത്യത്തിലും കേവലസത്യത്തിന്റെ ഒരംശം അടങ്ങിയിട്ടുണ്ടെന്നുമുള്ള പ്രമേയങ്ങൾ എംഗ ൽസിന്റെ ആന്റിഡ്യൂറിങ്ങിനെക്കുറിച്ച് അൽപമെങ്കിലും ആലോചിച്ചിട്ടു

ള്ളവർക്കെല്ലാം സ്പഷ്ടമാണ്(പേജ് 440) മാർക്സും എംഗൽസും ലെനിനും മറ്റും മറ്റുള്ള തത്വചിന്തകരേയും ശാസ്ത്രജ്ഞരേയും വിമർശിക്കുന്ന ഭാഷ നമ്മെ അമ്പരപ്പിക്കും. ആശയഭൌതികവാദങ്ങളെ പരസ്പരം അനുരഞ്ജിപ്പിക്കാവുന്ന സങ്കരപദ്ധതികളെ അംഗീകരിക്കാൻ വിസമ്മതിച്ചതാണ് മാർക്സിന്റെ മാഹാത്മ്യമെന്നും ഭൌതികവാദിയായിട്ടും ഡ്യൂറിങ്ങ് ആശയവാദത്തിന് വിട്ടുവീഴ്ച ചെയ്തതാണ് ആന്റിഡ്യൂറിങ്ങ് എന്ന ശകാരവർഷത്തിന് ഹേതു എന്നും ലെനിൻ പറയുന്നു. ഇതിലെ അനുരഞ്ജനം സമ്മതിക്കായ്ക എംഗൽസിന്റെ വാദത്തിലില്ല (നേരത്തേ തന്ന ഉദ്ധരണികൾ നോക്കുക) മാർക്സും എംഗൽസും തേടിപ്പിടിച്ച് എതിർത്തുതോൽപ്പിച്ചിരുന്ന സംഗതികളിലൊന്ന് തത്വശാസ്ത്രപരമായ പുതിയ ഇനങ്ങൾ കൊണ്ടുള്ള പണ്ഡിതമ്മന്യമായ കളിയാണ് (പേജ് 447) എന്ന് ലെനിൻ. അങ്ങനെയെങ്കിൽ മാർക്സിസം എന്ന താരതമ്യേന പുതിയ തത്വശാസ്ത്രത്തെ എതിർക്കാൻ അതിന്റെ പൂർവ്വികർക്കും അവകാശമുണ്ടാവണമല്ലോ.മാർക്സിന്റം മാഹാത്മ്യമെന്ന് താൻ പറഞ്ഞ അതേ സങ്കുചിതത്വത്തെ ലെനിൻ വിമർശിക്കുന്നുമുണ്ട്. തത്വശാസ്ത്രനിലപാടിൽനിന്ന് നോക്കുമ്പോൾ മാർക്സിയൻ ദർശനത്തിലെ വൈകല്യം കുടികൊള്ളുന്നത് ആശയവാദത്തിലേക്കുള്ള എല്ലാവിധ വ്യതിയാനങ്ങൾക്കും എതിരായ അവജ്ഞാപൂർവ്വമായ പരിഹാസത്തിലടങ്ങിയിരിക്കുന്ന സങ്കിച്തത്വത്തിലും ഏകപക്ഷീയതയിലുമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്(പേജ് 448-449)

സ്വന്തം അഭിപ്രായങ്ങളോട് യോജിക്കാത്തവരെ കഠിനമായി വിമർശിക്കുക എന്ന ഏകപക്ഷീയതയും സങ്കുചിതത്വവുമാണ് സൈദ്ധാന്തികമായി വിപരീതങ്ങളുടെ ഐക്യം ഉദ്ഘോഷിക്കുന്ന ഒരു തത്വസംഹിതയെ വിപരീതങ്ങളുടെ സ്ഥിരമായ അനൈക്യമെന്ന് പിൻഗാമികളാൽ തെറ്റിദ്ധരിക്കപ്പെട്ടത്. അനുരഞ്ജനശ്രമക്കാരെല്ലാം തന്നെ മുതലാളിവർഗ്ഗത്തിന്റെയും വൈദികപണ്ഡിതരുടേയും പഠിപ്പുല്ള വിൽപ്പനക്കാരാണെന്ന് ലെനിൻ ആക്ഷേപിച്ചു. ആ വിൽപ്പനക്കാരുടെ നേട്ടങ്ങൾ ശരിയായി പഠിച്ച് അവയെ പാകപ്പെടുത്തിയെടുക്കുകയും പിന്തിരിപ്പൻ പ്രവണതകൾ നുള്ളിയെറിയാൻ കഴിവു നേടുകയും മാർക്സിസ്റ്റുകാരുടേതായ തനതായ ലൈൻ പിന്തുടരുകയും അവർക്കെതിരായുള്ള ശക്തികളുടേയും വർഗ്ഗങ്ങളുടേയും ലൈനിനെ ആകെത്തന്നെ എതിർത്തുതോൽപ്പിക്കുകയുമാണ് മാർക്സിസ്റ്റുകളുടെ കടമയെന്ന് ലെനിൻ പറയുമ്പോൾ, അദ്ദേഹത്തിന്റെ സങ്കുചിതത്വം ഒരു ചെറിയ രാഷ്ട്രീയസംഘടനയുടെ ആവശ്യത്തിനായി ലോകപൌരന്റെ ഉദാത്തമായ ദാർശനികത്വത്തെ ബലികഴിക്കുന്ന ദയനീയാവസ്ഥ നാം കാണുന്നു. തങ്ങൾക്കെതിരായതിനെ എതിർത്ത് തോൽപ്പിക്കുക എന്നത് ചിമ്പാൻസികളും ഫ്യൂഡൽ രാജാക്കന്മാരും സാമ്രാജ്യമോഹികളും മതഭ്രാന്തന്മാരും പിൻതുടർന്നിരുന്ന മാർഗ്ഗമാണ്. അതേ വഴിയാണ് ലെനിനും എടുത്തത്. ഉദാത്തമായ തത്വദർശനങ്ങൾക്ക് ഉടമയെന്ന് അഭിമാനിക്കുന്ന ഒരു മനുഷ്യവർഗ്ഗത്തിനും ഇത് സ്വീകാര്യമാവില്ല. പരസ്പരം നശിപ്പികാകനൊരുങ്ങിനിൽക്കുന്ന രണ്ട് വൻശക്തികളുടെ സംഘട്ടനം സമൂഹത്തിന്റെ നാശത്തിലേക്കും ,രഞ്ജിപ്പിൽ കഴിഞ്ഞുകൂടുന്ന ശക്തികളുടെ നിലനിൽപ്പ് സമൂഹത്തിന്റെ നിലനിൽപ്പിലേക്കും വളർച്ചയിലേക്കും നയിക്കു

മെന്ന് കുട്ടികൾക്കു കൂടി അറിയാം.അതിനാൽ,അനുരഞ്ജനക്കാരെക്കുറിച്ചുള്ള നെനിന്റെ വിമർശനം അദ്ദേഹത്തിന്റെ തനിനിറം കാട്ടുന്നു. വളർച്ചക്ക് ജന്മം നൽകുന്നതാവണം നിഷേധം എന്ന എംഗൽസിന്റെ വാക്ക് ശരിയാവ ണമെങ്കിൽ അനുരഞ്ജനശ്രമത്തെ അനുകൂലിക്കാതെ തരമില്ല. വിവിധതത്വശാസ്ത്രങ്ങളേയും വർഗ്ഗങ്ങളേയും സമൂഹങ്ങളേയും രാഷ്ട്രങ്ങളേയും ലോകത്തിന്റെ പൊതുനന്മക്കായി ഒറ്റക്കെട്ടായി നിർത്തേണ്ടത് ആവശ്യമാണ്. അദ്വൈതം ഈ ഐകമത്യം സൃഷ്ടിക്കാനും പുലർത്താനും ശ്രമിക്കുന്ന വിപരീതങ്ങളുടെ ഐക്യസിദ്ധാന്തമത്രെ.

മാർക്സിസ്റ്റ് സിദ്ധാന്തം സർവ്വശക്തമാണ്, എന്തെന്നാലത് സത്യമാണ്, സമ്പൂർണ്ണവും സമഞ്ജസവുമാണ് (പേജ് 463) എന്ന വചനം ,നിഷേധിതനിഷേധ നിയമപ്രകാരം ഏതൊരു നിയമവും അതെത്രതന്നെ ശക്തമായാലും കാലാന്തരത്തിൽ മറ്റൊന്നിന് വഴി മാറിക്കൊടുക്കുമെന്നംഗീകരിക്കുന്നവരിൽ നിന്നു തന്നെയാണ് വരുന്നത്. അതാതു കാലഘട്ടത്തിൽ ആവിർഭവിക്കുന്ന സിദ്ധാന്തങ്ങൾ,അതിന്റെ ഉപജ്ഞാതാക്കൾക്ക് സർവ്വശക്തവും സത്യവും സമ്പൂർണ്ണവുമായിത്തോന്നാം. ഇങ്ങനെ ആവിർഭവിക്കയും തിരോഭവിക്കയും ചെയ്യുന്ന അനുസ്യൂതപ്രക്രിയയിൽ,വൈരുദ്ധ്യാത്മകസിദ്ധാന്തത്തെ സംബന്ധിച്ചിടത്തോളം യാതൊന്നും അന്തിമമോ പാവനമോ കേവലമോ അല്ലാത്ത സ്ഥിതിക്ക്(പേജ് 475) മാർക്സിസ്റ്റ് സിദ്ധാന്തം മാത്രം സർവ്വശക്തിമെന്ന വാദത്തിന് എത്ര മാത്രം കെട്ടുറപ്പുണ്ട്. നേരെ മറിച്ച് ,സർവ്വശക്തവും പൂർണ്ണവും സമഞ്ജസവും കേവലവുമായ ഒരു ശക്തി അതാതു കാലങ്ങളിൽ,വിവിധരൂപങ്ങളിൽ, വിവിധനാമങ്ങളിൽ, പ്രത്യക്ഷപ്പെടുന്നു എന്നും മൌലികമായി അവയെല്ലാം ഒന്നിന്റെ തന്നെ സ്ഫുരണങ്ങളാണെന്നും അദ്വൈതം പറയുന്നു. ഇത് ഗ്രഹിച്ചാൽ തങ്ങളുടോതല്ലാത്ത ഇസങ്ങളോടും മതങ്ങളോടും സംഘടനകളോടും തന്റെ അഭിപ്രായത്തോടു വിയോജിക്കുന്ന വ്യക്തികളോടുമുള്ള അവജ്ഞ, പരിഹാസം, വെറുപ്പ് ഇവയിൽനിന്നും നാം മോചിതരാവും. സങ്കുചിതത്വത്തിന്റെ വിലങ്ങുകൾ പൊട്ടിച്ചെറിഞ്ഞ് വിശ്വമാനവികതയുടെ പുതിയ ലോകത്തിലേക്ക് മാനവരാശി ഉയരും.

വികാസമെന്നത് വിപരീതങ്ങളുടെ സമരമാണെന്നും വികാസത്തിന്റെ മൌലികമായ ധാരണകൾ, 1. കൂടലും കുറയലുമായ(ആവർത്തനം)വികാസം 2. വിപരീതങ്ങളുടെ ഐക്യമെന്ന നിലക്കുള്ള വികാസം എന്നിവയാണെന്ന് വൈരുദ്ധ്യാത്മകഭൌതികവാദം പറയുന്നു .ചലനത്തിന്റെ ആദ്യധാരണയിൽ അതിന്റെ നിയാമകശക്തിയും ഉറവിടവും പ്രേരകശക്തിയുമായ ആത്മചൈതന്യം മറഞ്ഞുനിൽപ്പുണ്ടെന്നും സമ്മതിക്കുന്നു (പേജ് 484)രണ്ടാമത്തെ ധാരണയിൽ,ആത്മചലനത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള വിജ്ഞാനത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. വ്യക്തമായ പ്രകൃതിയേയും അതിന്റെ നിയാമകശക്തിയായി മറഞ്ഞിരിക്കുന്ന ബ്രഹ്മത്തേയും കുറിച്ച് പുരാതനദർശനങ്ങളും പറയുന്നുണ്ട്. ചലനാത്മകപ്രകൃതിയും അചഞ്ചലബ്രഹ്മവും ഒന്നാണെന്ന ഐക്യത്തിലേക്കുള്ള വികാസവും അവിടെയുണ്ട്.മറഞ്ഞിരിക്കുന്ന അജ്ഞാതമായ ആത്മചൈതന്യം എന്ത്, എവിടെനിന്നുണ്ടായി എന്ന് അന്വേഷിക്കുന്ന ജിജ്ഞാസു അതിന്റെ ബിംബപ്രതിബിംബാത്മകമായ പ്രകൃതിയെ (നിലനി

ൽപ്പുള്ള സർവ്വത്തിന്റേയും ആത്മചലനത്തിന്റെ താക്കോൽ കയ്യിൽപിടിച്ചിരിക്കുന്ന പ്രകൃതിയെ) ആശ്രയിക്കാതെ തരമില്ല. ഇക്കാര്യത്തിലും അദ്വൈതിയും വൈരുദ്ധ്യാത്മകഭൌതികവാദിയും യോജിപ്പുണ്ട്.

ഒരു കൂട്ടർ പറയുന്നു, വിപരീതങ്ങളുടെ സമരമാണ് കേവലം,ഐക്യം താൽക്കാലികം, ആപേക്ഷികം എന്ന്. മറുകൂട്ടർ പറയുന്നു,ഐക്യം കേവലം സമരം താൽക്കാലികമെന്ന്. ഐക്യവും സമരവും നിരന്തരം തുടർന്നു വരികയാൽ, രണ്ടും ഒന്നാണ്, രണ്ടെന്നത് തോന്നലാണ് എന്ന് ഇരുകൂട്ടരും സമ്മതിക്കുന്നു. ഈ പ്രക്രിയയിലെ ദ്വൈതഭാവം മായ (തോന്നൽ, illudion)എന്ന് കണ്ടു കഴിഞ്ഞാൽപ്പിന്നെ അവശേഷിക്കുന്ന യാഥാർത്ഥ്യം എന്താണ്. ചലനനിയമത്തിനു മുഴുവൻ നിയാമകശക്തിയായിരിക്കുന്നതെന്ന് വൈരുദ്ധ്യാത്മകഭൌതികവാദവും അദ്വൈതവും സമ്മതിച്ച ആത്മചലനം ഋണവും ധനവുമായ രണ്ട് മൂലരാശികളുള്ള ധനരാശിയായ $+a^2$ ആണ്. ഒന്നിന്റെ രൂപപരിണാമമാണ് മറ്റൊന്ന് എന്നതിനാൽ $+a$ യും $-a$ യും ഒന്നാണ് . ആശയഭൌതികവാദങ്ങൾ $+a$ യും $-a$ യും ആണ്. ഇവയുടെ പേരിൽ ചേരിതിരിഞ്ഞ കലഹം അർത്ഥശൂന്യമാണ്. ഭൌതികവാദത്തെ നിഷേധിച്ചാൽ ആശയവാദവും ആശയവാദത്തെ നിഷേധിച്ചാൽ ഭൌതികവാദവും ചാംക്രികമായി തുടങ്ങിയിടത്ത് വീണ്ടും തിരിച്ചെത്തുന്നു. വൃത്തത്തിലെ ഓരോ ബിന്ദുവും അടുത്തതിനോട് സമമാണ്. ഏത് ആരംഭം ഏത് അവസാനം എന്ന് പറയാനാവാത്തവിധം അത് തുടരും. മനുഷ്യവിജ്ഞാനമെന്ന അവിരാമവൃത്തപരമ്പരയിൽ വക്രരേഖയുടെ ഏതൊരു തുണ്ടമോ ഭാഗമോ കഷ്ണമോ എടുത്ത് സ്വതന്ത്രവും സമ്പൂർണ്ണവുമായ ഒരു നേർരേഖയാക്കി(ഏകപക്ഷീയമാക്കി) മാറ്റാം. അതു പിന്നീട് വിശദാംശങ്ങളുടെ ആധിക്യം കാരണം പൂർണ്ണവസ്തുവെ കാണാതിരുന്നാൽ, ചെളിക്കുണ്ടിലേക്കും പൌരോഹിത്യവിജ്ഞാനവിരോധത്തിലേക്കും നീങ്ങുന്നു (പേജ് 488).പൌരോഹിത്യമായാലും അപൌരോഹിത്യമായാലും വിജ്ഞാനവിരോധം എന്ന ചളിക്കുണ്ടിലേക്ക് ഏകപക്ഷീയത എന്ന സങ്കുചിതത്വം നയിക്കുന്നു. മാർക്സിയന് ദർശനത്തിലടങ്ങിയതും ലെനിൻതന്നെ അംഗീകരിച്ചതുമായ ഏകപക്ഷീയത എന്ന വൈകല്യത്തെ നീക്കിക്കളഞ്ഞാലത് അദ്വൈതദർശനമായി. തന്റെ മഹത്തായ തത്വശാസ്ത്രം വിശദാംശങ്ങളുടെ (സാമ്പത്തികശാസ്ത്രമെന്ന തുണ്ടം മാത്രമെടുത്ത് സ്വതന്ത്രവും സമ്പൂർണ്ണവുമായ നേർരേഖയാക്കി ചുരുക്കുക വഴി)ആധിക്യത്താൽ പൂർണ്ണവസ്തുവെ മറയ്ക്കുംപടി ഏകപക്ഷീയമായിപ്പോയതിനാൽ, അനുയായികളിൽ ഒരു പ്രത്യേകവർഗ്ഗത്തോടുള്ള വിരോധമായി പരിണമിക്കുമെന്ന് തന്റെ അന്ത്യകാലങ്ങളിൽ മാർക്സ് മനസ്സിലാക്കിയിരുന്നു. അതിനാലാണ് പ്രതിഭാധനനായ അദ്ദേഹം ഞാനൊരു മാർക്സിസ്റ്റല്ല എന്ന് എന്ന് പ്രഖ്യാപിച്ചതെന്ന് ഞാൻ കരുതുന്നു.

(1984 മെയ് 5. മാർക്സിന്റെ 116ആം ജന്മദിനം. മെയ് 6ന് ശ്രീശങ്കരജയന്തിയും. ഈ മഹാപുരുഷന്മാരുടെ ദർശനങ്ങളെ വിലയിരുത്തി കോഴിക്കോട് മെഡിക്കൽ കോളേജ് മാഗസിനിൽ എഴുതിയ ലേഖനം)

6. ശ്രീശങ്കരൻ- ഏകാത്മഭാരതശിൽപ്പി

(1986 കേസരി വാർഷികപ്പതിപ്പ്)

കേവലസത്യം അന്വേഷിച്ചുപോകുന്ന ഒരു വ്യക്തിയുടെ ചിന്തകളാണ് വേദ സൂക്തങ്ങളിൽ നാം കാണുന്നത്. ഉപനിഷത്തുക്കളിലാകട്ടെ, താൻ കണ്ട സത്യത്തേയും അതിലെത്തിച്ചേർന്ന മാർഗ്ഗത്തേയും ശിഷ്യന്ന് ഉപദേശിക്കുന്ന ഗുരുവാക്യങ്ങളും. ആദിശങ്കരന്റെ വാക്കുകളിൽ സ്വാനുഭൂതിയും തർക്കചിന്തയും സമാസമം കലർന്നിരിക്കുന്നു. കോസ്മിക് ബോധം, കോസ്മിക് ഊർജ്ജം എന്നിവയെക്കുറിച്ച് ഗണിതതാർക്കികബുദ്ധിയോടും കവിതാത്മകമായ സൌന്ദര്യബോധത്തോടും സംസാരിച്ച ശങ്കരന്റെ ബോധ പ്രപഞ്ചം എനിക്കെന്നും പ്രിയങ്കരമായിരുന്നു. കാര്യജാതം പരമകാരണമെന്ന് ബ്രഹ്മസൂത്രശങ്കരഭാഷ്യം പറയുന്നതു കേൾക്കുമ്പോൾ, ആധുനികശാസ്ത്രസത്യാന്വേഷിയായ ഐൻസ്റ്റൈൻ കാര്യകാരണബന്ധത്തോടെ വസ്തുക്കളെ വീക്ഷിക്കാനും ചിന്തിക്കാനും ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതേതോ അതാണ് ശരിയായ ശാസ്ത്രഗവേഷണമെന്ന് പറഞ്ഞത് ഞാനോർക്കുന്നു. ഓരോ ശാസ്ത്രഗവേഷണത്തിനും പിന്നിൽ, തീർച്ചയായും പ്രപഞ്ചത്തിന്റെ ക്രമബദ്ധതയേയും അതു മനസ്സിലാക്കാൻ മനുഷ്യമസ്തിഷ്കത്തിനുള്ള കഴിവിനേയും കുറിച്ച് മതവികാരത്തിനു തുല്യമായ ഒരു വിശ്വാസമുണ്ടെന്നും ഈ ഉറച്ച വിശ്വാസം ഒരുദാത്തമനസ്സിൽ, ആനുഭവികജഗത്തായി സ്വയം പ്രത്യക്ഷപ്പെടുന്നതാണ് എന്റെ അഭിപ്രായത്തിൽ ഈശ്വരൻ എന്നും ഐൻസ്റ്റൈൻ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം വിശ്വാസത്തെ പാൻതീയിസ്റ്റിക്ക് അഥവാ ബഹുദൈവവിശ്വാസമായി വ്യാഖ്യാനിക്കാൻ സാദ്ധ്യതയുണ്ടെന്നും അദ്ദേഹം സ്പൈനോസയെ ഉദ്ധരിച്ച് വ്യക്തമാക്കുന്നു.(Ideas and opinions of Albert Einstein page 262)

മന്ത്രദ്രഷ്ടാവായ ഋഷിയുടെ മനഃപ്രത്യക്ഷമായ വേദമന്ത്രങ്ങൾക്ക് ഐന്സ്റ്റൈൻ പറഞ്ഞ രീതിയിലുല്ള അർത്ഥമാണുള്ളത്. ഉദാത്തമായ മനസ്സിൽ നിരന്തരസത്യാന്വേഷണഫലമായി ഉണ്ടായ അനുഭവദർശനമാണത്. ക്രമബദ്ധമായ പ്രപഞ്ചത്തിന്റെ വ്യവസ്ഥിതത്വത്തെ ഋഷി ഋതം എന്ന് വിളിച്ചു. എല്ലാ പരിണാമപ്രക്രിയകളിലും അവികാരിയായി നിലകൊള്ളുന്ന നിത്യസത്യമായ ഋതത്തിന്റെ നിഴൽ,അഥവാ പ്രതിബിംബമാണ് ഇന്ദ്രിയാനുഭവ വിഷയമായ പ്രപഞ്ചം. ഏതു വിശേഷത്തിനും ഒരു സാമാന്യമുണ്ട്. അതിനാൽ,ഇന്ദ്രിയഗോചരപദാർത്ഥങ്ങളുടെ രൂപം കൊള്ളനിനു മുമ്പേ ഋതം നില നിന്നിട്ടുണ്ടാവണം.ഋതം ഏതാണ്ട് ലിബ്നിസ്സിന്റെ പ്രീഎസ്റ്റാബ്ലിഷ്ഡ് ഹാർമണിയെടു തുലനം ചെയ്യാവുന്ന ഒന്നാണ്.

ഋഗ്വേദത്തിലെ അദ്വൈതത്തെക്കുറിച്ച് ഡോയ്സൺ ഇങ്ങനെ പറഞ്ഞു:- ഈജിപ്തും പാലസ്തീനും പ്രാദേശികദേവന്മാരെ യാന്ത്രികമായി ഏകീക രിച്ചും മറ്റു ദേവന്മാരെ നിരോധിച്ചും അവരുടെ ആരാധകരെ അക്രമമുപ യോഗിച്ച് മർദ്ദിച്ചും ഏകേശ്വരവാദം നിലവിൽ വരുത്തിയപ്പോൾ ഇന്ത്യ യിൽ നിലവിൽ വന്നത് അദ്വൈതമാണ്. വെറും ഒരു ഏകേശ്വരവാദമല്ല അത്. അനേകത്തെ ആവരണം ചെയ്ത മൂടുപടത്തിൽക്കൂടി , അതിന്നടിയി ലെ ഏകത്വത്തെ സാക്ഷാത്കരിക്കുന്ന ദാർശനികമാർഗ്ഗമാണത്. ശാസ്ത്രീ യവും ദാർശനികവുമായ ഈ വൈദികഋഷിമാർഗ്ഗം ശങ്കരനും സ്വീകരി ച്ചു.

അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കുക എന്നത് സർവ്വമതങ്ങളുടേ യും കാതലാണ്. എന്തിനു സ്നേഹിക്കണം എന്ന് ചോദിക്കുന്നവരോട് യുക്തിയുക്തം വാദിക്കുന്നത് അദ്വൈതം മാത്രമാണ്. സർവ്വം ബ്രഹ്മമയം. സർവ്വവും ഒരേ എനർജ്ജി. കാണുന്നതും അറിയുന്നതും കാണാത്തതും അറിയാത്തതും ആയ ജഗത്തുമുഴുവനും ഒരേ ഒരഖണ്ഡസദ്വസ്തു. പുല്ലി ലും പൂവിലും അണുവിലും അണ്ഡകടാഹത്തിലും നിറഞ്ഞുനിൽക്കുന്ന അത് (തത്) നീ (ത്വം) ആകുന്നു (അസി) അതിനാൽ അഹം ബ്രഹ്മാസ്മി എന്ന് സാക്ഷാത്കരിക്കുക. പിന്നെ സ്നേഹിക്കാനല്ലാതെ വെറുക്കാനാവില്ല. ഈ ഒരനുഭവമുണ്ടായിക്കഴിഞ്ഞാൽ ലോകത്തിൽ അറിയേണ്ടതായിട്ട് എ ന്തെല്ലാമുണ്ടോ അതെല്ലാം മനുഷ്യൻ അറിഞ്ഞുകഴിഞ്ഞു.പ്രപഞ്ചമാകെ ഒന്നെന്നറിഞ്ഞാൽ, ജീവിതത്തിന്റെ സംഘാതത്വം അറിഞ്ഞാൽ, ആരെ നോവിക്കലും സ്വയം നോവിക്കലാവുന്നു. ആരെ , എന്തിനെ സ്നേഹി ക്കലും സ്വയം സ്നേഹിക്കലും. ആ അവസ്ഥയിൽ മാത്രമാണ് നിന്നെപ്പോ ലെ അയൽക്കാരനേയും സ്നേഹിക്കുക എന്ന വചനം സാദ്ധ്യമാകുന്നത്. എന്റെ, നിന്റെ എന്ന ഭേദഭാവനകളെ ലംഘിക്കാത്തവർക്ക് ഇത് സാദ്ധ്യ മല്ല. എന്റെ കുടുംബം , എന്റെ ബന്ധുക്കൾ എന്നതിനേക്കാളും അൽപ്പം കൂടി വിശാലമായ അതിർവരമ്പുകളാണ് എന്റെ നാട്, എന്റെ ഭാഷ മുതലായവ. അവയോക്കാൾ വിശാലമാണ് എന്റെ ഭൂമി, എന്റെ പ്രപ ഞ്ചം എന്നിവ. അവപോലും അതിർവരമ്പുകളാണ് എന്ന് അദ്വൈതി മന സ്സിലാക്കുന്നു. അദ്വൈതി ഏകാത്മഭാരതത്തേക്കാൾ, ഉപരിയായ കൂടുതൽ വിശാലമായ ഒരേകാത്മകതയെ ബോധിച്ചവനാണ്. പ്രപഞ്ചത്തെ മുഴുവനും ഉള്ക്കൊണ്ട ഒരു ദാർശനികമതമാണത്. ന്യൂക്ലിയാർയുദ്ധങ്ങൾക്കും നക്ഷത്ര യുദ്ധങ്ങൾക്കും തയ്യാറെടുക്കുന്നവരുടെ മുമ്പിൽ ഭാരതം സർവ്വവ്യാപിയായ സഹാനുഭൂതിയുടെ ഏകാത്മകതയാണ് സംഭാവന ചെയ്തത്.

പരിമിതമായ സഞ്ചാരസൌകര്യങ്ങളുള്ള കാലത്താണ് ശങ്കരൻ ജീവിച്ചത്. പക്ഷേ,തന്റെ സർവ്വവ്യാപിയായ സഹാനുഭൂതിയെ ഭാരതമങ്ങോളമിങ്ങോ ളം അദ്ദേഹം അലയടിപ്പിച്ചു. പ്രായോഗികതലത്തിൽ അതെത്ര കണ്ട് വിജ യിച്ചു. ഭാരതത്തിന്റെ നാലു ദിശകളിലും സന്യാസിമഠസ്ഥാപനം, ക്ഷേത്ര പുനരുദ്ധാരണങ്ങൾ, താർക്കികവൈജ്ഞാനികസദസ്സുകലിൽ വിജയമുദ്ര പതിപ്പിച്ച സർവ്വജ്ഞബിരുദം- ഇവ മാത്രമായിരുന്നുവോ ശങ്കരന്റെ നേട്ടം.

ഭാഷ്യരചനയുടെ പാണ്ഡിത്യം മാത്രമാണോ അദ്ദേഹം ലോകത്തിനു തന്ന വിദ്യ. ഒരു വ്യക്തിയുടെ നേട്ടമെന്നതിലുപരി ,ഒരു രാഷ്ട്രത്തിന്റെ മാത്രം അഭിമാനമെന്നതിലുപരി സർവ്വലോകത്തിനും അഭിമാനമാകാൻ അദ്ദേഹം എന്തു കർമ്മം ചെയ്തു. ബുദ്ധമതധ്വംസകനെന്നും ഹിന്ദുമതപു നരുദ്ധാരകനെന്നും തെറ്റിദ്ധരിച്ച പിൻതലമുറയിലെ ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ പരമലക്ഷ്യമോ ചരിത്രദൌത്യമോ അറിയാതെ പോയി. ഒന്നിനെ (ബുദ്ധമതം) നശിപ്പിച്ച് മറ്റൊന്ന് സ്ഥാപിക്കുക എന്നത് അദ്വൈത ചിന്തക്ക് കടകവിരുദ്ധമാണ്.

ജന്തുബലിയും നരബലിയും സർവ്വത്ര കളിയാടി വൈദികമതം ജീർണ്ണിച്ച പ്പോഴാണ് വിശ്വാമിത്രൻ രാമനെക്കൊണ്ട് ഹിംസാത്മകശക്തികളെ നശി പ്പിച്ചത്.അത്തരം ഒരവസ്ഥയിലാണ് ബിബിസാരന്റെ യാഗശാലയിൽ ബുദ്ധ ൻ കടന്നുചെല്ലുന്നത്. ശങ്കരന്റെ അവതാരവും ഇത്തരമൊരു യുഗസന്ധ ർഭത്തിലായിരുന്നു. ബുദ്ധനും അശോകനും ശേഷം ഒരായിരം കൊല്ലം ഭാരതം അഹിംസാ പരമോ ധർമ്മഃ എന്ന ബൌദ്ധബ്രാഹ്മണജൈനമതമ വലംബിച്ച് വർത്തിച്ചു. പിന്നീട് വീണ്ടും ജന്തുബലി സാർവ്വത്രികമായി. നരബലിക്കാരായ കാപാലികരുടെ എണ്ണവും കൂടി. ശങ്കരൻ ബലി നിർത്ത ലാക്കി, ശ്രീചക്രപൂജ പുനനാരംഭിച്ചു. കാളീഘട്ടത്തിൽ മാത്രം ഇത് സാദ്ധ്യ മായില്ല. അവിടത്തെ പുരോഹിതർ ആചാര്യനെ നിന്ദിച്ചു. വൈദികമത ത്തിലാണ് അഹിംസയും അദ്വൈതവും ജനിച്ചത്. അതാണ് ബുദ്ധനും പുനരുദ്ധരിച്ചത്. ശങ്കരനും അഹിംസ മുഴുവനായി സ്വീകരിക്കുന്നതിനാൽ അദ്ദേഹം ബുദ്ധ,ജൈനമതധ്വംസകനായിരുന്നില്ല. ബുദ്ധമതത്തിൽ കടന്നുകൂടി യിരുന്ന അടിസ്ഥാനപരമായ ചില തെറ്റുകളെ മാത്രമാണ്, താത്വികമായി അദ്ദേഹം നിരസിച്ചത്. ഉദാഹരണമായി സിദ്ധാർത്ഥൻ സത്യം സ്വയം അന്വേഷിച്ചിട്ടാണ്, ബുദ്ധനായത്. പക്ഷേ സത്യം തേടേണ്ടത്, ജ്ഞാനം നേടേ ണ്ടത് ആവശ്യമല്ല എന്ന് ബുദ്ധമതം പഠിപ്പിക്കാനാരംഭിച്ചു. സകലത്തേയും സ്നേഹിച്ച് പരജനഹിതായ പരജനസുഖായ വാഴണമെന്ന ബുദ്ധന്റെ സന്ദേശത്തോട് ശങ്കരന് യോജിപ്പാണ്. പക്ഷേ സത്യം തേടാതെ,ജ്ഞാനം നേടാതെ ഇരിക്കുന്ന അജിജ്ഞാസുക്കൾക്ക് അങ്ങനെ വാഴുന്നതിന്റെ കാരണം അറിയാതെ വരും. ശാസ്ത്രകുതുകിക്ക് സ്നെഹവും ജ്ഞാനവും രണ്ടായി വേർതിരിക്കുന്ന സമ്പ്രദായത്തിന്റെ ഏർപ്പാട് ശരിയാണെന്ന് പറയാനാവില്ല. അത് വേദത്തിലുമില്ല, ശങ്കരാദ്വൈതത്തിലുമില്ല.

പ്രപഞ്ചം മുന്നെപ്പോലെ (യഥാപൂർവ്വം)ബ്രഹ്മത്തിൽ അഭിവ്യക്തമാകുന്നു എന്നാമ് വേദവാക്യം. ഇത് ആധുനികശാസ്ത്രവും അംഗീകരിക്കുന്നുണ്ട്. ബുദ്ധൻ, മുന്നെപ്പോലെ എന്ന വാക്ക് എടുത്തുകളഞ്ഞു. ഇഛാശക്തിയി ൽനിന്ന് സൃഷ്ടി ഉണ്ടാവുന്നുവെങ്കിൽ, ആ സൃഷ്ടിയെക്കുറിച്ച ജ്ഞാനം ഇഛയിൽ അന്തർലീനമായിരിക്കണം. സൃഷ്ടിയെക്കുറിച്ച അറിവ് നേരത്തേ ഉണ്ടാവണമെങ്കിൽ അതുപോലൊരു സൃഷ്ടി നേരത്തേ ഉണ്ടായിരിക്കണം. യഥാപൂർവ്വം എന്ന പദപ്രയോഗം അതുകൊണ്ടാണ്. അനാദിയായ ഒന്നി ൽനിന്ന് യഥാപൂർവ്വം എന്ന പദത്തെ നീക്കിക്കളയാനാവില്ല. ഇങ്ങനെ നീക്കിയതുകൊണ്ട് ബുദ്ധമതത്തിന് അശാസ്ത്രീയത സംഭവിച്ചു. ബുദ്ധമതം

ചെറിയ മാറ്റങ്ങളോടുകൂടിയ വൈദികമതം തന്നെയാണ്. ആ ചെറിയ മാറ്റങ്ങളെ മാറ്റുക (നിഷേധത്തിന്റെ നിഷേധം) മാത്രമാണ് ശങ്കരൻ ചെയ്തത്. നിത്യാനിത്യവസ്തുവിവേകം ഒരു തത്വശാസ്ത്രവിദ്യാർത്ഥിക്കും ഒഴിച്ചുകൂടാനാവില്ല. നിത്യാനിത്യവസ്തുവിവേകം, അനുഭവം,തർക്കം (logic, experience)എന്നിവയെ ആശ്രയിച്ചിരിക്കുന്നു. അനുഭവമാണ് സർവ്വപ്രധാനമെന്നും തർക്കം അനുഭവത്തിന് സഹായകമായി വർത്തിക്കുന്ന ഒരുപാധി മാത്രമാണെന്നും ശങ്കരൻ പ്രഖ്യാപിച്ചു. താർക്കികമായി സത്യത്തെ (ബ്രഹ്മത്തെ) അറിയുക അസംഭവ്യമാണ്. ഇതേ അഭിപ്രായം ഐൻസ്റ്റൈനും ഉണ്ടായിരുന്നതായി കാണുന്നു.

അദ്വൈതിയുടെ വിഗ്രഹാരാധനഃ-ശ്രദ്ധാപൂർവ്വം ധ്യാനിക്കുന്നവന് ഗ്രഹങ്ങളും വിഗ്രഹങ്ങളുമെല്ലാം ഒരേ ഒരഖണ്ഡസദ്വസ്തുവെക്കുറിച്ചുള്ള ജ്ഞാനം തന്നെ നൽകുന്നു.ഗ്രഹിപ്പിക്കുന്നത് ഗ്രഹം (പ്ലാനറ്റ് അല്ല). വിശേഷേണ ഗ്രഹിപ്പിക്കുന്നത് വിഗ്രഹം. ബുദ്ധിപരമായി ഉയർന്ന മണ്ഡലത്തിൽ വിഹരിക്കുന്ന ഐൻസ്റ്റൈനും വരാഹമിഹിരനുമൊക്കെ കേവലസത്യത്തിലേക്ക് നയിക്കാൻ ഗ്രഹങ്ങളെ ആശ്രയിക്കുന്നു. ഗ്രഹങ്ങളുടെ ആപേക്ഷികസത്യത്തിൽനിന്ന് അവർ കേവലസത്യത്തിലേക്ക് പ്രവേശിക്കുന്നു. പക്ഷേ ഇത് എല്ലാ മനുഷ്യർക്കും സാദ്ധ്യമല്ല. ബുദ്ധിയുള്ള ഒരുപിടി ആളുകൾക്കേ ബ്രഹ്മജ്ഞാനത്തിന് അർഹതയുള്ളു എന്ന് വന്നുകൂടാ. സർവ്വ സങ്കുചിതത്വങ്ങളും ഭേദിച്ച് അകംപുറം ഭേദമില്ലാതായ ആത്മാവിന് സമത്വയോഗം വരുന്നു. ഇപ്രകാരം ഒരു egalitarian സമദർശനം തരുന്നത് ബ്രഹ്മാനുഭവമാണ്. ബ്രഹ്മാനുഭവമെന്നാൽ ഒരാൾ തന്നിൽത്തന്നെ സമസ്തപ്രാണികളുടേയും ജീവശക്തിയേയും ആധാരഭൂമിയേയും അഗാധതലത്തേയും കണ്ടറിയുകയാണ്. സ്വയം വിമർശനത്തിനും സ്വയം വിശകലനത്തിനും ധൈര്യപ്പെടുന്നവനു മാത്രമേ ഈ സത്യാന്വേഷണത്തിൽ പരിപൂർണ്ണവിജയം അവകാശപ്പെടാനാവൂ. താൻ വളർന്നുവന്ന സാഹചര്യങ്ങളുടേയും ശീലങ്ങളുടേയും പരിണതഫലമായ തൊട്ടുകൂടായ്മയെ ചോദ്യം ചെയ്തുകൊണ്ട്, ശങ്കരൻ ചണ്ഡാലനിലും ശിവനെ കാണുന്നത് അങ്ങനെയാണ്. അത് സ്വയംവിമർശനമായി കാണണം. സ്വയം വിമർശിക്കാനെ തിരുത്താനോ കഴിയാത്തവരാണ് യാഥാസ്ഥികർ. ശങ്കരൻ യാഥാസ്ഥിതികനായിരുന്നില്ല. സ്വയം വിമർശിക്കാത്തവന്റെ ജ്ഞാനം ലോകോപദ്രവകാരിയാണ്. അവിദ്യാകൽപ്പിതമാണ് ജീവഭേദമെന്നും അവിദ്യാകൽപ്പിതമായ ഭേദഭാവനയിൽനിന്ന് നിവർത്തിക്കലാണ് ജ്ഞാനമെന്നും ശങ്കരൻ പഠിപ്പിച്ചു. ബ്രഹ്മത്തെ അറിയാൻ ഏതുജീവനും തുല്യമായ അർഹതയുണ്ട്, അവൻ ബുദ്ധിമാനായാലും അല്ലെങ്കിലും. കാരണം ജീവോ ബ്രഹ്മൈവനാപരാഃ ജീവൻതന്നെയാണ് ബ്രഹ്മം. സമുദ്രത്തിൽ തിര പോലെയാണ് ബ്രഹ്മത്തിൽ ജീവൻ. ദ്വൈതം, വിശ്ഷ്ടാദ്വൈതം , അദ്വൈതമെന്നിവ വേദാന്തസോപാനത്തിലെ മൂന്നു പടികൾ മാത്രമാണ്. മുകളിലെത്താൻ ഭാഗ്യമുണ്ടായവർ താഴത്തെ പടി എടുത്തുമാറ്റുകയല്ല, താഴെപ്പടിയിലുള്ളവരെ മുകളിലേക്ക് കൈപിടിച്ച് കയറ്റുകയാണ് വേണ്ടത്. അതിന് ആ താഴത്തെ പടികളെ ഉപയോഗിക്കണം. അതുകൊണ്ട് ആരാധനാവിഗ്രഹങ്ങളുടെയും ഗ്രഹങ്ങളു

ടേയും നാനാത്വം കണ്ട് അദ്വൈതി ശുണ്ഠി എടുക്കുന്നില്ല. അവയെ വിമർശിക്കയോ ഭഞ്ജിക്കയോ ചെയ്യുന്നില്ല. കാളിയോ ശിവനോ വിഷ്ണുവോ യേശുവോ കാബയോ ഗ്രന്ഥസാഹിബ്ബോ ഖുറാനോ, പ്രണവമോ ശ്രീചക്രമോ ജ്യോതിഷമോ സംഗീതമോ സാഹിത്യമോ കല്ലോ ചെടിയോ പാറയോ പാമ്പോ ആകട്ടെ നിങ്ങളുടെ ആരാധനാവസ്തു. ആ പ്രതീകങ്ങളെ ശ്രദ്ധയോടെ ഉപാസിച്ചാലും ഭക്തിശ്രദ്ധകളെക്കൊണ്ട് ജ്ഞാനത്തിലെത്താം, ഏകത്വം ദർശിക്കാം. ഉപനിഷത്തുകളിലെ ഈ സത്യം ശങ്കരൻ എവിടെയും മറക്കുന്നില്ല. ഒരിടത്തിരിക്കുന്ന സീമിതമായ വസ്തുവിന് എല്ലായിടവും വ്യാപിച്ച അപരിമിതബ്രഹ്മമാകാൻ സാധിക്കില്ല. പക്ഷേ സർവ്വവ്യാപിയായ അപരിമിതബ്രഹ്മത്തിന് ആ പരിമിതവസ്തുവിലും ഇരിക്കാനാവും .തൂണിലും തുരുമ്പിലും ആകാശത്തും ഭൂമിയിലും സർവ്വചരാചരത്തിലും എന്നിലും നിന്നിലും അതിനിരിക്കാം. ആരുടെ നാവിൻതുമ്പത്തും വാക്കായി അവതരിക്കാം. ഒരു ക്ഷേത്രത്തിലോ ഒരു വിഗ്രഹത്തിലോ ഒരു പ്രവാചകനിലോ ഒരു ഗ്രന്ഥത്തിലോ അത് ഒതുങ്ങിനിൽക്കുന്നില്ല, അവയിലെല്ലാം അതുണ്ട് . ഞാൻ മാത്രം സ്വർഗ്ഗത്തിന് അർഹൻ, എന്റെ മതം മാത്രം വിശുദ്ധം, എന്റെ ആരാധനാസമ്പ്രദായം മാത്രം മെച്ചം, എന്റെ പ്രവാചകന്റെ വാക്കു മാത്രം സത്യം എന്നവകാശപ്പെടുന്ന സിദ്ധാന്തങ്ങളെല്ലാം ഈ നിലപാടിനു മുമ്പിൽ ബാലിശമായിപ്പോകുന്നു. ശാസ്ത്രീയമായി വേദത്തിലെ അദ്വൈതത്തിനു മുമ്പിൽ സങ്കുചിതമായ ദ്വൈതഭാവങ്ങൾക്കൊന്നിനും നിൽക്കാനാവില്ല. അദ്വൈതത്തിന്റെ സഹിഷ്ണുത, താത്വികദർശനം ഇവയുടെ അടിത്തറമേലല്ലാതെ മതസമന്വയം സാദ്ധ്യവുമല്ല.

ഏകീകരണത്തിന്റെ ശാസ്ത്രീയതഃ

ദൃശ്യലോകം അനേകനാമരൂപാത്മകമാണ്. അത് ദിനംപ്രതി, നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്നു. ഈ പ്രപഞ്ചം എന്നുണ്ടായി, എങ്ങനെയുണ്ടായി. എക്കാലവും ശാസ്ത്രജ്ഞന്മാരെ ഈ ചോദ്യം വിസ്മയിപ്പിച്ചിട്ടുണ്ട്. അസത്തോ സത്തോ ആകാശമോ അതിനപ്പുറത്തെ വ്യോമമോ മരണമോ രാപ്പകലുകളോ ഇല്ലാത്ത , ഇരുൾ ഇരുളിനെ പൊതിഞ്ഞുനിൽക്കുന്ന കാലത്ത് ഗഹനമായ ഒരഗാധതയായ കാരണജലത്തിൽനിന്ന് ,സ്പന്ദിക്കാതെ സ്പന്ദിക്കുന്ന ഒരഗാധതയിൽനിന്ന് (ആനീദവാദം ഋഗ്വേദം 10.129,8 നാസദീയസൂക്തം)സ്പന്ദശീഘ്രം കൂടിക്കൂടിവന്ന് ക്രമേണ ആകാശവും സൂര്യചന്ദ്രാദികളും രൂപം കൊണ്ടു എന്ന് ഋഗ്വേദഋഷി പ്രഖ്യാപിക്കുന്നു. കാരണജലത്തിൽ അനന്തശയനം ചെയ്യുന്ന വിഷ്ണു ശിംശുമാരരൂപത്തിൽ, ഋതത്തിന്റെ ഗർഭമായി അവതരിച്ചു. യദിദം കിഞ്ച ജഗദ്സർവ്വം പ്രാണം ഏജനിതിഃ സൃതം (കഠോപനിഷത്ത് 6.2) പ്രാണൻ സ്പന്ദിക്കെ പ്രപഞ്ചം പ്രക്ഷേപിതമായി. ഗ്രീക്കുകാർ കാരണജലത്തെ കയോസ് എന്ന് വിളിച്ചു. ഉൽപ്പത്തി പുസ്തകം അനന്തമായ ഇഛാശക്തി വിശ്രമം കൊള്ളുന്ന രൂപരഹിതമായ ശൂന്യതയായിട്ടും. ബുദ്ധമതത്തിലെ ഒരു വിഭാഗം ശൂന്യതാവാദികളാണ്. അസത്തിൽനിന്ന് എങ്ങനെ സത്തുണ്ടാകും എന്നു ചോദിച്ച സാംഖ്യരേയും Nothing is created out of nothing എന്ന് സ്ഥാപിച്ച മാർക്സിനേയും പോലെ ശൂന്യതാവാദത്തെ അദ്വൈതിയും യുക്തിയുക്തം ഖണ്ഡിക്കുന്നു. ഉള്ളതൊന്നും

ഇല്ലായ്മയിൽനിന്ന് വരില്ല. പിന്നെ എന്തുകൊണ്ടീ ശൂന്യതാവാദം. ശങ്കരൻ ബ്രഹ്മത്തെ നിർവ്വചിക്കുന്നു. ദിഗ്ദേശകാലഗുണഗതിഫലഭേദശൂന്യം ഹി പരമാർത്ഥസത്, അദ്വയം മന്ദബുദ്ധീനാം അസദിവ പ്രതിപാദി. പരമാർത്ഥസത്തയെ ദിക്കും ദേശവും കീലവും ഗുണവും ഗതിയും ഫലവും ഭേദവും ഇല്ലാത്തത് (ശൂന്യമായത്) ആയതിനാൽ ശൂന്യമെന്ന് മന്ദബുദ്ധികൾ തെറ്റിദ്ധരിക്കുന്നു. സർഗ്ഗത്തിന്റെ ഇരിപ്പിടമായ സത്ത ശൂന്യമല്ല. ചിദാനന്ദരൂപമാണ്. രാശിമണ്ഡലങ്ങൾ ഉത്ഭവിക്കുന്ന സത്ത മണ്ഡലമാണ്. (ഫീൽഡ്). Field-free Minskowski space നെക്കുറിച്ചുള്ള ചര്ച്ചയിൽ ഐൻസ്റ്റൈൻ ഇതേ നിഗമനത്തിൽ എത്തുന്നുണ്ട്. ശങ്കരന്റെ ഘടാകാശ ത്തിനു പകരം അദ്ദേഹം പൊട്ടിക്കുള്ളിലെ ആകാശത്തിന്റെ ഉപമ സ്വീകരിക്കുന്നു. ശാസ്ത്രത്തിന്റെ ലക്ഷ്യമെന്താണ്. A comprehension as complete as possible of the connection between the sense experiences in their totality ……and the accomplishment of this aim by the use of a minimum of primary concepts and relations, seeking as far as possible logical unity in the world picture . That is paucity in logical elements (Einstein) ആനുഭവികജഗത്തിനെ സമഗ്രവും സമ്പൂർണ്ണവുമായി മനസ്സിലാക്കുന്നതോ ടൊപ്പം, ആ ലക്ഷ്യപ്രാപ്തിയിലെത്താൻ ഏറ്റവും കുറച്ച് പ്രാഥമികധാര ണകളെ ഉപയോഗിക്കുക. ഏറ്റവും കുറച്ച് താർക്കികോപാധികളെക്കൊണ്ട് പ്രപഞ്ചത്തിന്റെ ഏകത്വം കണ്ടെത്തുക. ശാസ്ത്രജ്ഞന്റെ കലയിൽ അദ്വി തീയനായ ശങ്കരൻ, ബ്രഹ്മം , ജഗത്ത്, ജീവൻ എന്ന് മൂന്ന് ഉപാധികളെ ക്കൊണ്ടുമാത്രം, തന്റെ ശാസ്ത്രസിദ്ധാന്തത്തെ വിശദീകരിച്ചു. അതും ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ. കോടി ഗ്രന്ഥങ്ങളുടെ വ്യാഖ്യാനം ശ്ലോകാർദ്ധം കൊണ്ട് അദ്ദേഹം പറഞ്ഞു.

ബ്രഹ്മഃസത്യം ജഗന്മിഥ്യാ ജീവോ ബ്രഹ്മൈവനാപരഃ

A system of greatest conceivable unity and of the greatest poverty of concepts of logical foundations എന്ന് ഐൻസ്റ്റൈൻ വിഭാവനം ചെയ്ത ശാസ്ത്രത്തിന്റെ അന്തിമലക്ഷ്യമാണത്. ശങ്കരന്റെ ഏകാത്മകത ആധുനികശാസ്ത്രനി ർവ്വചനങ്ങൾക്കുപോലും നിഷേധിക്കാൻ വയ്യാത്തത്ര ശാസ്ത്രീയമാണ്.

ഇന്നത്തെ ലോകത്തിൽ ശങ്കരന്റെ പ്രസക്തിഃ-ദർശനങ്ങൾ തമ്മിൽ, മതങ്ങൾ തമ്മിൽ, രാഷ്ട്രങ്ങൾ തമ്മിൽ, സാഹിത്യകാരന്മാരും രാഷ്ട്രീയക്കാരും ഭാര്യാ ഭർത്താക്കന്മാരും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ വെറുപ്പും വിദ്വേഷ വുമായി വളരുകയാണിന്ന്. ധാർമ്മികപ്രതിഭാസമ്പന്നവും ശാസ്ത്രീയവും കരുണാമയവും ആയ ഒരു മഹാദ്വൈതത്തിന്റെ പ്രസക്തി ഇത്തരമൊരു സന്ദർഭത്തിലല്ലാതെ മറ്റെപ്പോഴാണ്. ഭൂമി ഒരു ഏകീകരണപ്രക്രിയക്കു വേണ്ടി കാതോർത്തിരിക്കുന്ന യുഗസന്ദർഭമാണിത്. ഒരു പുതിയ ശങ്കര ന്റെ അവതാരം മഹാദ്വൈതമായി ഇവിടെ പെയ്തിറങ്ങട്ടെ എന്ന ശുഭപ്രതീക്ഷയോടെ.

ഡോ സുവർണ്ണ നാലപ്പാട്ട്.